വേദപുസ്തകത്തിലെ കഥകൾ

യാക്കോബിന്റെ ആൾമാറാട്ടം

(ഫാ. ഫ്ളോറിൻ, സി. എം. ഐ.)

"കേട്ടില്ലേ വർത്തമാനം, നമ്മുടെ പുന്നാരമോൻ ഒരു വിശേഷം ഒപ്പിക്കാൻ പോണതു്?" റബ്ക്കാ ഒരു സമരത്തിനു് ഒരുങ്ങിയ മട്ടിൽ ഭർത്താവിനോടു ചോദിച്ചു.

"ഏസോവിനെക്കുറിച്ചല്ലേ നീ പറഞ്ഞോണ്ടു വരുന്നതു്? അല്ലെങ്കിലും നിനക്കു് അവനോടെന്തോ വിരോധം പോലെയാ. അവൻ ചെയ്യുന്നതെല്ലാം കുററം! എന്തു കാര്യമാ നീ കേട്ടതു്?

ഇസഹാക്കു് ചെവി വട്ടംപിടിച്ചിരുന്നു.

"ആ, എന്നാൽ കേട്ടോ. നമ്മുടെ ചെറുക്കൻ അപ്പനെയും അമ്മയെയും കണ്ണുനീരു കുടിപ്പിക്കാനുള്ള വഴി തുറന്നിട്ടുണ്ടു്. അവൻ ഒരു കല്യാണം കഴിക്കാൻ പോണു. അപ്പനും അമ്മയും ഒന്നും അക്കാര്യം അറിയേണ്ട. അവൻതന്നെ എല്ലാം പോയിക്കണ്ടു തീരുമാനിച്ചു." റബ്ക്കാ കുററപത്രം പൂർത്തിയാക്കി.

ഇസഹാക്കു്– നിശ്ചയിച്ചു കഴിഞ്ഞോ?

റബ്ക്കാ– ഓ, ഉറപ്പിച്ചു.

ഇസ– ആരെയാ? എവിടെയാ?

റബ്– ആ കനാൻകാരൻ ബേറിയുടെ മകൾ യൂദിത്തിനെ. മനസ്സിലായോ? ഇനി വയസ്സുകാലത്തു് മകൻ കള്ളദേവന്മാർക്കു് പൂജയും കുരുതിയും കഴിക്കുന്നതു കാണാം. നല്ല കാലമാ വരുന്നതു്. എന്റെ ദൈവമേ, ഇതൊക്കെ കാണാൻ എനിക്കിടയായല്ലൊ.

ഇസഹാക്കു് ദീർഘമായി ഒന്നു നിശ്വസിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. പിതാവായ അബ്രാഹം തന്റെയും റബ്ക്കായുടെയും വിവാഹം ക്രമീകരിച്ച കാര്യമെല്ലാം വൃദ്ധൻ ഓർത്തു.

കനാൻകാരോടു് വിവാഹബന്ധത്തിൽ ഏർപ്പെടരുതു് എന്നു് വലിയ നിർബന്ധമായിരുന്നു അബ്രാഹത്തിനു്. ഇക്കഥയെല്ലാം ഏസോവിനും അറിയാം. വിഗ്രഹാരാധന കുടുംബത്തിൽ പ്രവേശിക്കുവാനുള്ള വഴിയാണു് അത്തരം ബന്ധം. പക്ഷെ വീണ്ടുവിചാരം ഇല്ലാത്തവനാണല്ലൊ ഏസോവു്! ഇനി എന്തു ചെയ്യും? മകന്റെ കല്യാണത്തിനു് അപ്പൻ എതിരു നില്ക്കുമോ? ആരോടും ഒരു കാര്യത്തിനും എതിരു നില്ക്കാത്ത ഇസഹാക്കുണ്ടോ പ്രിയ മകനെ അവനു് ആഗ്രഹമുള്ള കാര്യത്തിൽ എതിർക്കുവാൻ പോകുന്നു!

"ആ, അവന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ നടക്കട്ടെ." വൃദ്ധന്റെ സ്വരത്തിൽ സങ്കടം കലർന്നിരുന്നു.

"ഇങ്ങനെയേ പറയൂ; അതു് എനിക്കറിയാം. നടക്കട്ടെ. അവന്റെ ഇഷ്ടംപോലെ നടക്കട്ടെ. ദൈവശാപം ഈ കുടുംബത്തിന്റെമേൽ വന്നു വീഴാതിരുന്നെങ്കിൽ മതിയായിരുന്നു." റബ്ക്കാ അങ്ങനെയാണു് ഏസോവിനെക്കുറിച്ചുള്ള സംഭാഷണങ്ങൾ അവസാനിപ്പിക്കുക പതിവു്.

ഇസഹാക്കു് ഭയപ്പെട്ടു. "എന്റെ ദൈവമേ, എന്റെ ഏസോവിനെ അനുഗ്രഹിക്കണമെ. അവനു് ഒരാപത്തും വരല്ലെ," എന്നിങ്ങനെ അദ്ദേഹം ഉള്ളുകൊണ്ടു പ്രാർത്ഥിച്ചു. "പാവം. അവനു വീണ്ടുവിചാരമില്ല. റബ്ക്കാ പറയുന്നതു നേരുതന്നെ. എങ്കിലും അവൻ നല്ലവനാ. അവൻ ചൊവ്വായിവരും." ഈ മട്ടിലായിരുന്നു വൃദ്ധന്റെ വിചാരങ്ങൾ.

റബ്ക്കാ ഇതു മനസ്സിലാക്കി. ഇസഹാക്കിന്റെ ദുഃഖം എന്തിനു വർദ്ധിപ്പിക്കുന്നു. അവൾ പിന്നെയൊന്നും പറഞ്ഞില്ല.

ഏസോവിന്റെ വിവാഹം മുറയ്ക്കു നടന്നു. കുറേനാൾ കഴിഞ്ഞു് പുള്ളിക്കാരൻ ഒരു കല്യാണംകൂടെ നടത്തി. കനാൻകാരിയായിരുന്നു അതും. ഇസഹാക്കിന്റെയും റബ്ക്കായുടെയും ക്ലേശം ഒന്നുകൂടി വർദ്ധിച്ചു.

അബ്രാഹത്തിന്റെ കുടുംബത്തിലേയ്ക്കു് ഒട്ടും പററിയവർ ആയിരുന്നില്ല ആ സ്ത്രീകൾ. പക്ഷെ എന്തു ചെയ്യാനാണു്! റബ്ക്കാ ചില ഉപദേശങ്ങൾ കൊടുത്തുനോക്കി. അതെല്ലാം അമ്മായി അമ്മയുടെ പോരായി വ്യാഖ്യാനിച്ചു് അവർ തള്ളിക്കളഞ്ഞു. നടക്കാത്ത ജോലിക്കു് റബ്ക്കാ പിന്നീടു പോയതുമില്ല. കടിഞ്ഞൂൽ പുത്രന്റെ ഭാര്യമാരാണത്രെ അവർ! അവരാണു് ഇനി

പോകുന്നതു്. ആ ദിവസം വേഗം വരുന്നതിനായി പ്രാർത്ഥനകളും ത്യാഗങ്ങളും നമുക്കു വർദ്ധിപ്പിക്കാം.

നമ്മുടെ കർത്താവിന്റെ ഗോത്രപിതാക്കന്മാരിൽ ഒരാളായ യാക്കോബ്ബു് ചെറുപ്പത്തിൽ കാണിച്ച ഒരു കള്ളത്തരത്തിനു് പിന്നീടു് നല്ല പ്രായശ്ചിത്തം ചെയ്യേണ്ടിവന്നു. അക്കാര്യം ഈ ലക്കത്തിലും അടുത്ത ലക്കങ്ങളിലും നിങ്ങൾക്കു വായിക്കാം.

സ്വന്തം കൊച്ചച്ചൻ.

യത്തെ ഗൃഹറാണിമാർ. അതാണ് അവരുടെ നിഗളത്തിനു കാരണം. കിഴവിക്കു മാനംവേണമെങ്കിൽ മിണ്ടാതിരിക്കട്ടെ.

"ഉം. ആകട്ടെ. കടിഞ്ഞൂൽസ്ഥാനം വിററുപോയതു് ഈ ഭോഷികൾ അറിഞ്ഞിട്ടില്ല. ഒരു ദിവസം അവരറിയും. എന്റെ യാക്കോബിനെ കുടുംബനായകനായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നു. തമ്പുരാൻതന്നെയാണു് ഇക്കാര്യം എനിക്കു് വെളിപ്പെടുത്തിയതു്. അവിടത്തെ വാക്കുകൾക്കു് അന്തരമില്ലല്ലൊ. നടക്കാനുള്ളതെല്ലാം നടക്കും" എന്നു് റപ്പുക്കായും സമാശ്വസിച്ചു.

ഇസഹാക്കിന്റെ കണ്ണിനു് കാഴ്ച തീരെ ഇല്ലാതെയായി. മനുഷ്യരെ നിഴലുകൾപോലെ മാത്രമേ അദ്ദേഹം കണ്ടിരുന്നുള്ളു. ചോദിച്ചും പറയിച്ചുമാണു് ആളുകളെ തിരിച്ചറിഞ്ഞിരുന്നതു്.

പിതാവായ അബ്രാഹത്തിന്റെ അന്തിമദിനങ്ങളെക്കുറിച്ചു് അദ്ദേഹം ഓർത്തു. പ്രത്യേകിച്ചു് മരിക്കുന്നതിനുമുമ്പായി പിതാവു തനിക്കുതന്ന ആ അനുഗ്രഹം. അതു മുഴുവൻ തന്നിൽ സഫലമായി. സമ്പൽസമൃദ്ധിയോടുകൂടിയ യൌവ്വനം പെട്ടെന്നു കഴിഞ്ഞു. ക്ലേശം നിറഞ്ഞ വാർദ്ധക്യവും നിരങ്ങിനീങ്ങുകയാണു്. ഇനി എത്ര ദിവസമുണ്ടു്? ദൈവത്തിനു മാത്രമറിയാം.

പക്ഷെ മരിക്കുന്നതിനു മുമ്പു് കടിഞ്ഞൂൽ പുത്രനു് അനുഗ്രഹം കൊടുക്കണം. ഏസാവിനെയല്ലാ യാക്കോബിനെയാണു് ദൈവം തിരഞ്ഞെടുത്തിരിക്കുന്നതു് എന്നു് റപ്പുക്കാ പറയുന്നു. എങ്കിലും ഇസഹാക്കിനു് അതു ബോദ്ധ്യമാകുന്നില്ല. ഏസാവാണു് ആദ്യജാതൻ, എന്തെല്ലാം അബദ്ധം കാണിച്ചാലും അവൻ നല്ലവനാണു്. അവനുതന്നെ അനുഗ്രഹം കൊടുക്കണം.

ഒരു കാൽപ്പെരുമാററം കേട്ടു് ഇസഹാക്കു് ചോദിച്ചു: "ആരാ, അതു്."

"ഞാനാ, അപ്പാ," മറുപടികൊടുത്തുകൊണ്ടു് ഏസാവു് അപ്പന്റെ പക്കലേയ്ക്കു് ഓടിച്ചെന്നു.

"ഏസാവല്ലെ?" വൃദ്ധൻ വീണ്ടും തിരക്കി. മക്കളുടെ സ്വരവ്യത്യാസംകൊണ്ടാണു് അപ്പൻ അവരെ തിരിച്ചറിയുന്നതു്.

"അതെ, അപ്പാ, ഞാൻ തന്നെയാ."

"മകനെ, എന്റെ അവസാനദിവസം അടുത്തു. അതിനു മുമ്പു് നീ കാട്ടിൽപോയി വേട്ടയാടികൊണ്ടുവന്നു് എനിക്കിഷ്ടപ്പെട്ടവിധത്തിൽ ഒരു ഭക്ഷണം ഒരുക്കണം. ഞാൻ അതു തിന്നു സന്തോഷിച്ചിട്ടു് നിന്നെ അനുഗ്രഹിക്കട്ടെ."

ഉത്സാഹഭരിതനായ ഏസാവു് അമ്പും വില്ലും എടുത്തു് ഉടനെ കാട്ടിലേയ്ക്കോടി. ഇസഹാക്കു് പറഞ്ഞതെല്ലാം കേട്ടുനിന്ന റപ്പുക്കാ യാക്കോബിന്റെ പക്കലേയും ഓടി. സംഗതികളുടെ നിലപാടു് അവൾ ഇളയ മകനെ ധരിപ്പിച്ചു.

"കുഞ്ഞേ, ദൈവത്തിന്റെ ഇഷ്ടമാ നടക്കേണ്ടതു്. അതു നടക്കും. നീ ഞാൻ പറയുന്നതുപോലെ കേൾക്കു്. നമ്മുടെ ആട്ടിൻകൂട്ടത്തിൽനിന്നു് വേഗം രണ്ടു കോലാട്ടിൻകുട്ടികളെ പിടിച്ചുകൊണ്ടുവാ. ഞാൻ അതു് നിന്റെ അപ്പനു് ഏററം ഇഷ്ടമുള്ള വിധത്തിൽ പാകംചെയ്യാം. നീ അതുംകൊണ്ടു് അപ്പന്റെ അടുക്കൽപോയി അനുഗ്രഹം വാങ്ങണം. ആ കുരുത്തംകെട്ടവൻ വരുന്നതിനു മുമ്പു കാര്യമെല്ലാം കഴിയണം. വേഗമാകട്ടെ.

"എന്റെ അമ്മേ, അതുണ്ടോ പററു. അപ്പനു സംശയം തോന്നും. എന്നെ തപ്പിനോക്കും. ചേട്ടന്റെ ദേഹം മുഴുവൻ രോമമല്ലെ? തപ്പിനോക്കുമ്പോൾ ചേട്ടനല്ല, ഞാനാണെന്നു് അപ്പൻ അറിയും. ഒടുവിൽ അനുഗ്രഹത്തിനു പകരം അപ്പന്റെ ശാപമായിരിക്കും കിട്ടുന്നതു്." ഇങ്ങനെ യാക്കോബ് വൈഷമ്യങ്ങൾ ഉന്നയിച്ചു. വഞ്ചന ചെയ്യുവാനുള്ള മനസ്സാക്ഷിയുടെ വിഷമമല്ലാ, ചെയ്തു ഫലിപ്പിക്കുവാനുള്ള പ്രയാസമാണു് അയാളെ അലട്ടിയതു്.

"ഓ, ശാപം, ഇല്ല മകനെ, അങ്ങനെയൊന്നും വരികയില്ല. ഇനി വന്നാൽ എന്തു്? ഞാൻ പറഞ്ഞിട്ടല്ലേ നീ ഇതു ചെയ്യുന്നതു്? ശാപം കിട്ടിയാൽ അതു നിനക്കല്ല, എനിക്കാ. പിന്നെ, ഞാൻ വെറുതെ അങ്ങു പറയുകയാണോ? ദൈവത്തിന്റെ ഇഷ്ടം ഇതല്ലേ? പോരെങ്കിൽ നീ വിലയ്ക്കു വാങ്ങിച്ചതല്ലേ കടിഞ്ഞൂൽ അവകാശം? അവകാശികളുള്ളതാ അനുഗ്രഹവും. അതുമിതും പറഞ്ഞു് നേരം കളയാതെ വേഗം പോയി ആടിനെ പിടിച്ചുകൊണ്ടുവാ."

യാക്കോബു് പോയി ആടിനെ പിടിച്ചുകൊണ്ടുവന്നു. റപ്പാക്കാ കുറച്ചുസമയംകൊണ്ടു് അതു പാകം ചെയ്തു ശരിപ്പെടുത്തി.

"മകനെ, പേടിക്കേണ്ട. അപ്പൻ തപ്പിനോക്കിയാലും നിന്നെ കണ്ടുപിടിക്കുകയില്ല. അതിനു ഞാനൊരു പണി കണ്ടുവച്ചിട്ടുണ്ടു്." എന്നു പറഞ്ഞു് റപ്പുക്കാ കോലാടിന്റെ രോമം കൊണ്ടു് യാക്കോബിന്റെ കൈയും കഴുത്തും നന്നായി പൊതിഞ്ഞു. പെട്ടിയിൽനിന്നും ഏസാവിന്റെ വിശേഷവസ്ത്രങ്ങൾ എടുത്തു് അനുജനെ ധരിപ്പിക്കുകകൂടിച്ചെയ്തപ്പോൾ ആൾമാറാട്ടത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. അപ്പവും വീഞ്ഞും ഇറച്ചിത്തട്ടവും മകന്റെ കൈയിൽ കൊടുത്തിട്ടു് അമ്മ പറഞ്ഞു:– "ചെല്ലമകനെ, ഒന്നും പേടിക്കേണ്ട. ദൈവം എല്ലാം ശരിപ്പെടുത്തും. നീ സ്വരം താഴ്ത്തി ഏസാവിനെപ്പോലെ പറയാൻ ശ്രമിക്കണം. ചെല്ലു്."

വഞ്ചനയാണല്ലൊ ചെയ്യുന്നതു് എന്നോർത്തു് യാക്കോബിന്റെ നെഞ്ചിടിച്ചു. എങ്കിലും കൂസലില്ലാത്ത അമ്മയുടെ ഭാവം അവനു കുറെ ധൈര്യം കൊടുക്കാതിരുന്നില്ല. ഇറച്ചിത്തട്ടവുമായി അവൻ അപ്പനെ സമീപിച്ചു.

"അപ്പാ, എഴുന്നേററിരി" എന്നു് ഏസാവിന്റെ സ്വരം അനുകരിച്ചുകൊണ്ടു് യാക്കോബു് അഭിനയം തുടങ്ങി.

"മകനെ; അതാരാ...... ഇസഹാക്കു് തിരക്കി. യാക്കോബു് ധൈര്യപ്പെട്ടു് നുണ തട്ടിവിട്ടു:– "അപ്പാ,

ഞാൻ തന്നെ, ഏസോവ്; അപ്പൻ എന്നെ ആശീർവ്വദിക്കുന്നതിനു മുമ്പ് തിന്നാനുള്ള വേട്ടയിറച്ചി ഞാൻ കൊണ്ടുവന്നിരിക്കുന്നു."

ഇസഹാക്കിനു സംശയം തോന്നി. "ഇത്ര പെട്ടെന്ന് എങ്ങനെ സാധിച്ചു മകനെ, നീ അത്തോട്ട് പോയതേ ഉള്ളല്ലൊ," എന്നു വൃദ്ധൻ ചോദിച്ചു.

"അപ്പാ, തമ്പുരാൻ എല്ലാം എനിക്കു ശരിപ്പെടുത്തിത്തന്നു."

ഇതു കേട്ടിട്ടും ഇസഹാക്കിന്റെ സംശയം മാറിയില്ല. സ്വരം ഏസോവിന്റേതല്ലല്ലൊ. എന്തോ കളിപ്പിക്കൽ ഉണ്ട്. വൃദ്ധൻ പറഞ്ഞു:– "എന്റെ മകനെ, നീ അടുത്തുവാ. നീ ഏസോവ് തന്നെയാണോ എന്നു ഞാൻ തപ്പിനോക്കട്ടെ."

യാക്കോബ് അടുത്തുചെന്നു. ഇസഹാക്ക് തപ്പിനോക്കി. റപ്പക്കായുടെ 'മേക്കപ്പ്' ഫലിച്ചു.

"ഉം. യാക്കോബിന്റെ സ്വരം; ഏസോവിന്റെ കൈകളും." ഇസഹാക്കിന്റെ സംശയം മാറിയില്ല.

"ഈ നീ എന്റെ മകൻ ഏസോവ് തന്നെയാണോ? കണ്ണുകാണാൻ പാടില്ലാത്ത അപ്പൻ ഒരിക്കൽകൂടെ ചോദിച്ചു.

ഒരു നുണ പറഞ്ഞാൽ അതിനെ ഉറപ്പിക്കാൻ പല നുണ പറയേണ്ടി വരും. "അതെ, അപ്പാ ഞാൻ തന്നെയാ, ഏസോവാ" എന്നു ചതിയൻ വീണ്ടും ഉറപ്പു നൽകി.

"കൊള്ളാം, മകനെ, നിന്റെ വേട്ടയിറച്ചി കൊണ്ടുവാ. ഞാൻ തിന്നട്ടെ."

യാക്കോബ് ഇറച്ചിത്തട്ടം അപ്പന്റെ മുമ്പിൽ വച്ചു. വൃദ്ധൻ റപ്പക്കായുടെ 'വേട്ടയിറച്ചി'യും അപ്പവും തിന്നു സംതൃപ്തനായി.

പാവം ഏസോവ് വില്ല് കുലച്ചുംകൊണ്ട് ആ നേരമെല്ലാം കാട്ടിൽ അങ്ങുമിങ്ങും ഓട്ടകയായിരുന്നു. ഒടുവിൽ ഒരു കലമാൻ ദൃഷ്ടിയിൽപെട്ടു ഭാഗ്യംതന്നെ. അവൻ അതിനെ എയ്തുവീഴ്ത്തി. ഇനി പാകംചെയ്താൽ മതി. പക്ഷെ അപ്പോഴേയ്ക്കും അനുജന്റെ വിരുന്നു കഴിഞ്ഞിരിക്കുന്നു.

ഭക്ഷിച്ചു തൃപ്തനായപ്പോൾ ഇസഹാക്ക് പറഞ്ഞു:– "മകനെ, അടുത്തുവന്ന് എന്നെ ചുംബിക്കുക."

യാക്കോബ് അടുത്തുചെന്ന് പിതാവിനെ ചുംബിച്ചു. ഏസാവിന്റെ വസ്ത്രങ്ങളുടെ വാസന ഇസഹാക്ക് തിരിച്ചറിഞ്ഞു.

"കണ്ടാലും! എന്റെ മകന്റെ വാസന കർത്താവ് അനുഗ്രഹിച്ച ഭൂമിയുടെ വാസനപോലെ." തുടർന്ന് പിതാവ് വിലയേറിയ അവസാന അനുഗ്രഹം മകനു നൽകി.

"ദൈവം, ആകാശത്തിലെ മഞ്ഞും
ഭൂമിയുടെ പുഷ്ടിയും
ധാരാളം ഗോതമ്പും വീഞ്ഞും
– നിനക്കു തരട്ടെ.
വംശങ്ങൾ നിന്നെ സേവിക്കട്ടെ.
ജാതികൾ നിന്നെ വണങ്ങട്ടെ.
നിന്റെ സഹോദരന്മാർക്കു നീ
പ്രഭുവായിരിക്കുക.
നിന്റെ മാതാവിന്റെ പുത്രന്മാർ
നിന്നെ വണങ്ങട്ടെ.
നിന്നെ ശപിക്കുന്നവർ ശപിക്കപ്പെട്ടവരും
നിന്നെ അനുഗ്രഹിക്കുന്നവർ
അനുഗ്രഹിക്കപ്പെട്ടവരും ആയിരിക്കട്ടെ"

റപ്പക്കാ വാതിലിനടുത്തുനിന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. വേഗം എഴുന്നേറ്റു പോകാൻ അവൾ മകന് അടയാളം നൽകി. ആ ദുർഘടനേരത്ത് ഏസോവ് എങ്ങാനും ഓടിയെത്തിയെങ്കിലോ?

യാക്കോബ് അപ്പന്റെ പക്കൽനിന്നും പോയി സ്വല്പം കഴിഞ്ഞപ്പോൾ പാകംചെയ്ത വേട്ടയിറച്ചിയുമായി ഒച്ചപ്പാടുകൂട്ടി ഏസോവ് വന്നുചേർന്നു. ഇസഹാക്കിനെ മയക്കത്തിൽനിന്നും വലിയ ഉത്സാഹത്തോടുകൂടി അവൻ ഉണർത്തി:– "അപ്പാ, അപ്പാ, എഴുന്നേറ്റേ. അപ്പൻ പറഞ്ഞതുപോലെ ഞാൻ വേട്ടയിറച്ചിയുംകൊണ്ടുവന്നിരിക്കുന്നു."

ഇസഹാക്ക് ചോദിച്ചു: "ആരാ അത്."

"അപ്പാ, ഞാൻ തന്നെയാ, ഏസോവ്:"

മൂത്ത മകന്റെ സ്വരം അപ്പൻ തിരിച്ചറിഞ്ഞു, തനിക്കു വഞ്ചന പറ്റിപ്പോയെന്നു വൃദ്ധനു മനസ്സിലായി. അദ്ദേഹം വളരെ അധികം പരിഭ്രമിച്ചു. "പിന്നെ ആരാണ് വേട്ടയിറച്ചിയുമായി മുമ്പേ എന്റെ അടുക്കൽ വന്നത്?? നീ വരും മുമ്പേ ഞാൻ ഭക്ഷണം കഴിച്ച് അവനെ അനുഗ്രഹിച്ചല്ലൊ" എന്ന് അദ്ദേഹം വിഷാദം കലർന്ന സ്വരത്തിൽ പറഞ്ഞു.

ഏസോവ് വാവിട്ടു നിലവിളിച്ചുപോയി "എന്റെ അപ്പാ, എന്നെയും അനുഗ്രഹിക്കണമെ" എന്നു പറഞ്ഞ് അയാൾ ഇസഹാക്കിന്റെ പാദത്തിൽ വീണു.

പാവം ഇസഹാക്ക് എന്തു ചെയ്യും! അദ്ദേഹം പറഞ്ഞു: "എന്റെ മകനെ, നിന്റെ അനുജൻ സൂത്രത്തിൽ വന്ന് നിന്റെ അനുഗ്രഹങ്ങൾ തട്ടിയെടുത്തു."

ഏസോവ് അമ്പേറ്റ വേട്ടമൃഗത്തെപ്പോലെ അലറി. "കള്ളൻ. വഞ്ചകൻ. അവനെ യാക്കോബ് എന്നു പേരു വിളിച്ചത് എത്ര ശരി! ഇതാ രണ്ടുപ്രാവശ്യം അവൻ എന്നെ ചതിച്ചു. എന്നെപ്പറ്റിച്ച് കടിഞ്ഞൂൽ സ്ഥാനം കരസ്ഥമാക്കി; ഇപ്പോൾ എന്റെ അനുഗ്രഹവും വഞ്ചിച്ചെടുത്തു."

കിടക്കയിൽ ഇരിക്കുന്ന ഇസഹാക്കിന്റെ നേരെ തിരിഞ്ഞ് ഏസോവ് ചോദിച്ചു:– "അപ്പാ, എനിക്കു തരുവാൻ ഇനി ഒരനുഗ്രഹംപോലുമില്ലേ?

"ഇല്ലല്ലൊ മകനെ," വൃദ്ധൻ സങ്കടത്തോടുകൂടി പറഞ്ഞു, "ഇതാ ഞാൻ അവനെ നിന്റെ പ്രഭുവാക്കി; അവന്റെ സഹോദരന്മാരെ ഒക്കെയും അവനു

ദാസന്മാരുമാക്കി; ഗോതമ്പുകൊണ്ടും വീഞ്ഞുകൊണ്ടും അവനെ ഞാൻ താങ്ങി ബലപ്പെടുത്തി. എന്റെ മകനെ, ഇനി നിനക്കു ഞാൻ എന്താണു ചെയ്യേണ്ടതു്?"

"എന്റെ അപ്പാ, അപ്പന്റെ പക്കൽ ഒരനുഗ്രഹമേ ഉള്ളോ? എന്റെ അപ്പാ, എന്നെയും അനുഗ്രഹിക്കണമേ" എന്നു പറഞ്ഞു് ഏസാവു് സ്വരമുയർത്തിക്കരഞ്ഞു.

"നിന്റെ വാൾകൊണ്ടു നീ ജീവിക്കും. നിന്റെ സഹോദരനെ നീ സേവിക്കും. നീ പശ്ചാത്തപിക്കുമെങ്കിൽ അവന്റെ നുകം നിന്റെ കഴുത്തിൽനിന്നു നീങ്ങിപ്പോകും." അനുഗ്രഹമായി ഇസഹാക്കിൽനിന്നും ഈ ദീർഘദർശനമാണു് ഏസാവിനു കിട്ടിയതു്. ഏസാവിന്റെ മക്കളായ ഏദോംകാരുടെ ഭാവിചരിത്രത്തെ പ്രസ്തുത വാക്കുകൾ സൂചിപ്പിച്ചു.

ഏസാവിന്റെ ദുഃഖം തീർന്നില്ല. അവൻ പരാജിതനായി അപ്പന്റെ പക്കൽനിന്നും ഇറങ്ങിപ്പോയി. അന്നു മുതൽ യാക്കോബിനോടു് വലിയ വൈരാഗ്യം അവന്റെ ഹൃദയത്തിൽ കുടികൊണ്ടു.

"അപ്പന്റെ കണ്ണു് ഒന്നടയട്ടെ. അവന്റെ തല ഞാൻ കൊയ്യും. കടിഞ്ഞൂൽസ്ഥാനവും അപ്പന്റെ അനുഗ്രഹവും അവൻ അനുഭവിക്കുന്നതു കണ്ടിട്ടുതന്നെ ഇനി ഒരു കാര്യം" എന്നിങ്ങനെ ഏസാവു് പറയുന്നതു് ചിലർ കേട്ടു.

ഈ വർത്തമാനം റിബ്ക്കായുടെ ചെവിയിൽ എത്തി. അമ്മയ്ക്കു മൂത്ത മകന്റെ സ്വഭാവം നല്ലപോലെ അറിയാം. വീണ്ടുവിചാരമില്ലാത്ത ആ നായാട്ടുകാരനു് വിരോധമുള്ള അനുജനെക്കൊല്ലാൻ മടിതോന്നുകയില്ല. അതു തീർച്ചതന്നെ.

റിബ്ക്കാ യാക്കോബിനെ വിളിച്ചു. "മകനെ, നാം ബുദ്ധിപൂർവ്വം പെരുമാറണം. ഏസാവു് നിന്നെ കൊല്ലുവാൻ കരുതിയിരിക്കുന്നു. നീ ഹാറാനിലുള്ള എന്റെ സഹോദരൻ ലാബാന്റെ പക്കലേയ്ക്കു് ഓടിപ്പോയി ഏസാവിന്റെ കോപം തണുക്കുന്നതുവരെ അവിടെ താമസിക്കണം. അപ്പന്റെ അനുവാദം ഞാൻ വാങ്ങിത്തരാം."

റിബ്ക്കാ ഇസഹാക്കിന്റെ പക്കൽ പോയി സംസാരിച്ചു. യാക്കോബിന്റെ ആൾമാറാട്ടത്തിലും ദൈവത്തിന്റെ പരിപാലന കണ്ടു് സമാധാനിച്ചിരിക്കുകയാണു് വൃദ്ധൻ.

റിബ്ക്കാ പഴയ ഒരു പല്ലവി തുടങ്ങി: "ഈ പുറജാതിക്കാരായ മരുമക്കളെക്കൊണ്ടു ഞാൻ തോററു, എനിക്കു് ഈ ജീവിതത്തിൽതന്നെ മടുപ്പു തോന്നുന്നു"

ശരിയാണു്. ഇസഹാക്കിന്റെയും അനുഭവം അതുതന്നെ. പക്ഷേ, അതിനെന്തു നിവൃത്തി? വൃദ്ധൻ മൌനംകൊണ്ടു് അനുഭാവം രേഖപ്പെടുത്തി.

"ഇനി യാക്കോബും ഈ കനാൻകാരുടെ സ്ത്രീകളെ വിവാഹം കഴിച്ചാൽ പിന്നെ ഞാനെന്തിനു ജീവിക്കുന്നു" എന്നു റിബ്ക്കാ പറഞ്ഞപ്പോൾ അക്കാര്യത്തിൽ ഉടനടി എന്തെങ്കിലും പ്രവർത്തിക്കേണ്ടതാണെന്നു ഇസഹാക്കിനു തോന്നി, വൃദ്ധൻ യാക്കോബിനെ വിളിച്ചു.

"മകനെ, ഈ കനാനിലെ പുത്രിമാരെ ആരെയും നീ വിവാഹം ചെയ്യരുതു്. നീ ഹാറാനിലേയ്ക്കു പോയി നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽനിന്നും ഭാര്യയെ സ്വീകരിക്കുക. സർവ്വശക്തനായ ദൈവം നിന്നെ അനുഗ്രഹിക്കുകയും നിന്നെ വർദ്ധിപ്പിക്കുകയും ചെയ്യട്ടെ. അവിടുന്നു് അബ്രാഹത്തിന്റെ അനുഗ്രഹങ്ങൾ നിനക്കും നിന്റെ സന്തതിക്കും തരട്ടെ. ദൈവം അബ്രാഹത്തിനുകൊടുത്ത വാസഭൂമി നിനക്കു് അവകാശമായി നൽകട്ടെ."

ഇങ്ങനെ ഇസ്ഹാക്കു് മകനെ ഒരിക്കൽക്കൂടി ആശീർവ്വദിച്ചു. റിബ്ക്കായ്ക്കു് ആശ്വാസമായി. അവളുടെ അവസാനവിദ്യയും ഫലിച്ചു.

പാവം യാക്കോബു് വളരെ സങ്കടത്തോടുകൂടിയാണു് അമ്മയോടു യാത്ര പറഞ്ഞതു്. രണ്ടുപേരും വളരെ കരഞ്ഞു. ഇനി എന്നാണു് തമ്മിൽ കാണുന്നതു്? കാണാൻ സാധിക്കുമോ എന്നുതന്നെ ആർക്കറിയാം.

കയ്യിൽ ഒരു വടിയും ഹൃദയത്തിൽ വലിയ വിഷാദവും ആയി യാക്കോബു പുറപ്പെട്ടു. കാടുകൾക്കും മരുഭൂമികൾക്കും അപ്പുറത്തുള്ള ഹാറാനിൽ എത്തിച്ചേരണം. എന്തു മാതിരി സ്വീകരണമായിരിക്കും വീട്ടിൽനിന്നും ഒളിച്ചോടിച്ചെല്ലുന്ന തനിക്കു് അമ്മാവന്റെ വീട്ടിൽ കിട്ടുന്നതു്?

യാക്കോബു് അമ്മയുടെ കാര്യമോർത്തു. റിബ്ക്കായുടെ ഉപദേശമാണു് ഈ വിനകളെല്ലാം വരുത്തിവെച്ചതു്. "വേണ്ടമ്മേ, വേണ്ട. അപ്പനെ ചതിച്ചിട്ടു് ഒരനുഗ്രഹവും എനിക്കു വേണ്ട. അമ്മ പറയുന്നതുപോലെ കുടുംബത്തിന്റെ നായകനായി എന്നെയാണു് ദൈവം തിരഞ്ഞെടുത്തിരിക്കുന്നതു് എങ്കിൽ ആ സ്ഥാനം എനിക്കുതന്നെ കിട്ടും. അതിനൊരു സൂത്രവും പ്രയോഗിച്ചിട്ടു് കാര്യമില്ല. ദൈവം തിരുമനസ്സാകുന്ന കാലംവരെ ക്ഷമിച്ചുനിന്നാൽ മതി. തെററു ചെയ്യാനാണു് അമ്മ പറയുന്നതു്. എന്തു കിട്ടിയാലും ഞാൻ അതു ചെയ്യുകയില്ല," എന്നു് യാക്കോബു പറയേണ്ടതായിരുന്നു.

പക്ഷെ അവൻ അങ്ങനെ പറഞ്ഞില്ല. യാക്കോബു് അമ്മയുടെ മകൻതന്നെ. രണ്ടുപേരും ഒരുപോലെ കുററക്കാരായി. രണ്ടുപേർക്കും ഉടനെതന്നെ ശിക്ഷയും കിട്ടി.

യാക്കോബിനു് വീടും വീട്ടിലെ സമ്പത്തുംവിട്ടു് ഒളിച്ചോടി പോകേണ്ടിവന്നു. അമ്മയും പ്രിയപുത്രനും തമ്മിൽ വേർപിരിയാതെ ഗതിയില്ലെന്നായി. ഇനി ഈലോകത്തിൽവച്ചു് അവർ തമ്മിൽ ഒട്ടു കാണുകയുമില്ല. കുടുംബവസ്തുക്കൾ ഏസാവും ഭാര്യമാരും അനുഭവിക്കുന്നതു കണ്ടുകൊണ്ടു് റിബ്ക്കായ്ക്കു മരിക്കാം. ഒന്നാംതരം ശിക്ഷ!

കൊള്ളാം. റിബ്ക്കാ ജീവിതശേഷം മുഴുവൻ യാക്കോബിനുവേണ്ടി പ്രാർത്ഥിച്ചുകൊള്ളട്ടെ. വഞ്ചകനായ ലാബാന്റെ പക്കലേയ്ക്കാണു് അവൻ പോകുന്നതു്. ചതിയ്ക്കുപകരം ചതി ഒന്നിനു പത്തായി അവനു് അവിടെ കിട്ടുകയില്ലെന്നു ആരറിഞ്ഞു!

(തുടരും)

വൈദികരും ജനങ്ങളും

(തുടർച്ച)

(ജി. സി. ടീലാർ)

കൂർമ്മാവതാരം.

"രണ്ടാമത്തേതു കൂർമ്മാവതാരം. അതൊരു നീണ്ട കഥയാണ്. ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ഇടയ്ക്കു വസിക്കുന്ന ഗന്ധർവ്വസ്ത്രീകൾ കോപിഷ്ഠനായ ദുർവ്വാസസ്സ് മഹർഷിയെ വശീകരിക്കുവാൻവേണ്ടി ഒരു പുഷ്പമാലകെട്ടി മഹർഷിക്കു സമർപ്പിക്കുയുണ്ടായി. അതുകൊണ്ടു ദേവേന്ദ്രൻ പ്രസാദിച്ചുകൊള്ളുമെന്നുകരുതി ദുർവ്വാസസ്സ് ആ മാല അദ്ദേഹത്തിനു കാഴ്ചവച്ചു. അതു കിട്ടിയപ്പോൾ ദേവേന്ദ്രൻ തന്റെ ആനയുടെ കാര്യമാണോർത്തതു്. അദ്ദേഹം അതു് ഐരാവതത്തിന്റെ തലയിൽ വച്ചുകൊടുത്തു. പക്ഷേ, ആ കുസൃതി തന്റെ തുമ്പിക്കൈപൊക്കി ആ മാല എടുത്തു മണ്ണിലിട്ടു ചവിട്ടിപ്പിച്ചിക്കളഞ്ഞു.

"വിവരമറിഞ്ഞയുടൻ ദുർവ്വാസസ്സ് സ്ഥലത്തെത്തി. കോപം വന്നാൽ അദ്ദേഹം ആരെയും ശപിക്കുന്ന പ്രകൃതക്കാരനാണ്. അവിടെ നിന്നുകൊണ്ടൊരു ശാപം, ദേവലോകത്തെ ഉന്നംവച്ചു്. ദേവാദികൾ ജരാനരയുള്ളവരായി, വൃദ്ധരായി ഭവിക്കട്ടെ. ഇത്രയും പറഞ്ഞു് പുറത്തു കടന്നപ്പോൾ ദുർവ്വാസസിന്റെ കോപം എരിഞ്ഞടങ്ങി. വീണ്ടുവിചാരമുദിച്ചു. ശാപമോക്ഷമാണ് അടുത്തവാചകം: അമൃതഭോജനം കൊണ്ടു് ജരാനരതീരട്ടെ.

"അമൃതം ഭക്ഷിച്ചില്ലെങ്കിൽ ദേവന്മാർ കുലഞ്ഞതുതന്നെ. അമൃതം സംഭരിച്ചിരിക്കുന്നതു പാലാഴിയിലുമാണ്. ഒരു കലത്തിൽ തൈരു കടയുന്നതുപോലെ പാലാഴി കടഞ്ഞെങ്കിലേ അമൃതം കിട്ടൂ. എന്തായാലും അമൃതം സംഭരിക്കണം. പാലാഴി കടഞ്ഞു് അമൃതം എടുക്കുവാൻ തന്നെ ദേവന്മാർ നിശ്ചയിച്ചു. കടയുവാനുള്ള സാമഗ്രികൾ അടുപ്പിച്ചു് അവർ പണി തുടങ്ങി. മന്ദരപർവ്വതം പിഴുതെടുത്തായിരുന്നു അവർ കടകോലിനു മത്തായി ഉപയോഗിച്ചതു്. രണ്ടുമൂന്നു കറക്കികഴിഞ്ഞപ്പോൾ പർവ്വതം ഊരി പാൽക്കടലിനടിയിൽ ചെന്നിരിപ്പായി. അതെങ്ങനെ അവിടെ നിന്നും പൊക്കിയെടുക്കും?

"വിഷണ്ണരായ ദേവന്മാർ വിഷ്ണുവിനെ സമീപിച്ചു. വിഷ്ണു എല്ലാവർക്കും ഒരു നേതാവാണ്. ആശ്രിതരെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്നാണ് എപ്പോഴും അദ്ദേഹത്തിന്റെ ചിന്ത. ദേവന്മാരുടെ സങ്കടം കേട്ടപ്പഴേ അദ്ദേഹം ചാടി പുറപ്പെട്ടുകഴിഞ്ഞു. നൂറുയോജന വിസ്താരമുള്ള ഒരു ആമയായിത്തീർന്നിട്ട്, വിഷ്ണു കടലിൽ മുങ്ങി, മന്ദരപർവ്വതം പൊക്കി എടുത്തുകൊണ്ടു വരികയും ചെയ്തു.

വരാഹാവതാരം.

മൂന്നാമത്തേതു വരാഹാവതാരം ഹിരണ്യാക്ഷൻ എന്ന പേരിൽ ദുഷ്ടനായ ഒരസുരനുണ്ടായിരുന്നു. അവനെ കൊല്ലുവാനാണു് പന്നിയായി വിഷ്ണു അവതരിച്ചതു്. നാലാമത്തേതു നരസിംഹം. ഹിരണ്യകശിപു എന്നൊരസുരനുണ്ടായിരുന്നു. ഒരിക്കൽ തപസ്സുചെയ്തു് ബ്രഹ്മാവിനെ പാട്ടിലാക്കി അവൻ തട്ടിയെടുത്തു കളഞ്ഞു, വിശിഷ്ടമായ ഒരു വരം. മനുഷ്യനോ മൃഗമോ അവനെ കൊല്ലുകയില്ലെന്നു്. ലോകത്തിൽ പിന്നെ ഒന്നിനെയും അവനു ഭയപ്പെടേണ്ടതില്ല. ലോകത്തിലെ ജനങ്ങളെ മുഴുവൻ ദ്രോഹിക്കുവാനുള്ള ദുർബുദ്ധിയാണ് അവനു തോന്നിയതു്. ഞെരുക്കങ്ങളും പീഡനങ്ങളും അനുഭവിച്ച ജനതതി ദൈവത്തോടു പ്രാർത്ഥനയായി. ദൈവം പ്രാർത്ഥനകേട്ടു. ഹിരണ്യകശിപുവിനെ നിഗ്രഹിക്കുവാൻ വിഷ്ണു നരസിംഹമായി അവതരിക്കയും ചെയ്തു.

"മനുഷ്യനും സിംഹവും ചേന്ന ഒരു പ്രകൃതിയാണു നരസിംഹാവതാരത്തിനുണ്ടായിരുന്നതു്. കഴുത്തിനു മുകളിലേക്കു സിംഹത്തിന്റെ ആകൃതി. കിഴ്പ്പോട്ടുള്ളഭാഗം മനുഷ്യന്റേതും. ബ്രഹ്മാവിന്റെ വരത്തിന്റെ ബലംകൊണ്ടു് മനുഷ്യനോ മൃഗത്തിനോ ഹിരണ്യകശിപുവിനെ കൊല്ലാൻ സാദ്ധ്യമല്ല. പക്ഷേ, മനുഷ്യനും മൃഗവുംകൂടി സമ്മേളിച്ചു് ഒരു രൂപമുണ്ടാകുമെന്നു് ആ അസുരൻ വിചാരിച്ചിരിക്കയില്ലല്ലൊ.

വാമനാവതാരം

"മഹാബലി എന്ന ക്ഷത്രിയരാജാവു് കേരളത്തെ ഭരിക്കുവാൻ തുടങ്ങി. സമൃദ്ധിയും ഐശ്വര്യവും നാട്ടിൽ വദ്ധിച്ചു. മഹാബലിയെത്തന്നെ ദൈവമായി ഭജിക്കുവാൻ ജനങ്ങൾ മടിച്ചില്ല. രാജാവു് കാരുണ്യവാനും ധർമ്മിഷ്ഠനുമായിരുന്നു. ജനങ്ങൾ മഹാബലിയുടെ ഗുണങ്ങൾ വർണ്ണിച്ചു വർണ്ണിച്ചു പറഞ്ഞുതുടങ്ങിയപ്പോൾ ഈശ്വരന്മാക്കു് അസൂയയായി. മഹാബലിയെ നശിപ്പിക്കുവാൻ വിഷ്ണു വാമനനായി അവതരിച്ചു.

"വാമനൻ എന്നാൽ പൊക്കം കുറഞ്ഞവൻ എന്നാണർത്ഥം. നിലത്തുനിന്നും രണ്ടടി ഉയരം മാത്രമുള്ള വാമനൻ മഹാബലിയുടെ അതിഥിയായി ഒരിക്കൽ രാജകൊട്ടരത്തിലെത്തി. കിടപ്പാടമില്ലാത്തവനു കിടപ്പാടം കൊടുക്കേണ്ടതു രാജാവിന്റെ ധർമ്മമാണല്ലൊ. വാമനൻ ചോദിച്ചതു മൂന്നുചുവടു ഭൂമിയാണ്. വാമനൻ മൂന്നു ചുവടു വച്ചാൽ ഒരടിയിൽ കൂടുതൽ നീളം വരികയില്ല. രാജാവു സന്തോഷപൂർവ്വം അനുവദിച്ചു മൂന്നുചുവടുഭൂമി എടുത്തുകൊള്ളുവാൻ. അനുവാദം കിട്ടിയ ക്ഷ

ണം വാമനൻ ഒരു കൊന്നത്തെങ്ങിനെക്കാൾ ഉയരമുള്ളവനായി. ഒററച്ചുവടുവച്ചപ്പോൾത്തന്നെ മൈൽക്കണക്കിനു ഭൂമി വാമനൻെറ കാൽക്കീഴിൽ വന്നു. രണ്ടാമത്തെ ചുവടു വച്ചപ്പോൾ ഭൂമി മുഴുവനും അളന്നു കഴിഞ്ഞു. മൂന്നാമത്തെ ചുവട്ട് എവിടെ എന്നു വാമനൻ ചോദിച്ചപ്പോൾ മഹാബലി സ്വന്തം ശിരസ്സു തന്നെ തൊട്ടുകാണിച്ചു എന്നും, വാമനൻ മഹാബലിയെ ചവിട്ടി പാതാളത്തിലേക്ക് എറിഞ്ഞു കളഞ്ഞു എന്നുമാണ് പുരാണം.

"കാർത്തവീര്യൻ മുതലായ രാജാക്കന്മാരുടെ ദുഷ്ടത അവസാനിപ്പിക്കുവാൻ വേണ്ടിയായിരുന്നു പരശുരാമനായി വിഷ്ണു അവതരിച്ചതു്. രാവണൻ, ശൂർപ്പണഖ മുതലായ രാക്ഷസരെ നിഗ്രഹിക്കുവാൻ വേണ്ടിയായിരുന്നു ശ്രീരാമാവതാരം. പ്രലംബാസുരനെ തകർക്കുവാൻവേണ്ടി വിഷ്ണു ബലരാമനായി അവതരിച്ചു. ബലരാമൻ പ്രലംബാസുരനെ കഴുത്തു ഞെരിച്ചു കൊന്നു എന്നാണ് പുരാണം. കംസൻ മുതലായ ദുഷ്ടന്മാരെ ഹനിക്കുവാൻ വിഷ്ണു ശ്രീകൃഷ്ണനായി അവതരിച്ചു.

"ഇനി വിഷ്ണു ഒരവതാരംകൂടി നടത്തുമെന്നാണ് ഹൈന്ദവ വിശ്വാസം. കലിയുഗത്തിൻെറ അവസാനത്തിലാണ് അതു സംഭവിക്കുവാൻ പോകുന്നതു്. അവസാനം, ദുഷ്ടജനങ്ങളെ എല്ലാത്തിനെയും ശൂന്യമാക്കുവാൻ വിഷ്ണു കല്ക്കിയായി അവതരിക്കുമെന്ന് പുരാണങ്ങളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയാണ് പത്തവതാരങ്ങൾ."

അവതാരം നിഗ്രഹത്തിനോ?

ഫാദർ സെബാസ്ത്യൻ വിവരണം അവസാനിപ്പിച്ചപ്പോൾ, ഏതോ രഹസ്യം താൻ കണ്ടുപിടിച്ചിരിക്കുന്നു എന്നമട്ടിൽ അധരങ്ങൾ വികസിപ്പിച്ചിട്ട് ജോൺ ഒരു ചോദ്യം. "ദുഷ്ടന്മാരെ നിഗ്രഹിക്കുവാനാണ് ഈ പത്തവതാരങ്ങളും എന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ദുഷ്ടന്മാരെ രക്ഷിക്കുവാൻവേണ്ടി ഏതെങ്കിലുമൊരവതാരം ലോകത്തിൽ ഉണ്ടായിട്ടുണ്ടോ?"

ദൈവപുത്രൻ.

ദോസ്യാച്ചൻെറ മറുപടി സുദീർഘവും പണ്ഡിതോചിതവുമായിരുന്നു. "രക്ഷകൻ എന്ന നിലയിൽ ഹൈന്ദവ പുരാണത്തിൽ യാതൊരവതാരവും കാണുന്നില്ല. ക്രിസ്തുമതത്തിൽ ഒററയൊരവതാരമേയുള്ളു. അതു രക്ഷിക്കുവാൻ വേണ്ടിയുള്ള അവതാരമാണുതാനും. ദിവ്യനാഥൻ അരുളിച്ചെയ്തിരിക്കുന്നു. അനുതാപംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂററൊൻപതു നീതിമാന്മാരെപ്പററി ഉന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും. എന്നു ഞാൻ പറയുന്നു. (ലൂക്ക്. 15, 7.)

"ഈശോ ചുങ്കക്കാരോടും പാപികളോടുംകൂടി ഭക്ഷണത്തിനിരുന്നതു് അഹങ്കാരികളായ പ്രീശന്മാർക്കു രുചിച്ചില്ല. അവർ അവിടത്തെ ശിഷ്യരോടു ചോദിച്ചു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടി ഭക്ഷിക്കുന്നതെന്തുകൊണ്ട്? ഈശോ അതുകേട്ട് ഇപ്രകാരം മറുപടി നൽകി: രോഗികൾക്കല്ലാതെ, സുഖമുള്ളവർക്കു വൈദ്യനെക്കൊണ്ടാവശ്യമില്ല. ഞാൻ കരുണ ആഗ്രഹിക്കുന്നു, ബലിയല്ല എന്നുള്ളതെന്തെന്ന് നിങ്ങൾ പോയി പഠിക്കുവിൻ. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ വിളിക്കുവാൻ വന്നിരിക്കുന്നതു്." (മാത്യൂ. ix; 11, 12, 13.)

ഒരു നേരംപോക്കിനുവേണ്ടി മാത്രമാണ് അച്ചൻ അവതാരങ്ങളുടെ കഥ പറഞ്ഞതെന്നു മാത്യൂ വിചാരിക്കയായിരുന്നു. എന്നാൽ അതുമൂലം ഒരു വലിയ രഹസ്യം വെളിച്ചത്തുവന്നു എന്നു ഗ്രഹിക്കുവാൻ മാത്യൂവിനു കഴിയാതിരുന്നില്ല. കൊലയാളികളായ അനേകം അവതാരങ്ങൾ ഗ്രീസിൻെറയും ഭാരതത്തിൻെറയും പുരാണങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടെങ്കിലും രക്ഷകനായ ഒററ അവതാരംപോലും അതിലെങ്ങും പ്രത്യക്ഷപ്പെടുന്നില്ല. (തുടരും)

ദി കാത്തലിക്ക് സിറിയൻ ബാങ്ക് ലിമിററഡ്

Estd: 1920. H. O. തൃശ്ശിവപേരൂർ.

ഒലവക്കോട്ട് ബ്രാഞ്ച് പുതിയ മാസക്കുറി

111 നറുക്ക്. 111 തവണ. നറുക്കൊന്നുക്ക് 100 ക.

സല 11,100 ക. കിട്ടിയ നറുക്കിനു 10,000 ക.

ആദ്യത്തെ നറുക്കെടുപ്പ്: 23-5-1961.

കുറിയിൽ കുറഞ്ഞതു് 12 ക. 50 ന. പ. യുടെ (1/8) നറുക്കുവീതംവരെ ചേരാവുന്നതാണ്.

കൂടുതൽ വിവരങ്ങളും അപേക്ഷാഫാറങ്ങളും ഹെഡാഫീസിൽനിന്നോ ബ്രാഞ്ചുകളിൽനിന്നോ ലഭിക്കുന്നതാണ്.

കെ. ടി. വർഗ്ഗീസ്,
ജനറൽ മാനേജർ.

ടോമിയും എൽസിയും



പണം കൊണ്ടു സഹായം ചെയ്യാൻ നിവൃത്തിയില്ലാത്തവൻ ശരീരം കൊണ്ടു സഹായം ചെയ്താലും പുണ്യം നേടാം
ബുദ്ധിമുട്ടുന്നവരെ സഹായിക്കുക എന്ന ഒരു സ്വഭാവം നമ്മിൽ നാം വളർത്തണം
അമ്മച്ചീ. ഞങ്ങളുടെ കുടങ്ങളിലെല്ലാം വെള്ളം കോരിവയ്ക്കട്ടെ. അമ്മച്ചിക്കൊരു സഹായമാകുമല്ലോ.
ഢും

മനശ്ശാസ്ത്രപംക്തി:

കുമ്പസാരം മാനസിക ചികിത്സയാണോ?

ടി. ജെ. മാടപ്പള്ളി.

പാപവും ഒരു മാനസികരോഗമാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അതായിരുന്നെങ്കിൽ പാപത്തെ ചികിത്സിക്കാൻ ഒരു ഡോക്ടർക്കു കഴിയുമായിരുന്നു. പാപം എന്നതു് തെറ്റു ചെയ്യുമ്പോൾ മനസ്സിനുണ്ടാവുന്ന കുററബോധം (Guilt feelings)മാത്രമല്ല, ആദ്ധ്യാത്മികജീവനെ നശിപ്പിക്കുന്ന ഒരു തിന്മകൂടിയാണതു്.

കുമ്പസാരം അതിസ്വാഭാവികമായ ഒരു ചികിത്സയാണെങ്കിലും; കുമ്പസാരത്തിൽ പാപം ഏററു പറയുന്നതുകൊണ്ടും വൈദികൻെറ ഉപദേശം സ്വീകരിക്കുന്നതുകൊണ്ടും കുറേ മാനസിക ചികിത്സയുടെ ഫലവും ഉണ്ടായേക്കാം. പക്ഷേ, പ്രധാനമായും അതൊരു മാപ്പുകൊടുക്കലിൻെറ കമ്മമാണു്.

ഒരു വിധത്തിൽ പറഞ്ഞാൽ നാം എല്ലാവരും തെററുകാരാണു്. ഉത്ഭവപാപം നമ്മിലെല്ലാം ഉണ്ടായിരുന്നല്ലോ. ജ്ഞാനസ്നാനാനന്തരവും പാപത്തിലേയ്ക്കുള്ള ചായ്വിൽനിന്നും നാം വിമോചിതരാകുന്നില്ല.

നാം ഒരു തെററു (പാപം) ചെയ്യുമ്പോൾ അപരാധക്കറ ആത്മാവിൽ പതിപ്പിക്കുന്നു. തിന്മപ്പെട്ട ആത്മാവിൻെറ പ്രതികരണം മനസ്ഥിതിയിലും വന്നു ഭവിയ്ക്കുകയായി. നമ്മുടെ ഓരോ പ്രവൃത്തിയും, മസ്തിഷ്കത്തിൻെറ പളുഖിലുള്ള കോശങ്ങളിൽ സ്ഥായിയായൊരു പ്രതികരണം സൃഷ്ടിക്കുന്നുണ്ടെന്നു് സുപ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ വില്യം ജയിംസിൻെറ തിയറി അനുശാസിക്കുന്നുണ്ടു്. ആ വിത്താണു് വീണ്ടും അതേ പ്രവൃത്തി ആവത്തിക്കാനുള്ള പ്രചോദനം തരുന്നതു്. പക്ഷേ മിക്കപ്പോഴും തിന്മയെന്തെങ്കിലും വിചാരിച്ചുപോകുന്നവക്കു feelings–നെ എങ്ങനെ അടക്കിനിത്താൻ കഴിയും? അതിനു് അദ്ദേഹം നിർദ്ദേശിക്കുന്ന മാഗ്ഗം പ്രവൃത്തികളെ നിയന്ത്രിക്കുകയും തന്മൂലം മനസ്സിനെ കൂടുതൽ നിയതമാക്കുകയുമാണു്. "Action seems to follow feeling, but really action and feeling go together and by regulating the action, which is under the more direct control of the will, we indirectly regulate the feeling which is not"

മനുഷ്യൻെറ അബോധമനസ്സിനെപ്പററിയുള്ള പഠനമാണു് മാനസികചികിത്സയിൽ പ്രധാനം. അബോധമനസ്സിനെ അപഗ്രഥിക്കുകയും, തന്മൂലം ബോധമനസ്സിനെ നിയന്ത്രിക്കുകയും ചെയ്യാമെന്നാണു് അവരുടെ വാദം. പക്ഷേ അബോധമനസ്സെന്നു പറയുന്നതു് ബോധമനസ്സിൻെറ കലവറയാണു്. ബോധമനസ്സിലെ കാര്യങ്ങൾ കാലാന്തരത്തിൽ അബോധമനസ്സിലേയ്ക്കു് അടിഞ്ഞുകൂട്ടുക മാത്രമാണു ചെയ്യുന്നതു്. അതുകൊണ്ടാണു് കത്തോലിക്കാ തത്വശാസ്ത്രജ്ഞന്മാർ പറയുന്നതു് ആദ്യം ബോധമനസ്സിനെ നിയന്ത്രിക്കുക, അതോടൊപ്പം നാം പരോക്ഷമായിത്തന്നെ അബോധമനസ്സിനേയും നിയന്ത്രിക്കുകയാണു ചെയ്യുന്നതെന്നു്. ഇതിനോടു് അനുകൂലിക്കുകയാണു് വില്യം ജയിംസ്. സുകൃതജപങ്ങളിലൂടെയുണ്ടാകുന്ന മാനസിക പ്രയോജനം ഇവിടെയാണു് നാം മനസ്സിലാക്കുന്നതു്. നിരന്തരം അബോധമനസ്സിൽനിന്നുള്ള അധമവാസനകൾ ഉണ്ടായാൽത്തന്നെ അതു നിയന്ത്രിക്കുവാനും, ആത്മീയമായ ഒരു സ്ഥായീഭാവം നമ്മുടെ ബോധമനസ്സിൽ ഉണ്ടാക്കുവാനും അതു സഹായകമാണു്.

നമ്മുടെ ഓരോ പ്രവൃത്തിയും നമ്മുടെ വ്യക്തിത്വത്തിൻെറതാണു്. വ്യക്തിത്വവികാസം സാധിക്കുവാൻ പ്രവൃത്തികളെ നിയന്ത്രിക്കുകയാണു് വേണ്ടതു്. അപ്പോൾ പാപം ചെയ്യുന്നതിനുത്തരവാദികൾ അവരവർതന്നെ. ഡോക്ടറന്മാർ പറയുന്നതുപോലെ തെററുചെയ്യുന്നവൻെറ മനസ്സിൽ ഒരു കുററബോധമുണ്ടാകുന്നുണ്ടു്. പക്ഷേ തുടർച്ചയായി പാപം ചെയ്യുന്നവക്കു് അപരാധബോധം വേഗം അനുഭവത്തിൽ വരുന്നില്ല. ധമ്മബോധം (Moral striving) ആണു് കുററബോധത്തിനടിസ്ഥാനമെന്നും, ഇതൊഴിവാക്കാൻ ധമ്മബോധം മാററിക്കളയുകയാണു് വേണ്ടതെന്നും ചില മനഃശാസ്ത്രജ്ഞർ പറയുന്നതു വിചിത്രകരമാണു്. മോഷണംമൂലമുണ്ടാകുന്ന കുററബോധമില്ലാതാക്കാൻ അതു ഒരു പുണ്യപ്രവൃത്തിയായി പ്രഖ്യാപിക്കുന്നതുപോലെയാണിതു്. മതബോധമാകട്ടെ ഈ കുററബോധത്തെ അപരാധമൊഴിവാക്കാനുള്ള ഒരു സ്വാഭാവിക ഉപാധിയായി കണക്കാക്കുന്നു. കുററബോധമുണ്ടാവുന്നതു് കുമ്പസാരത്തിനുള്ള ചവിട്ടുപടിയായി എന്നും നിലകൊള്ളുന്നു. പുണ്യവാന്മാരുടെപോലും വിചാരം അവർ പാപികളാണെന്നാണു്. ആ ബോധം അവരിൽ എപ്പോഴും സദാചാരനിഷ്ഠയുളവാക്കാൻ സഹായിക്കുന്നു.

നന്മയും തിന്മയും തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുന്നതുപോലെ തോന്നും. ഒന്നിൽ കൂടുതൽ ഉറയ്ക്കുന്നതോടൊപ്പം മറേറതിൽനിന്നുള്ള അകൽച്ച ആവശ്യകമാണെന്നു് അനുഭവപ്പെട്ടും. നന്മയിൽ കൂടുതൽ ഉറയ്ക്കുന്നവനു് തെററു് തെററായിത്തന്നെ കാണുവാൻ കഴിയും. തെററുകളുമായുള്ള നിരന്തര കൂട്ടുകെട്ടു് പലരേയും പാപബോധമില്ലാത്തവരാക്കിത്തീക്കും. അവരെ അതിൽനിന്നു വേർപെടുത്തുക എളുപ്പമല്ല· എങ്കിലും ദൈവവരപ്രസാദശക്തി സാധാരണഗതിയിൽ നടക്കാത്ത കാര്യങ്ങൾ നിവ്വഹിക്കുന്നതു കാണാം. ഏററവും ചെറിയ കാര്യങ്ങളിൽപോലും പാപം തിരിച്ചറിയാനുള്ള കഴിവു് അപ്പോൾ പുനരുജ്ജീവനം ചെയ്യുന്നതു കാണാം. ചിലരിൽ അപരാധശങ്ക അമിതമായിപ്പോകാറുമുണ്ടു്. മനശ്ശാസ്ത്രജ്ഞർ ഇതിനെ, പറിച്ചുമാററാൻ പ്രയാസമായ മാനസികരോഗമായി (obsessive neurosis) കണക്കാക്കുന്നു. ഇത്തരക്കാരുമായുള്ള അടുപ്പംകൊണ്ടു് അപരാധബോധത്തെ വ്യാഖ്യാനിക്കുന്ന ചില മനഃശാസ്ത്രജ്ഞന്മാർ വഴിതെററിപ്പോയിട്ടുണ്ടു്.

ദൈവശിക്ഷയോടുള്ള ഭയത്തെക്കാൾ ദൈവസ്നേഹാധിക്യംകൊണ്ടു തെററു ചെയ്യാതിരിക്കാനാണു് ശ്രമിക്കേണ്ടതു്. പാപം ഒരു ദൈവശിക്ഷ വിളിച്ചു വരുത്തുമെന്നതിനേക്കാൾ നിത്യസ്നേഹബന്ധത്തെ തകരുത്തുകളയുമെന്ന രീതിയിൽ ചിന്തിച്ചു് കുററബോധം വളത്തേണ്ടതാണു്.

പാപത്തിനു് മാനസികക്കുഴപ്പം കാരണമാവില്ല. പാപത്തിൽ വീഴുന്നതുപോലെ അതിൽനിന്നു് അകന്നു നില്ക്കാനും സാധാരണഗതിയിലുള്ളവക്കെല്ലാം കഴിയും. സാധാരണഗതി വിട്ടുപോയ മാനസികകുഴപ്പമാണെങ്കിൽ അവിടെ പാപമുണ്ടാകയുമില്ല. ആകെക്കൂടി പറഞ്ഞാൽ കുമ്പസാരക്കൂടു് മാനസികരോഗ ചികിത്സാലയമല്ല. നേരെ മറിച്ചു് മാനസിക ചികിത്സാലയത്തിൽനിന്നും കുമ്പസാരത്തിൻെറതായ പ്രത്യേകഫലങ്ങൾ കിട്ടുകയുമില്ല.

വാതത്തിനു്

ഔഷധം "രസാഞ്ജൻ". ഫലം അത്ഭുതം! ഫയൽ 3 ക. മാത്രം

ആവശ്യപ്പെടുക:

ഐ. ജി. ഫ്രാൻസീസ്,

XIV/513, കൊച്ചി.

ചോ— കർമ്മലകുസുമത്തിനു് എത്ര വരിക്കാരുണ്ടു്. (ഒരു ഗുണകാംക്ഷി.)

വളരെയുണ്ടു്. മലയാളത്തിൽ അടിക്കുന്ന മതപരമായ മാസികകളുടെ പ്രതികളെല്ലാം കൂടിയാലും കർമ്മലകുസുമത്തിന്റേതിനോളം വരികയില്ല. കുറേക്കൂടി വ്യക്തമായിട്ടറിയണമെങ്കിൽ മാസിക അടിച്ചുകൊണ്ടിരിക്കുമ്പോൾ മാന്നാനം പ്രസ്സിൽവന്നു നോക്കുക. കൃത്യമായ എണ്ണം ചോദിക്കുന്നതു് ഭംഗിയല്ല, ആരും എണ്ണം പറയുകയുമില്ല.

ചോ— B. D., L. D., D.D ഇവയെല്ലാം ഏകദേശം ഒരേ വിലയുള്ള ഡിഗ്രികളാണോ?

ചാക്കോ പുത്തൻവീട്ടു്.

B. D, Ph. B. തുടങ്ങിയവയിൽ ബിരുദം എന്നു പറയാനുള്ള കാര്യങ്ങളില്ല. സാധാരണ വൈദികപഠനത്തിനു ജയിക്കുന്നവർക്കുള്ളതാണിവയെന്നു പറയാം. എങ്കിലും ഡിഗ്രികൾ നൽകുവാൻ അവകാശമുള്ള സെമിനാരികളിൽ പഠിച്ചവർക്കേ ഇങ്ങനെ എഴുതാവൂ എന്നുണ്ടു്. L. D. യിൽ അല്പം കാര്യമുണ്ടു്. ബിരുദങ്ങൾ കൊടുക്കുവാൻ അധികാരമുള്ള സെമിനാരികളിൽ ചില വിഷയങ്ങളിൽ രണ്ടു കോഴ്സുകളുണ്ടു്. Long course എന്നു പറഞ്ഞാൽ സാമാന്യത്തിൽ കൂടുതലായ പഠനകോഴ്സ് എന്നർത്ഥം. Long Course പൂർത്തിയാക്കി 60 % മാർക്കു വാങ്ങുന്നവർക്കുള്ളതാണു് L. D., S. T. L. തുടങ്ങിയവ. D. D., D. C. L. തുടങ്ങിയ ഡോക്ടറേറ്റു ബിരുദങ്ങൾ ലഭിക്കണമെങ്കിൽ വളരെ കൂടുതൽ പഠിക്കയും ഗവേഷണപരമായ ഒരു പ്രബന്ധം പ്രശസ്തമായി സമർപ്പിക്കയും വേണം.

ചോ— ഫാത്തിമാരഹസ്യം എന്തുകൊണ്ടാണു് 1960-ൽ പ്രസിദ്ധീകരിക്കാതിരുന്നതു്? അങ്ങനെ ഒരു രഹസ്യമില്ലേ? അതോ ഇവയെല്ലാം കത്തോലിക്കാ അധികാരികളുടെ 'ടെക്നിക്കുകളാ'ണോ?

കെ. വി. ജോസഫ് കരിംപാറയിൽ
വയനാട്ടു്.

ഫാത്തിമായിൽ ദർശനം ലഭിച്ച കുട്ടികളിൽ ഇന്നു് ജീവിച്ചിരിപ്പുള്ള ഏകയാൾ ഒരു കർമ്മലീത്താമഠത്തിൽ പാർക്കുന്ന ലൂസിയാണു്. ഇവൾ ഒരു എഴുത്തെഴുതി, 1960-ൽ മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്നു പറഞ്ഞു് സ്വന്ത മെത്രാനേ ഏല്പിച്ചു. മെത്രാൻ അതു് മാർപ്പാപ്പായെ ഏല്പിച്ചു. ഇത്രയുമാണു വസ്തുതകൾ. എഴുത്തിൽ വല്ല ദിവ്യസന്ദേശങ്ങളുണ്ടോ, പൊതുജനങ്ങളെ സംബന്ധിക്കുന്ന വല്ലതുമുണ്ടോ എന്നൊന്നും നമുക്കറിഞ്ഞുകൂടാ. എഴുത്തിലെ ഉള്ളടക്കം 1960-ൽ പ്രസിദ്ധീകരിക്കണമെന്നു് മാർപ്പാപ്പായെ നിർബന്ധിക്കാൻ ലൂസിക്കോ മറ്റാർക്കുമോ അവകാശമില്ല. ഏവരും അറിഞ്ഞിരിക്കേണ്ട പരസ്യവെളിപാടുകൾ ശ്ലീഹന്മാരുടെ കാലംകൊണ്ടു് അറിയിച്ചുകഴിഞ്ഞെന്നതാണു കത്തോലിക്കാവിശ്വാസം. എങ്കിലും ഫാത്തിമാസന്ദേശത്തോടുള്ള ആദരവുമൂലം ലൂസിയുടെ കത്തു് ഏതോ രഹസ്യമാണെന്നും ഭീകരമായതെന്തോ നടക്കാൻ പോകുന്നെന്നും അതു് 1960 ൽ തന്നെ സംഭവിക്കുമെന്നുമെല്ലാം സാമാന്യജനങ്ങൾ ധരിച്ചുവശായി. അന്തസ്സാരമില്ലാത്ത ചില പ്രസിദ്ധീകരണങ്ങൾ അബദ്ധധാരണകൾക്കിടംകൊടുക്കത്തക്കവിധത്തിൽ പല വാർത്തകളും ഇതു സംബന്ധിച്ചു പുറപ്പെടുവിച്ചു. കഴിഞ്ഞ വർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ വത്തിക്കാനിലെ ചില ഔദ്യോഗിക വൃത്തങ്ങൾ, പടർന്നുപിടിച്ചുവന്ന അബദ്ധധാരണകളുടേയും പ്രതീക്ഷകളുടേയും അർത്ഥശൂന്യത എടുത്തുകാട്ടി. 1960-നെ സംബന്ധിച്ചു പരന്ന ധാരണകൾ അസ്ഥാനത്താണെന്നു കാണിക്കുന്ന പല റിപ്പോർട്ടുകളും കഴിഞ്ഞ കൊല്ലത്തെ കർമ്മലകുസുമത്തിന്റെ മിക്ക ലക്കങ്ങളിലും കാണാം. വല്ലതും കേട്ടു വിശ്വസിച്ചുപോയതിനു് കത്തോലിക്കാമേലധികാരികൾ കുറ്റക്കാരല്ല.

ചോ— കത്തോലിക്കരായ ചില എഴുത്തുകാർതന്നെയും, അവരുടെ കഥകളിൽപോലും വേദപുസ്തകത്തിലെ വാക്യങ്ങൾ സമൃദ്ധമായി ഉദ്ധരിച്ചു കാണുന്നതു ശരിയാണോ?

S. M. Assumption College

വി. ഗ്രന്ഥത്തെ അധിക്ഷേപിക്കുക എന്ന ഉദ്ദേശ്യമില്ലാത്തപ്പോൾ കഥകളിൽതന്നെയും വേദപുസ്തകവാക്യങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. ഉദ്ധരിക്കുന്നതുകൊണ്ടു ക്രിസ്തീയ ആശയങ്ങൾ പ്രചരിക്കുമെങ്കിൽ നല്ലതുമാണു്. അധിക്ഷേപിക്കാൻവേണ്ടിയല്ലെങ്കിലും പ്രയോജനരഹിതമായി ബൈബിൾ വാക്യങ്ങൾ എഴുതുന്ന ഏർപ്പാടു് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. ദൈവവാക്യങ്ങൾ ദൈവികകാര്യങ്ങളിൽ മാത്രമേ ഉപയോഗിക്കാവൂ എന്നു വന്നാൽ ബൈബിൾ കഥകളെ ആസ്പദമാക്കിയുള്ള നാടകങ്ങളും മറ്റും നിഷിദ്ധങ്ങളായിത്തീരുമായിരുന്നു.

മുൻകൂർപണം അടയ്ക്കേണ്ടാ
"സത്യപ്രഭ"
കുടുംബസഹിതം വായിക്കാൻ കൊള്ളാവുന്ന ആഴ്ചപ്പതിപ്പു്. വില 13 പൈമാത്രം. ഏജൻറന്മാരെ ആവശ്യമുണ്ടു്. ഡിപ്പോസിററാവശ്യമില്ല. 15 പൈ. സ്റ്റാമ്പുസഹിതം എഴുതുക.
മാനേജർ, "സത്യപ്രഭ"
കൊച്ചി— 2.



ജോസഫ് കാർഡിനൽ വെൻഡൽ.

മ്യൂണിക്കിലെ മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ വെൻഡൽ തന്റെ 59-ാമത്തെ വയസ്സിൽ നിര്യാതനായി. കഴിഞ്ഞ ഡിസംബർ 31-ാം നു- തന്റെ കത്തീഡ്റൽ ദേവാലയത്തിൽ വർഷാവസാന ശുശ്രൂഷകൾ നിർവ്വഹിച്ചു കഴിഞ്ഞയുടനാണ് ഈ അത്യാഹിതം സംഭവിച്ചത്. മ്യൂണിക്കിൽ സമ്മേളിച്ച കഴിഞ്ഞ ദിവ്യ. കോൺഗ്രസ്സിന്റെ നടത്തിപ്പിൽ ഇദ്ദേഹം സാരഥ്യം വഹിച്ചു. പശ്ചിമ ജർമ്മനിയിലെ മിലിട്ടറി വികാരി ഇദ്ദേഹമായിരുന്നു.

ലത്തീൻ സഭാ കലണ്ടർ പരിഷ്ക്കരിച്ചു

ലത്തീൻ കുർബാനയിലെ വായനകൾ പ്രാർത്ഥനകൾ തുടങ്ങിയ പ്രധാനമല്ലാത്ത കാര്യങ്ങളിൽ കഴിഞ്ഞ ജനുവരി 1-ാം തീയതി മുതൽ ചില വ്യതിയാനങ്ങൾ വന്നിട്ടുണ്ട്. തിരുനാളുകളുടെ എണ്ണത്തിലും തരത്തിലും കാര്യപ്പെട്ട പരിഷ്ക്കാരങ്ങൾ വരുത്തിയിരിക്കയാണ്.

പുതിയ ചാക്രീക ലേഖനം

70 സംവത്സരങ്ങൾക്കു മുമ്പാണ് 13-ാം ലെയോ മാർപ്പാപ്പാ റേരും നോവാരും (തൊഴിലാളികളെ സംബന്ധിച്ച സഭയുടെ സാമൂഹ്യ പഠനം) എന്ന സുപ്രസിദ്ധ വിശ്വലേഖനം പ്രസിദ്ധീകരിച്ചത്. അതിന്റെ 70-ാം വാർഷികമായ മേയ് 15-ാം തീയതിയോ, അടുത്ത ദിവസമോ അതേ വിഷയത്തെ സംബന്ധിച്ച ഒരു പുതിയ ചാക്രിക ലേഖനം പ്രസിദ്ധപ്പെടുത്തുന്നതാണെന്ന് മാർപ്പാപ്പാ വെളിപ്പെടുത്തി. കഴിഞ്ഞ ഡിസംബർ 30-ാം നു- വത്തിക്കാനിലെ നയതന്ത്ര പ്രതിനിധികൾ എല്ലാവരും ചേർന്ന് മാർപ്പാപ്പായെ സന്ദർശിച്ച് നവവത്സര മംഗളങ്ങൾ ആശംസിച്ചപ്പോഴാണ് ഈ വിവരം അറിയിക്കപ്പെട്ടത്. പുതിയ വിശ്വലേഖനം, റേരും നൊവാരും തുടങ്ങിയ മുൻവിശ്വലേഖനങ്ങളുടെ ആശയങ്ങളെ കാലോചിതമായി പൂർത്തീകരിച്ചുകൊണ്ടുള്ളതായിരിക്കും.

കാന്റർബറി ആർച്ച്ബിഷപ്പ് രാജിവെയ്ക്കുന്നു

ആംഗ്ലിക്കൻ സഭാ തലവനായ ഡോ. ജെഫ്റി ഫിഷർ ബ്രിട്ടീഷ് രാജ്ഞിയുടെ പക്കൽ തന്റെ രാജി സമർപ്പിച്ചിരിക്കുന്നു. അടുത്ത മെയ് 31-ാം നു- മുതൽ റിട്ടയർ ചെയ്യുവാൻ രാജ്ഞി ഇദ്ദേഹത്തെ അനുവദിക്കുകയും പകരം കാന്റർബറി ആർച്ച് ബിഷപ്പായി ഇപ്പോഴത്തെ യോർക്കിലെ ആർച്ചുബിഷപ്പിനെ നിയമിക്കുകയും ചെയ്തിരിക്കുന്നു. റിട്ടയർ ചെയ്യുന്ന ഡോ. ഫിഷർ അത്ര പ്രായാധിക്യമാകാതിരിക്കെ പെട്ടെന്നു രാജി സമർപ്പിച്ചതിന്റെ കാര്യം എന്താണെന്നറിവായിട്ടില്ല. ഇദ്ദേഹം വത്തിക്കാനിൽവച്ച് മാർപ്പാപ്പായെക്കണ്ട് ഏററവും സൗഹാർദ്ദപരമായി സംഭാഷണം നടത്തിക്കഴിഞ്ഞിട്ട് ഇപ്പോൾ കുറേ ദിവസങ്ങൾ മാത്രമേ കഴിഞ്ഞിട്ടുള്ളു.

"വ്യാകുലസ്മരണകൾ"

പി. വി. ചാണ്ടി. മുഹമ്മ.

(ഗാഥ)

ദൈവജനനിയാം— കന്യകമേരിതൻ,
പാവനപാദം— ഭജിക്കും നമ്മിൽ.
ആ നല്ല മാതാവിൻ— വ്യാകുലരംഗങ്ങൾ,
മാനസവേദിയിൽ— കാണുന്നുണ്ടോ?
മക്കൾ സഹതാപ— ചിന്തയാലമ്മതൻ,
ദുഃഖത്തിലാശ്വാസ— മേകില്ലെന്നോ?
എന്നല്ല, ഈ ദുഃഖമെല്ലാം ഭവിച്ചീടാൻ,
പാപികൾ നാമല്ലോ— കാരണമായ്.
ഇത്ഥം നിനയ്ക്കുകിൽ— നാമെത്രധികമായ്,
ചിത്തേ സഹതാപം— കാട്ടിടേണ്ടു.

(1)

പൈതലേശുവേ— രക്ഷിതാക്കളോർശ്ലേമിൽ,
സാദരം കൊണ്ടുപോയ്— "കാഴ്ചവെയ്ക്കാൻ"
ഉണ്ണിയാം— ഈശോയെ— സ്വീകരിച്ചൻപോടെ,
വാർദ്ധക്യം തള്ളിയിഴയ്ക്കും— 'സൈമൺ'
മുൻ അറിഞ്ഞെന്നപോൽ— അമ്മയോടോതിനാൻ:—
"നിന്നാത്മാവിലൊരുവാൾ കടക്കും"
സിദ്ധനാം— സൈമന്റെ— വാക്കുകൾ കേൾക്കയാൽ,
അന്തലിലാണ്ടുപോയമ്മയപ്പോൾ.
എന്നല്ലീ— വാക്കുകൾ— ഓർക്കുമ്പോളൊക്കയും,
ചൊന്നപോൽ ഭാവംപകർന്നു ചിത്തേ.

(2)

ഹേറോദേശിൻ— ക്രൂരശാസനം ഹേതുവാൽ,
ഏറിടും നാശം നിനച്ചു കാൺകിൽ,—
ദൈവാജ്ഞകൊണ്ടപോൽ— യൗസേപ്പും,മേരിയും,
ദൈവസുതന്റെ— സംരക്ഷണാർത്ഥം,
അജ്ഞാനദേശമാം— ഈജിപ്തിൽ പോയിടാൻ,
അജ്ഞാതവാസം— നയിച്ചീടുവാൻ.
ഉണ്ണിയെ— മാറിലൊളിച്ചമ്മയാത്രയായ്,
പുണ്യവാൻ— യൗസേപ്പിൻ— ഇംഗിതംപോൽ.
ആ രാത്രി മദ്ധ്യത്തിൽ— ഗൂഢമാം മാർഗ്ഗേണ,
ആരുമറിയാ— പുറപ്പെട്ടവർ.
ശീതത്താൽ— മെയ് വിറച്ചാവൽ,ഭീ,പെട്ടേററം,
ആതങ്കചിത്തയായ് തീർന്നുമേരി.

(3)

ബാലനാമീശോയും— മാതാപിതാക്കളും,
ഓർശ്ലേമിൽ— നിന്നും മടങ്ങീടുംനാൾ.
മിത്രങ്ങളോടൊത്തു— നസ്രസ്സിലേയ്ക്കവർ,
യാത്രയായ്— മുൻ— പിൻപെന്നവണ്ണം.
ഓമനബാലകൻ— തൻസഹയാത്രികർ,
ഒന്നിച്ചു— പിന്നാലെ— കാണുമെന്നായ്
ഉള്ളേ നിനച്ചു— കൊണ്ടപ്പനുമമ്മയും,
നാളൊന്നു— യാത്രചെയ്തീവിധത്തിൽ.
പിറേറന്നാൾ— ജോസഫും മേരിയും പുത്രനെ,
ഏററവുമാശയോടന്വേഷിക്കിൽ—
ഓമനബാലനെ— കാണ്മാനില്ലായ്കയാൽ,
എന്മാത്രം— അമ്മതപിച്ചതില്ലാ?!
മൂന്നുനാളമ്മയും— മൗസേപ്പുമീവിധം,
ചെന്നിടമെല്ലാം തിരയുകയായ്.
എന്തിതിൻ— കാരണമെന്നും നിനച്ചവർ—
സന്താപസിന്ധുവിലാഴ്ന്നപാരം.

നീലമുന്നന്നി അംഗങ്ങൾ

(തുടർച്ച)

സെൻറ് റപ്പായൽസ് സി. ജി. യു. പി. സ്ക്കൂൾ, ഒല്ലൂർ.

10844 ആനി എ. എം. അഞ്ചേരി. 45 ആഗ്നസ് സി. ജെ. ചീരക്കുഴി. 46 അമ്മണി ടി. ആർ. ഇയ്യു 47 ബേബി എ. പി. അക്കര. 48 ബേബി കെ. വി. കൊമ്പൻ 49 സിസിലി കെ. വി. കടവി. 10850 എൽസി എ. വി. എറുങ്കാരൻ. 51 ജെസ്സി കെ. ടി. കാട്ടുക്കാരൻ. 52 ജൂലിയാ ഏലൻറാ മൊയലൻ 53 കൊച്ചന്നം വി. ഐ. വാഴപ്പറമ്പൻ 54. ലില്ലി. കെ. ഡി. കാട്ടൂക്കാരൻ 55 ലില്ലി എം. ഡി. മൊളങ്ങൻ 56 മേരി എ. ആർ. അപ്പാടൻ 57 മേരി എം. ഡി. മാപ്രാണി 58 മേരി എം. ഐ. മാണിച്ചാക്ക 59 മേരി എം. കെ. മുണ്ടൻ കരിയൻ 10860 മറിയാമ്മ എം. ആർ. മുള്ളൻ 61 ഓമന കെ. ജെ. കാട്ടൂക്കാരൻ 62 ഫിലോമിന ജോസ് അക്കര 63 ഫിലോമിന എ. ജെ. അക്കര 64 റോസി ജോസ് അക്കര 65 റോസി സി. വി. ചോനേടൻ 66 റോസി ഇ. പി. ഏനോക്കാരൻ 67 റോസി എ. കെ. അപ്പാടൻ 68 റോസി പി. ആർ. പെരുക്കൻ 69 റോസിലി ടി. സി. തോട്ടാൻ 10870 ശോശന്നം പി. ജെ. വാഴപറമ്പൻ 71 ത്രേസ്യ ഒ. എ. ഊളക്കാടൻ 72 ത്രേസ്യാമ്മ എം. വി. മാളിയേക്കൽ 73 ത്രേസ്യാമ്മ യു. ടി. ഉക്രാൻ 10874 ത്രേസ്യാ ടി. ഐ. തരകൻ. (തുടരും)

സമ്മാനം

100000 രൂ. മുതൽ 20 രൂ. വരെ അനേകം സമ്മാനങ്ങൾ സീക്കിം ഗവമെൻറു വക H. R. ഷോടതിയിൽ ടിക്കററു വാങ്ങുന്നവക്കായി വച്ചിരിക്കുന്നു. ടിക്കററ് 1 ന് 1 രൂ., 4-ന് 3 രൂ. 25 സ., 9-ന് 6 രൂ. 25 സ., 19-ന് 12 രൂ. വില ഉടൻ മണിയാർഡറയക്കുക:

ജി. ലോറൻസ്, IV–335,
പുതിയ റോഡ്, കൊച്ചി– 2.

ഫെബ്രുവരിമാസം

പൊതുനിയോഗം

സാർവ്വത്രിക സുനഹദോസിന്റെ ഒരുക്കങ്ങൾ സുഖകരമായി പുരോഗമിക്കുന്നതിനു്.

മിഷൻനിയോഗം

രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുന്ന ജനതകൾ പൊതുനന്മയ്ക്കെതിരായി പ്രവർത്തിക്കുന്ന പ്രവണതയിൽ നിപതിക്കാതിരിക്കാൻ.

ദൈവദാസനായ ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ

(Postulator)

ദൈവദാസനായ കുറിയാക്കോസ് ഏലിയാസച്ചൻെറ ആഘോഷമായ നൊവേന ജനുവരി മൂന്നാം തീയതി ആഡംബരപൂർവ്വം സമാപിച്ചു. നൊവേന ദിവസങ്ങളിൽ പ്രത്യേകിച്ച് അവസാനത്തെ '3' ദിവസങ്ങളിൽ കാലത്തും വൈകിട്ടുമുണ്ടായിരുന്ന ചടങ്ങുകളിൽ സംബന്ധിക്കുവാൻ പല സ്ഥലങ്ങളിൽനിന്നും ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. മൂന്നാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ദൈവദാസൻെറ കബറിടത്തുങ്കൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ വേഗം വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനായി പ്രാർത്ഥനയാലും പ്രയത്നത്താലും പരിശ്രമിക്കുവാനുള്ള കടമയെപ്പററി ജനങ്ങളെ തിരുമേനി ഉൽബോധിപ്പിച്ചു. "നമ്മിൽനിന്നും ഒരു വിശുദ്ധൻ ഉണ്ടാകുന്നതു് വെറും ഒരലങ്കാരത്തിനു മാത്രമല്ല അതു സഭയുടെ സ്ഥിതിയ്ക്കും നമ്മുടെ ആദ്ധ്യാത്മിക ഉണർവ്വിനും സഹായിക്കും എന്ന് അദ്ദേഹം പ്രസ്താവിക്കയുമുണ്ടായി.

അനുഗ്രഹങ്ങൾ

രോഗശാന്തികൾ

1. എട്ടുവർഷത്തോളമായി എനിക്കു ഒരു വയററിൽ വേദന പിടിപെട്ടിട്ട്. പല വൈദ്യന്മാരുടെ ചികിത്സകൾ ചെയ്തിട്ടും സുഖപ്പെട്ടില്ല. എന്നു മാത്രമല്ല ഓപ്പറേഷൻ ചെയ്യണമെന്നു ഒരു ഡോക്ടർ അഭിപ്രായപ്പെടുകയും ചെയ്തു. കേവലം നിർദ്ധനനായ എനിക്ക് അതിനുള്ള കഴിവില്ലായിരുന്നു. അതുകൊണ്ട് ഞാൻ നിരാശനായി കഴിയുമ്പോൾ കുറിയാക്കോസ് ഏലിയാസച്ചനെപ്പററി അറിയുകയും വലിയ ശരണത്തോടുകൂടി ഞാൻ അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ചെയ്തതിൻെറ ഫലമായി എനിക്കു പൂർണ്ണസുഖം കിട്ടി. കൃതജ്ഞതയോടെ, കെ. വി മാത്യ നരസിംഹരാജപുരം.

2. പൈലോ കന്നിലിക്കാട്ടിൽ. 3. ആഗസ്തി ഉഴുന്നാലിൽ കൂടലഞ്ഞി. 4. ത്രേസ്യാ അങ്ങാടിക്കടവ്. 5. അലക്സ് ജോസ് ചെങ്ങളം. 6. കോനിക്കര റോസ കുഴിക്കാട്ടുശ്ശേരി. 7. ഡോ. മിസ്സ്. ഇ. സബാസ്റ്റ്യൻ കൊല്ലം. 8. ചീക്ക തോമൻ കല്ലൂർ. 9. എബ്രാഹം വാഴെപറമ്പിൽ. 10. പി. ജെ. ജോസഫ് തിടനാട്. 11. കെ. സി. സിസിലി ഇടപ്പള്ളി. 12. മേരി ജോസഫ് നെയ്യശ്ശേരി. 13. എ. എൽ. ചാക്കുണ്ണി ആലപ്പാട്ട്. 14. അന്നക്കുട്ടി മാത്യ കടക്കച്ചേരിൽ. 15. അബ്രാഹം വറുഗീസ് ചെങ്ങളം. 16. പുളിക്കൻ വാക്കോ മന്നീക്ക് 17. ജസ്റ്റിൻ. ആർ. ഗോമസ് പുത്തൻതോപ്പ്. 18. ററി. സി. ആൻറണി തോണക്കര. 19. സൈമൺ പുതിയാകളങ്ങര. 20. ഏലിക്കുട്ടി മാത്യ എലിപ്പലിക്കാട്ട്. 21. ഏലിയാമ്മ ജോസഫ് കടകശ്ശേരിൽ. 22. മുഞ്ഞേലി റപ്പായി ഭാര്യ കുഞ്ഞന്നം. 23. നിർമ്മല കൊല്ലങ്കോട് 24. ദേവസ്സി ചാണ്ടി മാവേലി. 25. കെ. ററി. മാത്യ. 26. കെ. യു. ഉലഹന്നൻ എടൂർ. 27. ഒലിക്കൽ റോസമ്മ പാലാവയൽ. 28. പാറയ്ക്കൽ ത്രസ്യാ തൃക്കാർപൂർ. 29. അവിരാ ചാക്കോ വല്ലകം വൈക്കം. 30. ററി. ജെ. തോമസ് തുമ്പുങ്കൽ. 31. മറിയാമ്മ എബ്രാഹം ചെത്തിപ്പുഴ. 32. ററി. ജെ. ജോസഫ് പന്തല്ലൂർ. 33. വടക്കേടത്തു് ഔസേഫ് മണിക്കടവ്. 34. ത്രസ്യാമ്മ ജോൺ വയനാട്. 35. പി. എ. ജോൺ പന്തലൂപ്പറമ്പിൽ. 36. കെ. കെ. ജോസഫ് കളപ്പുരയ്ക്കൽ. 37. അന്നമ്മ പുത്തനങ്ങാടി വൈക്കം. 38. പി. എം. മാത്യ പീരുമേട്. 39. അച്ചാമ്മ വക്കി കൂടലഞ്ഞി. 40. കെ. സി. വറുഗീസ് കണക്കൻചേരി. 41. മറിയാമ്മ തോമസ് മിത്രക്കരി. 42. ഐ. ഇ. തോമസ് നെട്ടങ്കുന്നം. 43. മേരി ജോർജ്ജ് മററക്കര. 44. ജോസഫ് തുണ്ടിയിൽ വാഴപ്പള്ളി. 45. അന്നമ്മ ജോസഫ് കാഞ്ഞിരത്താനം. 46. ററി. എ. റോസി തഴക്കാടൻ തൃശ്ശൂർ. 47. മത്തായി ദേവസ്യാ കടപ്പാമററം. 48. ജനോവാ ഫ്രാൻസീസ് പുത്തൻതോപ്പ്. 49. സെലിൻ തോമസ് തൊടിയിൽ 50. ക്ലാസിക്കാ വട്ടം തയ്യിൽ. 51. ആഗ്നസ് ഡോരിക്ക് തങ്കശ്ശേരി. 52. മാർഗ്ഗററ് എ. പെരേരാ പുതുക്കുറിച്ചി. 53. ജറോൾഡ് പുല്ലുവിള. 54. വടക്കേതിൽഅന്ന പുലിച്ചിറ. 55. റോസമ്മ ജോസഫ് കാഞ്ഞിരത്താനം. 56. പ്ലാക്കുഴിയിൽ കുര്യൻ കുര്യൻ. 57. കുഞ്ഞമ്മ പാപ്പച്ചൻ മയ്യനാട്. 58. മിസ്സിസ്സ് ആൻറണി ചേർത്തല. 59. ത്രേസ്യാ എമ്മാനുവേൽ കളത്തൂർ. 60. അന്നചാക്കൊ കൂടലഞ്ഞി. 61. ത്രേസ്യാമ്മ സ്കറിയാ മനയത്തുശ്ശേരി. 62. കുട്ടിയമ്മ ചാക്കോ നെട്ടങ്കുന്നം. 63. എരുമക്കാടൻ കുഞ്ഞുരാമൻ. 64. ഏലിക്കുട്ടി തോമ്മസ് കാഞ്ഞിരക്കാട്ടു. 65. ത്രേസ്യാമ്മ ഫിലിപ്പ് തെള്ളകം. 66. അച്ചാമ്മ ജോസഫ് പാറക്കൽ; 67. റോസമ്മ ജോർജ്ജ് നെട്ടങ്കുന്നം. 68. ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

P. G. Rosa, Fort Cochin.

69. വിഷമകരമായിരുന്ന ഒരു ഏർപ്പാട് കുറിയാക്കോസ് ഏലിയാസച്ചൻെറ മദ്ധ്യസ്ഥതയാൽ ഭംഗിയായിതീർന്നു കിട്ടിയതിന് ഉപകാരസ്മരണ. രൂപ. 25.

തോമസ് കാഞ്ഞിരത്തിനാൽ തമ്പലക്കാട്.

70. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യങ്ങൾ രണ്ടും സാധിച്ചുകിട്ടിയതിനുപകാരസ്മരണ.

ഡെയിസി, ഇട്ടിയിവരാ, വട്ടകുഴി.

71. ചാവറ കുറിയാക്കോസ് ഏലിയാസച്ചൻേറയും നിത്യസഹായമാതാവിൻേറയും മദ്ധ്യസ്ഥതയാൽ ആത്മസമാധാനം കിട്ടിയതിന് ഉപകാരസ്മരണ.

ഏലിയാമ്മ ജോൺകുമ്പിളുവേലിൽ.

72. സുഖപ്രസവം കിട്ടിയതിനും, കാണാതെ പോയതു കണ്ടുകിട്ടിയതിനും ഉപകാരസ്മരണ.

മറിയക്കുട്ടി ചേലത്താഴത്തു്.

പ്രസവസുഖം,

കുടുംബ സമാധാനം

73. മിസ്സിസ്സ്. റിച്ചാർഡ് കുഴിത്തോട്ടി. 74. പി. ജെ. മാണി പാളിത്തോട്ടത്തിൽ. 75. എം. വി. സബാസ്റ്റ്യൻ മാണിക്കാണി. 76. കോരൻ ഭാര്യ അയ്യ. അനന്തപുരം. 77. ത്രസ്യാമ്മ ജോൺ പാലാവയൽ. 78. ജോസഫ് മറിയക്കുട്ടി കരീക്കാട്ടിൽ. 79. കുഞ്ഞോത്തി ചാലിശ്ശേരി തൃശ്ശൂർ. 80. വിൻസെൻറ് ബി. എഫ്. ബ്രഹ്മകുളം. 81. എം. വി. പൌലോസ് കൂടലഞ്ഞി. 82. സെലിൻ ഫെലിക്സ് പുത്തൻതോപ്പ്. 83. ബർണ്ണാർഡ് റിനാൾഡ് ഡിക്രൂസ് കഴക്കൂട്ടം.

ജോലി കിട്ടിയതു്

84. കെ. എം. ജോർജ്ജ്. 85. ററി. എഫ്. ജോസഫ് ഫോർട്ടു കൊച്ചി. 86. കെ. സി. ചാക്കോ ആലപ്പുഴ. 87. കെ. ജെ. ആലിസ് എറണാകുളം. 88. സി. എ. ജോർജ്ജ് പേരാമ്പ്ര. 89. ജോസഫ് ജെയിൻ പാദുവാ, ർതവര.

കാണാതെപോയതു്
തിരിച്ചു കിട്ടിയതു്

90. മാർഗ്ഗററു് നെറോറ മുരിക്കുംപുഴ. 91. ഒ. പി. തോമസ് കുക്ക്. 92. ത്രേസ്യാമ്മ പോൾ അതിരമ്പുഴ. 93. സി. സി. ഏലിയാസ് ദ: പൂനാ.

ഉദ്ദിഷ്ടകാര്യസാദ്ധ്യം

94. മിസ്സിസ്സ്. കൊച്ചുത്രേസ്യാ ജയിക്കബ് പാവർട്ടി. 95. മിസ്സിസ്സ്. എൽസി ജോസഫ് എറണാകുളം. 96. കുമാരി റീ. ഐ. റോസി എടത്തുരുത്തി 97. ലോന്നപ്പൻ പാപ്പ പഞ്ഞിക്കാരൻ. 98. മിസ്സിസ്സ് പുഷ്പം പൌലോസ് എടത്തുരുത്തി. 99. ലില്ലി എബ്രാഹം കൊച്ചി. 100. കെ. എസ്സ് ലിസ്സി എറണാകുളം. 101. റോസ മേരി ഫർണാണ്ടസ് കൊല്ലം. 102. ഇസബേൽ കുററിവിള കണ്ടച്ചിറ. 103. ഔസേഫ് മാന്തവൽ പീരുമേട്ട്. 104. യോഹന്നാൻ ഔസേഫ് ഇരിങ്ങാലക്കട. 105. ദേവസ്യാ വെട്ടുകല്ലുങ്കൽ മരുതോങ്കര. 106. ജോസഫ് തെക്കെ ചെറിയാങ്കൽ. 107. ആഗസ്റ്റിക്കുഞ്ഞു ഉഴുന്നാലിൽ. 108. എ. വി എബ്രാഹം ഐക്കര. 109. എം. ജെ. മൈക്കിൾ തിരുവാമ്പാടി. 110. മേബിൾ ഗോമസ് തങ്കശ്ശേരി. 111. വി. ജെ. ദേവസ്യാ വട്ടപ്പറമ്പിൽ. 112. എ. ബൽസിയാൻ അമ്മ്യൂതെങ്ങ്. 113. മേരി ജോസഫ് പെല്ലരി ചാലക്കടി. 114. സ്റ്റീഫൻ ഡിക്രൂസ് പുത്തൻ തോപ്പ്. 115. അന്നമ്മ ജോൺ വടക്കേക്കുററ് 116. എം. എം. ദേവസ്യാ പീരുമേട്ട്. 117. ചാക്കൊ മാലിപ്പ്ളാവിൽ കോട്ടാങ്ങൽ 118. പി. ജെ. കരിയപ്പൻ പാലിയക്കര. 119. ഒ. ഫർണാണ്ടസ് ബസ്സുവാഡാ. 120. ആർ. ലോറൻസ് കഴക്കൂട്ടം. 121. ജോസഫ് പി. മാമ്പിള്ളി. 122. ബർണാർഡ് എ. പെരേരാ. 123. പി. എം. സബാസ്റ്റ്യൻ മുക്കം. 124. എം. സ്റ്റെല്ലാ നെട്ടങ്ങാമല. 125. വേലായുധൻ ചാക്കമ്മശ്ശേരി. 126. ജസ്സി ഇഗ്നേഷ്യസ് പുതുവൽ. 127. പോസ്ററു മിസ്റ്റസ്. മാന്നാനം. 128. ലില്ലി എബ്രാഹം ഹാർബർ കൊച്ചി 129. ആച്ചാണ്ടി കുഞ്ഞുവറീത് ചാലക്കടി. 130. നാട്ടേക്കാടൻ അന്തോനി മുപ്ളിയം. 131. പൊതപറമ്പൻ മറിയം മുപ്ളിയം. 132. റീത്താ എ. ഗോമസ് മുരിക്കംപുഴ. 133. ചെരട്ട അന്തോനി മുപ്ളിയം. 134. തെങ്ങിൽ അന്തോനി ഒല്ലൂർ. 135. പാറസ്സൽ അന്തോനി കല്ലേററുംകര. 136. വി. സി. തോമസ് വാതല്ലൂർ. 137. സെല്ലാ പെരേരാ അഞ്ചുതെങ്ങ്. 138. പി. ജോസഫ് പുത്തൻതോപ്പ്. 139. വറുഗീസ് തടവിള. 140. ബാസിൽ കുഴുവിള പുലിച്ചിറ. 141. ത്രസ്യാ പള്ളിക്കിഴക്കേതിൽ മയ്യനാട്ട്. 142. പി. എ. മാത്യു എറണാകുളം. 143. എസ്സ്. പത്രോസ് പുഷ്പവിലാസം. 144. എൻ. കെ. വറീത് നട്ടേക്കാടൻ. 145. സാറാ ഫർണാണ്ടസ് പുത്തൻ തോപ്പ്. 146. ജോസഫൈൻ പെരേരാ പുത്തൻ തോപ്പ്. 147. എയിഞ്ചലസ് ലോപ്പസ് പുത്തൻ തോപ്പ്. 148. തെയ്യാമ്മ മാത്യു കൈപ്പൻപ്ളാക്കൽ. 149. ജെ. ഡെന്നി ഫർണാണ്ടസ്. 150. ഗെർലി ഡിക്രൂസ് ചിററാട്ടുമുക്ക്.

താമസിച്ചതിനു ക്ഷമാപണം
P. O. A.

FOR FAVOURS
RECEIVED.

സുകൃതമഞ്ജരി

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ചങ്ങനാശ്ശേരി, ആർപ്പൂക്കര, കാഞ്ഞിരപ്പള്ളി, പുളിങ്കുന്ന്, നെടുങ്കുന്നം, മണിമല, ഇത്തിത്താനം, പായിപ്പാട്ട്, ഇഞ്ചിയാനി, കൈനകരി, മിത്രക്കരി, പാലമ്പ്ര, ആലപ്പുഴ, എന്നീമഠങ്ങളിൽനിന്നും, തൃശ്ശൂർ രൂപതയിൽപ്പെട്ട കണിമംഗലം, പുതുക്കാട്ട്, കോട്ടപ്പടി ഈ മഠങ്ങളിൽ നിന്നും, പാലാ രൂപതയിൽപ്പെട്ട വിളക്കമാടം, രാമപുരം ഈ മഠങ്ങളിൽ നിന്നും ഇവിടെ അയച്ചു തന്നിട്ടുള്ള സുകൃതമഞ്ജരി.

തിരുമണിക്കൂർ	4667
കൊന്ത	8385
ആശയടക്കം	78795
വിസീത്ത	27054
സുകൃതജപം	1686310

ദൈവദാസൻ ചാവറയച്ചന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.
ബ്രിജീത്താ കുരുവിള, കരുവേലിത്തറ.

ജോസഫ് ഇട്ടിസ്സൽ, കോട്ടാങ്ങൽ.

Abraham A., Rajahara,
M. P.

W. G. Nigli, Quilon.

അല്പം സൺലൈററു
കൊണ്ടു് അനവധി വസ്ത്രങ്ങൾ അലക്കാം
-അതു് അതിന്റെ അധികമായ പതനിമിത്തമാണ്
സ്വന്തം കണ്ണുകൊണ്ട് കാണുമ്പോൾ വിശ്വസിക്കുന്നതാണ്. സീത അലക്കിയ തിളങ്ങുന്ന വെള്ളഷർട്ട് കണ്ടപ്പോഴുണ്ടായ ആഹ്ലാദം ഗോപിയുടെ മുഖത്ത് പ്രതിഫലിച്ചിരുന്നു. വെണ്മയായും, ശോഭയുള്ളതായും അലക്കിയിരിക്കുന്ന വിരികൾ, തുവാലകൾ മുതലായവ അടങ്ങിയ തുണികളുടെ ആ വലിയ കൂട്ടം ഒന്നു നോക്കുക, അവയെല്ലാം വെറും അല്പം സൺലൈററ് കൊണ്ട് അലക്കിയതാണ്!
സൺലൈററിന്റെ ഫലപ്രദമായതും, ധാരാളമുള്ളതുമായ പത, വസ്ത്രങ്ങൾ അടിച്ചലക്കാതെ തന്നെ അവയിലെ സകല അഴുക്കും നീക്കി അവ ഏററവും നന്നായി അലക്കുന്നു! നിങ്ങൾതന്നെ പരീക്ഷിച്ചുനോക്കുക...ഇന്നുതന്നെ പരീക്ഷിക്കുക!
SUNLIGHT SOAP
SUNLIGHT SOAP
സൺലൈററ് സോപ്പ് വസ്ത്രങ്ങൾ വെണ്മയായും, ശോഭയുള്ളതായും അലക്കുന്നു
S. 267-X52 ML
ഹിന്ദുസ്ഥാൻ ലിവർ ലിമിററഡിന്റെ ഒരു തയ്യാറിപ്പ്.

ശാസ്ത്രപംക്തി

അന്ധന്മാർക്കായുള്ള ശബ്ദ വർത്തമാനപ്പത്രം.

അന്ധന്മാർക്കായുള്ള ശബ്ദ വർത്തമാനപ്പത്രത്തിന്റെ 'പ്രഥമ ലക്കം' പശ്ചിമ ജർമ്മനിയിലെ വ്യൂർസ്ബേർഗിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. അന്ധന്മാർക്കായുള്ള ബവേറിയയിലെ സംഘടന ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണ് ഈ വർത്തമാനപ്പത്രം. തൽക്കാലം ഇതു് ഒരു മാസികയായി പുറത്തിറങ്ങും.

പ്രഥമ ലക്കം ടേപ്പ് റിക്കാർഡു ചെയ്ത രൂപത്തിലാണ് (ഗ്രാമഫോൺ പ്ലെയ്റ്റ്പോലെ പീത്തയിൽ സ്വരം റിക്കാർഡു ചെയ്യുന്നതു്) പുറത്തിറക്കിയിട്ടുള്ളതു്. തദ്ദേശസാർവ്വദേശീയ വാർത്തകൾ, കായികവിനോദമത്സരക്കുറിപ്പുകൾ, യാത്രാസ്മരണകൾ, ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു നോവലിന്റെ ഭാഗങ്ങൾ തുടങ്ങിയവ പ്രഥമ ലക്കത്തിൽ ഉൾപ്പെടുന്നു. വ്യൂർസ്ബേർഗ് നഗരകൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു ലേഖനത്തിൽ, നഗരത്തിലെ അപകടകരമായ റോഡുകളുടേയും കവലകളുടേയും, കിടപ്പാടത്തിന്റേയും, ഗതാഗതസൗകര്യങ്ങളേയുംപറ്റി അന്ധന്മാർക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

അന്ധന്മാർക്കായുള്ള ഈ പത്രത്തിന്റെ ഇനിയുള്ള ലക്കങ്ങളിൽ ഉൾപ്പെടുത്താനായി വ്യൂർസ്ബേർഗ് മുനിസിപ്പൽ തിയേറ്ററിലെ അംഗങ്ങൾ, പ്രസിദ്ധനാടകങ്ങളിൽനിന്നുമുള്ള രംഗങ്ങൾ ശബ്ദലേഖനം ചെയ്യുമെന്നു സമ്മതിച്ചിട്ടുണ്ട്.

പുസ്തകാഭിപ്രായം.

"പിതാവും പുത്രനും"

(ഗ്രന്ഥകർത്താ: പി. എം. ഇട്ടിയവിരാ. പെരുമാട്ടിക്കുന്നേൽ; കൊല്ലപ്പിള്ളി; കടനാട്. P. O. പേജ് 50. വില 25 ന.പൈ. പ്രസാധകർ സെന്റ് തോമസ് പ്രസ്സ്, പാലാ.)

ദൈവത്തെപ്പറ്റി പഠിച്ചു കഴിഞ്ഞ വളരെ കാര്യങ്ങൾ കൂടുതൽ പ്രയോജനകരമായി പഠിപ്പിക്കുവാൻവേണ്ടി സാമാന്യജനങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിത്തിരിച്ചിട്ടുള്ള ഒരു "ഭിക്ഷു"വാണ് ശ്രീ. പി. എം. ഇട്ടിയവിരാ. അദ്ദേഹത്തിന്റെ "പിതാവും പുത്രനും" എന്ന ലഘുഗ്രന്ഥം നല്ല പിതാവായ ദൈവത്തെപ്പറ്റി വളരെക്കാര്യങ്ങൾ ഏതൊരാളിനും മനസ്സിലാകത്തക്കവിധത്തിൽ ഉദാഹരണസഹിതം വിവരിച്ചുതരുന്നു.

"തന്റെ പിതാവായ ദൈവത്തിനു സദൃശനാണു മനുഷ്യൻ. അവൻ തന്റെ പിതാവിന്റെ പൂർണ്ണതയിലേയ്ക്കു വളരുന്നു. മനുഷ്യനു വ്യക്തിപരമായ നിലയിൽ ഒരു അച്ഛൻ മാത്രമേ ഉള്ളല്ലോ. അതുപോലെ മനുഷ്യൻ എന്ന നിലയിൽ നമുക്ക് ഒരു പിതാവു മാത്രമേ ഉള്ളൂ. അതാണ് ദൈവം."

നാം ഗർഭസ്ഥരായിരുന്നപ്പോൾ നമ്മുടെ അച്ഛന്മാരെ കാണുവാൻ നമുക്കു സാധിച്ചില്ല. എന്നാൽ അന്നും നമ്മെ സ്നേഹിക്കുന്ന, പ്രതീക്ഷാനിർഭരമായ ഹൃദയത്തോടെ നമ്മുടെ ജനനത്തെ പ്രതീക്ഷിച്ചിരുന്ന, അദൃശ്യനായ ഒരു പിതാവുണ്ടായിരുന്നു. അതുപോലെ ഇന്നു മനുഷ്യനു ദൈവത്തെ കാണുവാൻ സാധിക്കുന്നില്ലെങ്കിലും, മനുഷ്യനെ സ്നേഹിക്കുന്ന, അവന്റെ വരവിനെ കാത്തിരിക്കുന്ന, ഒരു പിതാവുണ്ട്. അതാണ് ദൈവം." ഈ വിധത്തിലുള്ളതാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദനങ്ങൾ. പിതാവിന്റെ സ്നേഹദൗത്യത്തെ കാൽനടയായി ചെന്നു പറയുന്നതുകൊണ്ടു തൃപ്തിപ്പെടാതെ ഈ യുവപ്രേഷിതൻ, നല്ല കാര്യങ്ങൾ അച്ചടിച്ചു നാമമാത്രവിലയ്ക്കു പ്രസിദ്ധം ചെയ്യുകയാണ്.

മസ്തിഷ്കത്തെ മടുപ്പിക്കുന്ന യുക്തിശാസ്ത്രത്തിന്റെ സാങ്കേതിക വാദഗതികളറിയാമെങ്കിലും അവയെ പിൻതള്ളിക്കൊണ്ട്, മനുഷ്യഹൃദയത്തെ സ്പർശിക്കുന്ന സൗഹൃദ സംഭാഷണരീതിയിൽ ലളിതമായി പ്രതിപാദിച്ചിട്ടുള്ള ഈ ലഘുഗ്രന്ഥത്തിന് പൊതുജന മദ്ധ്യത്തിൽ കൂടുതൽ പ്രചാരം ലഭിക്കട്ടേ എന്ന് ആശംസിക്കുന്നു. ഈ പുസ്തകം ഗ്രന്ഥകർത്താവിന്റെ പക്കൽനിന്നും ലഭിക്കുന്നതാണ്. (അഗസ്റ്റിൻ കവുമണ്ണ്.)

ഉപകാരസ്മരണകൾ

ദൈവദാസൻ കുറിയാക്കോസ് ഏലിയാസച്ചന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. വി. ജോസഫ്, തിടനാട്.

ബ: അൽഫോൻസാമ്മയുടെയും, ദൈവദാസൻ കുര്യാക്കോസ് ഏലിയാസച്ചന്റെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ.

Rose cherian Cheeram Velil.

ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥതയാൽ സുഖപ്രസവം ലഭിച്ചതിനും കുഞ്ഞിന്റെ സുഖക്കേട് നിശ്ശേഷം മാറിക്കിട്ടിയതിനും.

ഗ്രെയിസി. എം. പെരയിര,
മുരിക്കുംപുഴ.

വിഷയവിവരണി

1 ചില ഭക്തികളിൽ കവിച്ചിലുകൾ വരുന്നുണ്ടെന്നു മാപ്പാപ്പാ. 35
2 വിധവയുടെ കൊച്ചുകാശ് 38
(Fr. Gaston C. M. I., M. A.)
3 ഓർമ്മകൾ നിരത്തുന്ന കഥകൾ 39
4 ഭാര്യമാരെ, നിങ്ങൾ ശ്രദ്ധിയ്ക്കുക! 40
(വി. എം. പുന്നോലിൽ)
5 ക്ലാസ്സുമുറിയിൽ (മണിമല) 41
6 കുട്ടികളും ദൈവിളിയും 42
(Fr. Magnus, C. M. I)
7 പള്ളിയിൽ വരുന്നവരെല്ലാം 43
(ഫാ. റാൽഫ്, സി. എം. ഐ.)
8 ജീവിക്കുന്ന മനുഷ്യൻ 45
(പുളിങ്കുന്ന ററി. ആന്റണി)
9 തിരുസ്സഭ. (ഫാ. ചാൾസ്)
10 പരിചയപ്പെട്ടിട്ടുവേണം വിവാഹമെന്ന് (തുടങ്ങനാട്ടു ജോസ്) 48
11 വിശുദ്ധഗ്രന്ഥവീഥി 50
(ഫാ. പസ്ക്കേഷ്യസ്, സി.എം.ഐ)
12 നീലമുന്നണി 51
13 വേദപുസ്തകത്തിലെ കഥകൾ 52
(ഫാ. ഫ്ളോറിൻ, സി.എം.ഐ.)
14 കുടുംബമേഖല (ജി.സി.ടീലാർ) 56
15 കുമ്പസാരം മാനസിക ചികിത്സയാണോ? (ടി. ജെ. മാടപ്പള്ളി) 59
16 ചോദ്യോത്തരങ്ങൾ. 60
17 കത്തോലിക്കാവാർത്തകൾ. 61
18 വ്യാകുലസ്മരണകൾ 62
(പി. വി. ചാണ്ടി, മുഹമ്മ.)
19 ദൈവ കുറി. ഏലിയാസച്ചൻ. 63
20 ശാസ്ത്രപംക്തി. 66
21 പുസ്തകാഭിപ്രായം.
(ലോറിഡ്‌റൈവർ അട്ടത്തലക്കത്തിൽ)

വരിസംഖ്യ 2 രൂപാ മുൻകൂർ.

കർമ്മലകുസുമം

Vol. 59] 1961 മാർച്ച് . [No. 3

ഏററം ബഹുമാന്യനായ പുരുഷൻ ഒരു "തൊഴിലാളി"യായിരുന്നു.

(മോൺ: പി. കാക്കശ്ശേരി)

ഒരു മനുഷ്യന്റെ ബഹുമാന്യതയേയും യോഗ്യതയേയും അളക്കുവാൻ ലോകം കയ്യിലെടുക്കുന്ന മാനദണ്ഡം എന്താണെന്നു നമുക്കറിയാം. എന്നാൽ എല്ലാം കാണുകയും എല്ലാം കണക്കിലെടുക്കുകയും ചെയ്യുന്ന സർവ്വജ്ഞനായ ദൈവം നമുക്കു "ബഹുമാന്യതാ സാക്ഷിപത്രം" നൽകിയനുഗ്രഹിച്ചാൽ മാത്രമേ ജന്മസാഫല്യം കൈവരികയുള്ളു എന്നറിയുന്നവർ അധികംപേരുണ്ടാകയില്ല; അഥവാ അറിയുന്നവരിൽപോലും ആ അറിവിന്റെ വെളിച്ചത്തിൽ വ്യാപരിക്കുന്നവർ തുലോം വിരളമായിരിക്കും.

നസ്രത്തിലെ വി. യൌസേപ്പു ലോകത്തിന്റെ നോട്ടത്തിൽ നേതാവായിരുന്നില്ല; പണക്കാരനായിരുന്നില്ല; പ്രതാപവാനായിരുന്നില്ല; വലിയ കാര്യപ്രാപ്തനായിരുന്നെന്നു തോന്നുന്നില്ല; പ്രഗത്ഭനായിരുന്നില്ല; പ്രശസ്തനായിരുന്നില്ല; പണ്ഡിതനോ വാഗ്മിയോ ആയിരുന്നില്ല; വിജയശ്ലാഘിതനായിരുന്നില്ല; ഒന്നുമായിരുന്നില്ല. പക്ഷെ ഈശ്വരസമക്ഷമോ? മാനവവംശത്തിൽ മുമ്പോ പിമ്പോ പിറന്നിട്ടുള്ള പുരുഷന്മാരിൽ അഗ്രപൂജയ്ക്കർഹൻ!

അനാദിമുതല്ക്കേ അത്യുന്നതൻ ആവിഷ്കരിച്ചിരുന്ന പദ്ധതിയനുസരിച്ചു സ്വന്തം കുമാരൻ മനുഷ്യനായി അവതരിച്ചു. മർത്ത്യനായി ജന്മമെടുത്ത നിജസുതന്റെ പോററപ്പനായും അവിടത്തെ വാത്സല്യജനനിയായ നിർമ്മല കന്യകയുടെ വിരക്തപതിയായും ത്രിതൈകസർവ്വേശ്വരൻ സാദരം തിരഞ്ഞെടുത്തവരോധിച്ചതു അജ്ഞാതനായ ആ വിനീതതച്ചനെയായിരുന്നു. അങ്ങനെ ഈശ്വരന്റെ അപ്രമാദികമായ വിലയിരുത്തലനുസരിച്ചു മനുകുലത്തിൽ വെച്ചേററം ബഹുമാന്യതയ്ക്കർഹനായി കാണപ്പെട്ടവൻ (പ. കന്യക കഴിഞ്ഞാൽ) ഒരു പാവപ്പെട്ട തൊഴിലാളിയാണെന്നോർക്കണം. "സർവ്വ സമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന" ഈശ്വരതനുജൻതന്നെയും പ്രസ്തുത തൊഴിലാളിയുടെ കീഴിൽ ഒരു തൊഴിലാളിയായിട്ടാണു മുപ്പതു വർഷത്തോളം കഴിച്ചുകൂട്ടിയതും. കൈത്തൊഴിലിന്റെ മഹാത്മ്യവും, തൊഴിലാളിയുടെ സംപൂജ്യതയും അവരിരുവരും എത്ര ഉച്ചത്തിലും ഉജ്ജ്വലഭാഷയിലുമാണു ലോകസമക്ഷം ഉൽഘോഷിച്ചതെന്നു ആലോചിച്ചുനോക്കുക.

ഇക്കഴിഞ്ഞ നൂററാണ്ടിനുള്ളിൽ തൊഴിലാളിലോകത്തുളവായ വിപ്ലവാത്മകമായ പരിവർത്തനങ്ങളും പ്രക്ഷോഭണങ്ങളും ചരിത്രപ്രസിദ്ധങ്ങളാണു്. ഇക്കാലഘട്ടത്തിൽതന്നെയാണു അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ അവകാശസംരക്ഷണത്തിലും ആവശ്യതാപരിഹരണത്തിലും കത്തോലിക്കാസഭയ്ക്കുള്ള മാതൃനിർവ്വിശേഷവും കാലോചിതവുമായ ഉൽക്കണ്ഠയേയും ഔത്സുക്യത്തേയും വിളിച്ചറിയിക്കുന്ന "തൊഴിലാളി തീട്ടൂരങ്ങളായി" പ്രകീർത്തിക്കപ്പെടുന്ന വിഖ്യാതവിശ്വലേഖനങ്ങൾ പുറത്തുവന്നതും.

മാർക്സിന്റെ പ്രത്യയശാസ്ത്രമനുസരിച്ചു ഭൂമുഖത്താസകലമുള്ള തൊഴിലാളികളെയെല്ലാം സംഘടിപ്പിക്കുവാനും, അക്രമാത്മകമായ വിപ്ലവത്തിലൂടെ ലോകാധിപത്യം സ്വായത്തമാക്കുവാനും കമ്മ്യൂണിസ്റ്റുകൾ അഹോരാത്രം പരിശ്രമിച്ചുവരികയാണല്ലൊ, വിനാശകരമായ ആ വിപ്ലവപ്രളയത്തിൽനിന്നു ക്രൈസ്തവതൊഴിലാളികളെ സംരക്ഷിപ്പാൻവേണ്ടിയാണു അവർക്കു ഒരു മഹനീയമാതൃകയും സ്വർഗ്ഗീയമദ്ധ്യസ്ഥനുമായി വി. യൌസേപ്പിനെ തിരുസഭ ഔപചാരികമായി പ്രഖ്യാപിച്ചതു്; തൊഴിലാളിയായ വി. യൌസേപ്പിന്റെ ബഹുമാനാർത്ഥം ഒരു തിരുനാൾ ആലോചനാപൂർവ്വം ഏർപ്പെടുത്തിയതു്.

1955 മേയ് 1-ാംനു- തിരുസ

ഭയുടേയും ക്രൈസ്തവതൊഴിലാളികളുടേയും ചരിത്രത്തിൽ തങ്കലിപികളിൽ ലേഖനം ചെയ്യപ്പെട്ട ഒരു സുദിനമായി എന്നാളും പരിലസിക്കും. സാർവ്വലൗകികതൊഴിലാളിദിനാഘോഷം ഭൂമുഖത്തെല്ലാം ആർഭാടപൂർവ്വം ആചരിക്കപ്പെടുകയായിരുന്നു. സെൻറ് പീറേഴ്സ് ബസിലിക്കായുടെ "ചത്വര"ത്തിലും തൊഴിലാളിസഹസ്രങ്ങൾ ഉന്മേഷപ്രകർഷത്തോടെ തടിച്ചുകൂടിയിരുന്നു. 12–ാം പീയൂസ് പാപ്പാ പൈതൃകസ്വരത്തിൽ ഗൗരവത്തോടെ അവരോട് ആരാഞ്ഞു: "പാപ്പാ നിങ്ങൾക്കു വിലപ്പെട്ട ഒരു സമ്മാനം നൽകുവാൻ പോവുകയാണ്; ആയതു സ്വീകരിക്കുവാൻ നിങ്ങൾക്കു സന്തോഷമാണോ?" നീണ്ടുനിന്ന ഹർഷാരവത്തോടെ എവരും സമ്മതം പ്രകടിപ്പിച്ചു. തുടർന്നുണ്ടായ പേപ്പൽ പ്രഖ്യാപനപ്രകാരം വി. യൗസേപ്പ് ക്രൈസ്തവതൊഴിലാളികളുടെ ഔദ്യോഗികമദ്ധ്യസ്ഥനായി അവരോധിക്കപ്പെട്ടു; അഖിലലോകതൊഴിലാളി മഹോത്സവമായ മേയ് 1–ാംനു തൊഴിലാളിയായ വി. യൗസേപ്പിന്റെ മഹാമഹമായി നാമകരണം ചെയ്യപ്പെട്ടു.

കമ്മ്യൂണിസ്റ്റാഭിമുഖ്യത്തിൽ പിറന്ന ശിശുവാണ് സാർവ്വദേശീയ തൊഴിലാളിദിനം. ലോകത്തെ വിപ്ലവച്ചുഴിയിൽ ആഴ്ത്തുക; അക്രമാത്മകമായ പരിപാടികളിലൂടെയും ചോരപ്പുഴയിലൂടെയും എവിടേയും തൊഴിലാളികളുടെപേരും പറഞ്ഞു കമ്മ്യൂണിസ്റ്റ് ഏകാധിപത്യം കെട്ടിപ്പടുത്തുയർത്തുക– ഇതായിരുന്നു അതിന്റെ ജന്മോദ്ദേശ്യം. കത്തോലിക്കാസഭ പരസ്യമായി അതിനു അദ്ധ്യാത്മസ്നാനം നൽകി സ്വന്തമാക്കിയെടുത്തതിൽ അന്തർഭൂതമായി കിടക്കുന്ന ഗുണപാഠങ്ങൾ ആലോചനാമൃതമത്രെ.

തൊഴിലിന്റെ മാഹാത്മ്യവും തൊഴിലാളിയുടെ വ്യക്തിമാഹാത്മ്യവും തൊഴിലാളികളും മുതലാളികളും യഥോചിതം മനസ്സിലാക്കയും മാനിക്കയും ചെയ്യണം; അതനുസരിച്ചു ഇരുകൂട്ടരും പരമാർത്ഥഹൃദയത്തോടെ പരസ്പരം പെരുമാറണം– എന്നാൽ മാത്രമേ വ്യവസായലോകത്തിലും മറെറല്ലാ തൊഴിൽരംഗങ്ങളിലും നിരാക്ഷേപമായ സാമൂഹ്യനീതി യാഥാർത്ഥ്യമായി തീരുകയുള്ളു. പ. പിതാവു പ്രസ്താവിച്ചതിങ്ങനെയാണ്: "വി. യൗസേപ്പ് ദൈവത്തിൻേറയും കത്തോലിക്കാസഭയുടേയും മുമ്പിൽ കൈത്തൊഴിൽ മാഹാത്മ്യത്തിന്റെ മൂർത്തിഭാവമായി പ്രശോഭിക്കുന്നു." കന്യകാമറിയം കഴിഞ്ഞാൽ സ്വർഗ്ഗത്തിൽ ആ മഹാത്മാവിനോടു അടുത്തെത്തീട്ടുള്ളവരായി മററാരുമില്ല. അദ്ദേഹമാകട്ടെ ഐഹികജീവിതം നയിച്ചതു ഒരു പാവപ്പെട്ട കൈവേലക്കാരനായിട്ടാണ്. തിരുകുടുംബത്തിന്റെ തലവനായിരുന്നിട്ടും, അദ്ദേഹം കഠിനമായി അദ്ധ്വാനിച്ച് തൊഴിലെടുക്കേണ്ടിവന്നു; എന്നാൽ പരമാവധി സത്യസന്ധതയോടും നീതിനിഷ്ഠയോടുംകൂടി കാലയാപനം ചെയ്തു; ധാർമ്മികബോദ്ധ്യങ്ങളെ മുറുകെപിടിക്കുവാനുള്ള ആത്മധൈര്യവും പ്രത്യയസ്ഥൈര്യവും അദ്ദേഹത്തിനു ധാരാളമായുണ്ടായിരുന്നു.

തൊഴിലുടമകളും പണക്കാരും പണത്തിലും പണം പ്രദാനം ചെയ്യുന്ന പ്രതാപത്തിലും പ്രാപഞ്ചികസുഖങ്ങളിലുമല്ലാതെ, പരാപരനിലും പരലോകജീവിതത്തിലും അചഞ്ചലവും ആത്മാർത്ഥവുമായ വിശ്വാസം ഉൾക്കൊള്ളുന്നവരായിത്തീരാത്തിടത്തോളം കാലം ക്രൈസ്തവതൊഴിലാളികൾക്കും സാമൂഹ്യനീതിക്കനുസൃതമായ അവകാശസംരക്ഷണത്തിനുവേണ്ടി വീറോടെ അടരാടേണ്ടിവരാതിരിക്കയില്ല. പക്ഷെ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള ഗാഢമായ ബന്ധത്തിൽ ക്രിസ്തീയനീതിക്കും ക്രിസ്തീയസ്നേഹത്തിനും സർവ്വഥാ അനുഗുണമായൊരു സമൂലപരിവർത്തനം കൈവരുത്തുവാൻ അവർ അവലംബിക്കേണ്ട മാർഗ്ഗം അക്രമപ്രസക്തമായ വിപ്ലവമുറകളല്ലെന്നു സദാ സ്മരിക്കണം. ക്രൈസ്തവധർമ്മം ഉൽബോധിപ്പിക്കുന്ന കറയററ ആശയങ്ങളും ആദർശങ്ങളും നന്നായറിയുകയും നിഷ്ഠയോടെ അനുഷ്ഠിക്കയും ചെയ്തുകൊണ്ടു തങ്ങളിൽത്തന്നെ ഒരാഭ്യന്തരവിപ്ലവം ഉളവാക്കുവാനാണു അവർ ആദ്യമായിത്തന്നെ അവിശ്രമം പരിശ്രമിക്കേണ്ടതു്. പിന്നീടു ക്രിസ്തുവിനെ പരമാദർശവും മാർഗ്ഗദീപവുമായി അംഗീകരിച്ചിട്ടുള്ളവർ– ഒരു ക്രൈസ്തവതൊഴിലാളി ക്രിസ്തുവിൽ വിശ്വസിക്കയും ക്രിസ്തുവിനെ അനുഗമിക്കയും ചെയ്യുന്നവനാണല്ലൊ– ഇണക്കംമട്ടിലുള്ള സമാധാനപരമായ പ്രക്ഷോഭണപരിപാടികളുപയോഗിച്ചുകൊണ്ടു അതിരും എതിരുമററ ദ്രവ്യാഗ്രഹത്താൽ കല്ലിച്ചുപോയ കരളുകളെ അലിയിപ്പിക്കുവാൻ ഉററു പരിശ്രമിക്കണം.

പലരും ഇന്നു ബഹളം കൂട്ടുകയാണ്, കണ്ണുകൊണ്ടു കാണാനാവാത്തതൊന്നും, കൈകൊണ്ടു തൊട്ടുനോക്കുവാൻ പററാത്തതൊന്നും, നാവുകൊണ്ടു രുചിച്ചറിയുവാനൊ മൂക്കിനാൽ മണപ്പിച്ചുനോക്കുവാനൊ ഒക്കാത്തതൊന്നും– ചുരുക്കത്തിൽ ഇന്ദ്രിയഗോചരമല്ലാത്തതൊന്നും– സമ്മതിച്ചുപോകരുതെന്നു; മനുഷ്യബുദ്ധിയുടെ നെരിപ്പോടിലിട്ടു കാച്ചിയെടുത്തു് യുക്തിയുടെ ഉരകല്ലിന്മേലുരച്ചുനോക്കി മാററുണ്ടോയെന്നു് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ എന്തും വിജ്ഞാനത്തിന്റെ ഈട്ടുവെയ്പിൽ കടത്തിവെയ്ക്കുവാൻ പാടുള്ളുവെന്നു്! ഭൗതികവാദത്തിന്റെ ഈ അടിസ്ഥാനപ്രമാണം തന്നെ കേവലം പൊള്ളയാണെന്നു ആരെങ്കിലും തട്ടാത്തരം പറയുവാൻ മുതിർന്നാൽ കലമ്പുന്നവരും കലഹത്തിനു കോപ്പിടുന്നവരും പലരുണ്ടാകും. പക്ഷെ ഇന്നു് ആശയങ്ങളേയും ആദർശങ്ങളേയും ചൊല്ലിയുള്ള വടംവലികളും കിടമത്സരങ്ങളുമല്ലേ എവിടേയും കൊട്ടമ്പിരികൊള്ളുന്നതു്? ആശയങ്ങളും ആദർശങ്ങളും ഇന്ദ്രിയാതീതങ്ങളല്ലേ?

"ചെങ്കൊടിയിൻ" കീഴിൽ ചോരനിറത്തിലുള്ള "അരിവാളും ചുററികയും" മുദ്രകുത്തിയ കുപ്പായവുമിട്ട് "ഇങ്കിലാബു് സിന്ദാബാദ്" മുഴക്കികൊണ്ടു അണിനിരന്നിരിക്കുന്ന സഖാക്കളായ തൊഴിലാളികൾ. അക്കൂട്ടരിൽനിന്നു ഒരു ക്രൈസ്തവതൊ

(ശേഷം 76–ാം പേജിൽ)

നല്ലവനായി ജീവിക്കുന്നതെന്തിനു്?

(റവ. ഫാ. ഔറേലിയൂസ്. ബി. എ., ബി. ററി.)

എന്തിന്റെയും വില രൂപാ നയാപൈസായിൽക്കാണുന്ന ഒരു കാലത്താണല്ലോ നാം ജീവിക്കുന്നതു്. "നല്ലവനായി ജീവിച്ചാൽ എന്തു കിട്ടും? ഞാൻ വളരെ നാൾ നല്ലവനായി ജീവിച്ചുനോക്കി; എന്നിട്ടു എനിക്കെന്തു കിട്ടി? എവിടെ നോക്കിയാലും കള്ളന്മാരും കൊള്ളക്കാരും, കൊള്ളരുതാത്തവരുമാണു് തഴച്ചു വളരുന്നതു്. പിന്നെ ഞാനെന്തിനാണു് നല്ലവനായിരിക്കുന്നതു്?" എന്നിങ്ങനെ ന്യായവാദം ചെയ്യുവാൻ പലരും പ്രലോഭിപ്പിക്കപ്പെടുകയാണു്.

ഇതിനൊരു സമാധാനം നൽകേണ്ടതു് അത്യന്താപേക്ഷിതമാണു്. എങ്കിലേ ഐഹികജീവിതം ഫലപ്രദമായി നയിക്കാൻ സാദ്ധ്യമാകയുള്ളു.

ഏതൊരു ക്രൈസ്തവനും അയാളുടെ പ്രവൃത്തികൾക്കു ക്രിസ്തു വാഗ്ദാനം ചെയ്തിട്ടുള്ള പ്രതിഫലത്തെ മാത്രമേ ലക്ഷ്യം വയ്ക്കാവൂ. അനന്തവും അനർഘവും അവാച്യവും അതിവിപുലവുമായ ആ പാരത്രിക സൗഭാഗ്യത്തിനുവേണ്ടി ഇഹത്തിൽ എത്ര വലിയ ക്ലേശങ്ങൾ സഹിച്ചാലും അധികമാകുകയില്ല.

തന്നെ അനുഗമിച്ചു സ്വർഗ്ഗരാജ്യത്തിലേക്കു ചെല്ലുവാനുദ്ദേശിക്കുന്നവർ തങ്ങളുടെ കുരിശും വഹിച്ചുകൊണ്ടു ചെല്ലണമെന്നത്രെ ക്രിസ്തു കല്പിച്ചിരിക്കുന്നതു്. നന്നായി ജീവിക്കുന്നവനു ധാരാളം സമ്പത്തും ഐശ്വര്യവും നൽകാമെന്നോ അവരെ രോഗത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും മററു ഞെരുക്കങ്ങളിൽനിന്നും കാത്തുകൊള്ളാമെന്നോ അവിടുന്നു ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല.

എങ്കിലും ഒരു സംഗതിക്കു അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ടു്. നമ്മുടെ ശക്തിയിൽ കവിഞ്ഞ കുരിശു ഒരിക്കലും നമുക്കു നൽകുകയില്ലെന്നും ക്ലേശങ്ങൾ ദൈവതൃക്കരങ്ങളിൽനിന്നു വരുന്നവയാണെന്നുമുള്ള യാഥാർത്ഥ്യം നാം ഗ്രഹിക്കുന്നപക്ഷം എപ്പോഴും ഹൃദയസമാധാനം നമുക്കുണ്ടാകും. നാം ലോകത്തിൽ ജീവിക്കുന്നെങ്കിലും നമ്മുടെ ദൃഷ്ടി സ്വർഗ്ഗത്തിലേക്കു തിരിച്ചുകൊണ്ടിരിക്കാനും അവിടെ ലഭിക്കാൻ പോകുന്ന നിത്യാനന്ദത്തിന്റെ പ്രതീക്ഷയാൽ എല്ലാ ഞെരുക്കങ്ങളും സന്തോഷസമേതം സഹിക്കുന്നതിനും നല്ലവരായിരുന്നാൽ നമുക്കു കഴിയും.

ദൈവപ്രമാണങ്ങളെ അവഗണിച്ചും ധിക്കരിച്ചും ദുർവൃത്തന്മാരായി നടക്കുന്നവർക്കു ഐഹിക സുഖസൗഭാഗ്യങ്ങൾ ധാരാളമായി ലഭിക്കുന്നതെന്തുകൊണ്ടാണെന്നു ഒരു ചോദ്യം ഉദിക്കുന്നുണ്ടു്. അതിനുള്ള സമാധാനം ദൈവം നീതിമാനാകുന്നു എന്നതുതന്നെ. എത്ര ദുഷ്ടന്മാരാണെങ്കിലും അവർ വല്ലപ്പോഴുമെങ്കിലും ചില സൽപ്രവൃത്തികൾ ചെയ്യാതിരിക്കയില്ല. സൽപ്രവൃത്തികൾ പ്രതിഫലം അർഹിക്കുന്നുണ്ടു്. എന്നാൽ ആ പ്രതിഫലം പരലോകത്തിൽ അനുഭവിക്കുന്നതിനു അവരുടെ ദുഷ്കൃത്യങ്ങൾ അനുവദിക്കുന്നില്ല. അതിനാൽ അവർക്കുള്ള കൂലി ഇഹത്തിൽവച്ചുതന്നെ കൊടുത്തുതീർക്കുകയാണു് ദൈവം. "ധനവാന്മാരെ നിങ്ങൾക്കു ദുരിതം, എന്തെന്നാൽ നിങ്ങളുടെ പ്രതിഫലം നിങ്ങൾക്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു" എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ പ്രസ്താവന മേൽപ്പറഞ്ഞ സത്യത്തെ അത്രെ തെളിയിക്കുന്നതു്.

അതിനാൽ ദുഷ്ടന്മാരുടെ ഭൗതികശ്രേയസ്സിൽ നാം അസൂയപ്പെടുന്നതിനുപകരം അവർക്കു നഷ്ടപ്പെടാൻ പോകുന്ന നിത്യമോക്ഷഭാഗ്യവും വരാൻപോകുന്ന നിത്യദുരിതവും ഓർത്തു ഖേദിക്കയാണു വേണ്ടതു്.

വിഷമമാണു്

ശത്രുത മറക്കാൻ
തെററു ക്ഷമിക്കാൻ
ശത്രുവിനെ ആദരിക്കാൻ
ഉപദേശം സ്വീകരിക്കാൻ
തെററു തിരുത്താൻ
സ്വന്തം കുററം സമ്മതിക്കാൻ
സ്വാർത്ഥത വെടിയാൻ
പണം മിച്ചം വയ്ക്കാൻ
ധർമ്മംകൊടുക്കാൻ
അന്യന്റെ ക്ഷേമം നോക്കാൻ
ദുഃസ്വഭാവം നീക്കാൻ
വിരോധങ്ങളെ ചെറുത്തുനില്ക്കാൻ
സ്വയനിഗ്രഹമഭ്യസിക്കാൻ
അധഃപതനത്തിൽ നിന്നെഴുന്നേല്ക്കാൻ
പിടിച്ചു നില്ക്കാൻ
പ്രവർത്തിക്കുന്നതിനു മുൻപു ചിന്തിക്കാൻ

എങ്കിലും ഇവയ്ക്കു ലഭിക്കുന്ന പ്രതിഫലം വലുതാണു്.

(From Liguorian)

FOR FAVOURS RECEIVED.

ഐറിൻ ഐസക്കു്, കടവിലഴിയം.

കത്തോലിക്കാ സമുദായവും യുവജനങ്ങളും

(കെ. എം. ജോസഫ് ബി. എസ്സ്സി; ബി. എൽ.)

പതിവില്ലാത്തവണ്ണം കത്തോലിക്കാ യുവജനങ്ങൾ സമുദായകാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അഭൂതപൂർവ്വമായ ഈ താല്പര്യപ്രകടനത്തിനു രണ്ടു കാരണങ്ങൾ പറയാം.

ഒന്നാമത്, കഴിഞ്ഞ എട്ടുപത്തു വർഷങ്ങൾക്കുള്ളിൽ കത്തോലിക്കാവിദ്യാഭ്യാസം നേടി പുറത്തുവന്നിട്ടുള്ള യുവജനങ്ങളുടെ സംഖ്യ വളരെ വലുതാണ്. മുമ്പൊരിക്കലും കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യ കേരളത്തിൽ ഇത്രയധികമായിരുന്നിട്ടില്ല.

രണ്ടാമത്, കമ്മ്യൂണിസത്തിന് ഇവിടെയുണ്ടായ സ്വാധീനത്തിന് ഒരു ബദലെന്നപോലെ അഭ്യസ്തവിദ്യരായ കത്തോലിക്കാ യുവജനങ്ങൾ സ്വന്തം സമുദായത്തെയും സഭയേയും വീക്ഷിച്ചുതുടങ്ങി.

പക്ഷേ യുവജനങ്ങളുടെ ഈ താല്പര്യപ്രകടനം മിക്കപ്പോഴും ശക്തിയായ സമുദായ നിരൂപണമായിട്ടാണ് പ്രത്യക്ഷപ്പെടുക. ഇതിനും കാരണമില്ലാതില്ല.

വിമർശനം

കമ്മ്യൂണിസ്റ്റുകാർ എന്തുകൊണ്ടാണ് ജനങ്ങളെ ആകർഷിക്കുന്നതെന്ന് ഈ രാജ്യത്ത് വ്യക്തമായി കാണാം. അവരുടെ നിരീശ്വരത്വവും ഭൗതികവാദവും ഡയലക്ടിക്സുമൊന്നും സാമാന്യജനങ്ങളെ അശേഷം ആകർഷിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകാരെന്നു പറഞ്ഞ് നടക്കുന്നവരിൽ പലർക്കും ഇവയെപ്പററിയൊന്നും അറിഞ്ഞുകൂടാ. പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും സാധാരണക്കാരുടേയും പക്ഷം പിടിച്ചു വാദിച്ചാണ് കമ്മ്യൂണിസത്തിലേയ്ക്കു ജനങ്ങളെ ആകർഷിക്കുന്നത്. സമുദായത്തിൽ നിലവിലിരിക്കുന്ന ഉച്ചനീചത്വങ്ങൾക്കും അനീതികൾക്കും എതിരായി ശബ്ദമുയർത്തുന്നതു കേട്ടാണ് ജനങ്ങൾ അങ്ങോട്ട് അടുക്കുന്നത്. ഇതൊക്കെ കണ്ടുനില്ക്കുന്ന കത്തോലിക്കാ യുവജനങ്ങൾക്ക് ഒരു വാശി തോന്നും. അനീതികൾക്കെതിരായി ശബ്ദമുയർത്തുന്നതിനും പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും സാധാരണക്കാർക്കും വേണ്ടി വാദിക്കുന്നതിനും കമ്മ്യൂണിസത്തിന്റെ ആവശ്യമെന്താണ്? ഇതൊക്കെ എത്രയോമുമ്പ് ക്രിസ്തുമതം നിർവ്വഹിച്ചിട്ടുള്ള കാര്യങ്ങളാണ്. ക്രിസ്തുമതത്തിൽ അടിയുറച്ചു നിന്നുകൊണ്ട് കമ്മ്യൂണിസ്റ്റുകളേക്കാൾ ഭംഗിയായി ഇതൊക്കെ നമുക്കു നിർവ്വഹിച്ചുകൂടേ? ഈ ചിന്താഗതി വച്ചുകൊണ്ട് യുവജനങ്ങൾ എഴുതാനോ പ്രസംഗിക്കാനോ പ്രവർത്തിക്കാനോ ആരംഭിക്കുമ്പോഴാണ് നമ്മുടെ ബലഹീനത പ്രത്യക്ഷമാവുക.

നിലവിലിരിക്കുന്ന അനീതികളിൽനിന്നും ദുഷിച്ച പാരമ്പര്യങ്ങളിൽനിന്നും മുതലെടുക്കുന്നവർ ഇവിടെയുണ്ട്. ഇവർ കമ്മ്യൂണിസ്റ്റുകാരെ എന്നപോലെ പരിഷ്ക്കരണവാദികളായ കത്തോലിക്കാ യുവജനങ്ങളേയും എതിർത്തുതുടങ്ങും. റേരും നോവാരും പള്ളിയിൽ വായിക്കാൻ ഭയപ്പെട്ട വൈദികരുടേയും വായിച്ച വൈദികരെ കൈയേററം ചെയ്ത സമുദായ പ്രമാണികളുടേയുമൊക്കെ പിൻഗാമികൾ പടച്ചട്ടയിട്ട് മുമ്പോട്ടുവരും. സ്വന്തം സമുദായത്തിൽതന്നെ നീതിക്കു നിരക്കാത്തതു പലതും നടന്നുവരുന്നത് നമ്മുടെ യുവജനങ്ങൾ കാണുന്നുണ്ട്. ഇവയെ ഒക്കെ നിഷ്ക്കരുണം നിരൂപണംചെയ്ത് പരിഷ്ക്കരിച്ചുകൊണ്ടല്ലാതെ കമ്മ്യൂണിസത്തിനു ബദലായി നിലകൊള്ളുന്ന സഭയെ ജനഹൃദയങ്ങളിൽ ഉറപ്പിക്കാൻ സാദ്ധ്യമല്ലെന്ന് അവർക്കു ബോദ്ധ്യം വരുന്നു. ഇതിന്റെ ഫലമായിട്ടാണ് യുവജനങ്ങൾ സമുദായ കാര്യങ്ങളിൽ പ്രകടിപ്പിക്കുന്ന പ്രഥമ താല്പര്യം മിക്കപ്പോഴും നിരൂപണപരമായി കലാശിക്കുന്നത്. പൊന്നുരുക്കുന്നിടത്ത് ആദ്യം തെളിയുന്ന കീടൻ കണ്ട് ഉരുകിയ പൊന്നുമുഴുവനും പുറത്തു കളയുന്നതുപോലെ ബുദ്ധിശൂന്യമാണ് സമുദായത്തെ സംബന്ധിച്ച് വിമർശനപരമായി വല്ലതും പറയുന്ന യുവജനങ്ങളെയെല്ലാം കമ്മ്യൂണിസ്റ്റുകാരെന്നും സമുദായദ്രോഹികളെന്നും മുദ്രകുത്തി അമർച്ചവരുത്താനൊരുങ്ങുന്നത്.

മിണ്ടാത്തവർ

സമുദായകാര്യങ്ങളേപ്പററി മിണ്ടാത്തവരോ കാണുന്നതൊക്കെ ശരിവച്ച് ശല്യമൊഴിക്കുന്നവരോ ആണ് അഭ്യസ്തവിദ്യരുടെ കൂട്ടത്തിലെ നല്ലകത്തോലിക്കരെന്ന സങ്കല്പത്തിന് യാതൊരു അടിസ്ഥാനവുമില്ല. ഇവരിൽ ചിലർ മതത്തിലോ സമുദായത്തിലോ താല്പര്യമില്ലാത്തവരാണെന്നു വരും. ശരിയായ കത്തോലിക്കാ വിദ്യാഭ്യാസംപോലും മിക്കവർക്കും സിദ്ധിച്ചിട്ടുണ്ടാവില്ല. നേരേമറിച്ച്, സമുദായകാര്യങ്ങളെപ്പററി നിരൂപണം ചെയ്യുന്നവരിൽ പലരും മതത്തേയും സമുദായത്തേയുംപററി കുറെയൊക്കെ പഠിക്കുന്നവരും വളരെ ചിന്തിക്കുന്നവരും രണ്ടിനേയും സ്നേഹിക്കുന്നവരുമാണ്. ഇവർ പരസ്യമായോ രേഖാമൂലമായോ പുറത്തുവിടുന്ന കാര്യങ്ങൾ മററു ചിലർ വൈദികരും മററും കേൾക്കാതെ പറയുന്നുവെന്ന വ്യത്യാസമേയുള്ളു. ശരിയായ കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ കൂട്ടത്തിൽ സമുദായത്തെപ്പററി വിമർശനപരമായി യാതൊന്നും പറയാനില്ലാത്ത ഒരു വ്യക്തിയേയും ഞാൻ കണ്ടിട്ടില്ല.

രണ്ടുതരക്കാർ

ചുരുക്കിപ്പറഞ്ഞാൽ കത്തോലിക്കാ യുവജനങ്ങൾ ഇന്നു രണ്ടുതരക്കാരാണ്. സഭയേയോ സമുദായത്തേയോ കുറിച്ച് കാര്യമായ അറിവോ അവയിൽ താല്പര്യമോ അഭിമാനമോ ഇല്ലാത്ത ഒരുകൂട്ടർ, ഏറിവന്നാൽ സമുദായാചാരമനുസരിച്ചുള്ള ചില ബാഹ്യാനുഷ്ഠാനങ്ങൾ അവരും നടത്തു

മെന്നേയുള്ളൂ. ഇക്കൂട്ടരോട് സംസാരിച്ചാൽ ഒരുകാര്യം വ്യക്തമാകും. ഇവരിൽ പലർക്കും ശരിയായ കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ല. പലർക്കും ഒരു കത്തോലിക്കാദിനപത്രം വായിക്കണമെന്ന നിഷ്ഠപോലും കാണുന്നില്ല. പക്ഷേ കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ച യുവജനങ്ങളാണ് സമുദായത്തിലധികംവരുന്ന രണ്ടാമത്തെക്കൂട്ടർ. ഇവർക്ക് സഭയിലും സമുദായത്തിലും ശരിയായ അഭിമാനവും താല്പര്യവുമുണ്ട്. സഭയും സമുദായവും ഇവിടെ പൂർവ്വാധികം ശക്തിപ്രാപിച്ചും സുരക്ഷിതമായും കാണാനാണ് ഇവർ ആഗ്രഹിക്കുന്നത്. അതിന്നായി സഭയേയും സമുദായത്തേയും പററി ഇവർ പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു. ഇവരിൽനിന്നാണ് മിക്കപ്പോഴും വിമർശനങ്ങൾ പൊന്തിവരുന്നത്. ഇവരുടെ അഭിപ്രായങ്ങൾ മുഴുവൻ ശരിയായിരിക്കുകയില്ല. എന്നിരുന്നാലും ഇവരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുകയോ അഭിപ്രായങ്ങളെ അടിച്ചമർത്തുകയോ ചെയ്യുന്നത് അപകടം നിറഞ്ഞ ഒരു നടപടിയാണ്. പക്ഷേ ഇതാണ് ഇന്നു നടക്കുന്നത്. ഇതിന്റെ ഫലമായിട്ട് സഭയോടും സമുദായത്തോടും കൂറുള്ളവരും രണ്ടിനേയും പററി പഠിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവരും കഴിവുററവരുമായ ഒരു വിഭാഗത്തെ നാം നിത്യവും ശത്രുപക്ഷത്തേയ്ക്കു തള്ളിവിടുകയാണ്.

തഴക്കം

യാതൊരു കാര്യവുമില്ലാതെയാണ് മിക്കപ്പോഴും യുവജനങ്ങളെ നാം പിണക്കി അയയ്ക്കുന്നത്. പഴയ സമ്പ്രദായങ്ങളിൽ പഠിച്ചു പരിശീലിച്ച് പഴകിയവർക്ക് പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുക എളുപ്പമല്ല. യുവതലമുറയ്ക്കാകട്ടെ പുതിയതും പഴയതുമെല്ലാം പുതുതാണ്. സൗമ്യമായും യുക്തിപൂർവ്വകമായും സമർപ്പിക്കപ്പെടുന്നതെന്തും സ്വീകരിക്കാൻ അവർ ഒരുക്കമായിരിക്കും. പക്ഷേ ഒരുകാര്യത്തിൽ യുക്തിയില്ലാതിരിക്കുകയോ യുക്തിയുണ്ടെങ്കിലതു ബോദ്ധ്യപ്പെടുത്താതിരിക്കുകയോ ചെയ്താൽ യുവജനങ്ങൾ അതിനെ എതിർത്തെന്നുവരും. അന്നേരം ന്യായം വല്ലതുമുണ്ടെങ്കിൽ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നതിനു പകരം പഴമയുടെ വക്കാലത്തുകാർ അധികാരമുപയോഗിച്ചും സമ്മർദ്ദനടപടികൾ അവലംബിച്ചും യുവജനങ്ങളുടെ വായടയ്ക്കാനും അവരെ ശ്വാസം മുട്ടിക്കാനും ശ്രമിക്കുന്നത് ബുദ്ധിശൂന്യമായിരിക്കും. യുവജനങ്ങൾക്കെതിരായി മർദ്ദനനയം അവലംബിക്കുന്നതിനേക്കാൾ അപകടംനിറഞ്ഞ ഒരു നടപടിയില്ല. ഒരു കാലത്ത് ഈ രാജ്യത്തെ യുവജനങ്ങളെ ആകർഷിച്ചിരുന്ന കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്ന ശേഷം വിദ്യാർത്ഥികളോടും മററും അവലംബിച്ച മർദ്ദനനയത്തിന്റെ ഫലമായിട്ടുകൂടിയാണ് നാട്ടിലെങ്ങും ലക്ഷക്കണക്കിനു യുവജനങ്ങൾ കമ്മ്യൂണിസ്റ്റുകൾക്കെതിരായി അണിനിരന്നത്. ഗവൺമെണ്ടുകളുടെ മർദ്ദനരീതികൾ ഒരു സ്വകാര്യ സമുദായത്തിൽ നടപ്പില്ല. എങ്കിലും സമുദായത്തിന്റെ മേൽപരപ്പിൽ ഓരോകാലത്ത് സ്വാധീനമുള്ളവർ വിചാരിച്ചാൽ ഒരു ചെറുപ്പക്കാരനെ പലതരത്തിൽ ശ്വാസം മുട്ടിക്കാനും പീഡിപ്പിക്കാനും കഴിഞ്ഞെന്നുവരും. പക്ഷേ അതു ചെയ്യരുത്.

നിയമേന സമുദായത്തിൽ വച്ചുകൊണ്ടിരിക്കാൻ കൊള്ളാത്തവരെ പുറത്താക്കണം. എന്നാൽ അകത്തുള്ളവരെ അവരുടെ അഭിപ്രായങ്ങൾ തുറന്നു പറയാൻ അനുവദിക്കണം. തെററുകുററങ്ങളെ കണ്ടുപിടിക്കാനും തിരുത്താനും അതു നമ്മെ സഹായിക്കും; അഴുക്കുകൾ അടിഞ്ഞുകൂടാതിരിക്കുന്നതിനും അതുപകരിക്കും. ഇതിനു വിപരീതമായി എല്ലാററിനേയും ഏതു വഷളനേയും പററി സ്തുതിഗീതമല്ലാതെ മറെറാന്നും മിണ്ടിപ്പോകരുതെന്നാണ് ചിലർ അനുശാസിക്കുന്നത്. ചെലവാകുന്നിടത്തോളം അവർക്ക് ഇതു ചെലവാക്കാം. പക്ഷേ ഇനിയുള്ളകാലം ഈ നയത്തിന്റെ ഭവിഷ്യത്ത് അല്പം ഭയങ്കരമായിരിക്കുമെന്നാണ് എനിക്കുതോന്നുന്നത്.

കത്തോലിക്കാ വിദ്യാഭ്യാസം

ശരിയായ കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ച ഗണ്യമായ ഒരു വിഭാഗം കത്തോലിക്കർ കേരളത്തിലുണ്ടായത് ഇപ്പോൾ മാത്രമാണ്. ഒന്നാംക്ലാസ്സുമുതൽ എം. എ. ക്ലാസ്സുവരെ കത്തോലിക്കാവിദ്യാലയങ്ങളിൽ പഠിക്കുകയും വേദപാഠം പഠിച്ച് സമ്മാനം വാങ്ങുകയും കത്തോലിക്കഹോസ്റ്റലുകളിലും ബോർഡിംഗുകളിലും താമസിക്കുകയും സ്റ്റഡിസർക്കിളുകളിലും സി. എസ്സ്. യു. കളിലും പങ്കുകൊള്ളുകയും കമ്മ്യൂണിസം വരുന്നെന്നു പറഞ്ഞ് റേരും നോവാരും, ക്വാഡ്രാജെസ്സിമോ ആന്നോ, മുതലായ ചാക്രികലേഖനങ്ങൾ മനഃപാഠമാക്കുകയും ചെയ്യു ആയിരക്കണക്കിന് അഭ്യസ്തവിദ്യർ ഇന്നു കേരളത്തിലുണ്ട്. ഇങ്ങനെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന തത്വങ്ങൾക്കനുസരിച്ചാണ് സമുദായത്തിലെ എല്ലാ കാര്യങ്ങളും നടന്നുവരുന്നതെന്നു പറയാനൊക്കുമോ? മറിച്ചു നടക്കുന്നതിന്റെ ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. അതു പറയാൻ ആരും എന്നെ വെല്ലുവിളിക്കുകയില്ലെന്നു വിചാരിക്കുന്നു. ഈ വൈരുദ്ധ്യം കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ച യുവജനങ്ങളെ വേദനിപ്പിക്കുകയും ചൊടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതൊക്കെ ആവുന്നത്ര പരിഷ്കരിച്ച് ക്രിസ്തുവിന്റെ തത്വങ്ങൾക്കനുസൃതവും സമുദായത്തിന്റെ പുരോഗതിക്ക് അനുയോജ്യവുമാക്കാൻ അവർ തിടുക്കം കൂട്ടുകയാണ്. മതത്തെയല്ല വെറും സമുദായത്തെ സംബന്ധിക്കുന്ന കാര്യങ്ങളാണ് പറയുന്നത്. പക്ഷേ ഈ അഭിപ്രായങ്ങൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യംപോലും അവർക്ക് ഇന്ന് പ്രായേണ നിഷേധിക്കപ്പെടുകയാണ്.

കത്തോലിക്കാപത്രങ്ങൾ

ഈവക കാര്യങ്ങൾ തുറന്നു പറഞ്ഞ് ചർച്ചചെയ്യാനുള്ള സ്വാതന്ത്ര്യവും സൗകര്യവും സമുദായത്തിലെ അഭ്യസ്തവിദ്യർക്ക് അനുവദി

ക്കേണ്ടതാണെന്ന് ആധുനിക പത്രപ്രവർത്തനത്തിന്റെ എ. ബി. സി. യെങ്കിലും അറിയുന്ന ഏതൊരു കത്തോലിക്കാ പത്രപ്രവർത്തകനും സമ്മതിക്കും. പക്ഷേ എന്തുചെയ്യാം, സഭയുടേയും സമുദായത്തിന്റേയും നന്മയ്ക്ക് അത്യാവശ്യമെന്ന് ബോദ്ധ്യമുള്ള കാര്യങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തുവാനോ എഴുതുവാനോ ഇവിടത്തെ കത്തോലിക്ക പത്രാധിപന്മാർക്ക് കഴിയുന്നില്ല. ലോകത്തിലെങ്ങുമുള്ള കത്തോലിക്കാ പത്രാധിപന്മാരും എഴുത്തുകാരും അനുഭവിക്കുന്ന സ്വാതന്ത്ര്യം ഇവിടെയിന്ന് അനുഭവത്തിലില്ല. അത്രയും സ്വാതന്ത്ര്യം അനുഭവിച്ചുകളയാമെന്നു കരുതുന്നതു് ഒരു പത്രപ്രവർത്തകന് ആപത്താണെന്നു വന്നാൽ ആരാണ് അതിനു മിനക്കെടുക. ഇതുകൊണ്ടാണ് എത്ര ഊർജ്ജസ്വലരായ കത്തോലിക്കാ പത്രാധിപന്മാരും കാലക്രമത്തിൽ ഒരുതരം നിർവ്വികാരബ്രഹ്മങ്ങളെപ്പോലെ ആയിത്തീരുന്നതു്. ഇതുമൂലം പത്രപ്രവർത്തകരുൾപ്പെടെയുള്ള സമുദായത്തിലെ അനേകം ബുദ്ധിജീവികളുടെ സേവനം സമുദായത്തിനു നഷ്ടപ്പെടുകയാണ്. മററു സമുദായങ്ങളെ അപേക്ഷിച്ച് നമ്മുടെ സമുദായത്തിൽ സാഹിത്യകാരന്മാരും എഴുത്തുകാരും കലാകാരന്മാരും കുറവായിരിക്കുന്നതിനു കാരണവും ഇതുതന്നെ. കൂട്ടത്തിൽ കൂടി, പോകുന്നവഴി അടിച്ച്, ആരെയും സ്പർശിക്കാത്ത വല്ലതുമൊക്കെ, ആരും ശ്രദ്ധിക്കാത്ത ഭാഷയിൽ എഴുതിവച്ച് ദിവസങ്ങളും മാസങ്ങളും തള്ളിവിടുന്നതാണ് കത്തോലിക്കാ പത്രാധിപന്മാർക്കും എഴുത്തുകാർക്കും സ്വൈരക്കേടുകൂടാതെ ജീവിക്കാനുള്ള മാർഗ്ഗം. അതുകൊണ്ട് ഒരു കത്തോലിക്കാ എഴുത്തുകാരൻ ഒന്നുകിൽ ഈ മാർഗ്ഗം സ്വീകരിച്ച് തന്റെ ബുദ്ധിശക്തിയെ പരിത്യജിക്കും; അല്ലെങ്കിൽ, മുരടിച്ച യാഥാസ്ഥിതികത്വത്തോട് നിരന്തരം പോരാടും. അപ്പോൾ പല ബുദ്ധിമുട്ടുകളും കഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവരും. രണ്ടാമതു പറഞ്ഞ മാർഗ്ഗം സ്വീകരിക്കാൻ വളരെപ്പേരുണ്ടാവുകയില്ല. പലരും അവരുടെ നിസ്സഹായതയിൽ സഭയെത്തന്നെ കൈവിടാൻ പ്രലോഭിപ്പിക്കപ്പെട്ടെന്നു വരും.

പരിഷ്ക്കാരം

പരിഷ്ക്കാരം വേണമെന്നു തോന്നുക യുവജനങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാണ്. യുവജനങ്ങൾ നിർദ്ദേശിക്കുന്നതൊക്കെ പാഴാണെന്ന് പഴമക്കാർക്ക് തോന്നുന്നതു് ശരിയായിരിക്കുകയുമില്ല. ഒരു കാലത്ത് കോൺഗ്രസ്സിൽചേർന്ന യുവജനങ്ങളെപ്പററി പഴമക്കാരുടെ അഭിപ്രായം എന്തായിരുന്നു? പിന്നീട് സോഷ്യലിസത്തെപ്പററി സംസാരിച്ചവരോട് ഇവർ എങ്ങിനെയാണ് പെരുമാറിയതു്? നമ്മുടെ ആഭ്യന്തരമന്ത്രി പി. ററി. ചാക്കോപോലും ഇത്ര സംപൂജ്യനായതു് എന്നാണ്? ഇപ്പോൾ ആവഡി സോഷ്യലിസവും പ്രജാസോഷ്യലിസവുമൊക്കെ എല്ലാവർക്കും പഥ്യമല്ലെ? അതുകൊണ്ട് തെറെറല്ലാം യുവജനങ്ങളിലും ശരിയെല്ലാം പഴമയിലുമാണെന്നു ശഠിക്കുന്നതിൽ വലിയ കാര്യമില്ല. മതതത്വങ്ങൾക്കു വിരുദ്ധമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ യുവജനങ്ങളെ അനുവദിക്കണം. ഇതിനു് കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പത്രാധിപന്മാരും മററും അവസരവും സൗകര്യവും കൊടുക്കുന്നില്ലെങ്കിൽ കഴിവുള്ള യുവജനങ്ങൾ അതൊക്കെ അന്വേഷിച്ചു വേറെവഴിയ്ക്കു പോകും. ഒടുവിൽ ശത്രുക്കളുടെ പിടിയിൽ അകപ്പെട്ടെന്നും വരും.

മൃഗങ്ങളല്ല

നമ്മുടെ തൊഴുത്തിൽ നിൽക്കുന്ന കന്നുകാലികൾ നമ്മെക്കുറിച്ചോ നാം അവയോടു പെരുമാറുന്ന രീതിയെക്കുറിച്ചോ പരാതിപ്പെടുന്നില്ല. കാരണം അവ പഠിക്കുകയോ ചിന്തിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല. എന്നാൽ കേരളത്തിലെ കത്തോലിക്കരുടെ സ്ഥിതി ഇതല്ല. സ്കൂളുകളും, കോളജുകളും, ബോർഡിംഗുകളും ഹോസ്റ്റലുകളും, സ്ഥാപിച്ച് ആയിരക്കണക്കിനു യുവജനങ്ങൾക്ക് നാം കത്തോലിക്കാ വിദ്യാഭ്യാസം പ്രദാനം ചെയ്തിട്ടുണ്ട്. പഠിച്ച മൗലികപ്രമാണങ്ങളുടെ വെളിച്ചത്തിൽ അവർ സമുദായത്തിന്റെ നടപടികളെ വിലയിരുത്തും. പന്തികേടെന്നു കാണുന്നതിനെ വിമർശിക്കും. ഇതു് സ്വാഭാവികമായ ഒരു സംഭവവികാസമാണ്; നാം വിലമതിക്കുന്ന കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പരിണതഫലമാണ്. കൊള്ളരുതായ്മകൾവച്ചു പുലർത്തണമെന്നു നിർബന്ധമുള്ളവരേ ഇതു കണ്ട് അന്ധാളിക്കൂ.

ക്രിസ്തുവും സഭയും എന്തു പഠിപ്പിക്കുന്നു എന്നറിയുന്നവരെ എന്തെങ്കിലും കാട്ടിക്കൂട്ടി തൃപ്തിപ്പെടുത്താനാർക്കും സാദ്ധ്യമല്ല. ശരിയായ കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ചവർ നല്ല മിണ്ടാമൃഗങ്ങളായിരിക്കയില്ല. അവർ ചില മൗലിക സിദ്ധാന്തങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരും അതിനെതിരെന്നു തോന്നുന്നതിനെ വിമർശിക്കുന്നവരും സഭ പഠിപ്പിക്കുന്ന വ്യക്തിയുടെ മഹത്വത്തിലും സ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്നവരുമായിരിക്കും. അതുകൊണ്ട് കേരളകത്തോലിക്കരുടെ ഒരു അടിയന്തിരകർത്തവ്യം നമ്മുടെ സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും വീക്ഷണഗതികളേയും ആചാരമര്യാദകളേയും കത്തോലിക്കാ വിദ്യാഭ്യാസം സിദ്ധിച്ച ഒരു ജനതയ്ക്കു ചേർന്നതാക്കുകയാണ്. ഇതിനു് പലതിനേയും ക്രിസ്തുമതത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ വെളിച്ചത്തിൽ പുതുതായി വിലയിരുത്തണം. ഈ വിലയിരുത്തലിൽ പരിഷ്കാരം അർഹിക്കുന്നതായി കാണുന്ന യാതൊന്നിനേയും പരിഷ്ക്കരിക്കുവാൻ അശേഷം അമാന്തിക്കരുതു്.

വിപ്ലവബുദ്ധി

ഇതൊന്നും ചെയ്യാതെ വല്ലപ്പോഴുമെങ്കിലും അല്പം അഭിപ്രായധീരത പ്രകടിപ്പിക്കുന്ന യുവജനങ്ങളുടെനേരേ മെക്കിട്ടുകയറുന്നതുകൊണ്ട് ദോഷമല്ലാതെ ഒരു ഗുണവും ഉണ്ടാവുകയില്ല. ഈ വായടസ്സലിന്റെ ഫലമായി നമ്മുടെ ചില യുവാക്കന്മാരിൽ വല്ലാത്ത ഒരു വിപ്ലവമനോഭാവം വളർന്നുവരുന്നുണ്ട്. ഇതിനൊരു ശമനം ഉണ്ടാകണമെങ്കിൽ യുവജന

കുട്ടികളും ദൈവവിളിയും

(Fr. Magnus C. M. I.)

പൗരോഹിത്യം പരിപാവനവും സർവ്വോൽകൃഷ്ടവുമായ പദവിയാണു്. അതിനാൽ ഉൽകൃഷ്ടമായ ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം അതാഗ്രഹിക്കുക. ഒരുപക്ഷേ ആരംഭത്തിൽ വേണ്ടത്ര ശുദ്ധിയില്ലാത്ത ചില ലക്ഷ്യങ്ങൾകൂടി കുട്ടികളെ ആകർഷിച്ചെന്നുവരാം. എന്നല്ലാ, ചൊവ്വല്ലാത്ത വല്ല ലാക്കും ഉണ്ടായിരിക്കാനും പാടുണ്ടു്. എന്നിരുന്നാലും പിന്നീടു് അവിഹിത ലക്ഷ്യങ്ങളെ തിരുത്തുകയും പവിത്രീകരിക്കുകയും ചെയ്യാവുന്നതാണു്. കേരളത്തിനു വെളിയിൽ മിഷനുപോകുന്ന യുവാക്കളിൽ ചിലർക്കു ആദ്യകാലങ്ങളിൽ പ്രേരണ നല്കുന്നഘടകം യഥാർത്ഥമായ പ്രേഷിതാരൂപിയിൽനിന്നു വിദൂര വിഭിന്നമായതാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്. ഒരു വിദേശ മിഷനറി ഈയിടെ അതു പ്രസ്താവിക്കയും ചെയ്തു. അതിനാൽ വൈദികാർത്ഥികൾ സ്വയം പരിശോധിച്ചു് കലർപ്പുള്ള നിയോഗങ്ങളെ കറകളഞ്ഞെടുക്കാൻ ശ്രമിക്കട്ടെ.

പൗരോഹിത്യത്തിലൂടെ കരഗതമാകുന്ന സമുന്നതമായ പദവി, മററുള്ളവരിൽനിന്നും ലഭിക്കുന്ന സ്തുതിബഹുമാനാദികൾ, ഒരുതരം ഉൽകൃഷ്ടതാബോധം, അത്യദ്ധ്വാനം കൂടാതെകഴിയാൻ പ്രയാസമില്ലായെന്നതു്, കുടുംബഭാര സംബന്ധിയായ ഉൽക്കണ്ഠകളിൽനിന്നും ക്ലേശങ്ങളിൽനിന്നും അകന്നു ജീവിക്കാനുള്ള സൗകര്യം, മററുള്ളവരുടെ പ്രേരണയെ എതിർത്തു നില്ക്കാൻ കഴിയാത്തതു്, ചില രംഗങ്ങളിൽ അനുഭവപ്പെടുന്ന പരാജയങ്ങൾക്കു പ്രതിവിധി, ധനസമ്പാദനം തുടങ്ങി പല ഉദ്ദേശ്യങ്ങൾ ഒരുവനെ വൈദികാർത്ഥിയാക്കി മാററാൻപോരുന്നവയാണു്. ഇവ ദൈവാശീർവാദത്തിന്റെ വഴികളിലേയ്ക്കു നയിക്കുന്ന ന്യായങ്ങളല്ല. ഭൗതികമാത്രമായ ഈ പ്രതീക്ഷകൾ അത്ര സഫലീകൃതമാകാനും പോകുന്നില്ലായെന്നും കുട്ടികൾ അറിഞ്ഞിരിക്കുന്നതു നന്നു്.

പുരോഹിതന്റെ ജീവിതം പ്രധാനമായും സമൂഹത്തിന്റെ സേവനത്തിനായി അർപ്പിക്കപ്പെട്ടിരിക്കുകയാണു്. എല്ലാ വൈദികരും സമൂഹത്തിലേയ്ക്കിറങ്ങി പ്രവർത്തിച്ചുകൊള്ളണമെന്നില്ല. അതുകൊണ്ടു് ത്യാഗപൂർണ്ണമായ സേവനസന്നദ്ധതയാണു് വൈദികാർത്ഥിയിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന പ്രധാന ഗുണലക്ഷണം. ഇതാണു് ഉദ്ദേശ്യശുദ്ധിയെന്നു പറയുമ്പോൾ പ്രധാനമായി ഉദ്ദേശിക്കുന്നതു്. പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ പ്രസ്താവിക്കുന്നതുപോലെ മനുഷ്യർ വരപ്രസാദത്തിൽ ജീവിക്കുകയും അഭിവൃദ്ധിപ്പെടുകയും അതിൽ ജീവിതമവസാനിപ്പിക്കുകയും ചെയ്യുന്നതിനു് സഹായിക്കുകയാണു് പ്രേഷിതവേലയുടെ അന്ത്യം. "What in fact is the aim of pastoral office, if not that man should live, grow and die in God's grace"?

ഇടയനില്ലാത്തതിനാൽ നാമാവശേഷമാകുന്ന ആട്ടിൻകൂട്ടത്തെ കാണുമ്പോൾ, ദൈവവചനമാകുന്ന അപ്പം മുറിച്ചുകൊടുക്കാൻ ആരുമില്ലാത്തതിനാൽ വിശന്നു വലയുന്നവരേയും പ്രസാദവരജലം കോരിക്കൊടുക്കാൻ കൈകൾ ഇല്ലാത്തതിനാൽ ദാഹിച്ചു തളരുന്നവരേയും കാണുമ്പോൾ, വിളഞ്ഞ ധാന്യം കൊയ്തു് കളപ്പുരകളിൽ ശേഖരിക്കാൻ കൊയ്ത്തുകാരില്ലാതിരിക്കുമ്പോൾ കുഞ്ഞുമിഷനറിമാർ അലസരായിരിക്കുകയോ? നാഥന്റെ മുന്തിരിത്തോട്ടത്തിലേക്കു് ഒന്നു നോക്കുക. അവിടുത്തേയ്ക്കുവേണ്ടി അദ്ധ്വാനിക്കാൻ–ആത്മാവുകളെ നേടാനുള്ള ആഹ്വാനം നിങ്ങൾക്കുണ്ടു്. ഇല്ലേ?

ദൈവവിളിയുടെ ലക്ഷണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് കായികമായ കഴിവു്. വൈദികൻ ചെയ്യേണ്ടിവരുന്ന കടമകൾ കുറവുകൂടാതെയും ഭംഗിയായും നിർവ്വഹിക്കുന്നതിനാവശ്യമായ ആരോഗ്യം അയാൾക്കുണ്ടായിരിക്കണം. ചിത്തഭ്രമം അപസ്മാരം തുടങ്ങിയ മാനസികരോഗങ്ങൾ ബാധിച്ചവരും ക്ഷയംപോലുള്ള മഹാരോഗങ്ങൾ ബാധിച്ചവരും, പരമ്പരാഗതമായി ബാധിക്കാനിടയുള്ളവരും, വിരൂപരും, അംഗഭംഗം ഭവിച്ചവരും ഈ സ്ഥാനത്തിനു് അയോഗ്യരാണു്. അരോഗദൃഢഗാത്രരല്ലെങ്കിലും സാമാന്യം തൃപ്തികരമായ ആരോഗ്യം എങ്കിലും വൈദികാർത്ഥികൾക്കു് ഉണ്ടായിരിക്കേണ്ടതാണു്.

ബുദ്ധിപരമായ കഴിവാണു് മറെറാരു പ്രധാന ലക്ഷണം. ലത്തീൻഭാഷാ പഠനവും തുടർന്നുള്ള വിവിധ ശാസ്ത്രാഭ്യസനവും (തത്വശാസ്ത്രം പ്രകൃതി ശാസ്ത്രം ദൈവശാസ്ത്രം സന്മാർഗ്ഗശാസ്ത്രം etc) ശ്രമകരവും ബുദ്ധിമുട്ടുള്ളതുമാണു്, ബുദ്ധിപരമായി കഴിവു കുറഞ്ഞവർക്കു്. കുശാഗ്രബുദ്ധികളും അതിസമർത്ഥന്മാരുമല്ലെങ്കിലും സാമാന്യം നല്ല കഴിവുകൾ ഉള്ളവരും ഉള്ള കഴിവുകളെ ബുദ്ധിമുട്ടി വികസിപ്പിക്കാൻ ഉത്സാഹികളുമായിരിക്കേണ്ട ആവശ്യം വൈദികാർത്ഥികൾക്കുണ്ടായിരിക്കണം. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം നന്നായിട്ടുണ്ടെങ്കിൽ ലത്തീൻ തുടങ്ങിയ ഭാഷാ പഠനങ്ങൾ എളുപ്പമായിരിക്കും. അതുപോലെ ആത്മരക്ഷാപരമായ ജോലികളുടെ നിർവ്വഹണവേളയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന നൂറു് നൂറു് കീറാമുട്ടികൾക്കും കുഴഞ്ഞ പ്രശ്നങ്ങൾക്കും ഉടനടി പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് പ്രയോഗിക്കുന്നതിനു് സാമാന്യം നല്ല അറിവും ഏകാഗ്രതാശീലവും പ്രായോഗിക ബുദ്ധിയും അത്യാവശ്യകമാണു്.

ങ്ങളെ കൂട്ടതലായി സമുദായകാര്യങ്ങളിലേയ്ക്കു് ആകർഷിക്കുകയും നമ്മുടെ പ്രസിദ്ധീകരണങ്ങളും മററും അവരുടെ സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങൾക്കു് അല്പമെങ്കിലും സ്വാതന്ത്ര്യം അനുവദിക്കുകയും വേണം. ഇതു ചെയ്യാത്തതിന്റെ ഫലമായിട്ടല്ലേ ഉഗ്രവും നിർദ്ദാക്ഷിണ്യവുമായ ചില നിരൂപണങ്ങൾ പുറത്തുവരുവാൻ ഇടയായതു്? വേണ്ടതു ചെയ്യാത്തതുകൊണ്ടു് ഇമ്മാതിരി നിരൂപണഗ്രന്ഥങ്ങൾ അവരുടെ വംശത്തെ വർദ്ധിപ്പിച്ചെന്നും എല്ലാംകൂടി അവസാനം അസുഖങ്ങളിലും അസ്വസ്ഥതകളിലും കലാശിക്കാനിടയായെന്നും വന്നാൽ മോശമല്ലേ?



ഫ്ളോറി–സി.പെരേരാ–മുരിക്കുംപുഴ.

"വത്തിക്കാൻ നിരീക്ഷണശാല"

– ചാക്കോ കൊച്ചുമററം –

1952-ൽ ഡാനിയൽ ഒകോണൽ-എസ്സ്. ജെ. വത്തിക്കാൻ നിരീക്ഷണശാലയുടെ ഡയറക്ടറായി നിയമിതനായതിനുശേഷം നിരീക്ഷണത്തിൽപെട്ട ഒരു പ്രതിഭാസമായിരുന്നു, അതു്— അസ്തമയസൂര്യനിൽ ഉണ്ടായിക്കൊണ്ടിരുന്ന ഹരിതാഭമായ മിന്നൽപ്രകാശപ്രചുരിമാപ്രസരം! റോമിൽനിന്നും 16 മൈൽ തെക്കുമാറി, ഗാൻഡോൾഫോ (Gandolfo) യിലെ, മാർപ്പാപ്പാ തിരുമേനിയുടെ വേനൽക്കാലവസതി മനോഹരമായ ആൽബൻ പർവ്വതനിരകളാൽ പരിവേഷ്ടം ചാർത്തപ്പെട്ടിരുന്നു. ആൽബൻ പർവ്വതനിരകൾക്കും അപ്പുറത്തു്, മെഡിററേനിയൻ സമുദ്രത്തിനു മീതെ, പ്രകൃതിയുടെ നർത്തന വേദികയിൽ എരിഞ്ഞടങ്ങിക്കൊണ്ടിരുന്ന അരുണനെ ക്രാന്തദർശിയായ ബ. ഡിറക്ടർ അച്ചൻ നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഹരിതാഭമായ ഒരു പ്രകാശവലയം അരനിമിഷത്തേയ്ക്കുമാത്രം മിന്നിപ്പൊലിയുന്നതു കാണാമായിരുന്നു. എങ്കിലും ക്രാന്തദർശിയായ ആ വാനനിരീക്ഷണപടു നിരുത്സാഹനായില്ല; ആനന്ദഭരിതനും പ്രതീക്ഷാനിർഭരനും ആയിത്തന്നെ അദ്ദേഹം നിലകൊണ്ടു.

ചക്രവാളസീമയിൽനിന്നും മറയുന്ന ആ നിമിഷത്തിൽതന്നെ സൂര്യൻ പച്ചയായി പ്രകാശിക്കുന്ന കാഴ്ച, അന്നേയ്ക്കു മുമ്പും കണ്ടിട്ടുള്ളതായി പല നിരീക്ഷകരും പ്രഖ്യാപിച്ചിരുന്നു. ഈ പ്രശ്നത്തെപ്പററി വാനനിരീക്ഷകർ ഭിന്നാഭിപ്രായക്കാരുമായിരുന്നു. ഈ ദർശനം വസ്തുനിഷ്ഠം തന്നെയോ, അതോ രുധിരവർണ്ണോജ്ജ്വലനായ അസ്തമയാർക്കന്റെ പ്രഭാപ്രസരത്തെ നിർന്നിമേഷം വീക്ഷിച്ചതിന്റെ ഫലമായി കാണികളിലുളവായ മായികവും വിഭ്രാന്തിജനകവുമായ ഒരു തോന്നലായിരിക്കുമോ?

ഈ മിന്നൽദ്യുതി കണ്ട നിമിഷത്തിൽത്തന്നെ എന്നന്നേയ്ക്കുമായി ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണമെന്നു് ഫാ: ഒകോണൽ തീരുമാനിച്ചു: അതിനുവേണ്ടി ആദ്യം ചെയ്യേണ്ടിയിരുന്നതു് അതിന്റെ കളർഫോട്ടോ എടുക്കുക എന്നുള്ളതുമായിരുന്നു. അതിനുവേണ്ടി തരണം ചെയ്യേണ്ടിയിരുന്ന വൈഷമ്യങ്ങളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചും അദ്ദേഹം തികച്ചും ബോധവാനായിരുന്നു. എങ്കിലും ആ പ്രതിഭാസം വീണ്ടും കാണാമെന്നും പകർത്താമെന്നുമുള്ള ആത്മവിശ്വാസം അദ്ദേഹത്തിൽ സംതൃപ്തിയും പ്രചോദനവും ഉളവാക്കി.

പ്രഥമ പ്രവർത്തനത്തിൽത്തന്നെ സങ്കീർണ്ണങ്ങളായ രണ്ടു പ്രശ്നങ്ങളെ അദ്ദേഹത്തിനു് അഭിമുഖീകരിക്കേണ്ടിവന്നു. അവ, ആ പ്രഭാസ്ഫുരണത്തെ യഥാസമയം തന്നെ ച്ഛായാഗ്രഹണിയിൽ പകർത്തുക എന്നതും, ആ വർണ്ണഭംഗിക്കു് യാതൊരു കോട്ടവും വാട്ടവും തട്ടാതെയുള്ള പുനരാവിഷ്കരണം സാധിക്കുക എന്നുള്ളതും ആയിരുന്നു. ഇതിനുവേണ്ടി, ലോകത്തിലെ ഏററം പഴക്കമുള്ളതും മെച്ചപ്പെട്ടതും പ്രവർത്തനോന്മുഖവുമായ ഒരു വാനനിരീക്ഷണശാലതന്നെ അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്നുതാനും! പല സിദ്ധാന്തങ്ങളെയും യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിനും പുതിയ പുതിയ പഠനപന്ഥാക്കൾ വെട്ടിത്തുറക്കുന്നതിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളും എണ്ണമററ ശാസ്ത്രോപകരണങ്ങളും സംഭരിച്ചുവച്ചിരിക്കുന്ന വത്തിക്കാൻ നിരീക്ഷണശാലക്കു്, ലോകചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കൂടി എഴുതിച്ചേർക്കുവാൻ സാധിക്കണം, എന്നുള്ളതായിരുന്നു ഫാദറിന്റെയഭിലാഷം.

വത്തിക്കാൻ നിരീക്ഷണശാലയുടെ ചീഫ്മെക്കാനിക്കും ഫോട്ടോഗ്രാഫറുമായ ബ്രദർ ട്രൂസ്സും ഒത്തു് അദ്ദേഹം അസ്തമയസൂര്യനെ ച്ഛായാഗ്രഹണിയിൽ പകർത്താനുള്ള പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങി. ഇതിനുവേണ്ടി ഉപയോഗിച്ച പ്രധാന ഉപകരണം വത്തിക്കാൻ നിരീക്ഷണശാലയിലെ ദൂരദർശിനിയായിരുന്നു. ഇതിലൂടെ മെഡിററേനിയൻ സമുദ്രത്തിനെതിരെ 50 മൈൽവരെയുള്ള വസ്തുക്കൾ വ്യക്തമായും നിർബാധമായും ദർശിക്കാമായിരുന്നു. ക്ഷമാശീലരായ അവർ മൂന്നുകൊല്ലം ഈ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അവർ 1954-ൽ അത്ഭുതാവഹമായ രീതിയിൽ വിജയശ്രീലാളിതരായി. ഇന്നു് വത്തിക്കാൻ നക്ഷത്രബംഗ്ലാവിൽ അതുല്യമായ നൂറുനൂറു വർണ്ണച്ചിത്രങ്ങൾ ശേഖരിക്കപ്പെട്ടിട്ടുള്ളതായി കാണുവാൻ കഴിയും. അവയെല്ലാംതന്നെ, അസ്തമയാവസരത്തിൽ സൂര്യന്റെ ബാഹ്യവൃത്തത്തിൽ ഉണ്ടായിക്കൊണ്ടിരുന്നതായ ഹരിതവലയങ്ങളെ പ്രത്യക്ഷീകരിക്കുന്നവയുമാണ്. അസ്തമയസൂര്യനിലെന്നപോലെ ഉദയസൂര്യനിലും ഹരിതപ്രഭാപ്രസരം നടക്കുന്നുണ്ടെന്നു് ഫോട്ടോസഹിതം തെളിയിക്കാൻ ബ. ഡയറക്ടർ അച്ചനു സാധിക്കുന്നു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇതെപ്പററിയുള്ള വിശദീകരണം ഇത്രമാത്രമാണു്— ഈ ഹരിതാഭയ്ക്കു നിദാനം അന്തരീക്ഷത്തിലെ പ്രകാശത്തിനു സംഭവിക്കുന്ന ആഗിരണവികിരണമാണെന്നത്രേ. സൂര്യൻ ചക്രവാളസീമയിലെത്തുമ്പോൾ രശ്മികൾ സാന്ദ്രതകൂടിയ വിതാനങ്ങളിലൂടെയാവും സഞ്ചരിക്കുക. എന്നാൽ മററു സന്ദർഭങ്ങളിൽ പ്രകാശം സഞ്ചരിക്കുന്നതു് സാന്ദ്രത കുറഞ്ഞ അന്തരീക്ഷത്തിലൂടെ ആകയാൽ പ്രകാശതരംഗങ്ങൾ വലിയ വ്യതിയാനങ്ങൾക്കു വിഷയീഭവിക്കുന്നില്ല.

ഫാ. ഡാനിയെൽ ആസ്ത്രേലിയായിലുള്ള സിഡ്നിയിലെ "റിവർവ്യൂ"കാളേജിനോടു് ചേർന്ന നിരീക്ഷണശാലയിൽ ഇതിനു മുൻപു് 15 കൊല്ലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണു്. ജീവിതത്തിന്റെ പകുതിയും ആസ്ത്രേലിയായിൽ കഴിച്ചുകൂട്ടിയ അദ്ദേഹം ഒരു ആസ്ത്രേലിയാക്കാരനാണെന്നു പലരും വിചാരിക്കുന്നു. "ഞാൻ ഇംഗ്ലണ്ടിൽ ജനിച്ച ഒരു ഐറിഷ് വംശജനാണെങ്കിലും എന്റെ ഈ ജോലി എന്നെ ഒരു ആസ്ത്രേലിയാക്കാരനാക്കിത്തീർത്തു—" കരൾക്കുളിർപ്പോടെ അദ്ദേഹം പലപ്പോഴും പറയുക ഉണ്ടായിട്ടുണ്ടു്.

പോപ്പ് ഗ്രിഗറി 13-ാമനാൽ 1579-ൽ വത്തിക്കാൻ നിരീക്ഷണശാല സ്ഥാപിക്കപ്പെട്ടു. ജൂലിയസ്സ് സീസർ ഏർപ്പെടുത്തിയ കലണ്ടറിൽ തെററു പററിയിട്ടുണ്ടെന്നും പകരം മറെറാന്നു നടപ്പാക്കണമെന്നുമായിരുന്നു ഗ്രിഗറിയുടെ തീരുമാനം. ഒരു ശരിയായ കലണ്ടർ നിർമ്മിക്കണമെങ്കിൽ ഒരു ശരിയായ വാനനിരീക്ഷണവും ആവശ്യമാണല്ലോ. അതിനുവേണ്ടി വത്തിക്കാൻ കൊട്ടാരത്തിന്റെ ഉന്നതശൃംഗത്തിൽ അദ്ദേഹം ആദ്യത്തെ നിരീക്ഷണശാല സ്ഥാപിച്ചു. തത്ഫലമായി ഒരു കലണ്ടറിനുവേണ്ട കാലങ്ങളെയും ഗോളങ്ങളെയും സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ശേഖരിക്കപ്പെടുകയും ഒരു പുതിയ കലണ്ടർ ഏർപ്പെടുത്തുകയും ചെയ്തു. ഇന്നും സാർവ്വത്രികമായി ഉപയോഗിക്കപ്പെടുന്നതു് ഗ്രിഗോറിയൻ കലണ്ടറാണു്.

ഏതാനും കൊല്ലങ്ങൾക്കുശേഷം വത്തിക്കാൻ നിരീക്ഷണശാല റോമൻ കോളേജിലേയ്ക്കു് മാററി സ്ഥാപിക്കപ്പെട്ടു. "ജെസ്യൂട്ട്" കോളേജുകളിൽ പഴക്കത്തിൽ മുന്നണിയിൽ നില്ക്കുന്നതും റോമൻ കോളേജാണു്. ഇപ്പോൾ ഇതു് ഗ്രിഗോറിയൻ യൂണിവേഴ്സിററി എന്ന പേരിലാണു് അറിയപ്പെടുന്നതു്. സുപ്രസിദ്ധരായ പല ശാസ്ത്രജ്ഞരും അവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഇവരിൽ ക്രിസ്റ്റഫർക്ലേവി

യസ്സ് (Christopher Clavius) ആണ് കലണ്ടർ പരിഷ്ക്കരണത്തിൽ ഗ്രിഗോറിയോസ് പാപ്പായ്ക്ക് തുണയായി നിന്നതു്.

19-ാം ശതകത്തിൽ പോപ്പ് ഗ്രിഗറിയുടെ നിരീക്ഷണശാല ഉന്നതപ്രശസ്തി ആർജ്ജിച്ചു. ഫ്രാൻസിസ്ക്കോ-ഡി-വിക്കോയുടേയും (Francesco de Vico) അതിനുശേഷം എൻജലോസെക്ചി (Angelo Secchi) യുടെയും നേതൃത്വത്തിൽ അന്തരീക്ഷോജ്ജ്വലതന്ത്രത്തെപ്പ (Astrophysics) ററിയുള്ള ആധുനിക കണ്ടുപിടുത്തങ്ങൾക്കു അടിത്തറപാകി. വാനനിരീക്ഷണശാസ്ത്രത്തിന്റെ ഒരു സുപ്രധാന ശാഖയാണിതു്. 1878-ൽ ഫാ: സെക്ചിയുടെ ആത്മാവു് കാലത്തിന്റെ മണിത്തേരിലൂടെ അനന്തതയെ പൂകി. താമസിയാതെ വത്തിക്കാന്റെ പ്രതിയോഗിയായി പ്രവർത്തിച്ച ഇററാലിയൻ ഗവൺമെന്റു് നിരീക്ഷണശാലയും അതിനുള്ളിലെ ഉപകരണങ്ങളും രേഖകളും കണ്ടുകെട്ടുകയും ചെയ്തു. അങ്ങിനെ പ്രവർത്തനം സ്തംഭനത്തിലായി.

പോപ്പ് ലിയോ 13-ാമന്റെ കാലത്തു്, വത്തിക്കാൻ നിരീക്ഷണശാല പുനഃപ്രവർത്തിപ്പിക്കണമെന്നു തീരുമാനമുണ്ടായി. പക്ഷേ, അദ്ദേഹം സാമ്പത്തികപരാധീനതയിലായിരുന്നതുകൊണ്ടു് പ്രവർത്തനം സുഗമമായിരുന്നില്ല. 1888-ൽ പോപ്പിന്റെ പൌരോഹിത്യജൂബിലി ആഘോഷിക്കപ്പെട്ടപ്പോൾ ഇററാലിയൻ ജനത അദ്ദേഹത്തിനു ഒട്ടേറെ വാനനിരീക്ഷണ യന്ത്രോപകരണങ്ങൾ സമർപ്പിച്ചു. അവയെല്ലാം അദ്ദേഹം വത്തിക്കാൻ കൊട്ടാരത്തിലെ ശാസ്ത്രശാലയിൽ ഏല്പിച്ചു. ഫാ: സെക്ചിയുടെ കീഴിൽ വാനനിരീക്ഷണശാലയിൽ പരിശീലനം സിദ്ധിച്ച, ഒരിററാലിയൻകാരനായ ഫാ: ഫ്രാൻസിസ്കോ ഡെൻസാ (Francis co Denza) യെ പുതിയ നിരീക്ഷണങ്ങളുടെ ഡയറക്ടറായി നിയമിക്കുകയും ചെയ്തു.

ഈ അവസരത്തിൽ പാരീസ്സിൽ ശാസ്ത്രജ്ഞന്മാരുടെ ഒരു സമ്മേളനം നടത്തപ്പെട്ടു. താരാപഥത്തിന്റെ ഫോട്ടോയും തൽസംബന്ധമായ വിവരപ്പട്ടികയും പ്രസിദ്ധപ്പെടുത്തുന്നതിനെപ്പററിയാണു് സമ്മേളനം തീരുമാനമെടുത്തതു്. ഇന്നും പൂർത്തിയാക്കപ്പെടാത്തതായ ഈ ഭാരിച്ച ജോലി ചെയ്തുതീർക്കുന്നതിനു് ചുമതലപ്പെടുത്തപ്പെട്ട നിരീക്ഷണശാലകളിൽ ഒന്നാണു്, വത്തിക്കാൻ നിരീക്ഷണശാല. 848-ൽ പോപ്പ് ലിയോ നാലാമൻ റോമിന്റെ കോട്ടമതിലുകൾ ഉറപ്പിക്കുകയും ഒരു കൂററൻ മാളിക പണി കഴിപ്പിക്കുകയും ചെയ്തു. ഈ മാളികയുടെ ഉത്തുംഗശൃംഗത്തിൽ, പാരീസിൽ നിർമ്മിച്ചു് റോമിലെത്തിക്കപ്പെട്ട ഒരു കൂററൻ ദൂരദർശിനിയന്ത്രം സ്ഥാപിച്ചു. ഏതാനും വർഷങ്ങൾക്കു മുമ്പാണു് ആ ടെലസ്ക്കോപ്പ് അവിടെനിന്നും "കസ്റ്റൽഗൊൻഡോൾഫോ" യിലുള്ള ഇന്നത്തെ നിരീക്ഷണാലയത്തിലേക്കു മാററിയതു്.

ഫാ: ഡെൻസാ 1894-ൽ അന്തരിച്ചു. പിൻഗാമിയായ ഫാ: ജോസഫ് ലെയ് നക്ഷത്രങ്ങളുടെ ഫോട്ടോ എടുക്കുക എന്ന പ്രവർത്തനം തുടർന്നുകൊണ്ടുമിരുന്നു. കൂടാതെ വളരെ അധികം റോമൻ യുവജനങ്ങൾക്കു് അദ്ദേഹമൊരു ആത്മീയ ഉപദേഷ്ടാവായി വർത്തിക്കുകകൂടി ചെയ്തു. അവരിലൊരുവനായിരുന്നു യൂജിനോ പച്ചെല്ലി (Eugeno Pacelli). അദ്ദേഹം കൂടെക്കൂടെ വത്തിക്കാൻ നിരീക്ഷണശാല സന്ദർശിച്ചുകൊണ്ടിരുന്നു. ഫാ: ലെയ് (Lais) വത്തിക്കാൻ നിരീക്ഷണശാലയെ പ്രതിനിധീകരിച്ചു് പാരീസിലേക്കു് ഒരു സമ്മേളനത്തിനു പോയപ്പോൾ പച്ചെല്ലിയെക്കൂടെ ഒരിക്കൽ കൊണ്ടുപോയിട്ടുണ്ടു്. പിന്നീടു് 12-ാം പീയൂസായി ഭരിച്ച ഇദ്ദേഹം നിരീക്ഷണശാലയുടെ പ്രവർത്തനത്തിൽ അതീവതല്പരനായിരുന്നു.

നിരീക്ഷണശാലയുടെ കെട്ടിടത്തിനും ഉപകരണങ്ങൾക്കും പോപ്പ് പയസ്സ് 10-ാമൻ അധുനാധുനങ്ങളായ ചില മാററങ്ങൾ വരുത്തി. 1906-ൽ ജോൺ ഹേഗൻ (John Hagen) എന്ന പുരോഹിതനെ ഡയറക്ടറായി നിയമിക്കുകയും ചെയ്തു. ജർമ്മൻകാരനായ ഈ "ജെസ്യൂട്ട്" വൈദികൻ വാഷിംഗ്ടണിലുള്ള "ജോർജ്ജ് ടൗൺ യൂണിവേഴ്സിററി" നിരീക്ഷണശാലയിൽ അതിനു മുൻപു് ഡയറക്ടറായി ജോലി നോക്കിയിരുന്ന ആളായിരുന്നു. ചലിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെപ്പററിയുള്ള പഠനത്തിൽ മുന്നേറുവാൻ ഇദ്ദേഹത്തിനു സാധിച്ചു. വാനനിരീക്ഷണവിഭാഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെപ്പററിയുള്ള പഠനത്തിനു് അതീവ പ്രാധാന്യം ഉള്ള ഒരു കാലഘട്ടമായിരുന്നു, അതു്. 1930-ൽ 84-ാമത്തെ വയസ്സിൽ ഇദ്ദേഹത്തിന്റെ ആത്മാവു്, നശ്വരമായ ജഡംവിട്ടു് അനന്തതയിൽ ലയിച്ചു. ഫാ: ഹേഗൻ മരിക്കുന്നതിനു മുൻപു് ഏതാണ്ടു് അരക്കോടി നക്ഷത്രങ്ങളുടെ സ്ഥാനനിർണ്ണയങ്ങളടങ്ങിയ ഒരു ബൃഹത്ഗ്രന്ഥം പതിനൊന്നു് വാല്യങ്ങളായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. മരണശയ്യയിൽവച്ചുപോലും അദ്ദേഹം; വാനനിരീക്ഷണഗ്രന്ഥങ്ങളുടെ പകർപ്പു തിരുത്തിക്കൊണ്ടിരുന്നുവെന്നു് പറയപ്പെടുന്നു.

റോമിലെ ഒരു കോൺവെന്റിലേക്കു് ഫാ: ഹേഗനാൽ പകർത്തപ്പെട്ട ആയിരത്തിൽപരം ഫോട്ടോഗ്രാഫിക്ക്പ്ലെയിററുകൾ അയച്ചുകൊടുക്കപ്പെട്ടു. അവിടത്തെ കന്യാസ്ത്രീകൾ റോമിൽനിന്നും അയച്ചുകൊടുക്കപ്പെട്ടതായ യന്ത്രസാമഗ്രികളുടെ സഹായത്താൽ നക്ഷത്രങ്ങളെ സ്ഥാനനിർണ്ണയം ചെയ്തു് "ഓക്സ്ഫോർഡു് യൂണിവേഴ്സിററി"ക്കു് അയച്ചുകൊടുക്കുകയും ചെയ്തു. പ്രൊഫസർ എച്ചു്. എച്ചു് ടേർണറും അദ്ദേഹത്തിന്റെ അസിസ്റ്റന്റു് മിസ് എതൽ ബെല്ലാമിയുംകൂടി നക്ഷത്രങ്ങളെ സംബന്ധിച്ച കണക്കുകളും തയ്യാറാക്കപ്പെട്ടു.

1930-ാം മാണ്ടു് ആയപ്പോഴേക്കും റോം ധ്രുതഗതിയിൽ പുരോഗതി പ്രാപിച്ചു. ഈ അവസരത്തിൽ റോമാ നഗരത്തിലെ വിളക്കുകൾ നിരീക്ഷണശാലയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തി. ഭാഗ്യവശാൽ അടുത്തുതന്നെ ഇററലിയും റോമും ആയി ലാറററനിൽ (Lateran) വച്ചു് സന്ധിയിൽ ഒപ്പുവയ്ക്കുകയും, അതോടുകൂടി 1870 മുതൽ പോപ്പിന്റെ അധീനതയിൽ അല്ലാതിരുന്ന "ഗൊൻഡോൾഫോ" കൊട്ടാരം വീണ്ടും പോപ്പിന്റെ അധീനതയിൽ ആകുകയും ചെയ്തു. നവീനോപകരണങ്ങളോടുകൂടി, പോപ്പ് വേനൽക്കാലവസതിയിലേക്കു് നിരീക്ഷണശാല മാററുവാൻ തീരുമാനിക്കുകയും ചെയ്തു.

'ഗാൻഡോൾഫോ' കൊട്ടാരം അപകടകാരിയായിരുന്ന ഒരു അഗ്നിപർവ്വതത്തിന്റെ മുഖഭാഗത്തായിരുന്നു സ്ഥിതി ചെയ്തിരുന്നതു്. അതായതു് ഇപ്പോഴത്തെ അൽബാനോ (Albano) തടാകത്തിനു സമീപം. നൂററുകണക്കിനു് അടി താഴ്ചയുള്ള അൽബാനോ തടാകത്താൽ പരിവേഷം ചാർത്തപ്പെട്ട ഒരു കോട്ടയുടെ ഉത്തുംഗമേഖലയിൽ 1620-ൽ പണി കഴിപ്പിച്ചതാണു്, വേനൽക്കാലവസതി. രണ്ടു വലിയ ടെലസ്ക്കോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തലം ഈ ഇടതിങ്ങിയ ഈടാർന്ന കോട്ടമതിലുകൾ പ്രദാനം ചെയ്യുന്നുണ്ടു്. ഇവിടെനിന്നും വളരെ വിദൂരത്തല്ലാത്ത, ഡൊമീഷ്യൻ ചക്രവർത്തിയുടെ ഗ്രാമവസതി സ്ഥിതി ചെയ്തിരുന്ന ബർബരിനിതോട്ടത്തിലാണു്, മൂന്നാമത്തെ ടെലസ്ക്കോപ്പ് സ്ഥാപിച്ചിരിക്കുന്നതു്. പോപ്പിന്റെ നിരീക്ഷണശാലയുടെ അടിവാരത്തിലാണു് അന്തരീക്ഷോജ്ജ്വലതന്ത്ര (Astrophysical) ത്തെപ്പററി പരിവേഷണം നടത്തുന്നതിനുള്ള ശാല ഇവിടെ പ്രഭാബിംബപരിശോധന (Spectroscopy) യ്ക്കുള്ള ഉപകരണങ്ങൾ ധാരാളമായി സജ്ജീകരിക്കപ്പെട്ടിട്ടുണ്ടു്. ഇവിടത്തെ വർക്ക്ഷോപ്പിൽതന്നെ

നിർമ്മിച്ചിട്ടുള്ളവയാണു്, ഉപകരണങ്ങളിൽ അധികവും! ഫാ: അലോയീസ് ഗാററർ എസ്. ജെ. (Alois Gatterer) യും അദ്ദേഹത്തിന്റെ പിൻഗാമിയായ ഫാ: ജോസഫ് ജങ്കിസ്സ് എസ്. ജെ. യും അസൂയാർഹമായ നേട്ടങ്ങൾ വത്തിക്കാൻ നിരീക്ഷണശാലക്കു് കൈവരുത്തിയിട്ടുണ്ടു്. വാനനിരീക്ഷകർ ഊർജ്ജതന്ത്രജ്ഞർ, രസതന്ത്രവിദഗ്ദ്ധർ, തുടങ്ങിയ ശാസ്ത്രപ്രവീണന്മാർക്കു് അനർഘങ്ങളായ പ്രതിബിംബചിത്രപരമ്പരകൾ വത്തിക്കാൻ പ്രസിദ്ധീകരണങ്ങൾ അനസ്യൂതം നല്കുന്നുണ്ടു്.

വത്തിക്കാൻ നിരീക്ഷണശാലയിലെ ഏററവും രസാവഹമായ ഒരു പഠനവിഷയമാണു്, താരാപഥം. ഇതിനു വേണ്ടിമാത്രം ബ്രിട്ടീഷ് നിർമ്മിതമായ ഏററവും ശക്തികൂടിയ ഒരു ടെലസ്കോപ്പ് (Schmidt telescope) നിരീക്ഷണശാലയുടെ ഉപയോഗത്തിനുവേണ്ടി പോപ്പ് വാങ്ങിയിട്ടുണ്ടു്. മുപ്പത്തെട്ടു ഇഞ്ചു് വ്യാസമുള്ളതായ ഇതിന്റെ കാചം (Lens) തന്നെ ഒരു പ്രത്യേകതയാണു്. വലിപ്പത്തിൽ, യൂറോപ്പിലെ രണ്ടാമത്തെ ടെലസ്കോപ്പാണിതു്. യൂറോപ്പിലെ ഏററവും വലിയ ടെലസ്കോപ്പ് ഹാംബർഗ്ഗിലേതാണെങ്കിൽ, ലോകത്തിലെ ഏററവും വലുതു് കാലിഫോർണിയായിലേതാണു്.

ഒരു പക്ഷേ വല്ലവരും ചോദിച്ചേക്കാം, ഒരു പോപ്പിനെന്തിനാണു് നിരീക്ഷണശാലയെന്നു്. ഫാ: ഒക്കോണെൽ അതിനു നൽകുന്ന മറുപടി ഇതാണു്, ഒരു പരമാധികാരി എന്ന നിലക്കു് വിദ്യാഭ്യാസത്തിന്റെ എല്ലാ വിഭാഗങ്ങളെയും പ്രോത്സാഹിപ്പിക്കേണ്ട ചുമതല പോപ്പിനുണ്ടു്. എക്കാലങ്ങളിലും പോപ്പ് അങ്ങനെ ചെയ്തിട്ടുമുണ്ടു്. വത്തിക്കാൻ നിരീക്ഷണശാലയുടെ സ്ഥാപനലക്ഷ്യം കലണ്ടർ പരിഷ്ക്കരണമായിരുന്നെങ്കിലും ഉടനടൻ ലഭ്യമല്ലാത്തതെങ്കിലും അതിനുപരിയായ ചില ലക്ഷ്യങ്ങളും ഇല്ലാതില്ല.

1891-ൽ പോപ്പ് ലിയോ 13-ാമൻ നിരീക്ഷണശാലക്കു് പുതിയ ചട്ടവട്ടങ്ങൾ നിശ്ചയിച്ചുകൊടുത്തപ്പോൾ പ്രസ്താവിച്ചതിപ്രകാരമാണു്: "ഈ പുതിയ സംരംഭത്തിന്റെ ലക്ഷ്യം ശാസ്ത്രത്തിനു് മുതൽ കൂട്ടുക എന്നതിനതീതമായി മനുഷ്യമനസ്സിനെ സ്വർഗ്ഗീയമണ്ഡലത്തിലേക്കു് ഉയർത്തുന്നതിനു് ഏററവും ഉതകുന്ന ഈ ശാസ്ത്രത്തിന്റെ പുരോഗതിയാണു്. കത്തോലിക്കാ സഭയും അതിന്റെ പരമാധികാരികളും വസ്തുനിഷ്ഠമായ ശാസ്ത്രപുരോഗതിയെ എതിർക്കുന്നില്ലെന്നു മാത്രമല്ല, ശാസ്ത്രത്തെ താലോലിക്കുകയും വികസിപ്പിക്കുകയും കൂടി ചെയ്യുന്നു എന്നു സ്പഷ്ടമാക്കാനാണു്. തിരുസിംഹാസനം എല്ലാ കാലത്തും ശാസ്ത്രീയനേട്ടങ്ങൾക്കുവേണ്ടി നിലനിന്നിട്ടുണ്ടെന്നുള്ളതിൽ സന്ദേഹവുമില്ല.

(From Cath. digest)

ഏററം ബഹുമാന്യനായ പുരുഷൻ ഒരു "തൊഴിലാളി" യായിരുന്നു.

(68-ാം പേജ് തുടർച്ച)

ഴിലാളിയെ തുലോം വേർതിരിച്ചുയർത്തിക്കാട്ടുന്ന വ്യക്തിമുദ്ര എന്തിലാണടങ്ങിയിരിക്കുന്നതു്? അഥവാ ഒരു ക്രൈസ്തവ തൊഴിലാളി എന്നുവെച്ചാൽ എന്താണു് അർത്ഥം? തൊഴിലാളിപ്രസ്ഥാനം ദൈനംദിനമെന്നോണം ഊക്കും ഉശിരും പ്രാപിച്ചുവരുന്ന ഇക്കാലത്തു പ്രത്യേകിച്ചും അതിപ്രധാനമായൊരു പ്രശ്നമാണിതു്. എന്തുകൊണ്ടെന്നാൽ ഇതിനുള്ള ഉത്തരം പലപ്പോഴും വ്യക്തമല്ല; എല്ലായ്പോഴും അപൂർണ്ണവുമാണു്. ഓരോ ക്രൈസ്തവ തൊഴിലാളിക്കും കലവറകൂടാതെ മറുപടി പറയുവാൻ കഴിയണം: "എന്റെ മതവിശ്വാസം സുവ്യക്തമായ ചില ആശയങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടു്; എന്റെ വഴിവിളക്കുകളായി ഏതാൻ ആദർശങ്ങൾ പൊക്കിപ്പിടിക്കുന്നുണ്ടു്; നീക്കുപോക്കില്ലാത്ത പല മഹനീയസിദ്ധാന്തങ്ങളും പഠിപ്പിക്കുന്നുണ്ടു്— അവയെല്ലാമാണു എന്റെ ജീവിതയാത്രയിലെ വഴിത്താരയിൽ മങ്ങാത്ത വെളിച്ചം വീശിക്കൊണ്ടിരിക്കുന്നതു്."

ആശയമെന്നും ആദർശമെന്നും കേൾക്കുമ്പോൾ അത്ര കാര്യമായി തോന്നിയെന്നു വരില്ല; എന്നാൽ മനുഷ്യജീവിതത്തിൽ അവ മർമ്മപ്രധാനങ്ങളാണു്. അവയാണു മനുഷ്യനെ സൽപഥത്തിലേക്കോ അപഥത്തിലേക്കോ ആനയിക്കുന്നതു്. വസ്തുതകളെക്കുറിച്ചും എത്തിച്ചേരേണ്ട ലക്ഷ്യങ്ങളെപ്പററിയുമുള്ള അറിവു നൽകുന്നതു ആശയങ്ങളാണു്; ലക്ഷ്യപ്രാപ്തിയിലേയ്ക്കു അടിപതറാതെയും ആശ തളരാതെയും പുരോഗമിച്ചുകൊണ്ടിരിക്കുവാനുള്ള ആവേശമരുളുന്നതു ആദർശനിഷ്ഠയാണു്. ജീവിതമത്സരത്തിൽ ഒരുവനെ വീരയോദ്ധാവാക്കുന്നതും അവയാണു്. ഒരാശയത്തിനും തജ്ജന്യമായ ആദർശത്തിനുംവേണ്ടി മനുഷ്യൻ ജീവിക്കുന്നു; പോരാടുന്നു; വേണ്ടിവന്നാൽ മരിക്കുന്നു! ആശയങ്ങളും ആദർശങ്ങളുമില്ലാത്തവനു വ്യക്തിത്വവുമില്ല.

മറേറതു ക്രൈസ്തവനുമെന്നോണം ക്രൈസ്തവതൊഴിലാളിക്കും തനതായ ആശയങ്ങളും ആദർശങ്ങളും പ്രദാനം ചെയ്യുന്നതും, ആദർശപ്രാപ്തിക്കുള്ള ഉചിതമായ ഉപദേശങ്ങൾ നൽകുന്നതും സർവ്വോപരി അവന്റെ മതമായിരിക്കണം. മനുഷ്യൻ, അവന്റെ വ്യക്തിമാഹാത്മ്യം, ജീവിതരീതി, ഭാവിജീവിതം, സത്യം, നീതി, ധർമ്മം, കർത്തവ്യം, നന്മ എന്നിത്യാദി ജീവൽപ്രധാനങ്ങളായ കാര്യങ്ങളെക്കുറിച്ചുള്ള സുനിശ്ചിതവും സുവ്യക്തവുമായ ആശയങ്ങൾ നമുക്കു നൽകിക്കൊണ്ടിരിക്കുന്നതു നമ്മുടെ മതമല്ലയോ? നമ്മുടെ പ്രത്യാശയുടേയും പ്രതീക്ഷയുടേയും അദ്ധ്വാനങ്ങളുടേയും ആനന്ദങ്ങളുടേയും പ്രവർത്തനങ്ങളുടേയും സഹനങ്ങളുടേയും അടിസ്ഥാനവും അന്ത്യവുമെന്താണെന്നു കാണിച്ചുതരുന്നതും തരേണ്ടതും വേറൊന്നാണോ?

സാക്ഷാത്തായ ക്രിസ്തീയസ്നേഹത്തിനുമാത്രമേ നീതിയിലും നന്മയിലും സാഹോദര്യത്തിലും അടിത്തറയുറപ്പിച്ചിട്ടുള്ള സാമൂഹ്യവ്യവസ്ഥിതിയും സൗഹൃൽബന്ധവും, തൊഴിലുടമകളും തൊഴിലാളിവർഗ്ഗവും തമ്മിൽ സുസ്ഥിരമായി സ്ഥാപിക്കുവാനും അഭംഗമായി പുലർത്തുവാനും കഴിയുകയുള്ളൂ.

——:o:——

ഭാര്യ— ആ പട്ടിയെ മരുക്കി അനുസരിപ്പിക്കുവാൻ നിങ്ങൾക്കു ഒരിക്കലും സാധിക്കയില്ല.

ഭർത്താവു— ഹേയ്, അങ്ങനെയല്ല. തീർച്ചയായും എനിക്കതു സാധിക്കും. ഇതിലും ദുശ്ശാഠ്യക്കാർ ആയിരുന്നവരെ ഞാൻ അനുസരിപ്പിച്ചിട്ടുണ്ടല്ലോ. ഞാൻ മററാരുടേയും കാര്യമല്ല പറഞ്ഞതു്.

ഭക്ഷണം കൂടാതെ ജീവിക്കാമോ?

(പി. എം. ഇട്ടീയവിര)

മദ്യപാനം, പുകവലി, ഇതുപോലുള്ളതൊന്നും ഇല്ലാതെ, നല്ല ജീവിതം കഴിച്ചിരുന്ന ഒരു മാതൃകാകത്തോലിക്കനായിരുന്നു അവിരാച്ചേട്ടൻ. കള്ളും, പുകയിലയും എല്ലാം പിശാചിന്റെ പലചരക്കുകളാണെന്നായിരുന്നു അയാളുടെ വിശ്വാസം.

അവിരാച്ചേട്ടന്റെ തൊട്ട അയൽക്കാരനായ മിനിഹാച്ചേട്ടനാകട്ടെ ഒരു കുടിയനായിരുന്നു. പതിനഞ്ചുകൊല്ലക്കാലത്തെ കള്ളുകുടി, 'ചോറില്ലെങ്കിലും ജീവിക്കാം കള്ളുകൂടാതെ നിവൃത്തിയില്ല' എന്ന പതനത്തിലയാളെ എത്തിച്ചിരുന്നു. ഉണ്ടായിരുന്ന പറമ്പും വീടും പണയപ്പെടുത്തി അയാൾ കുടിച്ചു. കൂലിപ്പണികൊണ്ടാണു് നിത്യവൃത്തി കഴിച്ചിരുന്നതു്. അയാളുടെ വേറൊരു ശീലമായിരുന്നു ബീഡിവലി. ബീഡിവലിക്കാനില്ലാത്തപ്പോൾ "എനിക്കു് ഒന്നു വലിക്കാൻ തന്നെ" എന്നു് അപരിചിതരോടു തന്നെയും ചോദിക്കാൻ മിനിഹാച്ചേട്ടനു ലജ്ജയില്ലായിരുന്നു. കള്ളിന്റെയും ബീഡിയുടെയും യഥാർത്ഥ അടിമ ആയിരുന്നു അയാളെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

ചീത്തത്തഴക്കങ്ങൾ മനുഷ്യരിൽ വരുത്തിക്കൂട്ടുന്ന നാശങ്ങൾക്കു് ഒരു ദൃഷ്ടാന്തമായി അവിരാച്ചേട്ടൻ, മിനിഹാച്ചേട്ടന്റെ ജീവിതത്തെ മററുള്ളവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തിരുന്നു. ലഹരിപദാർത്ഥങ്ങൾ ഒന്നും ഉപയോഗിക്കാത്ത തന്റെ മാന്യമായ ജീവിതത്തെപ്പററി ഓർത്തു് അവിരാച്ചേട്ടൻ അഭിമാനം കൊള്ളുമായിരുന്നു.

ഒരു ദിവസം ഇങ്ങനെ ഒരു നവീനാശയം അവിരാച്ചേട്ടന്റെ മനസ്സിലുദിച്ചുയർന്നു:–

"മിനിഹാച്ചേട്ടനു് കള്ളും ബീഡിയും കൂടാതെ കഴിച്ചുകൂട്ടാൻ പ്രയാസമാണെങ്കിലും, ഇതൊന്നും കൂടാതെ തഴങ്ങിയ എനിക്കു്, അങ്ങിനെയൊരാവശ്യം തെല്ലും അനുഭവപ്പെടുന്നില്ല. അപ്പോൾ പ്രകൃതിയുടെ എല്ലാ ആസക്തിയും ആവശ്യവും തഴക്കങ്ങൾകൊണ്ടു നിയന്ത്രിക്കപ്പെടുന്നവയാണു്. ദിവസേന പത്രം വായിച്ചുശീലിച്ചവനു് പത്രം കിട്ടാത്തപ്പോൾ എന്തോ അസുഖം പോലെയാണു്. എല്ലാദിവസവും നാലുമണിക്കു് റേഡിയോയിൽ സംഗീതംകേട്ടു തഴങ്ങിയവനു്, ആ സമയം ആകുമ്പോഴേയ്ക്കു് അതിനു് സൗകര്യപ്പെടാത്തപക്ഷം എന്തോ അസ്വാസ്ഥ്യം അനുഭവപ്പെടുന്നു. തഴക്കങ്ങളാണു് മനുഷ്യവ്യാപാരത്തെ നിയന്ത്രിക്കുന്ന പ്രധാനഘടകങ്ങൾ. മദ്യപിച്ചു ശീലിക്കാത്തവർക്കു് മദ്യപാനാസക്തിയും മദ്യത്തിന്റെ ആവശ്യവും തീരെ ഇല്ലാത്തതുപോലെ, ഒരു പക്ഷെ, ഭക്ഷണം കഴിച്ചു ശീലിച്ചിരുന്നില്ലെങ്കിൽ ഭക്ഷണാസക്തിയും ഭക്ഷണത്തിന്റെ ആവശ്യവും നമുക്കു ഒട്ടും അനുഭവപ്പെടുകയില്ലായിരുന്നിരിക്കണം. പിശാചിന്റെ നിവേദ്യങ്ങളായ മദ്യ പുകയിലാദികളുടെ ദാസ്യതയിൽ ഞാൻ അകപ്പെട്ടില്ലെന്നുള്ളതു ശരിതന്നെ. പക്ഷെ, ശരീരത്തിന്റെ എല്ലാമായങ്ങളിൽ നിന്നും ഞാൻ വിമുക്തനാണെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ടല്ലേ ഞാൻ ഭക്ഷണം കഴിക്കുന്നതു്? മദ്യപിച്ചു ശീലിക്കാത്തവർ മദ്യം കൂടാതെ കഴിക്കാവുന്നതുപോലെ, ഭക്ഷണം കഴിച്ചു ശീലിക്കാത്തവർക്കു് ഭക്ഷണം കൂടാതെയും ജീവിക്കാമായിരിക്കണം."

ഈ അഭിപ്രായം അവിരാച്ചേട്ടൻ തന്റെ സ്നേഹിതന്മാരായ ചിലരോടു പറഞ്ഞു. അവർക്കും ഈ സിദ്ധാന്തം ശരിയാണെന്നു തോന്നി. ഭക്ഷണക്ഷാമമുള്ള ഈ കാലത്തു് ഇതു പരീക്ഷിച്ചറിയേണ്ടതുതന്നെയെന്നു് അവരെല്ലാവരും അഭിപ്രായപ്പെട്ടു. 'ഒരു ഭക്ഷണനിരോധനസമിതി' രൂപംകൊണ്ടു. ഉടനെതന്നെ ഭക്ഷണം കൂടാതെ ജീവിക്കാനും അങ്ങനെ ലോകശ്രദ്ധയെ കൂടുതൽ കൂടുതൽ ആകർഷിക്കാനും അവർ നിശ്ചയിച്ചു. എന്തുവന്നാലും യാതൊന്നും ഭക്ഷിക്കാതെ പിടിച്ചുനിൽക്കയും പരീക്ഷണം വിജയിപ്പിക്കയും ചെയ്യുമെന്നു് എല്ലാവരും സത്യംചെയ്തുറച്ചു.

ആദ്യത്തെ ദിവസം എല്ലാവർക്കും വല്ലാതെ ക്ഷീണം തോന്നി. മദ്യപാനികൾക്കു് മദ്യം ഇല്ലാതെ വരുമ്പോൾ ഉണ്ടാകുന്ന ക്ഷീണവും പാരവശ്യവും അവിരാച്ചേട്ടനും കൂട്ടുകാരും കണ്ടിട്ടുണ്ടായിരുന്നു. കുറെ ദിവസത്തേയ്ക്കു പ്രയാസപ്പെട്ടായിരുന്നാലും നിഷ്ഠപാലിക്കുന്നവർക്കു് മദ്യം കൂടാതെ ജീവിക്കാൻ സാദ്ധ്യമാകുന്നതായിട്ടും അവർക്കു് അറിയാമായിരുന്നു. ഭക്ഷണം കഴിച്ചു ശീലിച്ച തങ്ങൾക്കു്, ഭക്ഷണം കഴിക്കാത്തതുകൊണ്ടുള്ള ക്ഷീണവും പ്രയാസവും അതുപോലെയൊക്കെ ആണെന്നും എല്ലാം തഴക്കംകൊണ്ടു മാറാനേയുള്ളു എന്നും അവർ വ്യാമോഹിച്ചു. ഒരു ദിവസം കഴിഞ്ഞപ്പോൾ പച്ചവെള്ളംകൂടാതെ കഴിയുകയില്ലെന്നു ചിലർ സമ്മതിച്ചു. രണ്ടുമൂന്നു ദിവസം കഴിഞ്ഞതോടുകൂടി ചിലർ "ഞങ്ങൾക്കു് ഈ പണി ഒട്ടും പററിയതല്ല" എന്നു പറഞ്ഞു പിൻവാങ്ങി. "സ്ഥിരതയില്ലാത്തവന്മാർ" എന്നു് അവിരാച്ചേട്ടനും മററുള്ളവരും അവരെപ്പററി അധിക്ഷേപിച്ചു പറഞ്ഞു. നമ്മുടെ സത്യാഗ്രഹികളിൽ മിക്കവരും പത്തുപതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ മരിച്ചുകഴിഞ്ഞിരുന്നു. അതുകണ്ടു്, അവിരാച്ചേട്ടൻ പറഞ്ഞു: "ഞങ്ങളുടെ പരീക്ഷണം വിജയിക്കാൻ പോവുകയാണു്. കുറേപ്പേർ പരീക്ഷണം വിജയിക്കുന്നതിനുമുമ്പു മരിച്ചുപോയി എന്നേയുള്ളു. എന്തുചെയ്യാനാണു്! മരണം എല്ലാവർക്കും ഒരു ദിവസം ഉള്ളതാണല്ലോ."

അവിരാച്ചേട്ടനും രണ്ടുകൂട്ടുകാരും ശുഭാപ്തിവിശ്വാസത്തോടുകൂടെ, ഭക്ഷണംകൂടാതെതന്നെ ആ മഹായ

ന്നം തുടന്നുകൊണ്ടുപോയി. അവർ ക്ഷീണിച്ചവശരായി ഒടുവിൽ മരിച്ചു. അവരുടെ മരണത്തോടെ ഭക്ഷണനിരോധനസമിതി ഇല്ലാതായി. ഭക്ഷണം കൂടാതെ ജീവിക്കുന്നതിനുള്ള പരിശ്രമത്തിനു് പിന്നീടാരും കൂട്ടുനിന്നതുമില്ല.

അവിരാച്ചേട്ടന്റെയും കൂട്ടുകാരുടെയും സംരംഭം ഒരു ഭീമാബദ്ധമാണെന്നു വ്യക്തമാണല്ലോ. മനുഷ്യജീവിതത്തിൽ കാണുന്ന ചില കാര്യങ്ങൾ ഒഴിച്ചുവയ്ക്കാമെന്നുള്ളതു ശരിതന്നെ. പക്ഷെ, ചില കാര്യങ്ങൾ ഒഴിച്ചുവയ്ക്കാൻ പാടില്ലെന്നുള്ളതും ഒരു പരമാർത്ഥമാണു്. മദ്യം, പുകയില, ഇവ കൂടാതെ നമുക്കു ജീവിക്കാൻ സാധിക്കുമെങ്കിലും, ഭക്ഷണപാനീയങ്ങൾ കൂടാതെ ജീവിക്കാൻ സാദ്ധ്യമല്ല. തഴങ്ങിയതുകൊണ്ടുമാത്രം ഒഴിച്ചുവയ്ക്കാൻ പ്രയാസമായ പല കാര്യങ്ങളും ഉണ്ടെന്നു വച്ചു്, ഒഴിച്ചുവയ്ക്കാൻ പ്രയാസമുള്ള എല്ലാ യാഥാർത്ഥ്യങ്ങളും വെറും തഴക്കഫലമാണെന്നു പറയാൻ നിവൃത്തിയില്ല.

അവിരാച്ചേട്ടനും കൂട്ടുകാരും നടത്തിയ തരത്തിലുള്ള ഒരു പരീക്ഷണപരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണു് ഇക്കാലത്തു് കമ്മ്യൂണിസ്റ്റുകാർ. നിലവിലുള്ള എല്ലാവിശ്വാസങ്ങളും അന്ധവിശ്വാസങ്ങളാണെന്നും, അവയെല്ലാം വെറും ചീത്ത തഴക്കങ്ങളുടെ ഫലമായിട്ടുള്ളവയാണെന്നും, മനുഷ്യരുടെ പുരോഗതിക്കു് അവ വിലങ്ങുതടിയായി നില കൊള്ളുന്നെന്നും പറഞ്ഞു് അവർ ഊറ്റംകൊള്ളുകയാണു്. എന്നാൽ അവരുടെ ഈ വിശ്വാസംതന്നെയും ഒരു അന്ധവിശ്വാസമാകാൻ പാടില്ലായ്കയില്ലായെന്നവർ ചിന്തിച്ചുതുടങ്ങാത്തതാണത്ഭുതം!

മനുഷ്യരുടെ ഇടയിൽ പല അന്ധവിശ്വാസങ്ങളും നിലവിലുണ്ടെന്നുള്ളതു ശരിതന്നെ. മദ്യത്തിനു മദ്യപാനിയുടെമേൽ എന്നതുപോലെ, അന്ധവിശ്വാസങ്ങൾക്കു് അവയിൽ വിശ്വസിക്കുന്നവരുടെമേൽ വലിയ സ്വാധീനശക്തിയുണ്ടു്. അന്ധവിശ്വാസികൾക്കു് അവരുടെ ആചാരങ്ങളും വിശ്വാസങ്ങളും ഒരു തരം ജീവൽപ്രശ്നങ്ങളാണെന്നിരുന്നാലും മററുള്ളവർക്കു് അവ അങ്ങനെയല്ല.

ജനങ്ങളുടെ ആരോഗ്യത്തിനും ക്രമസമാധാനത്തിനും, മദ്യപാനം, പുകവലി, ഇവ ബാധകമായിരിക്കുന്നതുപോലെ, അന്ധവിശ്വാസങ്ങൾ, മനുഷ്യന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിക്കു് വിലങ്ങുതടിയാണു്. പല അന്ധവിശ്വാസങ്ങൾ രൂപംകൊണ്ടതും അവയ്ക്കു് മനുഷ്യരുടെമേൽ സ്വാധീനശക്തി ചെലുത്താൻ സാധിച്ചിട്ടുള്ളതും, തഴക്കങ്ങളിൽക്കൂടെയാണെന്നതു ശരിതന്നെ. അവ, കുറെ പ്രയാസങ്ങൾ സഹിച്ചാണെങ്കിലും നമുക്കു മാററിക്കളയാവുന്നതും മാററിക്കളയേണ്ടതുമാണു്. പക്ഷെ, എല്ലാ വിശ്വാസങ്ങളും ഇത്തരത്തിലുള്ളതാണു് എന്നു വിചാരിക്കുന്നതു് കുറെ കടന്ന കൈയാണെന്നു പറയാതെയിരുന്നുകൂടാ.

ഭക്ഷണം കഴിക്കാനുള്ള നമ്മുടെ ആഗ്രഹവും ആവശ്യവും നമ്മുടെ മാതാപിതാക്കന്മാർ നമുക്കു ഭക്ഷണ തന്നുശീലിപ്പിച്ചതുകൊണ്ടോ, നാം തന്നെ ഭക്ഷണം കഴിച്ചുപരിചയ ച്ചതുകൊണ്ടോ മാത്രമല്ല; പ്രകൃത്യാ നമുക്കു് ഭക്ഷണം കഴിക്കേണ്ട ആ വശ്യം ഉള്ളതുകൊണ്ടാണു്. ശരി കു ഭക്ഷണം ലഭിക്കാത്ത ഒരു കുട്ടി മണ്ണുതിന്നെന്നും, അതോടെ പല സുഖക്കേടുകൾ ഉണ്ടായെന്നും വരും. 'മണ്ണുതിന്നു തഴങ്ങിയതുകൊണ്ടു് ക ട്ടിയ്ക്കു സുഖക്കേടുണ്ടായതുപോലെ, ഭക്ഷണം കഴിച്ചാലും സുഖക്കേ ണ്ടാകാൻ പോകുന്നതു്; അതുകൊ ണ്ടു് അതു ഭക്ഷണംകൂടാതെ ജീവി ക്കുകയാണു വേണ്ടതു്" എന്നാരെങ്കി ലും പറയുന്നെങ്കിൽ അതു സാഹസ മായിരിക്കും.

ദൈവവിശ്വാസം വെറും ഒരു അന്ധവിശ്വാസമാണു്; മനുഷ്യനു ദൈവവിശ്വാസംകൂടാതെ ,ജീവി ക്കാം, എന്നു തെളിയിക്കുന്നതിനുള്ള ഒരു വലിയ പരീക്ഷണത്തിൽ ഏർപ്പെ ട്ടിരിക്കുകയാണു് കമ്മ്യൂണിസ്റ്റു കാർ. അവിരാച്ചേട്ടന്റെയും കൂട്ടു ടെയും അനുഭവമാണു് തങ്ങൾക്കു ഉണ്ടാകാൻ പോകുന്നതെന്നു മന സ്സിലാക്കി, ആത്മഹത്യാപരമായ തങ്ങളുടെ ഈ സംരംഭത്തിൽനിന്നു ഇവർ എത്രവേഗം പിന്മാറുന്നുവോ അത്രയും നന്നു്..

For Favours Received.

ഏലിക്കുട്ടി കല്ലുകളങ്ങര.

ക്ലെമൻസിയാ എൻ. പെരയിരാ,
മുരിക്കുംപുഴ.

സത്യസൗന്ദര്യങ്ങൾ

എം. എ. ചാക്കോ ബി. എ., ബി. റ്റി.

എത്ര അധികം മഹത്വവും ആനന്ദവും ആണ് പ്രസാദവരത്തിൽ അന്തർഭവിച്ചിരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. കൃപാവരത്തിന്റെ പ്രകാശം മഹത്വത്തിന്റെ പ്രകാശത്തിലേയ്ക്കു കടക്കുന്ന അവസ്ഥാവിശേഷത്തിൽ അതിനെ മഹത്വപൂർണ്ണമായി എടുത്തുകാണിക്കാൻ ശ്രമിക്കാം. കൃപാവരം വഴിയായി ദൈവപ്രകൃതിയിൽ നാം എത്ര സത്യമായും പൂർണ്ണമായും പങ്കുകൊള്ളുന്നു എന്ന് ഇതിൽനിന്ന് ഗ്രഹിക്കാം.

ഓരോ പ്രകൃതിയെയും നാം വേർതിരിച്ചറിയുന്നത് അതിന്റേതായ ശക്തിയാലും പ്രവർത്തനത്താലുമാണ്. താരും തളിരും കായും അണിയുന്ന തരുലതാദികളെ അക്കാരണത്താൽ ധാതുക്കളിൽനിന്ന് തിരിച്ചറിയുന്നു; ചലനവും പഞ്ചേന്ദ്രിയവ്യാപാരവുമാണ് തിര്യക്കുകളെ സസ്യങ്ങളിൽനിന്ന് ഭിന്നമാക്കുന്നത്; തന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയാലും യുക്തിബോധത്താലും മനുഷ്യൻ മൃഗങ്ങളിൽനിന്നു വ്യത്യസ്തനാകുന്നു.

യുക്തിബോധത്താൽ മനുഷ്യൻ ദൈവത്തോട് കുറഞ്ഞൊന്ന് സാദൃശ്യം വഹിക്കുന്നു. എന്നാലും ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും തമ്മിൽ വലിയ അന്തരം അവശേഷിക്കുന്നു. മനുഷ്യബുദ്ധിക്ക്— മാലാഖാമാരുടേതിനുപോലും— പരിമിതങ്ങളായ സൃഷ്ടങ്ങളെ മാത്രമേ നേരിട്ടറിയാൻ കഴിവുള്ളൂ: അപരിമേയനായ ദൈവത്തെ മുഖത്തോടുമുഖം കാണാൻ അവനു കഴിവില്ല. ദൈവത്തെ അകലെനിന്നു സ്പഷ്ടമായി അറിയുന്നതിനേ മനുഷ്യബോധം കൊണ്ട് സാധിക്കുകയുള്ളൂ. എന്തെന്നാൽ സൂര്യനും ഭൂമിയും തമ്മിലെന്നതിനേക്കാൾ അകന്നാണ് ദൈവമഹത്വവും മനുഷ്യനും തമ്മിൽ സ്ഥിതിചെയ്യുന്നത്. ദൈവപ്രതാപമാകുന്ന വസ്ത്രത്തിന്റെ തേരുമാത്രമേ— അവിട്ടത്തെ മഹത്വത്തിന്റെ പ്രതിഫലനം മാത്രമേ— അവിടത്തേ, മഹോജ്ജ്വല സൃഷ്ടികർമ്മത്തിൽ, സൃഷ്ടങ്ങൾ കാണുന്നുള്ളൂ എന്നു പറയാം. അപ്പോസ്തലന്റെ വാക്കുകളിൽ, "ആരും കണ്ടിട്ടില്ലാത്തവനും, ആർക്കും കാണാൻ കഴിയാത്തവനുമായിരിക്കുന്ന യുഗങ്ങളുടെ അദൃശ്യരാജാവ് അപ്രാപ്യമായ പ്രകാശധോരണിയിൽ എഴുന്നരുളുന്നു." അവിടത്തേ പ്രകാശം വളരെ ദീപ്തിമത്തും, മഹത്വം വളരെ വലുതും ആകയാൽ, സൃഷ്ടികളുടെ ദുർബലനേത്രങ്ങൾ തദ്ദർശനത്തിൽ അഞ്ചിപ്പോകുന്നു. അങ്ങയെ ആരാധിക്കുന്ന മാലാഖമാർപോലും അവരുടെ മുഖങ്ങൾ മറയ്ക്കുകയും ഭൂമിയിലേയ്ക്ക് നമ്രരാകുകയും ചെയ്യുന്നതായിട്ടാണല്ലോ ചിത്രീകരിക്കപ്പെടുന്നത്. ദൈവത്തിനുമാത്രമേ, സ്വപ്രകൃതിയാൽ അവിടത്തേ മൂർത്തിയെ ദർശിക്കുവാൻ കഴിവുള്ളൂ. പിതാവിന്റെ വക്ഷഃസ്ഥിതനും തുല്യസത്തയോടുകൂടിയവനുമായ മനുഷ്യപുത്രന് ദൈവത്തെ അഭിമുഖം അഭിവീക്ഷിക്കുവാൻ പ്രകൃത്യാ ശക്തിയുണ്ട്. ദൈവത്തിൽ ആയിരിക്കുന്ന പവിത്രാത്മാവിനു മാത്രമേ അവിടത്തേ ആന്തരികപ്രകൃതിയിലേയ്ക്ക് കടക്കുന്നതിനു സാധിക്കുകയുള്ളൂ. അതുപോലെതന്നെ ലോകവസ്തുക്കളിൽ മനുഷ്യാത്മാവിക്കു മാത്രമേ മനുഷ്യന്റെ ആന്തരികപ്രകൃതിയേ അറിയാൻ കഴിവുള്ളൂ. ദൈവത്തേ ദർശിക്കുന്നതിനു ഒന്നുകിൽ നാം ദൈവമായിരിക്കണം അല്ലെങ്കിൽ അവിടത്തേ ദിവ്യപ്രകൃതിയിൽ പങ്കാളികളായിരിക്കണം.

അല്ലയോ, നല്ല ക്രിസ്ത്യാനീ, നിന്റെ ആത്മീയചക്ഷുസ്സ് ദിവ്യമായിത്തീരണം, നിന്റെ ആത്മാവ് ദൈവസ്വഭാവത്തിൽ പങ്കുകൊള്ളണം, ദൈവത്തേ മുഖത്തോടുമുഖം കാണണമെന്നുണ്ടെങ്കിൽ. ' നിന്റെ ബലഹീനങ്ങളായ കണ്ണുകളുടെ മറ മാറണം; ദിവ്യസൂര്യപ്രഭ കാണാൻ തക്കവിധം നിങ്ങളുടെ കാഴ്ചയേ രൂപാന്തരപ്പെടുത്തണം എന്നാൽ മാത്രമേ നിങ്ങൾക്ക് ദൈവത്തേ കാണാൻ സാധിക്കുകയുള്ളൂ. പരിശുദ്ധാരൂപി നിങ്ങളെ ദിവ്യപ്രകൃതിയിൽ പങ്കാളിയാക്കുമ്പോൾ, ഇപ്പറഞ്ഞതു തന്നെയാണ് നിങ്ങളിൽ സംഭവിക്കുക. വി. പൗലോസ്, മനോജ്ഞമായ ശൈലിയിൽ ഇതിനെ വർണ്ണിക്കുന്നതു കേട്ടാലും: "കണ്ണാടിയിലെന്നപോലെ നാഥന്റെ മഹത്വം പ്രതിഫലിക്കുന്ന അനാച്ഛാദനം ചെയ്യപ്പെട്ട മുഖങ്ങളോടെ, ദൈവത്തിന്റെ അരൂപിവഴി ആയിട്ടെന്നപോലെ, നാം എല്ലാവരും അവിടത്തേ ഛായയിൽ മഹത്വത്തിൽനിന്നു മഹത്വത്തിലേയ്ക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്." വി. യോഹന്നാൻ പറയുന്നു: "ഞങ്ങൾ അവിട്ടത്തേപ്പോലെ ആകും. എന്തുകൊണ്ടെന്നാൽ അങ്ങ് എങ്ങനെ ആകുന്നുവോ അതുപോലെ ഞങ്ങൾ അങ്ങയേ കാണും." ദൈവസുതൻതന്നെ പിതാവിനോടു പറയുന്നു: "നാം ഒന്നായിരിക്കുന്നതുപോലെ അവർ ഒന്നാകാൻവേണ്ടി, അവിടുന്ന് എനിക്കു നൽകിയിരിക്കുന്ന വരം ഞാൻ അവർക്കു നൽകിയിരിക്കുന്നു."

ദൈവം തന്നെത്താൻ അറിയുന്നതുപോലെയും നമ്മെ അറിയുന്നതുപോലെയും സ്വർഗ്ഗത്തിൽ നമുക്ക് ദൈവത്തെ അറിയാം. അപ്പോസ്തലൻ പറയുന്നു: "അപ്പോൾ ഞാൻ അറിയപ്പെട്ടിരുന്നപോലെ, ഞാൻ അറിയുകയും ചെയ്യുന്നു."

പ്രിയംകരനായ ക്രിസ്ത്യാനീ, എന്തൊരു അത്ഭുതം, എന്തൊരു കൃപാവരം! വി. പത്രോസിനോടുകൂടി നമുക്കു പറയാം: "അവിടത്തേ വിസ്മയനീയമായ പ്രകാശത്തിലേയ്ക്ക് ദൈവം നമ്മേ ആഹ്വാനം ചെയ്തിരിക്കുന്നു." ഈ കൃപാവരത്തിന്റെ ഉന്നതമഹത്വത്തേപ്പറ്റി നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സുന്ദരമായ ദൃശ്യങ്ങളെ വീക്ഷിക്കുന്നതിനുള്ള ശാരീരികനേത്രങ്ങളെ നല്കിയതിന് ദൈവത്തോട് നാം നന്ദിപറയണം. പക്ഷേ ഇത് ജ്ഞ

ലോകസാധാരണമാണ്. എന്നാൽ നമുക്ക് അഭിമാനിക്കത്തക്കതായ ഒരു നിസ്സീമപ്രകാശമുണ്ട് നമ്മുടെ ഉള്ളിൽ: പദാർത്ഥങ്ങളുടെ നിറം, മണം, രുചി മുതലായവയെ മാത്രമല്ല അവയുടെ അന്തഃസത്ത, അഴക്, പരസ്പരബന്ധം, സമഞ്ജസത എന്നിവയേക്കൂടി കണ്ടറിയാനുള്ള യുക്തിയാകുന്ന പ്രകാശം. ഈ പ്രകാശത്തിൽക്കൂടി സൃഷ്ടവസ്തുക്കളുടെ ഛായയിൽ നമ്മുടെ അമർത്ത്യമായ ആത്മാവിനെയും സത്യത്തെയും നന്മയേയും അവസാനം ദൈവമുണ്ടെന്നും നാം അറിയുന്നു. മാനവധിഷണാ പ്രയത്നങ്ങളുടെ ഫലമായ ശാസ്ത്രങ്ങളഖിലവും നമുക്ക് അറിയാമായിരുന്നെങ്കിൽ, അഥവാ വാനാരൂപികളുടെ ജ്ഞാനം നമുക്ക് സ്വായത്തമായിരുന്നെങ്കിൽ, നാം എത്രമാത്രം അഭിമാനപുളകിതരാകുമായിരുന്നു. പക്ഷേ ഇതിൽനിന്ന് നമുക്ക് ദൈവത്തിന്റെ അമേയ സത്യസൗന്ദര്യങ്ങളെപ്പററി ഒരു ഏകദേശജ്ഞാനംപോലും ലഭിക്കുകയില്ല. നമ്മുടെ പ്രകൃതി എത്രയോ അധഃസ്ഥിതം! ദൈവികരഹസ്യങ്ങളുടെ അഗാധതലങ്ങളിലേയ്ക്ക് ഒന്നെത്തിനോക്കുന്നതിനുപോലും സൃഷ്ടികളുടെ ദൃഷ്ടിക്കു കെല്പില്ല. അപ്രാപ്യമായ ദൈവപ്രകാശത്തെ പ്രാപിക്കാൻ ആഗ്രഹിക്കുന്നതു് അവിവേകത്തിന്റെ മൂർദ്ധന്യമായിരിക്കും; അവിടുത്തെ മഹത്വം നമ്മെ കീഴടക്കുകയും നമ്മുടെ അവിവേകത്തിന്റെ പ്രായശ്ചിത്തമായി മരണം നമുക്ക് സംഭവിക്കുകയും ചെയ്യും. "മനുഷ്യൻ ദൈവത്തെ കണ്ടാൽ ജീവിക്കുകയില്ല." എന്ന വാക്യം സ്മരിക്കുക. മറെറാരു വാക്യം. "ദൈവത്തിന്റെ മഹത്വം അന്വേഷിക്കുന്നവൻ ആ മഹത്വത്താൽ പരാഭൂതനാകും."

ഇതിനെ വിശദീകരിച്ചുകൊണ്ട് വി. ഇരണേയൂസ് പറയുന്നു: "മനുഷ്യക്ക് അസാദ്ധ്യമായവ ദൈവത്തിനു സാദ്ധ്യമാകുന്നു." അങ്ങിലേയ്ക്കു നമ്മെ ഉയർത്തുന്നതിന് അവിടുന്ന് നമ്മിലേയ്ക്ക് ഇറങ്ങിവരുന്നു; അവിടുത്തെ മഹനീയ പ്രകാശത്തിലേയ്ക്ക് അവിടുന്നുതന്നെ നമ്മെ നയിക്കുന്നു; നമുക്ക് അവിടുത്തെ പ്രകാശം ദൃശ്യമാകാൻവേണ്ടി അവിടുത്തെ പ്രകാശത്താൽ നമ്മേ നിറയ്ക്കുന്നു." സങ്കീർത്തകൻ പറയുന്നു: "അവിടുത്തെ പ്രകാശത്തിൽ ഞങ്ങൾക്ക് പ്രകാശം കാണാം." അവിടുത്തെ പ്രകാശംകൊണ്ടേ നമുക്കു ദൈവത്തെ കാണാൻ കഴിയുകയുള്ളൂ; നമ്മുടെ പ്രകാശം തീർത്തുംപോരാ.

ഈ ദിവ്യപ്രകാശത്തോടു താരതമ്യപ്പെടുത്തുമ്പോൾ പ്രകൃതിസിദ്ധമായ പ്രകാശം എത്രയോ തുച്ഛം! അഖിലാണ്ഡമണ്ഡലത്തെയും പ്രകാശധോരണിയിൽ കുളിപ്പിക്കുന്ന സൂര്യപ്രകാശത്തിന്റെ അടുത്തു്, ഒരു മുറിയിൽമാത്രം പ്രകാശം ചൊരിയുന്ന വിളക്കിന്റെ ദുർബലവും മങ്ങിയതും ആയ വെളിച്ചംപോലെയാണതു്. നമ്മുടെ യുക്തിയുടെ ചക്ഷുസ്സിനെ വിശുദ്ധന്മാരുടെ മഹത്വീകരിക്കപ്പെട്ട ചക്ഷുസ്സുമായി തട്ടിച്ചുനോക്കിയാൽ, വാവലിന്റെ കണ്ണും, സൂര്യന്റെ പ്രഭാപൂരത്താൽ മഞ്ചിപ്പോകാത്തതായ ഗൃദ്ധ്രനേത്രവും തമ്മിലുള്ള അന്തരം കാണും.

സത്യം ഗ്രഹിക്കുന്നതിനും സൗന്ദര്യം ആസ്വദിക്കുന്നതിനും അവാച്യവും നൈസർഗ്ഗികവും ആയ ഒരു തൃഷ്ണ നമുക്കു തോന്നുന്നുവെങ്കിൽ, അതിന്റെ ശമനത്തിനായി സത്യസൗന്ദര്യങ്ങളുടെ സനാതനമായ ഉറവിടത്തെത്തന്നെ അന്വേഷിക്കാത്തതെന്തുകൊണ്ട്? ശാസ്ത്രങ്ങൾ പഠിക്കുവാൻ നാം ഇത്രകണ്ട് അദ്ധ്വാനിക്കുന്നെങ്കിൽ, ശാശ്വതപ്രകാശത്തിനുവേണ്ടി ബദ്ധപ്പെടാത്തതെന്തു്? നമ്മുടെ ലൗകികവിജ്ഞാനം ദയനീയമാംവിധം അപൂർണ്ണമാണ്; കേവലം ഉപരിപ്ലവമാണ്. എന്നാൽ കൃപാവരത്തിന്റെ പ്രകാശം നമ്മേ ദൈവത്തിന്റെ പ്രകാശത്തിലേയ്ക്ക് അടുപ്പിക്കുകയും, നമുക്ക് നിഴലിനുപകരം പദാർത്ഥത്തെയും, സത്യത്തിന്റെ പരമോൽപത്തിയെയും കാണിച്ചുതരുകയും ചെയ്യുന്നു. സൃഷ്ടിക്കപ്പെട്ട സൗന്ദര്യം നമ്മേ ഇത്രമാത്രം ആനന്ദിപ്പിക്കുന്നുവെങ്കിൽ സൗന്ദര്യം സത്തയായുള്ളവന്റെ മുഖദർശനത്തെ എന്തുകൊണ്ട് നാം അന്വേഷിക്കുന്നില്ല!

ശാസ്ത്രപംക്തി

വിശ്രമവേളയിലെ വിനോദങ്ങൾ

ജീവിതവൃത്തികളാകുന്നു.

മനുഷ്യക്ക് എന്തു സംഭവിക്കാമെന്ന് ആർക്കും അറിഞ്ഞുകൂടല്ലൊ. എന്തെങ്കിലും അപകടം മൂലമോ, രോഗബാധയെ തുടർന്നോ, മുമ്പ് ചെയ്തിരുന്ന ജോലി ചെയ്യാൻ വയ്യാതാകുന്ന ഏതൊരാൾക്കും, വീണ്ടും ജോലി ചെയ്യാനുള്ള സന്നദ്ധത ഉണ്ടെങ്കിൽ, മറേറതെങ്കിലും ജോലിക്ക് പരിശീലിപ്പിക്കാനായി, ജർമ്മനിയിൽ ഹൈഡൽബർഗ്ഗിൽ ഒരു സ്ഥാപനമുണ്ട്. ഈ പ്രത്യേക സ്കൂളിൽ 250 പേർക്കാണ് പ്രവേശനം നൽകപ്പെടുന്നതു്. ഉന്നതയോഗ്യതയുള്ള 65 അദ്ധ്യാപകരുമുണ്ട്. ജീവിതമാർഗ്ഗം നഷ്ടമായ ആളുകളെ ഡാക്ടർമാരും, മനഃശാസ്ത്രവിദഗ്ദ്ധരും പരിശോധിച്ച്, അവർക്ക് ഏതു തരത്തിലുള്ള ജോലിയാണ് ചെയ്യാൻ കഴിവുള്ളതെന്ന് തീരുമാനിക്കുന്നു. വിശ്രമവേളയിലെ വിനോദത്തിനായി സ്വീകരിച്ചിരുന്ന അദ്ധ്വാനങ്ങൾ, ജീവിതവൃത്തിക്കായി ഉപയോഗപ്പെടുത്താമോ എന്നുള്ള കാര്യവും, അവർ അന്വേഷിച്ചുവരുന്നുണ്ട്.

ഈ പരിശീലനം ആറുമാസം മുതൽ ഒരു വർഷംവരെ നീണ്ടുനില്ക്കും, ഒരു പരീക്ഷയോടെ അതവസാനിക്കുകയും ചെയ്യും. അങ്ങിനെ, ശാരീരികമായ വൈകല്യങ്ങൾ സംഭവിച്ചവർക്ക്, തങ്ങളുടെ ജീവിതവൃത്തി നഷ്ടമായി എന്ന് നിരാശപ്പെടാതെ, പുതിയ ജീവിതവൃത്തികൾ ആരംഭിക്കാനുള്ള അവസരമാണ് ഈ സ്ഥാപനം നൽകിയിട്ടുള്ളതു്.

[ഇൻഡോ]

30 വർഷങ്ങളായി ലക്ഷോപലക്ഷം പേർ ഡാൽഡായുടെ മേന്മയിൽ വിശ്വസിച്ചിരിക്കുന്നു.

നിങ്ങളുടെ കുടുംബത്തിൽ അതു് ഇല്ലാതിരിക്കുന്നതെന്തുകൊണ്ടു് ?

ഡാൽഡാ പരിശുദ്ധമായതാണ്. അതു് ഏററവും പരിശുദ്ധമായ സസ്യഎണ്ണകളിൽ നിന്നാം തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഡാൽഡാ പോഷണം നൽകുന്നതാണ്. ആരോഗ്യത്തിനു വേണ്ടി അതിൽ വിററാമിനുകൾ ചേർത്തിരിക്കുന്നു.

വറുക്കുക, പൊരിക്കുക, താളിക്കുക, പച്ചക്കറികൾ പാകം ചെയ്യുക മുതലായവ ഡാൽഡായിൽ ചെയ്യുമ്പോൾ കറികൾ വളരെ രുചികരമായിരിക്കുന്നു. ആയതിനാലാണ് ലക്ഷോപലക്ഷം ഗൃഹനായികമാർ അവരുടെ ഭക്ഷണങ്ങൾക്കെല്ലാം ഡാൽഡാതന്നെ ഉപയോഗിക്കുന്നതു്. നിങ്ങളുടെ കുടുംബത്തിൽ അതു് ഇല്ലാതിരിക്കുന്നതെന്തുകൊണ്ടു്?

ഡാൽഡാ
വനസ്പതി

ഹിന്ദുസ്ഥാൻ ലീവർ തയ്യാറിപ്പ്.

DL.54A-X52

വ്യാകുലസ്മരണകൾ

പി. വി. ചാണ്ടി, മുഹമ്മ.

(തുടർച്ച)

പോയിടാം നാമിനി അമ്മയെകണ്ടിടാം
ആയതിൻ രംഗമവർണ്ണ്യമത്രെ–
ക്രൂശുവഹിച്ചുകൊണ്ടേശു നടകൊ
(ള്ളും
ക്ലേശങ്ങൾ തിങ്ങീട്ടും മാർഗ്ഗമദ്ധ്യേ
പുത്രനെക്കണ്ടമ്മമാറിൽ
കൈവച്ചു പോയ്,
അത്രമേൽ നീറിത്തകർന്നു ചിത്തേ
യേശുവിൽ ഏററിട്ടും പീഡകൾ
കാൺകിലോ
ആശയററാധിയാൽ വെന്തിതേററം,

(5)

കാണ്മതിതെന്തു നാം കാൽവരിക്കുന്നി
ന്മേൽ,
കണ്ണീരിൻനാഥയും തത്രനില്പൂ.
ക്രൂശിൽ മരിച്ചിട്ടമേശുവിന്നന്തി
കെ
ക്ലേശിതയായമ്മ നിന്നിടുന്നു.

ഭാവം പകർന്നിട്ട മേശുവിന്നാനനം
ഭാവം പകർത്തി തൻ മാതാവിലും
ശോകാർത്തയായേവം ആകുലമൂർഛയാൽ
മൂകമായമ്മ സഹിച്ചിതെല്ലാം
മർത്ത്യർതൻ രക്ഷക്കായ് പുത്രനെ
ഹോമിച്ച,
മർത്ത്യകുലത്തിൻ മഹിതമാതേ!–

(6)

ദേഹി ദേഹം വെടിഞ്ഞെങ്കിലുമേശു
വിൻ,
ദേഹത്തെ പീഡിപ്പാനെത്തി യൂദർ
ലോങ്കിനോസെന്നവൻ കുന്തം കൊണ്ടേ
ശുവിൻ,
ചങ്കിലും കുത്തി മുറിപ്പെടുത്തി.
അമ്മതൻ മാംസത്തിൻ മാംസമാം
പുത്രന്റെ,
പൊൻമെയ്യിൽ പാതകം ചെയ്യുന്നേരം
കല്ലേറുമാകുല ശൂലത്താലെന്നപോൽ,
മാതൃഹൃദയവും ഭേദിതമായ്.

(7)

പുത്രൻ മരിച്ചതറിഞ്ഞൊട്ടു നേരമായ്,
തത്രവന്നെത്തി നൽ ശിഷ്യരപ്പോൾ
രക്ഷിതാവിൻതിരുമേനിസംപൂജ്യമായ്
രക്ഷകി തന്റെ മടിയിൽ വച്ചു.
പൊന്നോമൽ പുത്രൻ മെയ്യ് ചുംബി
ച്ചിതമ്മയും,
വൻനെട്ടവീർപ്പിനാൽ മൂർഛിതയായ്,
കണ്ടു നിന്നാശിഷ്യർ യേശുവിൻ
പൂമേനി
ഇണ്ടലാൽ താങ്ങിയെടുത്തു ചെമ്മെ
പുത്തനായ് തീർത്തൊരു കല്ലറ
തന്നിലായ്
എത്രയും പൂജ്യമായ് സംസ്കരിച്ചു.
പുത്രനെയേവം പിരിഞ്ഞാമ്മമാത്രമായ്
എത്രമേൽ ദുഃഖം ഭവിച്ചിതിങ്കൽ!!
മാനുഷവർഗ്ഗത്തിൻ ത്രാണനയജ്ഞത്തിൽ
ദൈവത്തിൻ പുത്രനോടൊത്തിവിധം
വ്യാകുലമെല്ലാംസഹിച്ചതിൻ മൂലമായ്
ആകുലക്കാശ്വാസ മമ്മയല്ലോ–
ജീവിത വീഥിയിൽ നാൾക്കുനാളീ
വിധം,
ഭവ്യമാം ക്ലേശങ്ങൾ എന്നാകിലും
ആഹ്ലാദപൂർവ്വം നാം മാശ്ലേഷിച്ചീട്ട
(കിൽ
ആയതിൻ ഭാഗ്യമവർണ്ണ്യമത്രേ.

Statement about ownership and other particulars about the monthly **Flower of Carmel**

1. Place of publication.	Mannanam.
2. Periodicity of its publication.	Monthly.
3. Printer's Name.	Rev. Fr. Wilfrid C. M. I.
Nationality.	Indian.
Address.	S. J. Monastery, Mannanam.
4. Publisher's Name.	Rev. Fr. Wilfrid C. M. I.
Nationality.	Indian.
Address.	S. J. Monastery, Mannanam.
5. Chief Editor's Name.	Very Rev. Fr. Colombiere C. M. I.
Nationality.	Indian
Address.	S. J. Monastery, Mannanam.
6. Name and address of individuals who own the newspaper and partners or shareholders holding more than one per cent of the total capital.	S. J. Monastery, Mannanam.

I, Fr. Wilfrid C. M. I., hereby declare that the particulars given above are true to the best of my knowledge and belief.

(Sd/–)
Signature of the Publisher.

Date 1—3—1961.

മറിയത്തിന്റെ അഞ്ചിനപരിപാടി

(ജെ. ററി. നീലങ്കാവിൽ, ബി. എ., ബി. ററി., തൃശ്ശൂർ)

സമാധാനത്തിനായി ലോകം ഇന്നു ദാഹിക്കുന്നതുപോലെ ഇതിനു മുമ്പ് എപ്പോഴെങ്കിലും ദാഹിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഇന്നു യുദ്ധം ഗണ്യമായി നടക്കുന്നില്ല, ശരിതന്നെ; പക്ഷെ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടു മുമ്പുണ്ടായിരുന്ന തരത്തിലുള്ള 'സായുധ സമാധാന' (Armed Peace) മല്ലേ ഇന്നുള്ളതെന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, സമാധാനത്തിനായി ദാഹിക്കുന്നതോടൊപ്പംതന്നെ മിക്കവാറും എല്ലാ രാഷ്ട്രങ്ങളിലും സമാധാനക്കേടിനു വഴിതെളിക്കുന്ന ആയുധനിർമ്മാണവും, സംഭരണവും തിരുതകൃതിയായി നടന്നുകൊണ്ടിരിക്കയാണ്. ഏതു നിമിഷത്തിലും ഒരു മൂന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടേക്കാമെന്ന ഭീകരമായ ഒരു ആശങ്കാസ്വപ്നത്തിലാണ് ഇന്നത്തെ ലോകം കഴിഞ്ഞുകൂടുന്നത്.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം സമാധാനസംസ്ഥാപനത്തിനായി ഒരു 'സർവ്വരാഷ്ട്രസഖ്യം' ഉടലെടുത്തു. പക്ഷേ, നിശ്ചിതലക്ഷ്യം പ്രാപിക്കുവാൻ അതിനു സാധിച്ചില്ല. ഇന്നിതാ ആ സ്ഥാനത്ത് ഒരു 'ഐക്യരാഷ്ട്രസഭ'യുണ്ട്. അതിനും ലോകസമാധാനം കൈവരുത്തുവാൻ സാധിച്ചിട്ടില്ല. ഇവയ്ക്കു പുറമെ പല 'കോൺഫറൻസു'കളും, ഉന്നതതലസമ്മേളനങ്ങളും, ചർച്ചായോഗങ്ങളും മററും മററും പലയിടങ്ങളിലും പലപ്പോഴും നടന്നിട്ടുണ്ട്, നടക്കുന്നുണ്ട്. ഇവയെല്ലാം തെളിയിക്കുന്നത് ലൗകികമാത്രമായ ഏതു ഭഗീരഥപ്രയത്നങ്ങൾക്കും ലോകസമാധാനം കൈവരുത്തുവാൻ സാധ്യമല്ലായെന്നാണ്.

പാപഭൂയിഷ്ഠമായ ഇന്നത്തെ ലോകം പണ്ടുപണ്ടേ നശിച്ചുപോകേണ്ടതായിരുന്നു; ദൈവത്തിന്റെ നീതിയുടെ കരം അതിന്മേൽ നിപതിക്കേണ്ടതായിരുന്നു. പക്ഷെ ആ കരത്തെ സർവ്വശക്തിയുമുപയോഗിച്ച് തടഞ്ഞുനിർത്തിയിരിക്കുന്ന ഒരു ശക്തിയുണ്ട്. പരിശുദ്ധ ദൈവജനനി, നമ്മുടെ അമ്മ. എത്ര സ്ഥലങ്ങളിലാണ് ആ അമ്മ, സ്വർഗ്ഗാംബിക, പ്രത്യക്ഷപ്പെട്ടുകൊണ്ടറിയിച്ചിട്ടുള്ളത്, പരിഹാരം ചെയ്യണം, പ്രായശ്ചിത്തം അനുഷ്ഠിക്കണം എന്നെല്ലാം. പക്ഷെ തിരക്കുപിടിച്ച ഇന്നത്തെ ലോകത്തിനു അതൊന്നും ശ്രദ്ധിക്കുവാൻ നേരമില്ല. ശ്രദ്ധിച്ചിരുന്നെങ്കിൽ ലോകം പണ്ടേ സമാധാനമാസ്വദിക്കുമായിരുന്നു; ഭാവി ഇത്ര ഇരുളടഞ്ഞു കാണുമായിരുന്നില്ല.

നാല്പതുകൊല്ലങ്ങളിലധികമായി പരി. കന്യകമറിയം ഫാത്തിമായിലെ സന്ദേശങ്ങൾ ലോകത്തിനു നൽകിയിട്ട്. പക്ഷെ എന്തു ഫലം? യുദ്ധങ്ങളുണ്ടായി, ഇനിയുമുണ്ടാകുമെന്നും കേൾക്കുന്നു. ദൈവത്തിനെതിരായ വിപ്ലവങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. സമാധാനമെന്താണെന്ന് ഈ നൂററാണ്ടറിഞ്ഞിട്ടില്ല. ദൈവത്തിന്റെ കരുണയ്ക്കായും മാപ്പിന്നായും റഷ്യ ഇതുവരെ കൈനീട്ടിയിട്ടില്ല. എന്താണത്ഭുതം! "എന്റെ ആവശ്യങ്ങൾ നിറവേറുകയാണെങ്കിൽ..." എന്നാണ് മറിയം പറഞ്ഞത്. അവ ഇതുവരെ നിറവേറിയിട്ടുണ്ടോ...? ഇല്ലെങ്കിൽ ആരുടെ കുററംകൊണ്ടാണ്...? ലൂസിയിൽ കൂടിയും മററും അവിടുന്ന് അറിയിച്ച ആവശ്യങ്ങളെപ്പററി നമുക്ക് അറിഞ്ഞുകൂടായ്കയില്ല. ആ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുവാൻ നാം ഇതുവരെ കാര്യമായിട്ടെന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. ആവശ്യങ്ങൾ നിറവേററുവാൻ നമ്മുടെ ജീവിതത്തിൽ വരുത്തേണ്ട മാററങ്ങളെപ്പററി നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? മറിയത്തിന്റെ ആവശ്യങ്ങൾ വ്യക്തവും, പ്രവർത്തനത്തിന് നമ്മെ നിർബന്ധിക്കുന്നവയുമാണ്. അവ എന്തെല്ലാമാണെന്നു നമുക്കു നോക്കാം.

1. മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി.

പാപികളെ രക്ഷിക്കുവാനായി ഈ ഭക്തി പ്രചരിക്കണമെന്നുള്ളതാണ് ദൈവത്തിന്റെ തിരുവിഷ്ടം.

2. നമ്മുടെ ജീവിത നവീകരണം.

പാപമാർഗ്ഗത്തിൽനിന്ന് പിന്തിരിഞ്ഞ് നാം ദൈവത്തോട് മാപ്പിരക്കണം. മനുഷ്യരുടെ പാപത്താൽ ഇതിനകം വളരെയധികം ഉപദ്രവിക്കപ്പെട്ടിരിക്കുന്ന അങ്ങയെ ഇനിയും നാം ഉപദ്രവിക്കരുത്.

3. ജപമാലോച്ചാരണം.

ദിനംപ്രതി നാം ജപമാലയെത്തിക്കണം, വേണ്ടവിധം ഭക്തിയോടെ ജപിക്കണം.

4. ആദ്യശനിയാഴ്ചഭക്തി.

"പാപത്തിനു പരിഹാരം ചെയ്യണമെന്ന നിയോഗത്തോടുകൂടി തുടർച്ചയായി അഞ്ചു മാസാദ്യ ശനിയാഴ്ചകളിൽ കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും, ജപമാലയെത്തിക്കുകയും, ജപമാലരഹസ്യങ്ങളെപ്പററി ധ്യാനിച്ചുകൊണ്ട് കാൽമണിക്കൂർ സമയം എന്നോടുകൂടെ ചെലവഴിക്കുകയും ചെയ്യുന്നവരെ മരണസമയത്ത് രക്ഷാകരങ്ങളായ സകല വരപ്രസാദങ്ങളോടുംകൂടി ഞാൻ സഹായിക്കുന്നതാണെന്നു നീ എന്റെ നാമത്തിൽ പ്രഖ്യാപനം ചെയ്യുക" എന്നാണ് മാതാവ് ലൂസിയോട് പറഞ്ഞത്.

5. മറിയത്തിന്റെ വിമലഹൃദയത്തിന് വ്യക്തികളുടെ പ്രതിഷ്ഠ.

ഓരോ വ്യക്തിയും അവനവന്റെ പ്രതിഷ്ഠയുടെ അടയാളമായി കർമ്മലമാതാവിന്റെ തവിട്ടുനിറത്തിലുള്ള ഉത്തരീയം ധരിക്കണം.

ഇതാണ് മറിയത്തിന്റെ അഞ്ചി

നപരിപാടി. ഫാത്തിമായിൽവച്ചാണ് ഇതു് വിളംബരം ചെയ്യപ്പെട്ടതു്. ഇതിനെ ബഹുമാനിച്ചുകൊണ്ടും, ഇതിലുള്ള നിർദ്ദേശത്തെ അനുസരിച്ചുകൊണ്ടും, ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 1942 ഒക്ടോബർ 31–ാംനു– ലോകത്തെ മുഴുവൻ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. പക്ഷെ അതുകൊണ്ടു മുഴുവനുമായില്ല. ഓരോരുത്തരും വ്യക്തിപരമായി, അവനവനെത്തന്നെ മറിയത്തിനു പ്രതിഷ്ഠിക്കണം. ഇതിനായി നീക്കിവച്ചിട്ടുള്ള ദിവസമാണ് മേയ് 31–ാംനു–. അന്നുതന്നെയാണ് അവിട്ടത്തെ രാജ്ഞിത്വത്തിരുനാളാഘോഷിക്കുന്നതും.

ഈ നിർദ്ദേശങ്ങൾ നാം സ്വീകരിക്കുന്നപക്ഷം ഓരോ കൊല്ലവും മേയ് 31–ാംനു– നമുക്ക് മറിയത്തിന്റെ വിമലഹൃദയവുമായി കൂടിക്കഴിയുവാനുള്ള ഒരു ദിവസമാണ്. നമ്മുടെ ശരീരവും ആത്മാവും, നമ്മുടെ മനസ്സും ഹൃദയവും, ഉള്ളിലുള്ളവയും പുറമേയുള്ളവയും, എല്ലാം, എല്ലാം നാം അന്നേ ദിനത്തിൽ നമ്മുടെ ദിവ്യാംബികയ്ക്കു് പ്രതിഷ്ഠിക്കും. എല്ലാ സമയത്തും സത്യത്തിനു സാക്ഷ്യം വഹിക്കാമെന്നും, വിശ്വാസം ഏറ്റുപറയാമെന്നും നാം പ്രതിജ്ഞ ചെയ്യും. കല്പനകളെല്ലാംതന്നെ അനുസരിച്ചുകൊള്ളാമെന്നും, റഷ്യയുടെ മാനസാന്തരത്തിനും, പാപികളുടെ ഹൃദയപരിവർത്തനത്തിനുംവേണ്ടി പ്രാർത്ഥിക്കാമെന്നും, പരിത്യാഗങ്ങളനുഷ്ഠിക്കാമെന്നും നാം പ്രതിജ്ഞയെടുക്കും. നിരീശ്വരത്വത്തിന്റെ സംഘടിതശക്തികൾക്കെതിരായി ഒരു പരിഹാരയജ്ഞംതന്നെ നാം ആരംഭിക്കും.

ഇതെല്ലാം എന്തുകൊണ്ടാണ്? മറിയത്തിന്റെ ഈ അഞ്ചിനപരിപാടിയിൽ മാത്രമാണ് ലോകത്തിന്റെ രക്ഷ സ്ഥിതി ചെയ്യുന്നതെന്നുള്ളതുകൊണ്ടു്; ഈ പരിപാടിയിൽ മാത്രം സമാധാനത്തിനുള്ള സുവ്യക്തവും, സുനിശ്ചിതവുമായ മാർഗ്ഗങ്ങൾ നാം കാണുന്നതുകൊണ്ടു്. അതെ, മറിയത്തിലാണ്, മറിയത്തിന്റെ വിമലഹൃദയത്തിലാണ്, നമ്മുടെ സമാധാനം. നാം അതവിടെ കണ്ടെത്തണം. അങ്ങനെയെങ്കിൽ, ഫാത്തിമായിൽവച്ചു് പറഞ്ഞതുപോലെ, അവിട്ടത്തെ വിമലഹൃദയത്തിന്റെ മഹത്തായ വിജയം കാണുവാൻ ആസന്നഭാവിയിൽ തന്നെ നമുക്കിടവരും.

CHRIST OUR BROTHER

There was a man who came to give and not to receive. A King, He laid down His life for His subjects; a true Friend, He gave Himself a ransom for His friends. He bridged heaven and earth for them to pass over from their captivity.

Discarding riches, He loved the company of the poor. Lord of all, He bore hunger and thirst; was travel-worn and without a place to rest His head. He came to His own and His own received Him not. Mighty, He was meek and humble of heart. Compassionate, He would not cast away the broken reed or the smoking flax.

A Son, He always sought His Father's will. A Leader, He lived His days in obedience, Untaught, He spoke as men never before did speak. A Master, He washed the feet of His disciples. He died, only to rise again in glory. He is gone, to prepare a place for His little ones. Eternal Lord, He makes Himself our Brother.

He was a philosopher too-not of the arm-chair type, not still of the hair-splitting type. His is the philosophy of love written in His own blood.

A revolutionary, He preached forgiveness and mercy. Such is Christ our Brother.

Where to seek for Him?

Many do not find Christ for they do not go to the place where with out-stretched hands, He waits for them. Thy seek Him in Simon's hall, at the marriage feast of cana, on Tabor's heights, in the temple, among the doctors, in the multitude, beside the lake. Of course, in all these places they manage to break in and to see Him. But before they can relish Him, He is gone.

There is however a place, where we are sure to find Him, and we can cling fast to Him. It is on the cross, on Calvary's crest. There He waits for all, for the innocent, for the repentent as well as the wicked. The cross is the battle ground where with love and meekness He confronts His inveterate enemies. The cross is the ante-chamber where He receives His beloved ones before they are admitted into His joy. There, with outstretched hands, with His side opened wide to receive us in, He waits. His thorn-crowned head is bent low, reaching down to us God's kiss of peace.

However, many are not prepared for the arduous climb, and so they do not find Him. Not a few are scared away by the scandal of the cross.

Still, down the centuries two sets of people have undertaken the arduous climb (i)those who love Him (ii) those who hate Him- ofcourse with conflicting aims. Both have watched Him on the cross, the former in loving adoration, the latter with hardened hearts hurling out blasphemy.

With insatiable thirst He awaits us all. On the cross, we are sure to find Him.

P. M. Ittyavirah.

ക്ലാസ്സുമുറിയിൽ

മണിമല

നിറമുള്ള കണ്ണടകൾ ധരിക്കുന്ന ചില ചെറുപ്പക്കാർ നമ്മുടെയിടയിലുണ്ടല്ലോ. കണ്ണിനു സ്വച്ഛതയും സുഖവും പ്രദാനം ചെയ്യുകയെന്നതിലുപരി ഒരു ഫാഷൻ പ്രദർശനം കൂടിയായിരിക്കാം അവരുടെ ലക്ഷ്യം. അതെങ്ങിനെയുമിരിക്കട്ടെ. ഒരു പരമാർത്ഥം നിഷേധിക്കാനാവില്ല. വച്ചിരിക്കുന്ന കണ്ണടയുടെ നിറത്തിലായിരിക്കും അവർ കാണുന്ന ലോകം മുഴുവനും. അതായതു പച്ചക്കണ്ണാടി വച്ചിരിക്കുന്നവൻ കാണുന്ന ചെമന്ന പൂക്കളും വെള്ളവസ്ത്രവുമെല്ലാം പച്ചനിറത്തിലായിരിക്കും. മഞ്ഞക്കണ്ണടയാണു ധരിക്കുന്നതെങ്കിൽ എല്ലാ വസ്തുക്കളും മഞ്ഞനിറത്തിൽക്കാണപ്പെടും. കണ്ണട ചെമന്നതാണെങ്കിൽ ഈ നിറഭേദത്തിന്റെ അനുഭവം കുറേക്കൂടെ രൂക്ഷമായിരിക്കും. കാരണം, മറ്റെല്ലാനിറങ്ങളെക്കാൾ തീക്ഷ്ണതയും ഔജ്ജ്വല്യവും ചെമപ്പിനുണ്ടെന്നതാണ്.

ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ ഇപ്പോൾ നിലവിലിരിക്കുന്ന മലയാളപാഠാവലികൾ മറിച്ചുനോക്കുന്ന ഒരു നിഷ്പക്ഷ നിരൂപകനു ഈ വസ്തുത വേഗം ബോദ്ധ്യപ്പെടാതിരിക്കുകയില്ല. "ചെമപ്പൻപ്രേമ" ത്തിലും മാർക്സിസ്റ്റു ചിന്താഗതിയിലുംകൂടെ ചരിത്രത്തെയും ശാസ്ത്രത്തെയും നിരീക്ഷിക്കുവാൻ പാഠരചയിതാക്കൾ കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്. റഷ്യയെ പ്രകീർത്തിക്കുവാനും കമ്യൂണിസ്റ്റാശയങ്ങൾക്കു സ്തുതി പാടുവാനുമുള്ള ഈ ശ്രമംകൊണ്ട് പരിവർത്തനത്തിന്റെ വക്കിലെത്തിയിരിക്കുന്ന വിദ്യാർത്ഥികളെ പെട്ടെന്നു കുടുക്കിൽപ്പെടുത്താൻ കഴിയും. ചില ഉദാഹരണങ്ങൾ നോക്കുക.

1. കേരളപാഠാവലി 9-ാം പുസ്തകത്തിൽ 'യുദ്ധകാലത്തെ ചിലനേട്ടങ്ങൾ' എന്നൊരു പാഠമുണ്ട്. ശാസ്ത്രം യുദ്ധത്തെ സഹായിക്കുന്നുണ്ടെങ്കിലും യുദ്ധാവശ്യത്തിനുവേണ്ടിയുള്ള ചില കണ്ടുപിടുത്തങ്ങൾ മാനവരാശിയുടെ പൊതുനന്മയ്ക്കുപകരിച്ചിട്ടുണ്ടെന്നു പാഠത്തിൽ സകാരണം പ്രതിപാദിച്ചിരിക്കുന്നു. "കൃഷി, വൈദ്യം, മുതലായ ശാസ്ത്രവിഭാഗങ്ങളിലും സയൻസ് കഴിഞ്ഞ യുദ്ധത്തിൽ മുന്നോട്ടു പോവാതിരുന്നിട്ടില്ല. ഈ വിഷയത്തിൽ ഏററവുമധികം പുരോഗതി കാണപ്പെട്ടിട്ടുള്ളതു സോവ്യററു റഷ്യയിലാണ്". (പേജ്. 35) ഉദ്ധൃതവാക്യത്തിലെ റഷ്യാരാധനയുടെ ഔചിത്യം തീരെ മനസ്സിലാകുന്നില്ല. പാഠകർത്താവ് കൃഷിയും വൈദ്യവും സംബന്ധിച്ചുള്ള നേട്ടങ്ങളിൽ പ്രഥമസ്ഥാനം റഷ്യയ്ക്കാണ് നൽകിയിരിക്കുന്നതു്. ഇതു വാസ്തവവിരുദ്ധമായ പ്രസ്താവമല്ലേ? അമേരിക്കയിലും ബ്രിട്ടനിലും നടത്തിയിട്ടുള്ളതു മികച്ചരീതിയിലുള്ള കാർഷിക ഗവേഷണങ്ങളോ തത്സംബന്ധമായ നേട്ടങ്ങളോ റഷ്യയിലുണ്ടായിട്ടില്ല. വിളവു വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങൾ സംസ്കരിച്ചെടുക്കുന്നതിനുമുള്ള നവംനവങ്ങളായ പ്രയത്നങ്ങൾ അമേരിക്കയിലെ കൃഷിഭൂമികളിൽ അന്നത്തേതുപോലെ ഇന്നും പുരോഗമിക്കുകയാണ്. റഷ്യയിലെ കൂട്ടുകൃഷി സംഘങ്ങളാണു അവിടത്തെ കാർഷിക പുരോഗതിയുടെ ആണിക്കല്ലായി എടുത്തു കാണിക്കുന്നതു്. കമ്യൂണിസ്റ്റ് സാമ്പത്തിക സിദ്ധാന്തങ്ങളുടെ ഒരു പരീക്ഷണശാലയെന്നല്ലാതെ ശാസ്ത്രീയവും സാങ്കേതികവുമായ കാർഷികാഭിവൃദ്ധിക്ക് അവ എങ്ങനെ ഉപകരിക്കുമെന്നു മനസ്സിലാകുന്നില്ല. കാർഷികരംഗത്തെ പരാജയത്തിന്റെ പേരിൽ അടുത്തകാലത്ത് റഷ്യയിലെ ചില വൻകിടക്കാർ രാജിവെച്ചു പിരിഞ്ഞതും നാമെല്ലാം കണ്ടതാണ്. എങ്കിലും റഷ്യയുടെ സ്തുതിപാഠകനായിപ്പോയതുകൊണ്ടാകാം പാഠകർത്താവ് ഇങ്ങനെ "തത്തമ്മേ പൂച്ച പൂച്ച" പറഞ്ഞു പോയതു്.

2. 9-ാമത്തെ പാഠം സഹകരണ പ്രസ്ഥാനമാണ്. അതിൽ സഹകരണസംഘങ്ങളുടെ ആവിർഭാവത്തെപ്പററി പറയുന്നു.

'സാമ്പത്തികമായി ചൂഷിതരും അവശരുമായ തൊഴിലാളി വർഗ്ഗത്തിനു സമാശ്വാസവും രക്ഷയും നൽകുവാൻ വെമ്പൽപൂണ്ട ചില മനുഷ്യസ്നേഹികളുടെ ത്യാഗപൂർവ്വമായ പരിശ്രമത്തിൽ നിന്നാണു സഹകരണപ്രസ്ഥാനം ജന്മമെടുത്തതു്." (പേജ് 68.) ഇതു വസ്തുതകളെ മനഃപൂർവ്വം മറയ്ക്കുകയോ ബോധപൂർവ്വം വളച്ചൊടിക്കുകയോ ആണ്. "മനുഷ്യസ്നേഹികളുടെ ത്യാഗപൂർവ്വമായ പരിശ്രമം" സഹകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു പിന്നിലുണ്ട്. പക്ഷെ ചൂഷിതരായ തൊഴിലാളിവർഗ്ഗത്തിനു സമാശ്വാസം നൽകാൻ വേണ്ടിയായിരുന്നില്ല. വർഗ്ഗസമരത്തിന്റെ ചിന്താതരംഗങ്ങൾ ബാലഹൃദയങ്ങളിൽ കടത്തിവിടുവാൻ ഈ പ്രസ്താവമുപകരിക്കും.

സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിലേക്കു കടന്നു ചെന്നാൽ ജർമ്മനിയിൽ റെയിഫിസൻ ബാങ്കുകളും (Reiffeiscen banks) ഇംഗ്ലണ്ടിൽ റോക്ക്ഡേൽ മാർഗ്ഗദർശികളും (Pioneers of Rochdale) ഇററലിയിൽ ലൂസാററി (Luzzatti) യുമൊക്കെയാണ് നമുക്കു പ്രഥമത ഗോചരീഭവിക്കുക. ഇവരാരുംതന്നെ തൊഴിലാളി പ്രവർത്തകരായിരുന്നില്ല. സാമ്പത്തികമായി അവശതയനുഭവിക്കുന്ന സാമാന്യ ജനങ്ങൾക്കു, വിശിഷ്യാ കർഷകർക്കു വേണ്ടത്ര സഹായം നൽകുവാൻവേണ്ടിയാണു അവർ സഹകരണപ്രസ്ഥാനം കരുപ്പിടിപ്പിച്ചതു്. ആസ്ഥിതിക്കു തൊഴിലാളി പ്രേമത്തിന്റെ പേരിലുള്ള ഈ 'തമ്പോറടി' ആവശ്യമായിരുന്നില്ല.

3. 'നാട്ടുവാഴിത്തത്തിന്റെ കവറിടങ്ങൾ' എന്ന പാഠം ശ്രീ. മുണ്ടശ്ശേരിയുടെ തൂലികാസന്താനമാണ്. അദ്ദേഹം പറയുന്നു. "പല നൂററാണ്ടുകൾ കഴിഞ്ഞിട്ടും പറയത്തക്ക പുതിയ വ്യവസായങ്ങൾക്കൊന്നുമൊരുമ്പെടാതെ ആ ഫലപുഷ്ടിയുള്ള ഭൂമിയെയും അതിൽ കൈക്കോട്ടും കരിയും പിടിച്ചു രാപ്പകൽ 'ദേഹണ്ണി'ക്കുന്ന തൊഴിലാളിപ്പരിഷയെയും ഊററിക്കുറന്നു പോന്നിട്ടുള്ള കുറെയേറെ കേമന്മാരുടെയും കേളീരംഗമായ തഞ്ചാവൂരിന്റെ സവിശേഷ സിദ്ധികൾ എന്തൊക്കെയാണ്?" (പേജ്. 181.)

പഴയനാട്ടുവാഴികളാരും വ്യവസായത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. പട്ടിയുടെ കല്യാണത്തിനു 'പന്തീരായിരം' രൂപാ ചെലവാക്കിയ ഹൈദരബാദ് നൈസാമും അതിലുൾപ്പെടും. എന്നിരിക്കെ തഞ്ചാവൂർ രാജാവിന്റെ പേരിൽമാത്രം വ്യവസായങ്ങൾ ഏൎപ്പെടുത്തിയില്ല എന്നുള്ള കുററമാരോപിച്ചിട്ടു വലിയ കാര്യമൊന്നുമില്ല. മാറിക്കൊണ്ടിരുന്ന ഒരു വ്യവസ്ഥിതിയുടെ തിരശ്ശീലയ്ക്കുപ്പുറത്തു അങ്ങിനെ പലതും കണ്ടുപിടിക്കാൻ കഴിയും. 'വർഗ്ഗസമരം' വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാൻവേണ്ടി അതെല്ലാം ഉയർത്തിപ്പിടിക്കുന്നതിന്റെ ഔചിത്യം എന്താണെന്നു മനസ്സിലാകുന്നില്ല. ദക്ഷിണേന്ത്യയുടെ നെല്ലറയായ തഞ്ചാവൂർ വ്യവസായകേന്ദ്രമാക്കി മാററിയാൽ അതു 'പൊന്മുട്ടയിടുന്ന താറാവിനെക്കൊല്ലുന്ന അനുഭവമാവുകയില്ലേ എന്നു ലേഖകൻ ചിന്തിച്ചോ? ഫാക്ടറികൾ തുടങ്ങിക്കഴിഞ്ഞാൽ വ്യവസായഉടമ തൊഴിലാളികളെ ഞെക്കിപ്പിഴിഞ്ഞു എന്നു കാഹളമൂതിക്കൊണ്ടു രംഗത്തിറങ്ങാനും ഇക്കൂട്ടർ മടിക്കുമെന്നു തോന്നുന്നില്ല. ഇതിനെല്ലാം കാരണം മുകളിൽപ്പറഞ്ഞ ചെമപ്പൻ കണ്ണടയാണ്. അതിലൂടെ നോക്കുമ്പോൾ എല്ലാം അരുണവർണ്ണത്തിലേ ദൃശ്യമാവുകയുള്ളൂ.

മഞ്ഞ
LUX
Yellow
പച്ച
LUX
Green
നീല
LUX
Blue
LUX
Pink
എന്തു
സുന്ദരമായ
നവഭാവന
പരിശുദ്ധമായ, സൗമ്യമായ ലക്സ്
4 മാരിവിൽ വർണ്ണങ്ങളിൽ
—നമ്മുടെ സുഹൃത്തായ വെള്ളയും കൂടെയുണ്ട്
'നോക്കൂ...
തിരഞ്ഞെടുക്കാൻ പററിയ
എന്തു മോഹന
വർണ്ണങ്ങൾ!'
എം. എൻ. രാജം
പറയുന്നു
LUX
LTS. 82-X52 ML
ദി ഹിന്ദുസ്ഥാൻ ലിവർ തയ്യാറിപ്പ്

കൊച്ചച്ചന്റെ കത്ത്

ഫെബ്രുവരി, 14. 1961.

പ്രിയ കുഞ്ഞുമക്കളെ,

നാളെ 'ചാരംപൂശുന്ന തിരുനാൾ' ആണ്. അണിയണിയായി മുട്ടുകുത്തി നിൽക്കുന്ന നിങ്ങളുടെ നെററിയിൽ ചാരികൊണ്ട് വൈദികൻ കുരിശടയാളം വരക്കുന്നു. അദ്ദേഹം എന്തോ പറയുന്നതും നിങ്ങൾക്കു കേൾക്കാം. അതിന്റെ ഭാഷാന്തരം ഇതാണ്:— **മനുഷ്യാ ഓർത്താലും, നീ പൊടിയാകുന്നു; പൊടിയിലേയ്ക്കു നീ പിന്തിരിയും.**

ആവശ്യമുള്ള പല കാര്യങ്ങളും മറന്നുപോകുന്നവരാണ് നാമെല്ലാവരും. ഗൃഹപാഠം ചെയ്യുവാനും പ്രാർത്ഥിക്കാനും സമയത്തിനു സ്കൂളിൽ പോകാനും പലപ്പോഴും നാം മറക്കാറുണ്ടല്ലൊ. മനുഷ്യർ ഇത്തരം മറവിക്കാരായതുകൊണ്ട് എപ്പോഴും നമ്മുടെ സ്മരണയിൽ ഉണ്ടായിരിക്കേണ്ട ഒരു സംഗതി അമ്മയായ തിരുസ്സഭ നമ്മെ ഓർമ്മിപ്പിക്കുകയാണ്. മറെറാന്നുമല്ല, 'ഒരു ദിവസം നാം മരിക്കും' എന്ന്.

നിങ്ങൾക്കു സംശയമുണ്ടോ? ഇല്ലെന്നു തീർച്ചയായും നിങ്ങൾ പറയും. എല്ലാവരും മരിക്കുമെന്ന് എല്ലാവർക്കും അറിയാം. ആരും അതിനെക്കുറിച്ചു തർക്കിക്കുന്നില്ല. അത്ര തീർച്ചയുണ്ട് ആ സംഗതി.

നിങ്ങൾ സ്കൂളിൽപോയി പഠിക്കുന്ന കാലമാണ്. പള്ളിക്കൂടത്തിന്റെ അടുത്താണ് പള്ളി. അദ്ധ്യാപകർ പറഞ്ഞുതരുന്നതു് ശ്രദ്ധിച്ചുകൊണ്ട് നിങ്ങൾ ക്ലാസ്സിലിരിക്കുന്നു, അപ്പോൾ കേൾക്കാം ഒരു ബാൻറിന്റെ ശബ്ദം. അതു് അടുത്തടുത്തു വരുന്നു. ശോകഗാനങ്ങളാണ് ആ ഗായകസംഘം ആലപിക്കുന്നത്. നിങ്ങളുടെ ശ്രദ്ധ പതറുന്നു. ജനാലയിൽകൂടി പുറത്തേയ്ക്കു നോക്കുമ്പോൾ എന്തൊരു സങ്കടകരമായ കാഴ്ചയാണു കാണുക! ഒരു കൊച്ചുകുട്ടിയുടെ മൃതശരീരം അവർ സിമത്തേരിയിലേയ്ക്കു കൊണ്ടുപോവുകയാണ്. കറുത്ത കൊടികളും കുരിശുമായി ബന്ധുമിത്രാദികൾ അനുഗമിക്കുന്നു. വൈദികനുമുണ്ട് അവരുടെകൂടെ. അതെ, അതൊരു ചരമയാത്രയാണ്.

ക്ലാസ്സുവിട്ടപ്പോൾ നിങ്ങളും സിമിത്തേരിയിൽ ഓടിക്കൂടുന്നു. ആരാണു മരിച്ചത്? നിങ്ങൾ തിരക്കിയറിയുന്നു. നിങ്ങൾക്കു പരിചയമുള്ള കുട്ടിയാണ്. നിങ്ങളുടെകൂടെ വേദപാഠത്തിനു വന്നിരുന്നു; അല്ലെങ്കിൽ ഒരുമിച്ച് ആദ്യകുർബാന കൈക്കൊണ്ടതാണ്; നല്ലപോലെ പാടും; അഭിനയിക്കാൻ മിടുക്കുണ്ടായിരുന്നു; മത്സരക്കളിയിൽ സമ്മാനം മേടിച്ചതാണ്— ഇങ്ങനെ പറയാനുണ്ട് പലർക്കും ഓരോന്ന്.

പക്ഷെ എന്തുപിണഞ്ഞു ആ കൊച്ചിനു്? ഒരു ചെറിയ പനി അല്ലെങ്കിൽ കാലുതെററി കിണററിൽവീണു. അല്ലെങ്കിൽ ബസ്സുവന്നു ദേഹത്തിൽ മുട്ടി. ഇങ്ങനെ എന്തെല്ലാം വഴിക്കാണ് മരണം വന്നുകൂടുന്നത്!

കുട്ടികളായ നിങ്ങളും കുറെ നേരത്തേയ്ക്കു ചിന്തിച്ചുപോകുന്നു. മരണം ഏതുനേരത്തും വരാം. ഞങ്ങളെപ്പോലുള്ള കൊച്ചുകുട്ടികളും മരിക്കും. മരണം വളരെ തീർച്ചയായ കാര്യമാണ്; പക്ഷെ എപ്പോൾ മരിക്കുമെന്നും എങ്ങനെ മരിക്കുമെന്നും ഒരു തീർച്ചയില്ലതാനും.

എനിക്കു മരിക്കാൻ പേടിയാണ്. എനിക്കു മരിക്കേണ്ട എന്നു പറഞ്ഞതുകൊണ്ടു ഫലമുണ്ടോ? ഇല്ല. അങ്ങനെ പറയുന്നതിനു് അർത്ഥവുമില്ല. അതു ഭോഷത്തമാണ്. "എനിക്കു ക്ലാസ്സിൽതന്നെ ഇരുന്നാൽ മതി. കൂട്ടുകാരുടെകൂടെ ഇങ്ങനെ എപ്പോഴും ഇരിക്കണം. വീട്ടിലേയ്ക്കു പോകണ്ടാ" എന്നു വല്ല കുട്ടിയും പറയുമോ? പറഞ്ഞാൽ നിങ്ങളെല്ലാം ചിരിക്കും. അങ്ങനെ പറയുന്നതു മഠയത്തരമാണ്.

അതുപോലെതന്നെയാണ് മരിക്കാനിഷ്ടമില്ലെന്നു പറയുന്നതും. മരിക്കാതെ എങ്ങനെയാണ് നമ്മുടെ വീടായ സ്വർഗ്ഗത്തിൽപോയി ഈശോയുടെയും മാതാവിന്റെയും പുണ്യവാന്മാരുടെയുംകൂടെ വസിക്കുന്നതു്? ഭൂമിയോടു യാത്രപറഞ്ഞ്

സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതിനാണ് മരിക്കുക എന്നു പറയുന്നത്. പരലോകത്തിലേയ്ക്കുള്ള വാതിലാണ് മരണം

അതുകൊണ്ടാണു നല്ല കുട്ടികൾ മരണത്തെ ഭയപ്പെടാത്തത്.

എന്നാൽ ഭയപ്പെടുന്നവരില്ലേ? ഉണ്ട്. ആരാണത്? ദൈവത്തെ സ്നേഹിക്കാതെ അതായത് പാപകരമായ ജീവിതം കഴിച്ച് അതിൽ രസിച്ച് ജീവിക്കുന്ന കുട്ടികളും വലിയവരും. അവർ മരണത്തെ ഭയപ്പെടും. കാരണം, അവർ മരിച്ചാൽ പോകുന്നത് സ്വർഗ്ഗത്തിലേയ്ക്കല്ല, നരകത്തിലേക്കാണ്. തീർച്ചയായും അവർക്കു മരണത്തെ ഭയപ്പെടാതെ നിവൃത്തിയില്ല.

അങ്ങനെയുള്ളവർ "മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്കു നീ പിന്തിരിയും" എന്ന വാക്കുകളെക്കുറിച്ചു നന്നായി ചിന്തിക്കട്ടെ. പാപജീവിതം ഉപേക്ഷിച്ചു പ്രായശ്ചിത്തം ചെയ്യട്ടെ. സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽക്കൂടെ നടക്കട്ടെ. അപ്പോൾ അവർക്കും ഭയമില്ലാതെ ജീവിക്കാം.

നോമ്പുകാലത്തിന്റെ ഉൽഘാടനമാണ്, ചാരംപൂശുന്ന തിരുനാൾ. പ്രായശ്ചിത്തം ചെയ്യുവാനുള്ള കാലമാണ് നോമ്പുകാലം. എല്ലാവരും അനുതപിക്കണം. പ്രായമനുസരിച്ച് പ്രായശ്ചിത്തവും ചെയ്യണം. കാരണം, എല്ലാവരും പാപികളാണ്. പാപം ചെയ്യുന്നവർ ആരായാലും പ്രായശ്ചിത്തം ചെയ്യണം. അതാണ് നീതിയുള്ള നിയമം.

നീലമുന്നണിക്കാരായ നമ്മുടെ പ്രധാനപ്പെട്ട ആയുധങ്ങളിൽ ഒന്നാണ് പ്രായശ്ചിത്തം. നാം എപ്പോഴും ചെയ്യുന്ന ആശയടക്കങ്ങളും നമ്മുടെ കടമകൾ ശരിയായി നിർവ്വഹിക്കുന്നതിനുവേണ്ടിവരുന്ന ത്യാഗങ്ങളും ആണ് നമ്മുടെ പ്രായശ്ചിത്തം. പാപികളെ ഈശോയ്ക്കുവേണ്ടി നേടുവാനും കമ്മ്യൂണിസ്റ്റുകാരെ മാനസാന്തരപ്പെടുത്താനും നാം നിരന്തരം പ്രയോഗിക്കുന്ന ആയുധമാണ് ആശയടക്കം. ഈ തപസ്സുകാലത്ത് ഇതിൽ നാം ഒന്നു പ്രത്യേകം, വളരെ പ്രത്യേകം, ശ്രദ്ധിക്കും അല്ലേ? അതു നിങ്ങളുടെ ഓർമ്മയിൽ വരുത്താനാണ് ഞാൻ ഇത്രയും എഴുതിയത്.

പിന്നെ, ഈ വാചകവും മറക്കരുത്, കേട്ടോ. "മനുഷ്യാ, നീ പൊടിയാകുന്നു, പൊടിയിലേക്കു നീ പിന്തിരിയും." സ്വന്തം കൊച്ചച്ചൻ.

യാക്കോബിന്റെ ഗോവണി

(ഫാ. ഫ്ളോറിൻ, സി. എം. ഐ.)

അപ്പനോടും അമ്മയോടും യാത്ര പറഞ്ഞ് യാക്കോബ് പുറപ്പെട്ടു. ഇരുനൂറു മൈലിനപ്പുറം വടക്കു കിഴക്കേ ദിക്കിൽ സ്ഥിതിചെയ്യുന്ന ഹാറാൻ ആണ് അയാളുടെ ലക്ഷ്യം. അവിടെ, അബ്രാഹത്തിന്റെ തറവാടായ തന്റെ അമ്മവീട്ടിൽ എത്തിച്ചേരണം. അതു കഴിഞ്ഞാൽ പിന്നെ എല്ലാം ശുഭമാണെന്നാണ് അമ്മ പറഞ്ഞിരിക്കുന്നത്. അമ്മയുടെ സഹോദരനായ ലാബാൻ വളരെ നല്ലവനാണത്രെ. അയാളുടെ പെൺമക്കളിൽ ഒരാളെ വിവാഹവും ചെയ്യാം. അങ്ങനെ അമ്മാവനും അമ്മായിഅപ്പനും ആയ ലാബാന്റെകൂടെ താമസിച്ച് കുറെ സ്വത്തും സമ്പാദിച്ച് യഥാകാലം നാട്ടിലേക്കു തിരിച്ചുവരാം. ഇങ്ങനെയൊക്കെയാണ് അമ്മ പറഞ്ഞതും, യാക്കോബ് ആശിക്കുന്നതും. എന്നാൽ എല്ലാം അപ്രകാരം സംഭവിക്കുമെന്നു ആർക്കറിയാം? ദൈവം തന്നെ രക്ഷിക്കട്ടെ. പക്ഷെ ചതിയനെ ദൈവം രക്ഷിക്കുമോ? തെറ്റിനെക്കുറിച്ച് അനുതപിച്ചാൽ അവിടുന്നു ക്ഷമിക്കുകയില്ലേ?

പല ദിവസത്തെ യാത്രയ്ക്കുശേഷം യാക്കോബ് ഓറശ്ലേമിനു വടക്കുള്ള ഒരു സമതലത്തിൽ എത്തി. സൂര്യൻ അസ്തമിച്ചുകഴിഞ്ഞു. വിജനപ്രദേശമാണ്. അങ്ങുമിങ്ങും കുറ്റിക്കാടുകൾ. ഇരുട്ടു പൊതിഞ്ഞുനില്ക്കുന്നു. വലിയ കല്ലുകൾ അങ്ങിങ്ങായി ചിതറിക്കിടപ്പുണ്ട്. മനസ്സിന്റെ ഭാരവും യാത്രയുടെ ക്ഷീണവുംകൊണ്ടു തളർന്ന യാക്കോബ് ഒരു കല്ലുവലിച്ച് തലയിണയായിവച്ച് നീണ്ടുനിവർന്നുകിടന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ മുകളിൽ മിന്നി നില്ക്കുന്നതു കണ്ടപ്പോൾ അബ്രാഹത്തിന്റെ ദൈവത്തെ അയാൾ സ്മരിച്ചു. കാട്ടുമൃഗങ്ങൾ തന്നെ ആക്രമിക്കുമോ? യാക്കോബ് ദൈവത്തിൻകരങ്ങളിൽ സ്വയം സമർപ്പിച്ചുപ്രാർത്ഥിച്ചു. അതോടുകൂടി അയാൾ ഉറങ്ങിപ്പോയി.

ആ ഉറക്കത്തിൽ യാക്കോബ് ഒരു സ്വപ്നംകണ്ടു. ഒരു വെറും സ്വപ്നമല്ല ദൈവത്തിൽനിന്നുള്ള സാക്ഷാൽ ദർശനം. പിതാവായ അബ്രാഹത്തിനോട് ദൈവം സംസാരിച്ച കാര്യം അപ്പൻ പറഞ്ഞ് യാക്കോബ് കേട്ടിട്ടുണ്ട്. ഇപ്പോൾ ഇതാ ഈ കഷ്ടകാലത്തിന്റെ ആരംഭത്തിൽ ദൈവം അതേമാതിരി തന്നോടും സംസാരിക്കുന്നു!

ഭൂമിയിൽനിന്നും ആകാശംവരെ എത്തിയിരിക്കുന്ന ഒരു ഗോവണി യാക്കോബിനു ദൂശ്യമായി. ദൈവദൂതന്മാർ അതുവഴി ഭൂമിയിലേക്കു ഇറങ്ങുകയും സ്വർഗ്ഗത്തിലേക്ക് കയറു

യ്യും ചെയ്യുന്നു. കർത്താവായ ദൈ
വം ഗോവണിയുടെ തലയ്ക്കൽനിന്നു
കൊണ്ട് തന്നെ നോക്കി ഇങ്ങനെ
അരുളിച്ചെയ്യുന്നതും അയാൾ കേട്ടു:—
"നിന്റെ പിതാവായ അബ്രാഹ
ത്തിന്റെ ദൈവവും ഇസഹാക്കി
ന്റെ ദൈവവും ആയ കർത്താവ്
ഞാൻ ആകുന്നു. നീ കിടന്നുറങ്ങുന്ന
ഈ ഭൂമി നിനക്കും നിന്റെ സന്ത
തിക്കും ഞാൻ തരും. ... ... ഭൂ
മിയിലെ സകല വംശങ്ങളും നീ
മൂലവും നിന്റെ സന്തതിമൂലവും
അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ
നിന്നോടുകൂടെ ഉണ്ട്. നീ പോകു
ന്ന ദിക്കിൽ നിന്നെ ഞാൻ കാക്കും.
ഈ ദേശത്തേയ്ക്കു നിന്നെ ഞാൻ തി
രിയെ കൊണ്ടുവരും. . . . . . നിന്നെ
ഞാൻ കൈവിടുകയില്ല."

ഭയവും ദുഃഖവുംകൊണ്ടു കലങ്ങി
യിരുന്ന യാക്കോബിനു് എന്തൊരു
സമാശ്വാസവും ഉറപ്പും ആണു് ആ
ദർശനംപ്രദാനം ചെയ്തതു്! വികാ
രഭരിതനായി ഉണർന്നു അയാൾ പ
റഞ്ഞു:— "ഹാ! ഈ സ്ഥലം എത്ര
യോ ഭയങ്കരമാകുന്നു! ഇതു ദൈവ
ത്തിന്റെ ഭവനമല്ലാതെ മറ്റൊന്നു
മല്ല. ഇതു് ആകാശത്തിന്റെ വാ
തിൽതന്നെയാകുന്നു."

യാക്കോബ്ബ് അതിരാവിലെ എ
ഴുന്നേറ്റു് തന്റെ തലയിണയായി
വച്ചിരുന്ന കല്ലെടുത്ത് തൂണുപോ
ലെ നിറുത്തി അതിന്റെ തലയ്ക്കൽ
എണ്ണയൊഴിച്ചു്, അവിടെവച്ചു ത
ന്നെ ഒരു നേർച്ചനേർന്നു. "ദൈവം
എന്നോടുകൂടെ ഉണ്ടായിരിക്കുകയും
ഞാൻ പോകുന്ന ഈ വഴിയിൽ എ
ന്നെ സംരക്ഷിക്കുകയും എനിക്കു
ഭക്ഷണവും വസ്ത്രവും തരികയും എ
ന്റെ പിതാവിന്റെ വീട്ടിലേയ്ക്കു സ
മാധാനത്തോടുകൂടി ഞാൻ തിരിച്ചു
വരികയും ചെയ്യുമെങ്കിൽ കർത്താവു
എനിക്കു ദൈവമായിരിക്കും. ഞാൻ
തൂണായി നിറുത്തിയ ഈ കല്ലിന്റെ
സ്ഥാനത്തു് ഞാൻ ദൈവത്തിന്റെ
ആലയം സ്ഥാപിക്കും. എനിക്കു് അ
വിടുന്നു തരുന്ന എല്ലാ വസ്തുക്കളിൽ
നിന്നും പത്തിലൊന്നു ഞാൻ അവി
ടത്തേയ്ക്കു് നേർച്ചയായി കൊടുക്കുക
യും ചെയ്യും." ഇതായിരുന്നു നേർച്ച
യുടെ വാചകം.

ദൈവവും യാക്കോബ്ബും ഈ ഉട
മ്പടി പാലിച്ചതെങ്ങനെയെന്നു് അ
നന്തരചരിത്രത്തിൽനിന്നും നമുക്കു
കാണാം. ആ സ്ഥലത്തിനു് ബേസ്
ഏൽ (ദൈവത്തിന്റെ ഭവനം)
എന്നു് യാക്കോബ്ബ് പേരു വിളിച്ചു.

(തുടരും.)

നീലമുന്നണി അംഗങ്ങൾ.

(തുടർച്ച)

10875 അല്ലോൻസാ എൻ. എ. നെല്ലി
ശ്ശേരി 76 ആനി എം. ആർ. മാപ്രാണി
77 ആലീസ് എ.കെ. ഇമ്മട്ടി 78 എൽ
സി കെ. ഡി. കോനിക്കര 79 എൽസി
എം. എ. മുളക്കൻ 80 കുഞ്ഞൂത്തി എ.
വി. അപ്പാടൻ 81 കൊച്ചുമേരി സി.
കെ. ചിറയത്തു് 82 കുഞ്ഞായി റി.
ഡി. തോട്ടാൻ 83 കുമാരി കെ. വി.
കൊട്ടേകാലി 84 കൊച്ചുത്രേസ്യാ കെ.
ആർ. കണ്ണംപുഴ 85 ലിസി എം.കെ.
മുണ്ടൻകരിയൻ 86 മേരി കെ.
ആർ. കണ്ടകുളം 87 മേരി വി. എൻ.
വരിക്കശ്ശേരി 88 മേഴ്സി എ. എ.
അക്കര 89 ഫിലോമിന എം. വി. മാ
ളിയേക്കൽ 90 പൌളീന യു. പി.
ഉക്രാൻ 91 റോസിലി ഇ. ഒ. ഏനോ
ക്കാരൻ 62 റോസ് കെ. ഏ. കരിയ
പറമ്പൻ 93 റോസ്സിലി പി. എ. പാ
റക്ക 94 റോസ്സി റി. എ. തേച്ചുണ്ണി
95 റോസ്സിലി ഐ. പി. ഇമ്മട്ടി 96
റൂബി റി. എഫ്. തേർമഠം 97 ശാ
ന്ത എം. പി. മേലേടത്തു് 98 തങ്കമ്മ
ഏ. റി. അക്കര 99 തങ്ക ഐ. പി.
ഇമ്മട്ടി 10900 ത്രേസ്യാമ്മ എ. ഒ. അ
പ്പാടൻ 1 ത്രേസ്യ എം. ഒ. മാണിച്ചാക്കു്
2 അൽഫോൻസ് കെ. ആർ. ഉക്രാൻ
3 ആനി സി. ഒ. ചിറയത്തു് 4 അ
ന്നം സി. സി. ചിന്നാൻ 5 ആനി
എ. പി. അപ്പാടൻ 6 ആനി പി.
പി. പഞ്ഞിക്കാരൻ 7 സിസിലി പി.
ഡി. പുത്തുക്കാരൻ 8 സെലിൻ സി.
കെ. ചാലിശ്ശേരി 9 സെലിൻ പി.
വി. പെരുട്ടി 10 എൽസി യു. എ.
ഉമ്പാവു 11 എൽസബത്തു് എം. കെ.
മുണ്ടൻകരിയൻ 12 ഫ്ളെബി ഏന്റൊ
മൊയലൻ 13 ജെന്നി പി. എഫ്.
പൊറുത്തൂർ 14 ജോസഫീന യു. വി.
ഉക്രാൻ 15 കൊച്ചുത്രേസ്യ സി. എ.
ചിററിലപ്പിള്ളി 16 കൊച്ചുത്രേസ്യ
കെ. ആർ. കടവി 17 കത്രീന ടി.
എൻ. തേച്ചുണ്ണി 18 ലിസ്സി കെ. വി.
കൊമ്പൻ 19 ലിസ്സി വർഗ്ഗീസ്. പയ്യെ
പ്പിള്ളി 20 മേഴ്സി എ. എ. അഞ്ചേ
രി 21 മേരി വി. ആർ. ഓനത്തുടൻ.
22 മേരി പി. ഡി. പാണംചേരി
23 മേരി ടി. ടി. തെക്കെതല 24 മേരി
ഇ. പി. എലുവത്തിങ്കൽ 25 മേരി
എം. കെ മാപ്രാണം 26 മറിയം ഇ.
സി. ഇടപ്പിള്ളി 27 മറിയക്കുട്ടി കെ.
ആർ. കുരുവീട്ടിൽ 28 മോനി എ. സി.
ആളക്കാരൻ 29 ഓമന ഇ. എ. എരി
ഞ്ഞേരി 30 റോസി ജോസഫ് പുല്ലാ
ടൻ 31 റോസി വി. എ. വള്ളിശ്ശേരി.
32 റോസിലി എം. എൽ. മാപ്രാണി
33 റോസിലി എം. ഡി. മാപ്രാണി
34 ത്രേസ്യാമ്മ ഇ. ആർ. ഏനോക്കാ
രൻ 35 അന്നംകുട്ടി എം. ആർ. മുള്ളൻ
36 ആലീസ് എം. എൻ. മേച്ചേരി
37 അൽഫോൻസാ എ. പി. അക്കര
38 ക്ലസ്സി എ. എൽ. അക്കര 39 സിൽ
വി പി. ഡി. പടിക്കല 40 ഏലിക്കു
ട്ടി എ. കെ. അഞ്ചേരി 41 എൽസി
സി. കെ. ചുക്കപറമ്പൻ 42 കത്രീന
പി. ജെ. പെരുട്ടി 43 കൊച്ചുത്രേസ്യ
കെ. ജെ. കാട്ടുക്കാരൻ 44 കൊച്ചുത്രേ
സ്യ പി. ഡി. പാനികുളം 45 കൊ
ച്ചുത്രേസ്യ എൻ. എ. നെല്ലങ്കര 46
ലീല ജോസഫ് കാട്ടുക്കാരൻ 47 ലി
സി കെ. ഡി. കാട്ടുക്കാരൻ 48 മേരി
ടി. എൽ. തെയ്യാനത്തു് 49 മേരി ടി. ടി.
തരകൻ 50 മേരി ടി. എ. തോപ്പിൽ
51 മേരി എം. ഡി. മണ്ടി 52 മേരി
സി. പി. ചാഴൂർ 53 റോസി എം. കെ.
മൊളങ്ങൻ 54 റോസിലി ഇ. കെ. എ
ലുവത്തിങ്കൽ 55 റോസി കെ. പി.
കൊമ്പൻ 56 റോസി എം. ആർ. മാ
പ്രാണി 57 ശാന്ത പി. പി. പടിക്കല
58 ത്രേസ്യ പി. പി. പുളിക്കൻ 59 ത
ങ്കമ്മ എ. ഐ. അപ്പാടൻ 60 ത്രേസ്യ
എൽ. വി. നെല്ലിശ്ശേരി 61 അൽ
ഫോൻസാ പി. ജെ. പെരുട്ടി 62
ഇട്രീസാ ജോസഫ് എരിഞ്ഞേരി
63 ഫിലോമിന എൽ. അഞ്ചേരി 64
കൊച്ചുത്രേസ്യ എ. പി. അക്കര 65 അ
ല്ലി എം.എ.മുണ്ടൻകരിയൻ 66 റോസ്സി
വി. എ. വലപ്പാട്ടുകാരൻ 67 കൊച്ചു
മേരി എം. പി. മുക്കാട്ടുകരക്കാരൻ 68
മേരി യു. എ. ഉക്രാൻ 69 മേരി ഒ. ഒ.
ഒല്ലൂക്കാരൻ 70 മറിയാമ്മ എ. ഒ. അപ്പാ
ടൻ 71 സെലിന ടി. ജെ. തയ്യാലക്കൽ
72 എൽസി പി. എൽ. പള്ളിപൊറു
ത്തുകാരൻ 73 ഈനീസ് കെ. ജെ.
കുററിച്ചാക്കു് 74 കുഞ്ഞിലക്കുട്ടി ഐ.
കെ. ഇയ്യു 75 ലില്ലി കെ. ആർ. കണ്ണം
മ്പുഴ 76 ലില്ലി പി. തോട്ടാൻ തോട്ടാൻ
77 റോസ്സി എ. കെ. അഞ്ചേരി 78
മേരിക്കുട്ടി എൻ. എൽ. നെല്ലിശ്ശേരി
79 മാഗി ഇ. എ. എരിഞ്ഞേരി 80
റെജീന എൽ. ആർ. നെല്ലങ്കര 81
റോസിലി എം. ഡി. മുളങ്ങൻ 82 റോ
സിലി എം. ജെ. മേച്ചേരി 83 മേ
രിക്കുട്ടി കെ. എൽ. കോനിക്കര.

(തുടരും)

THE POPE SPEAKS

മാർപ്പാപ്പാ സംസാരിക്കുന്നു

"...നിങ്ങളുടെ ന്യായയുക്തമായ പ്രഥമതാല്പര്യം സെമിനാരിക്കാരുടെ പരിശീലനമാണ്. സഭ എപ്പോഴും അവരുടെ മുഖ്യമായ ശ്രദ്ധ ഈ കാര്യത്തിലേയ്ക്കു തിരിച്ചുകൊണ്ടാണിരിക്കുന്നതു്... ആകയാൽ പൗരോഹിത്യസ്ഥാനാർത്ഥികൾ എണ്ണത്തിൽ വർദ്ധിച്ചാൽ മാത്രം പോരാ. നിരന്തരമായ പ്രയത്നവും ബുദ്ധിപൂർവ്വകമായ ശിക്ഷണവും വഴിയായി, അവർ വിശുദ്ധ പഠനത്തിലെന്നപോലെ ജീവിതനൈർമ്മല്യത്തിലും പരിശീലിപ്പിക്കപ്പെടണം. അവർ വിളിക്കപ്പെട്ടിരിക്കുന്ന അതിവിശുദ്ധമായ ഉദ്യോഗനിർവ്വഹണത്തിനു് ഇവ ആവശ്യകമായിരിക്കുന്നു."

"വചനത്തിന്റെ ശുശ്രൂഷകന്മാർ" (ലൂ. 1. 5.), ഏതൊന്നിലേയ്ക്കു തങ്ങളുടെ മാതൃകകൊണ്ടു് വിശ്വാസികളെ ആനയിക്കേണ്ടിയിരിക്കുന്നോ ആ അതിസ്വാഭാവികമായ 'പുതിയ ജീവിതം'കൊണ്ടുവേണം ദൈവവചനത്തിന്റെ ഫലദായകത്വം പ്രഥമതഃ വ്യക്തമാക്കാൻ... ഭാരതത്തിലെ വൈദികർ ഒരു കാര്യം ഓർമ്മിച്ചിരിക്കട്ടെ. സംപൂജ്യരായ ഇടയന്മാരെ ഉടനടി, സന്തോഷപൂർവ്വം അനുസരിക്കുന്നതും, പരസ്പരം സഹോദരസ്നേഹത്തിന്റെ ചൈതന്യം പാലിക്കുന്നതുംപോലെ, ദിവ്യശുശ്രൂഷയുടെ ഫലങ്ങൾ വർദ്ധമാനമാക്കുന്ന കാര്യങ്ങൾ മററില്ലതന്നെ."

"പ്രീൻചെപ്സ് പസ്തോരും" എന്ന വിശ്വലേഖനത്തിൽ നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, സഭയുടെ അഭിവൃദ്ധിയ്ക്കു് മറേറതൊരു കാര്യത്തേക്കാൾ ഉതകുന്നതും നമുക്കു് ഹൃദ്യവുമായ ഒരു കാര്യമുണ്ടു്. അൽമായർക്കു് ശരിയായ പ്രബോധനം നൽകി വിദ്യാഭ്യാസം പ്രദാനം ചെയ്യുകയെന്ന ആ കാര്യമാണു് നാമിവിടെ ഉദ്ദേശിക്കുന്നതു്. അങ്ങിനെ ആയാൽ സ്വകാര്യപരവും പരസ്യവുമായ അവരുടെ മുഴുവൻ ജീവിതവും— രാഷ്ട്രത്തിൽ ഉന്നതപദവികളിലിരിക്കുന്നവരുടെ കാര്യത്തിൽ പ്രത്യേകിച്ചും— അവർ അനുസരിക്കുന്ന മതത്തിനും അതിൽനിന്നുളവാകുന്ന കടമകൾക്കും അനുയോജ്യമായിരിക്കും. കത്തോലിക്കാ സ്കൂളുകളുടേയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പ്രധാന പരിശ്രമം ഇതായിരിക്കണം.

"ചിലേടങ്ങളിൽ ദൈവത്തിന്റെ സഭ 'ചെറിയ ആട്ടിൻകൂട്ടം' (ലൂ. 12. 32) പോലെ കാണപ്പെട്ടിരുന്നാലും, രാജ്യത്തിന്റെ യഥാർത്ഥമായ അഭിവൃദ്ധിയ്ക്കും പുരോഗതിയ്ക്കും (ഇവയും വളരെ മതിക്കപ്പെടേണ്ട കാര്യങ്ങളാണു്) വാസ്തവത്തിൽ ശക്തിയേറിയ സഹായം നൽകുകതന്നെ ചെയ്യും. ഇങ്ങനെ സഭയുടെ സന്താനങ്ങൾക്കു് തങ്ങളുടെ ഭൗമിക മാതൃരാജ്യത്തോടു ആത്മാർത്ഥമായ സ്നേഹംപ്രകടിപ്പിക്കുവാൻ സാദ്ധ്യമായിത്തീരും"

(ഡൽഹിയിൽ സമ്മേളിച്ച ഭാരതത്തിലെ മെത്രാന്മാർക്കു നൽകിയ സന്ദേശം.)

കുടുംബമേഖല

വൈദികരും ജനങ്ങളും

(തുടർച്ച)

(ജി. സി. ടീലർ)

യഥാർത്ഥ നേതാവ് ആര്?

മാത്യു ചോദിച്ചു: "ഒരു യഥാർത്ഥനേതാവ് ആരാണ്? ദുഷ്ടന്മാരെ നശിപ്പിക്കുന്നവനോ, രക്ഷിക്കുന്നവനോ?"

ജോണിനു സംശയമുണ്ടായിരുന്നില്ല. "ദുഷ്ടന്മാരെ രക്ഷിക്കുന്നവൻ തന്നെയാണ് യഥാർത്ഥനേതാവ്" അയാൾ മറുപടി പറഞ്ഞു.

മാത്യു വിട്ടില്ല. അയാൾ കയ്യടിച്ചുകൊണ്ട് ഉൽഘോഷിച്ചു: "ഞാൻ പഴയ നിയമത്തിലേക്കാണ കടക്കുന്നത്. മൂശേ, ജോഷ്വാ, ഗെദെയോൻ, സാംസൺ, മുതലായ കൊലയാളികളെയാണ് യഹൂദജനം പിറുപിറുപ്പുകൂടാതെ തങ്ങളുടെ നേതാക്കന്മാരായി സ്വീകരിച്ചത്."

മൂശേ

ജോൺ ആ പ്രസ്താവന സ്വീകരിച്ചില്ല. "മൂശെയും മററും കൊലയാളികളായിരുന്നെന്നോ! മാത്യുവിന്റെ ഭാവനാസൃഷ്ടിയായ മൂശേയും ജോഷ്വായും ആയിരിക്കണം കൊലയാളികൾ. അവർ യഥാർത്ഥത്തിൽ ഇസ്രായേൽ ജനത്തിന്റെ രക്ഷകന്മാരായിരുന്നു എന്നാണെന്റെ അറിവ്."

"എന്റെഭാവനാസൃഷ്ടിയോ! കൊള്ളാം" "മാത്യു എതിർത്തു. "എന്നാൽ എന്റെ ഭാവനയുടെ വിത്തു വേദപുസ്തകത്തിൽത്തന്നെയാണ്. മൂശേ തന്റെ പ്രവർത്തനരംഗത്തേക്കു കാലുവയ്ക്കുന്നതുതന്നെ എങ്ങനെയെന്നറിയാമോ? ഒരു ഈജിപ്റ്റുകാരനെ അടിച്ചുകൊന്നു മണലിൽ കുഴിച്ചുമൂടിയിട്ട്. ഇസ്രായേൽ ജനത്തെ രക്ഷിക്കുവാൻവേണ്ടി അദ്ദേഹം ഫറവോൻ രാജാവിന്റെയും അദ്ദേഹത്തിന്റെ സൈന്യങ്ങളെയും ചെങ്കടലിൽ മുക്കിക്കൊന്ന കഥ പ്രസിദ്ധമല്ലേ? ഒരിക്കൽ സീനായിമലയുടെ അടിവാരത്തിൽ അദ്ദേഹം വന്നിട്ട് ലെവി ഗോത്രക്കാരോടു പറഞ്ഞു. നിങ്ങൾ ഓരോരുത്തരും വാൾ കയ്യിലെടുക്കുക; നിങ്ങളുടെ സഹോദരനെയും, സ്നേഹിതനെയും, അയൽവാസിയേയും കൊല്ലുക. അവർ അങ്ങനെ ചെയ്തു. 3 20000 ആളുകളാണ് അന്നു വധിക്കപ്പെട്ടത്.

ജോഷ്വാ

"ഇസ്രായേൽ ജനത്തിന്റെ രണ്ടാമത്തെ നേതാവായിരുന്നു ജോഷ്വാ. ചെറുപ്പത്തിൽ അദ്ദേഹം ചെയ്ത ഒരു ധീരകൃത്യം എന്താണെന്നു കേൾക്കണമോ? ആക്കൻ (Achan) എന്നു പേരുള്ള ഒരു മനുഷ്യനെ കല്ലെറിഞ്ഞു കൊന്നിട്ട് അയാളുടെ വീടിനു തീവച്ചു. ഹയി (Hai) എന്ന പട്ടണത്തെ മുഴുവൻ നശിപ്പിച്ചിട്ടാണ് ഇസ്രയേൽ ജനത്തിനു കുടിപാർക്കുവാൻ അദ്ദേഹം സ്ഥലമുണ്ടാക്കിക്കൊടുത്തത്. അദ്ദേഹം 31 രാജക്കന്മാരെ കൊന്നൊടുക്കി എന്നു ചരിത്രത്തിൽ പറയുന്നു. വേദപുസ്തകത്തിൽ അവരുടെ ഒരു ലിസ്റ്റും തന്നെയുണ്ട്.

ഗെദെയോൻ

"ഇസ്രായേൽ ജനത്തിന്റെ പാപം വർദ്ധിച്ചതിനാൽ ദൈവം അവരെ കൈവെടിഞ്ഞു. മീഡിയാക്കാരുടെ കീഴിൽ അവർ അടിമകളായി ഞെരുക്കങ്ങൾ അനുഭവിക്കുവാൻതുടങ്ങി. അനേകം പീഡനങ്ങൾ മൂലം അവർ ശുദ്ധീകരിക്കപ്പെട്ടപ്പോൾ അവരുടെമേൽ ദൈവം കരുണകാണിച്ചു. തന്റെ ജനത്തെ രക്ഷിക്കുവാൻ ഗെദെയോൻ എന്നൊരാളെയാണ് അവിടുന്നയച്ചത്. ഗെദെയോൻ കരുത്തരായ 300 ഇസ്രായേൽക്കാരെ തിരഞ്ഞെടുത്ത് അവരോടുകൂടി മീഡിയാക്കാരുടെ പാളയത്തിൽ എത്തി. ചതിപ്രയോഗത്തിലുള്ള തന്റെ സാമർത്ഥ്യമാണ് ഗെദെയോൻ അവിടെ പ്രകടിപ്പിച്ചത്. അവരെ അദ്ദേഹം നിശ്ശേഷം തോല്പിക്കുകയും അനേകംപേരേ നിഗ്രഹിക്കുകയും ചെയ്തു.

സാംസൺ

"ഇതിലേറെ രസകരമാണ സാംസന്റെ ചരിത്രം. ഇസ്രായേൽ ജനം പാപത്തിൽ നിപതിക്കുകയാൽ അവർ ഫിലിസ്ത്യായക്കാരുടെ അടിമത്തത്തിൽ നാല്പതു കൊല്ലക്കാലം ജീവിക്കേണ്ടിവന്നു. ഞെരുക്കങ്ങളുണ്ടാകുമ്പോഴാണല്ലൊ മനുഷ്യൻ തന്റെ തെററിനെപ്പററി അനുതപിക്കുക. ഇസ്രായേൽ ജനം പശ്ചാത്തപിക്കയും ദൈവം അവരെ രക്ഷിക്കുവാൻ തിരുമനസ്സാകുകയും ചെയ്തു.

"ദാൻ (Dan) എന്നയാളിന്റെ വംശത്തിൽപ്പെട്ടവനായി മനുവേ (Manue) എന്നൊരാൾ ജീവിച്ചിരുന്നു. വന്ധ്യയായിരുന്നു അയാളുടെ ഭാര്യ. ഒരിക്കൽ ഒരു ദൈവദൂതൻ അവളെസമീപിച്ചിട്ടു പറഞ്ഞു: നിനക്ക് ഇപ്പോൾ സന്താനങ്ങളൊന്നുമില്ലല്ലോ. എന്നാൽ നീ ഒരു പുത്രനെ പ്രസവിക്കും. നീ സൂക്ഷിച്ചുകൊള്ളുക; വീഞ്ഞോ ലഹരിസാധനങ്ങളോ നീ ഉപയോഗിക്കരുത്. കുട്ടി ജാതനായിക്കഴിഞ്ഞാൽ ഒരിക്കലെങ്കിലും അവന്റെ മുടി കത്രിക്കാതിരിക്കുവാൻ ശ്രദ്ധിച്ചുകൊള്ളുക. അവൻ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവനായിരിക്കും. കുട്ടിക്കാലം മുതൽ ഫെലിസ്ത്യായക്കാരുടെ പിടിയിൽ നിന്നും ഇസ്രായേൽക്കാരെ മോചിപ്പിക്കുവാൻ അവൻ ശ്രമിക്കും.

"കാലത്തിന്റെ പൂർണ്ണതയിൽ സാംസൺ ജനിച്ചു. ദൈവദൂതന്റെ നിർദ്ദേശം അനുസരിച്ച് അമ്മ അവനെ വളർത്തി. പക്ഷേ പ്രായമായപ്പോൾ ഒരു ഫിലിസ്ത്യായക്കാരി പെൺകുട്ടിയിലായി അവനു സ്നേഹം. നിർബന്ധം മൂലം മാതാപിതാക്കന്മാർ ആ വിവാഹത്തിനു സമ്മതിച്ചു. കല്യാണവും നടന്നു. പക്ഷേ ഏഴാം ദിവസം മുതൽ ഫിലിസ്ത്യായക്കാരെ നശിപ്പിക്കുവാനുള്ള വഴികൾ സാംസൺ അന്വേഷിച്ചുകൊണ്ടിരുന്നു. തന്റെ ഒരു കടംകഥയുടെ അർത്ഥം പറയുവാൻ കഴിഞ്ഞില്ലെന്നു പറഞ്ഞ് അയാൾ 30 ഫിലിസ്ത്യായക്കാരെ അന്നുതന്നെ കൊന്ന് അവരുടെ ഷർട്ടും കോട്ടും ഊരിയെടുത്തുകളഞ്ഞു.

"വേറൊരിക്കൽ 300 കുറുക്കന്മാരെ പിടിച്ചെട്ടത്തിട്ട് അയാൾ ഈരണ്ടായി തിരിച്ചുനിറുത്തി വാലോടുവാൽ ചേർത്തുകെട്ടി. വാലിൻെറ നടുവിലായി ഒരു പന്തവും തിരുകിവച്ചു. ഫിലിസ്ത്യായക്കാരുടെ വയലുകളെല്ലാം വിളഞ്ഞു പാകമായിക്കിടന്നിരുന്ന സമയം. സാംസൺ എല്ലാത്തിലും തീ കൊളുത്തി കുറുക്കന്മാരെയെല്ലാം വയലുകളിലേക്ക് ഓടിച്ചു. ഒരു നാഴിക വേണ്ടിവന്നില്ല ഫിലിസ്ത്യായക്കാരുടെ കോതമ്പു വയലുകളെല്ലാം കത്തി ദഹിക്കുവാൻ.

"വേറൊരിക്കൽ ഒരു കഴുതയുടെ നട്ടെല്ലാണ് അയാൾക്കു കിട്ടിയതു്. അതുകൊണ്ടു് അയാൾ ആയിരം ഫിലാസ്തായക്കാരെ എതിർക്കുകയും അവരെയെല്ലാം ഒന്നൊഴിയാതെ നിഗ്രഹിക്കുകയും ചെയ്തു. ഒടുവിൽ ഫിലിസ്ത്യായക്കാർ തല മുണ്ഡനം ചെയ്തു് അയാളെ പിടികൂടി. കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിച്ചു് അവർ അയാളെ ബന്ധനത്തിലാക്കി; പക്ഷേ തലമുടി വളർന്നതോടുകൂടി പഴയ ശക്തി മുഴുവനും അയാൾക്കു തിരിച്ചുകിട്ടി. ഒരുദിവസം വലിയ ഒരു വിരുന്നു നടന്നുകൊണ്ടിരുന്നപ്പോൾ അയാൾ ആ കെട്ടിടം കുലുക്കി മറിച്ചിട്ടു് അനേകായിരങ്ങളോടുകൂടി അയാളും മരിച്ചു."

പഴയതും പുതിയതും

വേദപുസ്തകത്തിൽ മാതൃവിനുള്ള ജ്ഞാനം അഗാധമാണെന്നു രണ്ടുപേരും മനസ്സിലാക്കി. പഴയകാലത്തു പരാക്രമികളെയാണു ജനങ്ങൾ നേതാക്കന്മാരായി അംഗീകരിച്ചിരുന്നതെന്നു് പഴയനിയമത്തിൻെറ ഏടുകൾ തെളിച്ചു നൽകുന്നുണ്ടു്. എന്നാൽ പുതിയനിയമത്തിൽ നേരേ മറിച്ചു കാണുന്നു. മനുഷ്യനായി അവതരിച്ച ദൈവത്തിൻെറ ചരിത്രമാണു് അതു മുഴുവനും. വി. മത്തായിയുടെ സുവിശേഷം 20–ാം അദ്ധ്യായത്തിൽ കുറേ വാക്യങ്ങൾ കാണുന്നു. നേതാക്കന്മാരുടെ ലക്ഷണങ്ങൾ എന്തായിരിക്കണമെന്നാണു് ക്രിസ്തുനാഥൻ അതിൽക്കൂടി പറഞ്ഞിരിക്കുന്നതു്.

നേതാവിൻെറ ലക്ഷണങ്ങൾ

അവിടുന്നു് ശിഷ്യരോടു് ഇപ്രകാരം അരുളിച്ചെയ്തു: പുറജാതികളുടെ തലവന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നവരാകുന്നുവെന്നും, അവരുടെ പ്രധാനികൾ അവരുടെമേൽ സ്വാതന്ത്ര്യഭരണം നടത്തുന്നുവെന്നും നിങ്ങൾ അറിയുന്നുവല്ലൊ. നിങ്ങളുടെ ഇടയിൽ ഇങ്ങനെയാകരുതു്. മറിച്ചു്, നിങ്ങളിൽ പ്രധാനിയാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകൻ ആയിരിക്കണം. നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യുവാനും വളരെപ്പേരുടെ വീണ്ടെടുപ്പു വിലയായി തൻെറ ജീവനെ കൊടുക്കുവാനുമല്ലാതെ, ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടില്ല. (തുടരും.)

വിശുദ്ധ ഗ്രന്ഥവീഥി

(റവ. ഫാ. പസ്റ്റേഷ്യസ്, സി. എം. ഐ.)

ചോ. 10) മ്ശീഹായെക്കുറിച്ചു് പഴയനിയമത്തിലുള്ള പ്രവചനങ്ങൾ ഗ്രഹിക്കുക പ്രാധാന്യമുള്ള കാര്യമാണോ?

ഉത്തരം. വളരെ പ്രാധാന്യമുള്ളവയാണു്. മ്ശീഹായെക്കുറിച്ചു് ഒന്നും ഗ്രഹിക്കാതിരിക്കുന്നവനു് പ്രവചനം, വെറും പച്ചവെള്ളം മാത്രമാകുന്നു എന്നു വി. ആഗുസ്തീനോസ് പറയുന്നു. മ്ശീഹായെ വിട്ടുകളഞ്ഞുകൊണ്ടു് പ്രവാചകഗ്രന്ഥങ്ങളെല്ലാം നീ വായിക്കുക; ഇത്ര വിരസജനകവും അർത്ഥശൂന്യവുമായി യാതൊന്നും നീ കാണുകയില്ല. അവിടെ മ്ശീഹായെ നീ ഗ്രഹിക്കുന്നുവെങ്കിൽ നിൻെറ വായന ആസ്വാദ്യപൂർണ്ണമായിരിക്കുമെന്നു മാത്രമല്ല, ആനന്ദലഹരി പിടിപ്പിക്കുന്നതുമായിരിക്കും" എന്നു് അദ്ദേഹം തുടർന്നു് പ്രസ്താവിക്കുന്നു.

ചോ. 11) മ്ശീഹായെ സംബന്ധിച്ചു് പഴയനിയമത്തിലുള്ള പ്രവചനങ്ങളെക്കുറിച്ചു് പുതിയ നിയമം എന്തു പറയുന്നു?

ഉ– പ്രവചനങ്ങളെല്ലാം നസ്രായനായ ഈശോമ്ശീഹായിൽ പൂർത്തിയായിട്ടുണ്ടെന്നു് പുതിയനിയമം വിളിച്ചറിക്കുന്നു.

ചോ. 12) പഴയനിയമഗ്രന്ഥങ്ങളിലെ പ്രവചനങ്ങൾ പുതിയനിയമഗ്രന്ഥങ്ങളിലെ ഈശോമ്ശീഹായോടു് ഇത്ര പൂർണ്ണമായി യോജിക്കുന്നതെങ്ങനെ?

ഉ– ദൈവശക്തിയാൽ മാത്രമേ അതു് സംഭവിക്കുവാൻ പാടുള്ളു എന്നു് സ്പഷ്ടമല്ലയോ? അനേകരുടെ സ്വാതന്ത്ര്യമനസ്സിനെ ആശ്രയിച്ചുണ്ടാകുന്ന സംഭവങ്ങളെ അനേകം വർഷങ്ങൾക്കു മുമ്പു് പ്രവചിക്കുക എന്നതും, പ്രവചിക്കപ്പെട്ട വിധത്തിൽ യഥാസമയത്തു് അവ ഒരാളിൽ പൂർത്തിയാവുക എന്നതും ദൈവശക്തിയാൽ മാത്രമേ സംഭവിക്കുവാൻ പാടുള്ളു എന്നു് തീർച്ചയല്ലയോ?

ചോ. 13) മ്ശീഹായെക്കുറിച്ചുള്ള പ്രതിരൂപങ്ങൾ എന്നാൽ എന്താകുന്നു?

ഉ– വരുവാനിരുന്ന മ്ശീഹായുടെ ഗുണലക്ഷണങ്ങളെയും, അദ്ദേഹത്തെ സംബന്ധിച്ച പരമരഹസ്യങ്ങളെയും, അദ്ദേഹത്തിൻെറ പ്രവൃത്തികളെയും പ്രതിഛായയായി വിവിധരൂപങ്ങളിൽക്കൂടി പ്രദർശിപ്പിച്ചിരുന്ന ആളുകളും ചരിത്രസംഭവങ്ങളുമാകുന്നു മ്ശീഹായെക്കുറിച്ചുള്ള പ്രതിരൂപങ്ങൾ.

ചോ. 14) മ്ശീഹായെക്കുറിച്ചുള്ള പ്രതിരൂപങ്ങൾ ഏവ എന്നു് ചുരുക്കമായി വിവരിക്കുക?

ഉ– ആദം:— മനുഷ്യവംശത്തിൻെറ ജഡികപിതാവായ ആദം, ആദ്ധ്യാത്മികപിതാവായ മ്ശീഹായുടെ പ്രതിരൂപമായിരുന്നു. അതുകൊണ്ടു് വി. പൌലോസ് മ്ശീഹായെ രണ്ടാമത്തെ ആദം എന്നു വിളിക്കുന്നു.

ഹാബേൽ:— സ്വസഹോദരനാൽ

വധിക്കപ്പെട്ട നീതിമാനായ ഹാബേൽ, സ്വസഹോദരന്മാരായ യൂദന്മാരാൽ വധിക്കപ്പെട്ട ഏററവും വലിയ നീതിമാനായ മ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു. ഹാബേലിന്റെ രക്തത്തിന്റെ സ്വരം പ്രതികാരത്തിനായി ദൈവത്തിൻ പക്കലേയ്ക്കു് നിലവിളിച്ചുവെങ്കിൽ, മ്ശീഹായുടെ രക്തത്തിന്റെ സ്വരം കാരുണ്യത്തിനായി നിലവിളിക്കുന്നു.

നോഹ്:— സ്വകുടുംബത്തിന്റെ രക്ഷയ്ക്കായി പെട്ടകം നിർമ്മിച്ച നോഹ്, വിശ്വാസികളുടെ രക്ഷയ്ക്കായി തന്റെ സഭയെ സ്ഥാപിച്ച മ്ശീഹായുടെ ഒരു പ്രതിരൂപമാകുന്നു.

മൽക്കിസ്ദെക്ക്:— അപ്പവും വീഞ്ഞും ബലിയായി സമർപ്പിച്ച പുരോഹിതനും രാജാവുമായ മൽക്കിസ്ദെക്ക് വി. കുർബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ സ്വശരീരരക്തങ്ങൾ ബലിയർപ്പിക്കുന്ന മ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു.

ഇസ്ഹാക്ക്:— ബലിവസ്തുതന്നെ (ഇസ്ഹാക്ക്) ഹോമബലിയ്ക്കുള്ള വിറകും ചുമന്നുകൊണ്ട് മലയിലേയ്ക്കു് കയറിയതുപോലെ നമ്മുടെ പാപങ്ങൾക്കുവേണ്ടി ബലിവസ്തുവായി മരിക്കുന്നതിന്ന് കുരിശുമരവും ചുമന്നുകൊണ്ട് മ്ശിഹാ ഗാഗുൽത്താമലയിലേയ്ക്കു കയറി.

യൗസേപ്പ്:— സ്വസഹോദരന്മാരാൽ വില്ക്കപ്പെടുകയും, ഈജിപ്തിന്റെ രക്ഷകനായിത്തീരുകയും ചെയ്ത യൗസേപ്പ്, യൂദായാൽ വില്ക്കപ്പെടുകയും, ശത്രുക്കൾക്ക് ഏല്പിക്കപ്പെടുകയും, ഇങ്ങനെ ലോകത്തിന്റെ രക്ഷകനായിത്തീരുകയും ചെയ്ത മ്ശീഹായുടെ പ്രതിരൂപമായിരുന്നു.

മൂശെ:— മൂശെയും മ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു. അദ്ദേഹം ഇസ്രായേൽ ജനത്തെ ചെങ്കടൽ കടത്തി എജിപ്തുകാരുടെ അടിമത്തത്തിൽനിന്ന് വിമുക്തരാക്കി. അദ്ദേഹം അവർക്ക് ദൈവത്തിന്റെ പ്രമാണങ്ങൾ നല്കുകയും മന്നാ വർഷിപ്പിക്കുകയും, പാറയിൽനിന്ന് വെള്ളം വരുത്തിക്കൊടുക്കുകയും, മരുഭൂമിയിൽക്കൂടി വാഗ്ദത്തനാട്ടിലേയ്ക്കു് അവരെ ആനയിക്കുകയും ചെയ്തു. ഈശോമ്ശീഹാ തന്റെ അമൂല്യരക്തം വഴിയായി നമ്മളെ പിശാചിന്റെ അടിമത്തത്തിൽനിന്ന് വിമുക്തരാക്കി നിത്യായുസ്സിന്റെ വാഗ്ദത്ത നാട്ടിലേയ്ക്കു് നയിക്കുന്നു.

പെസഹാക്കുഞ്ഞാട്:— കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടികളിന്മേൽ തളിക്കപ്പെട്ടിരുന്ന ഇസ്രായേൽ ഭവനങ്ങളെവിട്ട് സംഹാരദൂതൻ കടന്നുപോയതു്, ദിവ്യചെമ്മരിയാട്ടിൻകുട്ടിയായ മ്ശീഹായുടെ തിരുരക്തം, നമ്മുടെ ആത്മാക്കളെ നിത്യമരണത്തിൽനിന്ന് രക്ഷിക്കുവാനിരുന്നതിന്റെ ഒരു പ്രതിരൂപമായിരുന്നു.

പഴയനിയമത്തിലെ രക്തമയമായതും, അല്ലാത്തതുമായ ബലികളും, സാക്ഷ്യപെട്ടകവും, ആരാധനകളും, പ്രധാനാചാര്യനായ അഹറോനും, പുരോഹിതന്മാരും, ലേവായരും, പുതിയനിയമത്തിലെ ഗാഗുൽത്താബലിയുടെയും, കുർബാന എന്ന ദിവ്യപൂജയുടെയും, ക്രിസ്തീയ പൗരോഹിത്യത്തിന്റെയും പ്രതിരൂപങ്ങളായിരുന്നു.

പിച്ചളസർപ്പം:— വിഷസർപ്പദംശനമേററവർ, രക്ഷപെടുന്നതിനായി, ദൈവകല്പനപ്രകാരം, മൂശെ ഉണ്ടാക്കി സ്ഥാപിച്ച പിച്ചളസർപ്പം, തന്നിൽ വിശ്വസിക്കുകയും ശരണപ്പെടുകയും ചെയ്യുന്നവരിൽനിന്ന്, തന്റെ യോഗ്യതകളും മാതൃകയും വഴിയായി നരകസർപ്പത്തിന്റെ വിഷമാകുന്ന പാപം നിർമ്മാർജ്ജനം ചെയ്യുന്ന ക്രൂശിതനായ മ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു. സർപ്പത്തിന്റെ രൂപത്തിലായിരുന്നെങ്കിലും വിഷലേശമില്ലാതിരുന്ന പിച്ചളസർപ്പത്തിൽനോക്കി, മരുഭൂമിയിൽവെച്ച് സർപ്പദംശനമേററവർ രക്ഷ പ്രാപിച്ചതുപോലെ, പാപപങ്കിലമായ മനുഷ്യസ്വഭാവം സ്വീകരിച്ചുവെങ്കിലും, പാപലേശമില്ലാതിരുന്ന ക്രൂശിക്കപ്പെട്ട മ്ശീഹായിലുള്ള വിശ്വാസം വഴിയായി മനുഷ്യർ നിത്യായുസ്സ് പ്രാപിക്കുന്നു.

ശെമ്ശോൻ:— ആസസ്പട്ടണത്തിൽ ബന്ധനസ്ഥനായിരിക്കുമ്പോൾ, ആ പട്ടണവാതിലിന്റെ കട്ടിളപ്പടികൾ രണ്ടിലും പിടിച്ച് സാക്ഷാകളോടുകൂടി എടുത്ത് തോളിൽ വഹിച്ചുകൊണ്ടുപോയ ശെമ്ശോൻ പാപത്തിന്മേലും മരണത്തിന്മേലും വിജയം പ്രാപിച്ചുകൊണ്ട് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും, തന്റെ ഉയിർപ്പ് വഴിയായി മരണകാരാഗാരത്തിന്റെ വാതിലുകൾ തുറന്ന് മനുഷ്യരെ വിമുക്തരാക്കുകയും ചെയ്ത വിജിഗീഷുവായ മ്ശീഹായുടെ ഒരു പ്രതിരൂപമാകുന്നു.

യൗനാൻ:— കപ്പലിന്റെ രക്ഷക്കുവേണ്ടി കടലിലിടപ്പെടുകയും ഒരു വലിയ മത്സ്യത്തിനുള്ളിൽ മൂന്നു ദിവസം വസിക്കയും, കടൽത്തീരത്തേയ്ക്കു് വമിക്കപ്പെടുകയും ചെയ്ത യൗനാൻ, നമ്മുടെ രക്ഷയ്ക്കുവേണ്ടി മരണത്തിന്ന് വിധിക്കപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ഈശോമ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു.

ഏലിയാ:— സ്വശിഷ്യനായ എലീശായുടെ സാന്നിദ്ധ്യത്തിൽ സ്വർഗ്ഗത്തിലേയ്ക്കു് അഗ്നിരഥത്തിൽ ആവഹിക്കപ്പെട്ട ഏലിയാ, സ്വശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ സൈത്തുമലയിൽനിന്ന് സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണം ചെയ്ത ഈശോമ്ശീഹായുടെ ഒരു പ്രതിരൂപമായിരുന്നു.

ചോ. 15) പഴയനിയമത്തിലെ പ്രവചനമോ, ഒരു ചരിത്രസംഭവമോ, ഒരു ആളോ, മ്ശീഹായെ കുറിച്ചുള്ള പ്രവചനം അഥവാ പ്രതിരൂപം ആകുന്നുവെന്ന് നമ്മൾ എങ്ങനെയാണ് അറിയുന്നതു?

ഉ— മൂന്നു വിധത്തിൽ: (1) അതു മ്ശീഹായെക്കുറിച്ചുള്ളതാണെന്ന് പുതിയ നിയമഗ്രന്ഥകാരന്മാർ സ്പഷ്ടമായി പ്രസ്താവിക്കുന്നതിൽനിന്ന്, (2) തിരുസ്സഭയുടെ ഔദ്യോഗികമോ, സാധാരണമോ ആയ ഉൽബോധനത്തിൽനിന്ന്. (3) തിരുസ്സഭാപിതാക്കന്മാരുടെ ഏകരീതിയിലുള്ള വ്യാഖ്യാനങ്ങളിൽനിന്ന്.

ആരണ്യകാശ്രമം

ധ്യാനം വഴിയായി ദൈവജ്ഞാനത്തിൽ വദ്ധിച്ച്, ദൈവൈക്യം സമ്പാദിച്ച്, സമാധിയിൽ നമ്മുടെ കർത്താവിന്റെ സ്നേഹപൂർണ്ണമായ ആലിംഗനം ലഭിക്കുന്നതിനു് സഹായം നൽകുന്ന ഒരു പ്രത്യേക സ്ഥാപനം കേരളത്തിലുണ്ട്. കേരളീയർക്കൊരു പുതിയ രീതിയായി തോന്നാവുന്ന ആരണ്യകാശ്രമം "നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും, നിന്റെ പൂർണ്ണാത്മാവോടും, നിന്റെ പൂർണ്ണമനസ്സോടും, നിന്റെ പൂർണ്ണശക്തിയോടുംകൂടി സ്നേഹിക്കുക" എന്ന ഏറ്റവും വിശിഷ്ടമായ കല്പന നിർബാധവും അപകടരഹിതവുമായ രീതിയിൽ അനുസരിക്കുന്നതിനു് ആശിക്കുന്ന പുരുഷന്മാർക്കുവേണ്ടിയുള്ള ഒരു സ്ഥാപനമാണ് കുരിശുമല ആശ്രമം. സ്ഥിരമായും താല്ക്കാലികമായും താമസിക്കാൻ ആഗ്രഹിക്കുന്നവരെ അവിടെ സ്വാഗതം ചെയ്യുന്നു. കർമ്മലീത്താസഭക്കാരുടേതായ (C. M. I.) ഇമ്മാതിരി ഒരാശ്രമം രൂപംകൊണ്ടുവരുന്നുണ്ട്. എന്നാൽ സ്ത്രീകൾക്കുവേണ്ടിയുള്ള മിണ്ടാമഠങ്ങൾ കേരളത്തിൽ പലതുണ്ടായിക്കഴിഞ്ഞിട്ടുണ്ട്.

ധ്യാനത്തിനു ഏറ്റവും അത്യാവശ്യമായ ഏകാന്തതയിലും മൗനത്തിലും ജീവിക്കുന്ന കുരിശുമല സന്യാസികൾ യാതൊരു ബാഹ്യപ്രേഷിതജോലികളിലും ഏർപ്പെടുന്നില്ല.

വിദ്യാഭ്യാസമുള്ളവരേയും ഇല്ലാത്തവരേയും, വൃദ്ധന്മാരെപ്പോലും സ്വീകരിച്ചു സഹായിക്കുന്നതിനു് ഒരുക്കമുള്ളവരാണ് കുരിശുമല സന്യാസിമാർ. S. S. L. C. പാസായിട്ടുള്ളവരെ വൈദികരാകുന്നതിനു് സ്വീകരിക്കുന്നതാണ്. സന്ദർശനത്തിനു ചെല്ലുന്നവർക്ക് ഏതാനും ദിവസം താമസിക്കുന്നതിനുള്ള സൗകര്യവും നൽകപ്പെടുന്നു. കൂടുതൽ വിവരത്തിനു എഴുതുക.

Fr. Prior, Kurisumala
Ashram, Fairfield P. O.

അമലോത്ഭവ മറിയത്തിന്റെ കർമ്മെല സഭ (C. M. I.)

വിശുദ്ധിയുടെ പൂർണ്ണതയിലെത്തുവാൻ– പുരോഹിതജോലികൾ നിർവ്വഹിക്കുവാൻ– മിഷനറി പ്രവർത്തനങ്ങളിലേർപ്പെടുവാൻ– ആരണ്യക ജീവിതം വേണമെങ്കിലതിനും നിങ്ങൾക്കവസരം നൽകുന്നു.

സന്യാസ ദൈവവിളിയുണ്ടെന്നു തോന്നുന്ന, നല്ല മാർക്കു കിട്ടി ജയിക്കുമെന്നു പ്രതീക്ഷിക്കുന്ന, സൽസ്വഭാവികളെന്നു മനഃസാക്ഷിയുടേയും മറ്റാളുകളുടേയും സാക്ഷ്യമുള്ള, ആരോഗ്യവാന്മാരായ കുട്ടികൾക്കു

— എപ്പോഴും സ്വാഗതം —

ഹൈസ്കൂൾ വിദ്യാർത്ഥികളും ഉപരിപഠനമുള്ളവരും കൂടുതൽ വിവരങ്ങൾക്കായോ സഭയുടെ സെ. ജോസഫ്സ് പ്രോവിൻസിൽ പ്രവേശനത്തിനു വേണ്ടിയോ

താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുകയോ നേരിട്ടു കാണുകയോ ചെയ്യുക.

പഠനയോഗ്യത കുറവായിരുന്നാലും മറ്റു ഗുണലക്ഷണങ്ങളുണ്ടായിരുന്നാൽ ബ്രദേഴ്സ് ആയി ചേരാവുന്നതാണ്.

വിദേശത്തും (ഇറാക്ക്) ഉത്തരേന്ത്യയിലും (അമ്പികപ്പൂർ) കേരളത്തിലും (തലശ്ശേരിരൂപതയിലും തെക്കൻ തിരുവിതാംകൂറിലും) സഭാംഗങ്ങൾ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നു. ധ്യാനപ്രസംഗം, സ്ക്കൂളുകൾ, കോളേജുകൾ, പോളിടെക്നിക്ക്, ആസ്പത്രികൾ, അനാഥശാലകൾ, പത്രമാസികകൾ, അച്ചടിശാലകൾ, ബോയ്സ്ഹോം. etc .... etc .... .

1831–ൽ മാന്നാനത്തു് സഭയാരംഭിച്ചു. ആദ്യ അംഗം ദൈവദാസനായ **ചാവറ പ്രിയോരച്ചൻ**– ഇപ്പോൾ സഭയിലുള്ള അംഗങ്ങൾ 1030 – കൊവേന്തകൾ 27 – ഉപസ്ഥാപനങ്ങൾ 24– പഠനം ബാംഗ്ലൂരിലും പൂനായിലും– യോഗാർത്ഥികൾ താമസിക്കുന്നതു് ആദ്യം മാന്നാനത്തു്, പിന്നീടു മുത്തോലിയിൽ– നൊവിഷ്യേറ്റ് ചെത്തിപ്പുഴയിൽ.

അനുസരണം – കന്യാത്വം – ദാരിദ്ര്യം.

Vocation Director, S. J. Monastery, Mannanam P. o.

ലോറി ഡ്രൈവർ

(മുട്ടത്തു വർക്കി)

ആശുപത്രിത്തിണ്ണയിൽ തങ്കപ്പൻ താടിക്കു കൈയുംകൊടുത്തിരുന്നു അവന്റെ തല പുകയുകയാണ്. താറാച്ചേടത്തിയുടെ കണ്ണുനീർ ഇനി തുവരുകയില്ല. കത്രീനാ വാവിട്ടു നിലവിളിച്ചു ബോധംകെട്ടു വീണുപോയി. ത്രേസ്യാ ഇടയ്ക്കിടയ്ക്കു ഏങ്ങലടിച്ചുകൊണ്ടിരുന്നു.

തോമ്മാച്ചേട്ടന്റെ വലത്തുകാൽ ഒടിഞ്ഞുപോയി. ബോധം ഇനിയും ശരിക്കു വീണിട്ടില്ല. വല്യവീട്ടിൽ കര്യച്ചനും ഷീലായും കാറിൽ വന്നു. തോമ്മാച്ചേട്ടനെ കണ്ടു. താറാച്ചേടത്തിയുടെ കയ്യിൽ കര്യൻചേട്ടൻ കുറെ രൂപാ ഏല്പിച്ചു. അവർക്കെന്തിനു് രൂപാ?

തന്റെ ആന്ത്രന്നോൻ മരിച്ചുപോകുമോ? ദൈവമെ! അതോർക്കാൻപോലും നിവൃത്തിയില്ല. അവർ ജീവച്ഛവമാണ്.

വരാന്തത്തിണ്ണയിലിരിക്കുന്ന തങ്കപ്പന്റെ അടുക്കലേക്കു ഷീലാ ചെന്നു. അവളെ അവൻ കണ്ടില്ല. അവൻ ഏതോ ചിന്തയിൽ മുഴുകിയിരിക്കുകയായിരുന്നു. അവൾ അവന്റെ തലയിൽ പതുക്കെ തട്ടി. അവൻ തിരിഞ്ഞുനോക്കി. വീണ്ടും മുഖം കുനിച്ചിരുന്നു. അവന്റെ മുഖത്തു യാതൊരു ഭാവഭേദവും കണ്ടില്ല.

"തങ്കപ്പാ"

"എന്നാ"

"എന്താ ഇങ്ങനെ ഇരിക്കുന്നെ."

"പിന്നെന്താ തലകുത്തി നിൽക്കണോ?"

"തങ്കപ്പൻ ആരോടാണ് സംസാരിക്കുന്നതെന്നറിയാമോ? സൂക്ഷിച്ചു സംസാരിക്കണം കേട്ടോ."

"ഹൊ! അല്ലെങ്കിൽ, നീയെന്തു ചെയ്യുമെടീ" അവൻ തലപൊക്കി അവളുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു. അവന്റെ കണ്ണുകൾ ചെമന്നിരുന്നു. ഷീലാമ്മ ഭയന്നുപോയി. അവൾ വാസ്തവത്തിൽ വളരെ സ്നേഹഭാവത്തിലാണ് അവനെ സമീപിച്ചതു് അവന്റെ ഒരു സംസാരവും പെരുമാറ്റവും കണ്ടില്ലേ!

"കവലച്ചട്ടമ്പി!" അവൾ മുഖം വെട്ടിച്ച് ഗൗരവഭാവത്തിൽ തിരിയെ പോയി. തോമ്മാച്ചേട്ടനു പറ്റിയ അത്യാഹിതത്തിൽ അവൻ വേദനിച്ചിരിക്കുകയായിരിക്കാം. അതുകൊണ്ടായിരിക്കണം അവനങ്ങനെ പറഞ്ഞതു്. എങ്കിലും ഒരു മര്യാദയും മാർഗ്ഗവും ഇല്ലാത്ത പെരുമാറ്റം. പുരുഷന്മാർക്കു ധീരതകൊള്ളാം. ധീരരായ പുരുഷന്മാരെയാണ് സ്ത്രീകൾ കൂടുതൽ സ്നേഹിക്കുക. കാരണം സ്ത്രീകൾ ദുർബലരാണ്, അല്ലെന്നു് അവരെത്രതന്നെ വീമ്പടിച്ചാലും. പക്ഷെ തങ്കപ്പന്റെ ധീരത റൗഡിയിസമാണ്. അതു ചീത്തയാണ്. ആ റൗഡിയോടു മേലാൽ സംസാരിക്കുകയില്ലെന്നു് അവൾ ദൃഢനിശ്ചയം ചെയ്തു.

ദിവസങ്ങൾ കടന്നുപോയി. തോമ്മാച്ചേട്ടനു ബോധമുണ്ടായി. പക്ഷെ എത്രനാൾ ആശുപത്രിയിൽ കിടക്കേണ്ടിവരുമെന്നറിഞ്ഞില്ല. കിടന്നാൽതന്നെ കാലു ശരിപ്പെടുന്ന കാര്യം മിക്കവാറും അസാധ്യമാണെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം.

തോമ്മാച്ചേട്ടന്റെ ഇടിഞ്ഞുപൊളിഞ്ഞ ഭവനത്തിൽ ദാരിദ്ര്യം സർവ്വാധികാരിയായി. ദാരിദ്ര്യത്തിന്റെ കൊടിക്കൂറകൾപോലെ അഞ്ചാറു കുഞ്ഞുങ്ങളും ഒരു തള്ളയും കാണപ്പെട്ടു.

ഒരു ദിവസം കത്രീനാ അവളുടെ കുഞ്ഞിനെയും എടുത്തുകൊണ്ടു സ്ഥലംവിട്ടു. വെറും കാടനായ ദുർമ്മിനി അവളെ കൊല്ലുമോ തിന്നുമോ എന്നു നിശ്ചയമില്ല. എങ്കിലും പട്ടിണിയേക്കാൾ നല്ലതു മരണമാണെന്ന് അവൾ സങ്കല്പിച്ചതിൽ അതിശയിക്കാനില്ലതാനും. ആശുപത്രിയിൽ ചെന്ന് അപ്പനെ കണ്ടിട്ടാണ് അവൾ പോയതു്.

"അപ്പാ ഞാൻ പോവാ" അവൾ കണ്ണുനീരോടെ പറഞ്ഞു. "ആ മനുഷ്യൻ എന്നെ കൊല്ലുമെപ്പാ മാലയില്ലാതെ ഞാനങ്ങോട്ടു ചെന്നാൽ."

"നീ മാതാവിനോട് പ്രാർത്ഥിക്ക്" ആ സ്നേഹധനൻ ഉപദേശിച്ചു.

"ഓ മാതാവിനോടു പ്രാർത്ഥിക്കാത്ത കുറ്റമാ" കത്രീനായ്ക്കു ദേഷ്യമാണുണ്ടായതു്. "സർവ്വനേരവും പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു അപ്പൻ ഈ പരുവത്തിലായില്ലേ? ഇനീം ഞാൻ ആരോടും പ്രാർത്ഥിക്കാൻ പോണില്ല: ഞാൻ പോവാപ്പാ" അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ അപ്പന്റെ നെറ്റിയിൽ ചുംബിച്ചു. അപ്പോൾ ആ നെറ്റിയിൽ ഒന്നു രണ്ടു കണ്ണീർപളുങ്കുകൾ അടർന്നുവീണു. തോമ്മാച്ചേട്ടനു് അവളുടെ മുഖം ശരിക്കു കാണാൻ കഴിഞ്ഞില്ല. കാരണം അയാളുടെ കുഴിഞ്ഞ കണ്ണുകളിൽ അശ്രുകണികകൾ വന്നു മൂടിയിരുന്നു.

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" അവൾ കുഞ്ഞിനെ എളിയിൽ പിടിച്ചുകൊണ്ടു സ്തുതിചൊല്ലുകയും, ഡാവിണി ചുറ്റിയിരിക്കുന്ന കസവുനേരിയതിന്റെ തുമ്പുകൊണ്ട് കണ്ണുനീർ തുടക്കുകയുംചെയ്തു. അവൾ വേഗം നടന്നകന്നു.

അവൾ പോയ വഴിയെ തന്നെ അയാൾ നിറഞ്ഞ കണ്ണുകളോടെ നോക്കിക്കൊണ്ടു കിടന്നു. അയാളുടെ മൂത്തമകൾ. അയാളുടെ യൗവനകാലത്ത് ജനിച്ച പുന്നാരമോൾ. നാലഞ്ചു കൊല്ലം മുമ്പ് അവൾ കല്യാണപ്പന്തലിൽവച്ച് സ്തുതി ചൊല്ലി പള്ളിയിലേക്കു പോയതും ഇപ്പോൾ സ്തുതി ചൊല്ലിക്കൊണ്ടുപോയതും ആയ രംഗങ്ങൾ!

കഴുത്തിലെ വെന്തിങ്ങാച്ചരടിൽ തൂക്കിയിട്ടിരിക്കുന്ന മാതാവിന്റെ കാശുരൂപം കയ്യിലെടുത്തു മുഖത്തോടു അടുപ്പിച്ചു പിടിച്ചുകൊണ്ട് അയാൾ സൂക്ഷിച്ചുനോക്കി. മാതാവിന്റെ മു

ഖത്തു് യാതൊരു ഭാവഭേദവും കണ്ടില്ല. ഈ ദയനീയാവസ്ഥയിൽപോലും, നേർച്ചക്കടം വീട്ടാത്തിട്ട്, മാതാവ് പരിഭവിച്ചിരിക്കുകയാണൊ എന്ന് അയാൾ സന്ദേഹിച്ചു. ആ കാസ്രുരൂപം വലിച്ചുപറിച്ചു ദൂരെക്കളഞ്ഞാലോ? ആ ലോറി അപകടത്തിൽ മാതാവ് അയാളെ സഹായിച്ചില്ലല്ലൊ എന്നോർത്തപ്പോൾ അയാൾക്കു സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. മാതാവ് ഒരു ഗുണവും ചെയ്യുകയില്ല, എന്നു തന്നെയല്ല തരം കിട്ടുമ്പോൾ ഉപദ്രവിച്ചേക്കുമെന്നുപോലും അയാളുടെ ചിന്ത കാടുകയറാതിരുന്നില്ല. ഒരു മറുവശം ഉണ്ട്. ആ ലോറി അപകടത്തിൽ അയാൾ മരിച്ചില്ലല്ലൊ; അതു ഒരു പക്ഷെ മാതാവിന്റെ സഹായം ആയിരിക്കാം; കാലു മുറിച്ചു കളയേണ്ടിവരുമെന്നു പറഞ്ഞ ഡോക്ടർമാർ "വരട്ടെ, കുറച്ചു ദിവസംകൂടെ നോക്കാം, ശരിപ്പെട്ടേക്കാം– എന്ന്" എന്നു പറഞ്ഞതും ആശ്വാസത്തിനു വകതരുന്നുണ്ട്. ഇടത്തെ കാലാണ് ഒടിഞ്ഞിരിക്കുന്നത്. അതു പ്ലാസ്റ്റിക്കുകൊണ്ട് മൂടിക്കെട്ടിവച്ചിരിക്കുകയാണ്. അനക്കാൻ പാടില്ല. എന്താണ് സ്ഥിതിയെന്ന് ഒരു രൂപവുമില്ല. ഒരു പക്ഷെ കാലുപോയാലും, തൽക്കാലം മരിക്കുകയില്ലെന്ന് പറയാറായി. കാലു സുഖപ്പെട്ടാലും, ആ കാലുകൊണ്ടു നടക്കാൻ പററുകയില്ലെന്നാണ് ഡോക്ടർമാർ പറയുന്നത്. അപ്പോൾ ലോറി ഓടിക്കുക എന്നത് അയാളെക്കൊണ്ട് ഈ ജന്മത്തിൽ ഇനി സാധ്യമല്ല. പിന്നെങ്ങനെ കുടുംബം പുലരും. അയാൾ തിരിച്ചു ചെല്ലുമ്പോഴേയ്ക്കും വീട്ടിൽ ഒരു പക്ഷെ ആരും കണ്ടില്ലെന്നുവരാം. കുട്ടികളും താറാച്ചേടത്തിയും പട്ടിണി കിടന്നു മരിക്കുകയോ വഴിനീളെ നടന്നു തെണ്ടുകയോ ചെയ്തേക്കാം. ആരെല്ലാം തെണ്ടിയാലും, ആരെല്ലാം മരിച്ചാലും, ത്രേസ്യാ മരിക്കരുതെന്നും തെണ്ടരുതെന്നും അയാൾ ആശിക്കുന്നു. കാരണം അവൾ അത്ര കണ്ടു സ്നേഹമുള്ളവളാണ്; ദൈവമെ ആരെങ്കിലും വന്നു അവളെ കല്യാണം കഴിച്ചുകൊണ്ടുപോയിരുന്നെങ്കിൽ! തങ്കപ്പൻ പിഴപെട്ടവനാണ്. അവൻ ഒരു കാലത്തും നന്നാവുകയില്ല. അവൻ മരിച്ചുപോയാൽ അയാൾ ദുഃഖിക്കുകയില്ല. കാരണം അവൻ അത്ര കണ്ടു ദോഷിയാണ്. അവൻ നല്ലവനായിരുന്നെങ്കിൽ അയാൾക്ക് ഈ കാലക്കേടുകൾ ഒന്നും സംഭവിക്കുകയില്ലായിരുന്നു. അവനുവേണ്ടി അന്നു മാതാവിന് നേർച്ച നേർന്നതു അബദ്ധമായിപ്പോയി എന്ന് അയാൾക്കു തോന്നുന്നു. ആ നേർച്ചക്കടം വീട്ടാത്തതാണ് ഈ കഷ്ടകാലത്തിനൊക്കെ കാരണം.

"എന്റെ പൊന്നുമാതാവേ, ഞാൻ ജീവിച്ചിരിക്കുകയാണേൽ നേർച്ചക്കടം വീട്ടിക്കൊള്ളാമേ. കൊറച്ചു അവധികൂടെ കേക്കണെ" അയാൾ കാസ്രുരൂപം ചുംബിച്ചുകൊണ്ട് ദയനീയമായി പ്രാർത്ഥിച്ചു. അടുത്തു കിടന്ന രോഗികൾ അതു കേട്ടു. പാവത്തിനു കിറുക്കാണെന്ന് അവർ സങ്കല്പിച്ചു.

"അപ്പാ" തങ്കപ്പൻ വിളിച്ചു. തോമ്മാച്ചേട്ടൻ ഒന്നു മയങ്ങുകയായിരുന്നു. അയാൾ കണ്ണു തുറന്നു നോക്കി പെട്ടെന്നു മുഖം തിരിച്ചുകളഞ്ഞു.

"അപ്പാ!" അവന്റെ കണ്ഠമിടറി. അയാൾ വിളികേട്ടില്ല. അവനു സങ്കടം തോന്നി. അവൻ അപ്പന്റെ വലത്തെ കാൽപത്തിയിൽ കെട്ടിപ്പിടിച്ചുകൊണ്ടു അതിൽ ചുംബിച്ചു. അയാൾ അനങ്ങിയില്ല.

കുറെനേരം തങ്കപ്പൻ ആ കട്ടിലിന്നരികെ നിശ്ചലംനിന്നു. അവൻ പതുക്കെ നടന്നു. അവന്റെ ഷർട്ട് കീറിയതും, മുണ്ട് മുഷിഞ്ഞതും, മുഖം ക്ഷൗരം ചെയ്യാത്തതും, തലമുടി ചീകാത്തതും ആയിരുന്നു.

ആശുപത്രിമുററത്തുനിന്നുകൊണ്ടു അവൻ മേൽപോട്ടുനോക്കി. ഉച്ചതിരിഞ്ഞ സമയമായിരുന്നു. നീലാകാശത്തിൽ അങ്ങിങ്ങായി വെൺമേഘങ്ങൾ ചിതറിക്കിടന്നിരുന്നു. നടന്നു നടന്ന് ആരും അറിയാത്ത നാട്ടിൽ ചെന്നാൽ? എങ്ങനെയെങ്കിലും ജീവിക്കാം. കുഞ്ഞുങ്ങളൊ? ത്രേസ്യായോ? പാവപ്പെട്ട അമ്മയോ? എങ്ങനെ അവരെ പിരിഞ്ഞുപോകും? എങ്ങനെ അവരുടെ ദുരിതം കണ്ടുകൊണ്ടു ജീവിക്കും? അവർക്കു ആഹാരത്തിനുള്ള വക ഉണ്ടാക്കിക്കൊടുക്കാൻ അവനു കഴിവില്ല. ആരും അവനെ വിളിച്ചൊരു ജോലി കൊടുക്കുകയില്ല. അവൻ പോക്രിയാണെന്ന് എല്ലാവർക്കും അറിയാം. പോക്രിയും തെമ്മാടിയും ആകണ്ടായിരുന്നു. എങ്ങനെ കൂലിവേലയ്ക്കുപോകും? അതിലും ഭേദം മരിക്കുന്നതാണ്.

വീട്ടിൽ ചെന്നപ്പോൾ തിണ്ണയിൽ അമ്മയുടെ മടിയിലിരുന്ന് കുഞ്ഞുമോൾ കരയുന്നതുകണ്ടു, വിശന്നിട്ട്. അമ്മ ആകാശത്തിൽനിന്ന് ആരോ വരാനുള്ളതുപോലെ വിദൂരതയിലേക്കു നോക്കിക്കൊണ്ടു നിശ്ചലം ഇരിക്കുന്നു. ത്രേസ്യാ അടുക്കളയിൽ അയൽപക്കത്തെ ഒരു പെണ്ണുമായി എന്തൊ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. ചിന്നമ്മയും, ലില്ലിയും രാജമ്മയും പള്ളിക്കൂടത്തിൽനിന്നു വരാറായിട്ടില്ല.

കുര്യച്ചൻ കൊടുത്ത രൂപാ തീർന്നു. ചെട്ടിയാർ ഇനി കടം തരുകയില്ലെന്ന് കട്ടായം പറഞ്ഞിരിക്കുന്നു. താറാച്ചേടത്തി രണ്ടു പ്രാവശ്യം കുഞ്ചച്ചനെ കാണാൻ പോയി.

"എന്റെ ലോറീംപോയി; കാശും പോയി. ഇനീം നിങ്ങക്കു രൂപാ തരാനൊ, എന്നെക്കൊണ്ടു പററുകയില്ല, വേറെ വല്ല പണിയുംനോക്ക്" രണ്ടു പ്രാവശ്യവും കുഞ്ചച്ചൻ പറഞ്ഞ മറുപടി ആയിരുന്നു. കുര്യച്ചൻ അറിയാതെയാണ് കുഞ്ഞന്നാമ്മ അവർക്കു കുറേശ്ശെ അരി കൊടുത്തയച്ചതുതന്നെ. ഇനിയും അങ്ങോട്ടു പോയതുകൊണ്ടു യാതൊരു പ്രയോജനവുമില്ല, നാണം കെടാമെന്നല്ലാതെ.

"മോനെ, തങ്കപ്പാ" അമ്മ വിളിച്ചു.

"എന്നാമ്മേ"

"നീ ആ കുഞ്ചച്ചനെ ചെന്നൊന്നു കണ്ടേ"

"എനിക്കുവയ്യാ, എന്തിനാ ആ ദുഷ്ടനെ കാണുന്നതു്?"

"നീ ചെന്ന് ഒന്നു പറഞ്ഞേര്, അല്ലെങ്കിൽ നീ വല്ലെടത്തുന്നും ശകലം വെഷം മേടിച്ചോണ്ടുവന്ന് ഞങ്ങക്കെല്ലാംതാ"

മനുഷ്യപ്പററില്ലാത്ത മുതലാളി

ത്താതെ നഖശിഖാന്തം വെറുക്കുന്നവനാണ് തങ്കപ്പൻ; പ്രത്യേകിച്ച് വല്യവീട്ടിലെ കുഞ്ഞച്ചനെ. അവന്റെ അപ്പൻ എത്രയോ വർഷങ്ങളായി അയാളുടെ ലോറി ഓടിക്കുന്നു. എത്രയോ ആയിരം രൂപാ അതുകൊണ്ട് അയാൾക്കു ലഭിച്ചിരിക്കുന്നു. എന്നിട്ട് ഈ ദുരിതാവസ്ഥയിൽ അയാൾക്കു അശേഷം അനുകമ്പയില്ലാതെ പോയല്ലൊ. അയാളെ ചെന്നു കാണണമെന്ന്, യാചിക്കണമെന്ന് എന്നിട്ടു അയാളുടെ ആട്ടുംകേട്ടുകൊണ്ട് തിരിച്ചുപോരണമെന്ന്.

കുഞ്ഞുമോൾ കരച്ചിൽനിർത്തുന്നില്ല.

"ചാക്കു പണ്ടാരമേ" താറച്ചേടത്തി ആ പാവപ്പെട്ട കൊച്ചിനെ മടിയിൽനിന്നെടുത്തു തിണ്ണയിലേക്കിട്ടു. കുഞ്ഞുമോൾ ശ്വാസം നിറുത്തിക്കരഞ്ഞു. ത്രേസ്യാ ഓടിവരുംമുമ്പേ തങ്കപ്പൻ അവളെ എടുത്ത് തോളത്തു അടക്കിപ്പിടിച്ചുകൊണ്ടു മുററത്തു അങ്ങോട്ടുമിങ്ങോട്ടും നടന്നു. ക്രമേണ അവൾ അവന്റെ തോളത്തു കിടന്നു തളർന്നുറങ്ങിപ്പോയി. അവൻ അവളെ അകത്തെ മുറിയിൽ ഒരു കീററപ്പായിൽ കിടത്തി. ആ കുഞ്ഞിന്റെ വയറു ഒട്ടിക്കിടക്കുന്നതു കണ്ടപ്പോൾ അവനു സത്യമായും സങ്കടമുണ്ടായി.

അവൻ നേരെ കുഞ്ഞച്ചന്റെ ബംഗ്ലാവിലേക്കാണ് പോയതു്.

"നിന്നെ ഈ വീട്ടിൽ കേററാൻ കൊള്ളത്തില്ല" കുഞ്ഞച്ചൻ മിനുസമുള്ള വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട് കോപിച്ച സ്വരത്തിൽ പറഞ്ഞു. തങ്കപ്പൻ വരാന്തയിലെ തൂണിനടുത്തു നിലത്തേയ്ക്കു് നോക്കിക്കൊണ്ടു നിന്നതേയുള്ളു. ആ മുതലാളിയുടെ കരണക്കുററിക്കു ഒരു പോട്ടു വച്ചുകൊടുക്കാൻ അവനു തോന്നിയതാണ്. പക്ഷേ ചുററുപാടുകളെ ഓർത്തു അവൻ അമർഷം കടിച്ചിറക്കി. അവൻ ഒന്നും പറഞ്ഞില്ല.

"ഒരു കൊച്ചുകാശു് ഇനീം ഞാൻ തരുമെന്നു് വിചാരിക്കണ്ടാ."

"തങ്കപ്പാ നീ വല്ല ജോലിക്കും പോകടാ കൊച്ചനെ" കുഞ്ഞച്ചനു ചായകൊണ്ടുവന്നു് സൈററിയിൽ വച്ചുകൊണ്ടു കുഞ്ഞന്നാമ്മ പറഞ്ഞു.

"എന്തെങ്കിലും ജോലിതാ ഞാൻ ചെയ്യാം ചേടത്തീ" ഒടുവിൽ തങ്കപ്പൻ പറഞ്ഞു.

"ഉം ഒരു കാര്യം ചെയ്യ് നാളെ രാവിലെ ഒരു തൂമ്പാ എടുത്തു കൊട്ടുക്ക്, പറമ്പൊക്കെ കിളയ്ക്കട്ടെ, നിനക്കു രണ്ടാളിന്റെ തടിയുണ്ടല്ലോടാ" കുഞ്ഞച്ചൻ ഹാസ്യ സ്വരത്തിൽ പറഞ്ഞു.

"ഓ അവനെക്കൊണ്ടു കിളയ്ക്കാൻ പററുമോ" കുഞ്ഞന്നാമ്മ പറഞ്ഞു "ഒരു ജോലീം മാനക്കേടുള്ളതല്ല തങ്കപ്പാ"

ഇതുപോലൊരു മാനക്കേടു തങ്കപ്പന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. തൂമ്പായെടുത്തുകൊണ്ടുപോയി പറമ്പു കിളയ്ക്കാൻ! അതിലും ഭേദം ചിരട്ട എടുത്തുകൊണ്ടുപോയി തെണ്ടാൻ പറയുന്നതായിരുന്നു.

"ഒന്നും തന്നില്ലെങ്കിലും എന്നെ ഇങ്ങനെ അവമാനിക്കണ്ടായിരുന്നു, കേട്ടോ കുര്യച്ചാ" അവൻ അപമാനം സഹിക്കവയ്യാതെ മുററത്തേയ്ക്കിറങ്ങിക്കൊണ്ടു പറഞ്ഞു. "പക്ഷെ എന്റെ അപ്പൻകൂടെ പാടുപെട്ടുണ്ടാക്കിയ മൊതലാ ഇതെന്നു് ഓർത്തോണം."

"എന്നാൽ ഇതേ കുറെ നെനക്കു എഴുതി തന്നേയ്ക്കാമെടാ" കുര്യച്ചൻ വരാന്തയുടെ അരികിൽ വന്നു നിന്നുകൊണ്ടു് ആക്രോശിച്ചു "പോടാ ഒരു മാനക്കാരൻ നടക്കുന്നു. ഇത്രമാനമുള്ളവനാണെങ്കിൽ പിന്നെന്തിനെടാ നീ ഇങ്ങോട്ടു തെണ്ടാൻ വന്നതു് തെമ്മാടീ."

"ഓ ചുമ്മാതിരിക്കു്, അവനെ അങ്ങനെ ഒന്നും വിളിക്കാതെ" കുഞ്ഞന്നാമ്മ കുര്യച്ചനോടു പറഞ്ഞു.

തങ്കപ്പൻ മറുപടി പറയാൻ തിരിഞ്ഞു നിന്നതാണ്. പക്ഷെ എന്തോ ഓർത്തിട്ടെന്നപോലെ, ഒന്നും പറയാതെ അവൻ പൊയ്ക്കളഞ്ഞു.

നായരുടെ ചായക്കടയിൽ നിന്നു നാലണയ്ക്കു ഉണ്ണിയപ്പം വാങ്ങി ഒരു കടലാസിൽ പൊതിഞ്ഞുംകൊണ്ടാണ് അവൻ തിരിയെ വീട്ടിലെത്തിയതു്. കുഞ്ഞുമോക്കു കൊടുത്തേയ്ക്കണമെന്ന വ്യവസ്ഥയോടെ അവനതു ത്രേസ്യായെ ഏല്പിച്ചു. പക്ഷെ ത്രേസ്യാ അതു എല്ലാവർക്കുമായി വീതിക്കുകയാണ് ചെയ്തതു്. തങ്കപ്പൻ എതിരൊന്നും പറഞ്ഞില്ല.

ത്രേസ്യാ അയൽപക്കത്തെങ്ങാണ്ടുനിന്നു വായ്പവാങ്ങിച്ച ഇരുന്നാഴി അരികൊണ്ട് അന്നത്തെ അത്താഴപൂജ ഒരുവിധത്തിൽ കഴിഞ്ഞു.

ഇനി നാളെയോ?

അന്നുരാത്രിയിൽ അവൻ ചീട്ടുകളിക്കാൻ പോയില്ല. സാധാരണ രാത്രിയിൽ വീട്ടിൽ തങ്ങുക എന്നതു അവനു പതിവുള്ളതല്ല. രാത്രിയിൽ അത്തുക്കായും മററും വിളിച്ചതാണ്

സുവർണ്ണാവസരം

വീടുകൾതോറും വായനശാല!!!

1000 രൂപയുടെ സമ്മാനങ്ങൾ!!!

മുടക്കുന്ന ഓരോ രൂപയ്ക്കും ഒരു രൂപയിൽ കൂടുതൽ വിലയുള്ള പുസ്തകം പുറമെയും!!

വിശദ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും 8 nP. സ്റ്റാമ്പുസഹിതം എഴുതുക.

ജനറൽ സിക്രട്ടറി
എസ്. എച്ച്. ലീഗ്.
ആലുവാ. നോർത്ത്, P. O.

അവൻ പോയില്ല.

പിറേറന്നു രാവിലെ ത്രേസ്യാ പതിവില്ലാതെ വളരെ നേരത്തെ എണീററു മുററം തൂക്കുകയും പാത്രങ്ങൾ തേച്ചു മിഴക്കുകയും, കാപ്പി അനത്തുകയും, കപ്പ പുഴുങ്ങുകയും ചെയ്തു.

തങ്കപ്പൻ തിണ്ണയിലിരുന്നു ആനമാക്കു കാപ്പി കുടിച്ചുകൊണ്ടിരിക്കെ, പടിക്കൽ നാലഞ്ചു പെണ്ണുങ്ങൾവന്നു നില്ക്കുന്നതും, ത്രേസ്യാ തോളത്തു ഒരു കുറിയോണ്ടും ഇട്ട് താറാച്ചേടത്തിയോട്ട് എന്തോ കുശു കുശുത്ത ശേഷം, പെണ്ണുങ്ങടെ പക്കലേക്കു നടക്കുന്നതും കണ്ടു.

എന്താണ് കാര്യമെന്ന് തങ്കപ്പനു മനസ്സിലായില്ല.

“അവളെവിടെപ്പോകുവാമേ?” അവൻ ചോദിച്ചു.

“ആ എനിക്കറിയാമ്മേലാ, എവിടെങ്കിലും പോട്ടെ” താറാച്ചേടത്തി ഒഴുക്കൻമട്ടിൽ മറുപടി പറഞ്ഞു.

“നിങ്ങക്കറിയാൻ പാടില്ലെ?” അവൻ വേഗം നടന്നു.

“ത്രസ്യാ.” അവൻ വിളിച്ചു.

“എന്നാ? അവൾ തിരിഞ്ഞുനിന്നു. അവൻ അവളുടെ അടുത്തെത്തി.

“നീയെവിടെപ്പോണേ?”

“തീപ്പെട്ടിക്കമ്പനീൽ. ഇവരൊക്കെ അങ്ങോട്ടാ പോണത്. ദെവസം ഒരു രൂപാ കിട്ടും.”

“ദെവസം ഒരു രൂപാ കിട്ടും അല്ലേ, ഫൂ, പോടീ കേറകത്ത്” അവൻ അവളെ പിടിച്ച് ശക്തിയായി ഒരു തള്ളുവച്ചുകൊടുത്തു. അവൾ മുക്കുംകുത്തി നിലത്തു വീണില്ലെന്നേയുള്ളൂ.

വഴിക്കു കാത്തുനിന്ന പെണ്ണുങ്ങൾ പമ്പകടന്നു. കാരണം തങ്കപ്പനെ അവർക്കറിയാം.

ത്രേസ്യാ പര്യമ്പുറത്തുപോയി നിന്നു കരഞ്ഞു. ഉറക്കെക്കരഞ്ഞാൽ തങ്കപ്പൻ ഇനിയും അവളെ തല്ലുമെന്ന് അവൾക്കറിയാം. പതുക്കെ വിമ്മിവിമ്മിക്കരഞ്ഞു. കോപിച്ചുനില്ക്കുന്ന തങ്കപ്പനോട്ട വർത്തമാനം പറയാൻ താറാച്ചേടത്തിക്കുപോലും ഭയമായിരുന്നു.

“ഈ വീട്ടിൽനിന്ന് എറങ്ങിപ്പോയാലൊണ്ടല്ലൊ, നിന്നെ ഞാൻ കൊന്നുകളയും” ത്രേസ്യാക്ക് ഒരുഗ്രശാസനം നൽകിക്കൊണ്ട് തങ്കപ്പൻ മുററത്തു നിന്ന് അവിടെനിന്നും ഇറങ്ങി നടന്നു.

കുര്യച്ചൻ രാവിലെ കാറിൽകയറി എവിടെയോ പോയി. കുഞ്ഞന്നാമ്മയും ഷീലായും ഉണ്ടായിരുന്നു ബംഗ്ലാവിൽ.

“ചേടത്ത്യേ, ആ തുമ്പാ ഇങ്ങുതാ” അടുക്കളമുററത്തുനിന്നുകൊണ്ടു തങ്കപ്പൻ അറിയിച്ചു. കുഞ്ഞന്നാമ്മയും മകളും അടുക്കളവരാന്തയിൽ പ്രത്യക്ഷപ്പെട്ടു. ആ പെണ്ണുങ്ങൾക്കു അത്ഭുതമുണ്ടായി.

“നിന്നെക്കൊണ്ടു കെളക്കാനൊന്നും പററത്തില്ലെടാ, തങ്കപ്പാ” കുഞ്ഞന്നാമ്മ പറഞ്ഞു “നീ വല്ല കണക്കെഴുതാനോ മററോ പോടാ”

“കെളക്കാൻ പററുകയില്ലെന്ന് ചേടത്തിക്കെങ്ങനെ അറിയാം” തന്റേടം വിടാതെ തങ്കപ്പൻ പറഞ്ഞു.

“തുമ്പാ എടുത്തു കൊടുക്കമ്മേ” ഷീലാ ചൊടിച്ചു” ഞാനെടുത്തുകൊടുക്കാം. കെളക്കട്ടെ, ഒരന്തസ്സുകാരൻ. അവൾ ഓടിച്ചെന്ന് ഒരു വലിയ തുമ്പാ ബദ്ധപ്പെട്ടു എടുത്തുകൊണ്ടുവന്നു തങ്കപ്പന്റെ കയ്യിൽ കൊടുത്തു. എന്നിട്ടു സിൽക്കുസാരിയിൽ പുരണ്ട മണ്ണു തുത്തുകൊണ്ട് അവൾ ഇങ്ങനെ കല്പിച്ചു “ചൊവ്വിനു കിളച്ചില്ലെങ്കിൽ കൂലി തരത്തില്ല. കള്ളപ്പണി ഒന്നും ഇവിടെ നടപ്പില്ലാ കേട്ടോ കെളകാരാ”

അമ്പടി ആ മുതലാളിച്ചിപ്പെണ്ണിന്റെ ധിക്കാരം. തങ്കപ്പനു് ഇത്ര ക്ഷമയുണ്ടായതെങ്ങനെയെന്നറിഞ്ഞില്ല. ആ ധിക്കാരിപ്പെണ്ണിനോട്ട അവൻ മറുപടിയൊന്നും പറഞ്ഞില്ല.

തങ്കപ്പൻ തുമ്പാ തോളത്തുവച്ചുകൊണ്ട് പറമ്പിലേക്കു പോകുന്നതു കണ്ടു ഷീലാ അഭിമാനംകൊണ്ടു, എന്തൊ പ്രതികാരം സാധിച്ചതു പോലെ. അവളുടെ സ്വർണ്ണവളകളിലും സ്വർണ്ണനിറമുള്ള അവളുടെ മുഖത്തും, പ്രഭാതത്തിലെ സ്വർണ്ണവെയിൽ പുരണ്ടു; നയനമോഹനമായിരുന്നു പ്രഭുകുമാരിയുടെ ആ നിൽപ്പ്.

[കഴിഞ്ഞ ലക്കത്തിൽ ലോറി ഡ്രൈവർ പ്രസിദ്ധപ്പെടുത്താതിരുന്നതു് എന്റെ കുററമാണ്. വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ—മുട്ടത്തു വർക്കി]

മോൺ. എൽ. ജെ. ചിറയർ

ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരിജനറാളായി പ്രശസ്തസേവനം അനുഷ്ഠിച്ചുവരുന്ന പെ. ബ. ചിറയരച്ചനെ, ഡൊമസ്റ്റിക് പ്രിലേറ്റ് എന്ന മോൺസിഞ്ഞോർ പദവി നൽകി പ. പിതാവു ബഹുമാനിച്ചിരിക്കുന്നു. ഞങ്ങളുടെ അനുമോദനം.

മാർച്ചുമാസം

പൊതുനിയോഗം

ആധുനിക പുരോഗതിയുടെ കെണികൾക്കു മദ്ധ്യേ നില്ക്കുന്ന കുടുംബങ്ങൾ, തിരുസഭയുടെ പ്രബോധനങ്ങളും കൂദാശകളുടെ നിരന്തര സ്വീകരണവും വഴിയായി ശക്തി പ്രാപിക്കുവാൻ.

മിഷൻനിയോഗം

മിഷൻ രാജ്യങ്ങളിലെ ഏതദ്ദേശീയരായ നിരവധി വൈദികർക്ക് ഉറപ്പുള്ളതും അധുനാതനകാലത്തിന്റെ ആവശ്യങ്ങൾക്കു യോജിച്ചതുമായ പരിശീലനം സിദ്ധിക്കുവാൻ.

7. തോമസ് അക്വിനാസ്
10. വി. യൌ: മരണത്തിരു: മുമ്പുള്ള നവനാൾ ആരംഭിക്കുന്നു.
19. ന. പി. വി. യൌസേപ്പിന്റെ മരണത്തിരുനാൾ.
24. പരി. കന്യകമറിയത്തിന്റെ ഏഴ വ്യാകുലങ്ങൾ
25. മംഗലവാർത്ത
26. ഓശാന
30. തിരുവത്താഴം
31. ദുഃഖവെള്ളി.

ടോമിയും എൽസിയും



സൈന്യത്തിൽ ചേരാൻ
പട്ടാളത്തിൽ ചേരാനോ?!!!
അതുതന്നെ
രവീ. രവീ-
ചേട്ടത്തിയേ-ചേട്ടത്തിയേ-നിങ്ങടെ പിള്ളേരുരണ്ടും സ്ഥലംവിട്ടു. തേണ്ടെ പട്ടാളത്തിൽ ചേരാൻപോണ്.
എന്റെ കർത്താവേ!!
ഹലോ-ഹലോ-
എന്റെ പിള്ളേരല്ലേ ഈവരുന്നത്?
മാതാവിന്റെ സൈന്യത്തിലാ.

ദൈവദാസനായ ചാവറ കുറി: ഏലിയാസച്ചൻ – അനുഗ്രഹങ്ങൾ

സന്താനലബ്ധി

1. ഞാൻ വിവാഹം കഴിച്ചിട്ട് 25 കൊല്ലത്തോളമായി. സന്താനമില്ലാതെ ക്ലേശിച്ചിരിക്കുമ്പോൾ ദൈവദാസനായ കുറിയാക്കോസച്ചനെപ്പററി അറിയുകയും അദ്ദേഹത്തിന് ഒരു കുർബ്ബാന ചൊല്ലിക്കാമെന്നും കുട്ടിയുണ്ടായാൽ അതിനെ അടിമവച്ചുകൊള്ളാമെന്നും നേർന്നതിൻെറ ഫലമായി 26-6-1959-ൽ എനിക്ക് ഒരു ആൺകുട്ടി ജനിച്ചു. 3-1-1961-ൽ ഞങ്ങൾ കുട്ടിയേയും കൊണ്ട് മാന്നാനത്തുവന്നു പ്രാർത്ഥിച്ചു നേർച്ചകളും നിറവേററി കൃതജ്ഞത.

പറേകാട്ടിൽ ചാക്കോ ജോസഫ്.

രോഗശാന്തികൾ

2. മറിയാമ്മ മയിലാട്ടുംപാറ. 3. മേരി ഡി. പുറക്കരി. 4. തങ്കമ്മ തോമസ് ചെന്നിത്തല. 5. മത്തായി പൈലി കഴിവേലി. 6. മനയാനിക്കൽ അന്നമ്മ. 7. സിറിയക്ക് ഏലിയാമ്മ മുട്ടചിറ. 8. പുററനാൽ പൈലി പൌലോസ്. 9. കല്ലുവെട്ടാംകുഴി ഔസേഫ് ചാക്കോ. 10. പ്ലാക്കാട്ട സ്കറിയാ ജോൺ. 11. പുല്ലാറയിൽ ജോസഫ് തോമസ്. 12. ഏലിക്കുട്ടി ആൻപറമ്പിൽ മലബാർ. 13. ഏസ്സ്. ആൻെറണിമുത്തു അമ്പാസമിത്രം 14. വറുഗീസ് മേരി പനസ്സൽ എറണാകുളം 15. ഏലിയാമ്മ ജോസഫ് കുറുമ്പനാടം 16. കെ. ജെ. സബാസ്റ്റ്യൻ കോയിപ്പുറത്ത്. 17. എ. ത്രേസ്യാ കാട്ടവിള. 18. ബ്രിജീററു പോൾ ഫോർട്ടുകൊച്ചി. 19. കരിയാച്ചൻ താന്നിക്കുട്ടിൽ. 20. കെ. ജെ. വറുഗീസ് S ക്ലബ്ബ്. 21. എം. വി. ജോർജ്ജ് മുള്ളോങ്കൽ. 22 മേരി ജോർജ്ജ് കാളികാവ്. 23. റോസമ്മ ജോസഫ് ചങ്ങനാശ്ശേരി. 24. അന്നമ്മ ജോൺ വെട്ടുകുഴിയിൽ. 25. എം. ഡി. ഹരിലാൽ പുത്തൻതോപ്പ്. 26. വർക്കി ചാമക്കാലായിൽ വടക്കേമലബാർ 27. പി. വി. ജോസ് പട്ടരുപറമ്പിൽ. 28. ജെ. ജോസഫ് ചിരിക്കാട്ട പയ്യന്നൂർ. 29. കെ. പി. ജോൺ കൊച്ചിക്കാട്ട. 30. മേരിക്കുട്ടി കാവുംമുറിയിൽ കോട്ടാങ്ങൽ. 31. തോമസ് പറപ്പള്ളിൽ കിടങ്ങൂർ 32. റോസമ്മ മാത്യൂ ആലപ്പുഴ. 33. ജയിക്കബ് കൊല്ലപ്പള്ളി കുടല്ലൂർ. 34. മറിയക്കുട്ടി പെരുവന്താനം. 35. പി. എ. കുര്യാക്കോസ് മദ്രാസ്. 36. കെ. വി. ത്രസ്യാ പുല്ലരാമ്പാറ. 37. അന്നമ്മ ജോസഫ് തിക്കോയി. 38. കെ. സി. ഏലിയാമ്മ പള്ളിക്കുന്നു. 39. ജെ. അഗസ്റ്റിൻ ശക്തികുളങ്ങര. 40. പി. ററി. തോമസ് നെട്ടുകുന്നം. 41. മറിയറക്കൽ ലോന്നപ്പൻ ഭാര്യ ത്രസ്യാ. 42. ററി. സി. ഏലിക്കുട്ടി പ്ലാശനാൽ. 43. ദേവസ്യാ മാപ്പിളപറമ്പിൽ പാലാവയൽ. 44. ബ്രിജീത്താ കളപ്പുരക്കൽ കുടലഞ്ഞി. 45. മറിയക്കുട്ടി തോമസ് കുട്ടിയാനിക്കൽ. 46. പാറു മേസ്റ്റർ കൂടലഞ്ഞി. 47. ദേവസ്യാ വണ്ടൻമാക്കൽ. 48. മേരി വെളുത്തേടത്ത് വല്ലകം. 49. ററി. തോമസ് തുടങ്ങനാട്ട്. 50. പി. ജെ. അലക്സാണ്ടർ ചെല്ലാനം 51. ചീക്കുതോമൻ മിനായിക്കോടത്ത്. 52. വി. എം. ജോസഫ് വടക്കേവീട്ടിൽ 53. മാണി പാലത്തിനാൽ. 54. ലിയാന ജോർജ്ജ് പാലാരിവട്ടം. 55. ററി. സി. കത്രീലി തട്ടാശ്ശേരി. 56. മാത്യൂ പുളിക്കത്തടത്തിൽ പാലാവയൽ. 57. ററി. വി. സ്റ്റ്യബിൽ സ്റ്റെല്ലാ എറണാകുളം. 58. ഏലിക്കുട്ടി പൊട്ടൻപ്ലാക്കൽ. 59. കെ. ജെ. ജോസഫ് കൈനിക്കര. 60. ആഗസ്ററി നെല്ലിക്കുന്നേൽ. 61. പീററർ ചാൾസ് പുത്തൻകുറിച്ചി. 62. കെ. കെ ജയിക്കബ് കല്ലേററുംകര. 63 ഔസേഫ് തൊമ്മി ചങ്ങംകരി. 64. റോസമ്മ എടൂർ. 65. സി. എം. പീററർ മാട്ടപ്പട്ടി.

ജോലി– തിരിച്ചു കിട്ടിയതു്

66. മേബിൾ ചാറൽസ് ചെല്ലാനം. 67. കുള അന്തപ്പൻ ജോസ് തലോർ. 68. അന്നമ്മ മുന്നിൽ കാവാലം. 69. എം. ജോസഫ് വട്ടപ്പറമ്പിൽ പുനലൂർ. 70. എം. സ്റ്റെല്ലാ നെട്ടങ്ങാനട. 71. അന്നമ്മ മാത്യൂ മദ്രാസ് 5.

ക. സമാധാനം സുഖപ്രസവം

72. കിഴക്കേ പറമ്പിൽ ചാക്കോ. 73. തോണക്കര വർക്കി ചുങ്കക്കുന്ന്. 74. പി. ജി. തങ്കം പള്ളിപ്പാടൻ. 75. പി. ററി. ആലീസ് പുളിമ്പറമ്പിൽ. 76. അന്നക്കുട്ടി ജോസഫ് നമ്പ്യാപറമ്പിൽ. 77. കുട്ടിയമ്മ തെക്കെ കൈതക്കൽ.

പരീക്ഷാവിജയം.

78. മാജി അന്ന ജോൺ തുരുത്തിൽ കാവനാട്ട്. 79. ജയിക്കബ് കൊല്ലപ്പള്ളി കുടല്ലൂർ.

ഉദ്ദിഷ്ട കാര്യസാദ്ധ്യം

80. എ. ആർ. നെററൊ പുത്തൻതോപ്പ്. 81. എയിഞ്ചൽ മേരി പുത്തൻതോപ്പ്. 82 കെ. കെ. ജയിക്കബ് തൃക്കാർപ്പൂർ. 83. ക്ലാരന്സ് പീററർ പുത്തൻതോപ്പ്. 84. ലൂസി തോമസ് തുടങ്ങനാട്ട്. 85. പാപ്പച്ചൻ ത്രസ്യാമ്മ വിളങ്ങാട്ടിൽ. 86. പോൾ നീലങ്കാവിൽ ലാളൂർ. 87. ആൻറണി ചേപ്പുങ്കൽ. 88. ജോസഫൈൻ ജി. ഡിക്രൂസ്. 89. റോസി ആൻറണി കൊച്ചി. 90. മാത്യൂ വട്ടപ്പറമ്പിൽ പുനലൂർ. 91. പത്രോസിയാ എ. പെരേരാ 92. പി. സി. റോസമ്മ കിളിയന്തറ. 93. കെ. ജെ. ദാസ് മയ്യനാട്ട്. 94. അച്ചാമ്മ ജോസഫ് വിഴിക്കിപ്പാറ. 95. മിസ്സിസ്സ് ജെ. ചാക്കോ ആലപ്പാട്ട. 96. ക്ലാര പെരേരാ ചിററാട്ടുമുക്ക്. 97. വർക്കി തിരുമലയിൽ കണ്ണോത്ത്. 98. കാച്ചപ്പള്ളി ആൻറണി വറുഗീസ്. 99. ഇ. സി. പൊറഞ്ചു പുല്ലൂർ. 100. സെല്ലപ്പൻ ഗോമസ് അഞ്ചുതെങ്ങ്. 101. എൽസി മിരാൻഡാ പുത്തൻതോപ്പ്. 102. റോസമ്മ വായ്പൂർ. 103. തോമസ് വലിയകണ്ടത്തിൽ 104. തോമസ് കുര്യൻ പാലത്തിങ്കൽ. 105. ത്രേസ്യാക്കുട്ടി ജോസഫ് ബോംബെ. 106. ജെ. ഗിൽബർട്ട് റൊസാരിയൊ വർക്കല. 107. അന്നമ്മ മാത്യൂ പ്ലാക്കിയിൽ ചേനപ്പാടി. 108 ഡന്നിസ് പെരേരാ പുത്തൻ തോപ്പ്. 109. റൈററൻ മിരാൻഡാ പുത്തൻതോപ്പ്. 110. ജയിൻ പെരേരാ പുത്തൻതോപ്പ്. 111. അനന്താസിയാ പുതുവൽവീട്ട്. 112. ജയിംസ് പെരേരാ പുത്തൻതോപ്പ്. 113. എ. ററി. ആൻറണി കോട്ടാങ്ങൽ. 114. ജോസഫ് ജോൺസൺ കൊരട്ടി. 115. പി. ഫിലോമിനാ മാരാമൺ 116. ലൂർദ്ദ പെരേരാ പുത്തൻതോപ്പ്. 117. മാർഗ്ഗററു് ഗോമസ് പുത്തൻതോപ്പ്. 118. കാരത്തിറ ത്രസ്യാ ചമ്പക്കര. 119. കെ. ഒ. ജോൺ കുറുവന്താനത്തു്. 120. വി. ററി. മറിയം ഏററുമാനൂർ. 121. ആഗ്നസ് ഇ. പെരേരാ പുത്തൻകുറിച്ചി. 122. സി. സ്റ്റൊളാസ്റ്റിക്ക കോക്കലെ.

അന്നക്കുട്ടി ജോസഫ്,
നമ്പ്യാപറമ്പിൽ.

123. എം. റ്റി. ജോളി പുത്തൻതോപ്പ്. 124. പി. എ. ജോസഫ് ശക്തികുളങ്ങര. 125. മാത്യു റാണിക്കാട്ട മൂക്കന്നൂർ. 126. അന്നക്കുട്ടി പഴേപ്പാക്കൽ. 127. സി. വി. കൊച്ചുമറിയം തിരുവാമ്പാടി. 128. റ്റി. പി. പത്മാവതി തിരുവാമ്പാടി. 129. ജോൺസൺ ജയിക്കബ് പുത്തൻതോപ്പ്. 130. കെ. ഭവാനി തിരുവാമ്പാടി. 131. സി. ജെ. ദേവസ്യാ മൈസൂർ. 132. പി. പി. ജോസഫ് കാർട്ടിക്കുളം. 133. തൊമ്മൻ ഏലി പാറപ്പനാൽ. 134. എ. പി. ഗാസ്പർ പുത്തൻതോപ്പ്. 135. ജോണി പത്രോസ് അഞ്ചുതെങ്ങ്. 136. ആന്റണി ലോപ്പസ് അഞ്ചുതെങ്ങ്. 137. മാഗ്ററു മിരാൻഡാ പുത്തൻതോപ്പ്. 138. കെ. പി. വക്കി കളപ്പുരക്കൽ. 139. ബാർബരാ പെരേരാ. 140. ലിയോൺസ് പെരേരാ പുത്തൻതോപ്പ്. 141 ജോസഫ് സി. ഡി. ചാക്കിശ്ശേരി. 142. ആർ. അന്നമ്മാൾ ആശാരിപള്ളം. 143. ക്ലാരമ്മ തോമസ് കൊല്ലമ്പറമ്പിൽ 144. റ്റി. ജെ. എലിസബത്ത് തുണ്ടിയിൽ. 145. പി ജെ. ജോൺ എറണാകുളം. 146. എൽസി പെരേരാ പുത്തൻതോപ്പ്. 147. ക്രിസ്റ്റീനാ ലില്ലി ചിററാട്ടുമുക്ക്. 148. അന്നമ്മ ജയിക്കബ് പെരുന്നക്കരോട്ട 149. സിറിയക്ക മാത്യു എറണാകുളം. 150. റോസമ്മ ജോസഫ് കടപ്പാമററം. 151. വി. റ്റി. ഫിലിഫ് ചിങ്ങവനം. 152. മിസ്സിസ്സ് വറീദ് ഫർണാണ്ടസ്. 153. മിസ്സിസ്സ് വാവ്വ റ്റി. ഡി. കണ്ടശാംകടവ്. 154. ഫിലോമീനാ ജോർജ്ജ് കാക്കോട്ടുമൂല. 155. ജോസഫ് സഖറിയാസ് കൂടലഞ്ഞി. 156. അന്നമ്മ കല്ലറക്കൽ. 157. ഏലിക്കുട്ടി ഏററപ്പാറ. 158. ഡേവിഡ് പെരേരാ പുത്തൻ തോപ്പ്. 159. പി. റ്റി. ജോർജ്ജ് മണിക്കടവ്. 160. അച്ചാമ്മ ജോസഫ് മാനന്തവാടി. 161. എം. എം. വക്കി മാപ്പിളപറമ്പിൽ. 162. മയെ സ്റ്റീഫൻ മയ്യനാട്ട്. 163. കെ. എ. കുഞ്ഞവീരാ കല്ലേററുംകര. 164. മിസ്സിസ്സ് അന്നമ്മ വക്കി കൊഴുവനാൽ. 165. ഉലഹന്നാൻ ഇരുവേലിക്കുന്നേൽ. 166. തോമസ് കാവുകാട്ട പാലാവയൽ. 167. മിസ്സിസ്സ് ഇ. പ്ളാററൽ മദ്രാസ്-16. 168. ത്രേസ്യാ തോമസ് നെട്ടനിലത്ത്. 169. ജോസഫ് എൻ. പെരേരാ ചിററാട്ടുമുക്ക്. 170. എം. സി. ലീലമ്മ പ്ളാശനാൽ. 171. ഉലഹന്നാൻ മത്തായി കൂടലഞ്ഞി. 172. സാറാ വറുഗീസ് കോഴിക്കോട്ട്. 173. റീത്താ എ ഗോമസ് മുരിക്കുംപുഴ. 174. ഫ്രാൻസീസ് ഇ. പെരേരാ മദ്രാസ്-7. 175. ആഗസ്റ്റി കുര്യൻ കൂടലഞ്ഞി. 176. അമ്മിണിക്കുട്ടി സ്രാമ്പിക്കൽ. 177. ചക്കുംമൂട്ടിൽ മത്തായി കോഴിക്കോട്ട്. 178 ജോസഫ് ഇടത്തിനകം ആനിക്കാട്ട്. 179 ആന്റണി ജോസഫ് തൃക്കൊടിത്താനം. 180. തൊമ്മി കെ. ജെ. റെയിപ്പർ M. P. 181. അൽഫോൻസാ ഡി നെറോറാ കൊല്ലം. 182 ഇ. മാധവൻനായർ കൊച്ചി-5. 183. അലോഷ്യസ് സ്റ്റീഫൻ മയ്യനാട്ട്. 184 എബ്രാഹം ജോസഫ് എരുമേലി. 185 മാഗ്ററു നെറോറാ മുരിക്കുംപുഴ. 186. കെ. വി. മേരി. 187. മേരി പത്രോസ് പെരേരാ കഴക്കൂട്ടം. 188. അപ്പച്ചൻ മണിക്കടവ്. 189. ത്രേസ്യാ മനയത്തുശ്ശേരിൽ. 190 പി. കെ. കൊച്ചാപ്പു തൃശ്ശൂർ. 191. അമ്മിണി വറുഗീസ് നെട്ടയന്നം. 192. പി. റ്റി. എബ്രാഹം നരസിംഹരാജപുരം. 193. പി. കെ. അഗസ്റ്റിൻ പറപ്പൂക്കര. 194. ഇസബെല്ലാ മയ്യനാട്ട്. 195. ഏലിയാമ്മ ജോൺ കമ്പിളവേലിൽ. 196. റീത്താ മിരാൻഡാ പുതുവൽ. 197. ജർത്രൂദ് ലോപ്പസ് തൈവിളാകം. 198. വിക്ടോറിയാ പുത്തൻതോപ്പ്. 199. ആന്റണി മിരാൻഡാ പുത്തൻതോപ്പ്. 200. ഹെൻട്രി മിരാൻഡാ പുത്തൻതോപ്പ്. 201. എൽസി ലൂക്കോസ് പുത്തൻതോപ്പ്. 202. ജോസഫ് പി. പെരേരാ പുത്തൻതോപ്പ്. 203. സി. പി. തങ്കച്ചേരി. 204. മാഗ്ററു ദേവസി പുലിച്ചിറ. 205. ലാസി ഇരവിപുരം. 206. ലില്ലി ജറോൾഡ് പുത്തൻതോപ്പ്. 207. എലിസബത്ത് പെരേരാ പുത്തൻതോപ്പ്. 208. ആനി ബനഡിക്ററ് പുലിച്ചിറ. 209. അമ്മിണി കുര്യൻ ചേർത്തല. 210. ആനി ഗോമസ് നന്തൻകോട്ട്. 211. ആന്റണി അല്ലിക്കുന്നേൽ 212. ഡേയിസി ഡേവിഡ് അഞ്ചുതെങ്ങ്. 213. പി. ജെ. വറുഗീസ് പെരുവന്താനം. 214. മിസ്സിസ്സ് എം. സേവ്യർ കൊച്ചി 3. 215. പാപ്പച്ചൻ വെട്ടിക്കുന്നേൽ. 216. ഈ പീററർ ഫർണാണ്ടസ് അഞ്ചുതെങ്ങ്. 217. റോസമ്മ മാത്യു ക്ലിററാരപ്പള്ളി 218. ബ്രിജീററു പോൾ പോൾവില്ല. 219. ഫ്രഡോലിൻ എ. ഗോമസ് പുത്തൻ കുറിച്ചി. 220. ഏലിക്കുട്ടി മണപ്പുറത്ത്. 221. ഏലിക്കുട്ടി എം. മററമുണ്ടേൽ. 222. എസ്സ്. ആന്റണിമുത്തു പാവനാശം മിൽസ് 223. ത്രേസ്യാമ്മ കുര്യൻ പെരുന്ന. 224. പീററർ എൽ. ലോപ്പസ് മലയാ. 225. ആർ. എലിസബത്ത് ഡിക്രൂസ്. 226. മേരി ജോസഫ് മങ്ങാട്ടുചിറ. 227. ക്ലാരമ്മ വറുഗീസ് മംഗലം. 228. നട്ടവിൽ പീടിക മറിയം. 229. ചക്കാലക്കൽ റോസ വരന്തരപ്പള്ളി. 230. വാഴക്കാലാ ഔസേഫ് വരന്തരപ്പള്ളി. 231. നടക്കാടൻ പൌലോസ് മുപ്ലിയം. 232. എസ്സ്. മേബിൾ ഇരവിപുരം. 233. ആർച്ചി ബാൾഡ് ഫർണാണ്ടസ്. 234. സി. പി. ജസ്സി പുത്തൻതോപ്പ്. 235. ആർ. ലോറൻസ് തിരുവനന്തപുരം. 236. എബ്രാഹം വാഴെപറമ്പിൽ. 237. കെ. സി. ചാക്കോ ആലപ്പുഴ. 238. ലീലമ്മ തോമസ് മണിമല. 239. ഡി. തോമസ് പാലേട്ട വയലാ. 240. ജോസഫ് വറുഗീസ് നീലംപേരൂർ. 241. യോഹന്നാൻ പെരേരാ പുത്തൻതോപ്പ്. 242. റോസമ്മ ജോർജ്ജ് മുങ്ങാതോട്ടത്തിൽ. 243. പി. ഭാർഗ്ഗവി മണ്ണിലേടം, തിരുവാമ്പാടി. 244. ബെയിസിൽ വി. പെരേരാ മുരിക്കുംപുഴ. 245. പി. ജെ. വറുഗീസ് ബി. എ; ബി. എൽ. തിരുവല്ല. 246. മിസ്സിസ്സ് മാത്യു ഗോമസ് കഴക്കൂട്ടം. 247. ജോസഫ് കാപ്പിൽ തളിപ്പറമ്പ് 248. പി. എ. ജോസഫ് കാവനാട്ട കൊല്ലം. 249. മൈക്കിൾ പെരേരാ പുത്തൻതോപ്പ്. 250. എടാട്ടുകാരൻ കുഞ്ഞിപ്പാലു ഭാര്യ അന്നം. 251. മാർഗ്ഗററു പേരേരാ പുത്തൻതോപ്പ്. 252. കാതറൈൻ മിരാൻഡാ പുത്തൻതോപ്പ്. 253. കെ. എ. പൌലോസ് കരിശ്ശുംമൂട്ടിൽ. 254. ബന്നാൻസ് ഡിക്രൂസ് പുത്തൻതോപ്പ്. 255. റോസമ്മ പോൾ മാക്കീൽ ഇലഞ്ഞി. 256. മറിയം പോത്താനംതടത്തിൽ 257. മേരി ജോർജ്ജ് പുത്തനങ്ങാടി. 258. വി. എസ്സ്. ഇട്ടിനാ വട്ടക്കുഴി 259 എം. കെ. വറുഗീസ് ഏലപ്പാറ. 260. ഗിൽബർട്ട ഫർണാണ്ടസ് പുതുക്കുറിച്ചി. 261. അന്നമ്മ മാത്യു കുമരകം. 262. സി. റ്റി. ചോന്നപ്പൻ ഭരണങ്ങാനം. 263. സി. ജെ. ജോസ് പെരുമാനൂർ. 264. വി. എ. കാർത്ത്യായനി കോഴിക്കോട്ട്. 265. സൂസന്ന ജോസഫ് മയ്യനാട്ട്. 266. കെ. ഔസേഫ് പള്ളിക്കുന്ന്. 267. ജോസഫ് ഇടത്തിനാൽ ഇരിട്ടി.

(Postulator)

സുകൃതമഞ്ജരി

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, ആർപ്പൂക്കര, പുളിങ്കുന്ന്, കൈനകരി, ഇഞ്ചിയാനി, മണിമല, പായിപ്പാട്ട്, ഇത്തിത്താനം, ആലപ്പുഴ, പാലമ്പ്ര, എന്നീ മഠങ്ങളിൽനിന്നും, പാലാ രൂപതയിൽപ്പെട്ട രാമപുരം മഠത്തിൽനിന്നും, തൃശ്ശൂർ രൂപതയിൽപെട്ട പുതുക്കാട്ട്, കോട്ടപ്പടി എന്നീ മഠങ്ങളിൽ നിന്നും, ഇവിടെ അയച്ചു തന്നിട്ടുള്ള സുകൃതമഞ്ജരി.

തിരുമണിക്കൂർ	3616
കൊന്ത	6284
ആശയടക്കം	77452
വിസീത്ത	23497
സുകൃതജപം	1086870

ക്രൂശിതരംഗം

കെ. എസ് ഐസക്ക്

(കണ്ടില്ലേ ആ മിന്നണ...... രീതി)

കണ്ടില്ലേ ക്രൂശതിൽ കണ്ടില്ലേ—
ഈശോ
മൂന്നാണിമീതിൽ താൻ തൂങ്ങുന്നു!!

വിങ്ങുന്നു...വിങ്ങുന്നു...നാഥൻ—ഹാ!
പൊങ്ങുന്നു രോദനഗീതം—ഈശോ
ഞങ്ങൾ തൻപാപത്തിൻ വൻരംഗം.
(കണ്ടില്ലേ···

കീറുന്നു···കീറുന്നു... കൈകൾ—ഹാ!
നീറുന്നെൻ നാഥൻ തിരുമേനി—
ഈശോ
എന്തെന്തെൻപാപത്തിൻ വൻഭാരം?
(കണ്ടില്ലേ···

വീർത്തു വിറയ്ക്കുന്നു നാഥൻ—ഹാ!
ആർത്തു വിളിയ്ക്കുന്നു യൂദർ!— ഈശോ
എന്തൊരുവേദന തൻരംഗം! (ക...

ഉപകാരസ്മരണകൾ

ദൈവദാസനായ ചാവറ കര്യാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

അന്നമ്മ, കളമ്പിനാൽ കുററ്യാടി.

സിസ്റ്റർ അൽഫോൻസായുടേയും ഫാത്തിമാമാതാവിന്റേയും മദ്ധ്യസ്ഥതയാൽ എന്റെ ഭർത്താവിന്റെ ഉദരസംബന്ധമായ സുഖക്കേടുകൾ മാറിയതിനു നന്ദി.

തെരേസാ മിരാൻഡാ—നന്ദൻകോട്ട്

പരിശുദ്ധ ദൈവമാതാവിന്റെ സഹായത്താലും ദൈവദാസൻ കുറിയാക്കോസേലിയാസച്ചന്റെ മദ്ധ്യസ്ഥതാലും എന്റെ സുഖക്കേടുകൾ മാറി പരിപൂർണ്ണസുഖം പ്രാപിച്ചതിനു് കൃതജ്ഞത.

P. Ildaphonse, Singapore.

ബ: ചാവറ കര്യാക്കോസ് ഏലിയാസച്ചന്റെ സഹായത്താൽ ഞങ്ങൾ പരീക്ഷയിൽ ജയിച്ചതിനു്.

എം.മാത്യു & എം.ചാക്കോ, കട്ടപ്പന.

ദൈവദാസനായ ചാവറ കര്യാക്കോസ് ഏലിയാസച്ചന്റെയും വിശുദ്ധ യോഹന്നാൻനെപ്പുമസ്യാനോസിന്റെയും ബ: അൽഫോൻസാമ്മയുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ. പുല്ലോക്കാരൻ ആഗസ്റ്റി റോസ.

നമ്പർ ചേർക്കുവാൻ ശ്രദ്ധിക്കുക

ഞങ്ങളുടെ മാന്യ വരിക്കാരും ഏജൻറന്മാരും ഓഫീസിലേയ്ക്കെഴുതുന്ന എല്ലാ കത്തുകളിലും മണിയോർഡർ ഫാറത്തിന്റെ അടിയിലും, മാസിക നിങ്ങൾക്കു അയച്ചുതരുന്ന മേൽവിലാസത്തോടുകൂടെയുള്ള നമ്പർ കാണിച്ചിരിയ്ക്കണം. അപ്രകാരം ചെയ്യാതെ വരുന്ന കത്തുകൾക്കു മറുപടി ലഭിക്കുന്നതല്ല. നമ്പർ ഇല്ലാതെ വരുന്ന മണിയോർഡർ നിങ്ങളുടെ കണക്കിൽ വരവു വെക്കുവാനും പ്രയാസമായിത്തീരുന്നു.

പത്രാധിപരുമായി നേരിട്ടു പരിചയമില്ലാത്ത ലേഖനകർത്താക്കൾ വ്യക്തമായ മേൽവിലാസം എഴുതേണ്ടതാണ്.

ഇക്കൊല്ലത്തെ വരിപ്പണം അയച്ചിട്ടില്ലാത്തവർ പണം ഉടനെ അയച്ചു പ്രവർത്തനത്തെ വിജയിപ്പിയ്ക്കണമെന്നുകൂടെ അറിയിക്കുന്നു.

മാനേജർ, കർമ്മലകുസുമം.

വി. ഫ്രൻസീസ്സ്കോസിന്റെ വക്കിയച്ചൻ സി.എം.ഐ.

ഫെബ്രുവരി 5–ാംനു ഞായറാഴ്ച രാത്രി 11 മണിക്കു ബ. വക്കിയച്ചൻ കര്യനാട്ടു ആശ്രമത്തിൽവെച്ചു വാർദ്ധക്യസഹജമായ രോഗത്താൽ കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. പാലാ ഇടവക പുഞ്ചേക്കുന്നേൽ എന്ന കുലീന കുടുംബത്തിൽ 1887 ഓഗസ്റ്റ് 22–ാംനു ജനിച്ച ഇദ്ദേഹം 1909 ഓഗസ്റ്റ് 15–ൽ ആദ്യവ്രതനേർച്ച ചെയ്തു. 1917 സെപ്റ്റംബറിലാണു പൗരോഹിത്യം സ്വീകരിച്ചതു്. സുദീർഘമായ ഇദ്ദേഹത്തിന്റെ സന്യാസജീവിതം മാതൃകാപരമായ ഒന്നായിരുന്നു. 43 വർഷത്തിലധികം ദീർഘിച്ച വൈദിക ജീവിതം ആത്മരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങളുടെ ഒരു ശ്രേണിയായിരുന്നു. ജീവിതത്തിന്റെ അവസാന കൊല്ലങ്ങളിൽ വാതസംബന്ധമായ രോഗം മൂർഛിച്ചു പരസഹായംകൂടാതെ ഒന്നും ചെയ്യാൻ കഴിയാത്ത ഒരു നിലയിലെത്തിയെങ്കിലും അസ്വാസ്ഥ്യങ്ങളെല്ലാം ക്ഷമാപൂർവ്വം സഹിച്ചു മരണത്തിനു ഒരുങ്ങിയിരിക്കയിലാണു ഇദ്ദേഹം പരേതനായതു്. ഇദ്ദേഹത്തിന്റെ ആത്മശാന്തിക്കായി എല്ലാവരും പ്രാർത്ഥിപ്പാറാകണം.

R. I. P.

ചരമം

കുറവിലങ്ങാട്ടുപള്ളിയിടവക കണ്ണംകുളത്തു മത്തായി ഏലി 77–ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. റവ. ബ്ര. ദാനിയേൽ സി.എം.ഐ. പരേതയുടെ പുത്രനും, റവ. ഫാ. മൈക്കിൾ സി.എം.ഐ. സഹോദരപുത്രനുമാണു്. വായനക്കാർ പ്രാർത്ഥിപ്പാറാകണം.

വിഷയവിവരണി

1 ഏററം ബഹുമാന്യനായ പുരുഷൻ ഒരു "തൊഴിലാളി"യായിരുന്നു. 67
(മോൺ: പി. കാക്കശ്ശേരി)
2 നല്ലവനായിജീവിക്കുന്നതെന്തിനു്? (റവ. ഫാ. ഔറേലിയൂസ്.) 69
3 കത്തോലിക്കാ·സമുദായവും യുവജനങ്ങളും (കെ. എം. ജോസഫ്) 70
4 കുട്ടികളും ദൈവവിളിയും 73
5 "വത്തിക്കാൻ നിരീക്ഷണശാല" (ചാക്കോ കൊച്ചുമററം) 74
6 ഭക്ഷണം കൂടാതെ ജീവിക്കാമോ? (പി. എം. ഇട്ടിയവിര) 77
7 സത്യ സൗന്ദര്യങ്ങൾ 79
(എം.എ ചാക്കോ ബി.എ.,ബി.ററി.)
8 വ്യാകുലസ്മരണകൾ 82
9 മറിയത്തിന്റെ അഞ്ചിനപരിപാടി (ജെ.ററി. നീലങ്കാവിൽ, തൃശ്ശൂർ) 83
10 Christ Our Brother 84
11 ക്ലാസ്സുമുറിയിൽ (മണിമല) 85
12 നീലമുന്നണി 87
13 വേദപുസ്തകത്തിലെ കഥകൾ 88
14 മാപ്പ്ളാപ്പാ സംസാരിക്കുന്നു. 90
15 കുടുംബമേഖല (ജി.സി.ടിലാർ) 91
16 വിശുദ്ധഗ്രന്ഥവീഥി 92
17 ലോറി ഡ്രൈവർ 95
18 ദൈവ. കുറി. ഏലിയാസച്ചൻ.

വരിസംഖ്യ 2 രൂപാ മുൻകൂർ

കർമ്മലകുസുമം

Vol. 59] 1961 ഏപ്രിൽ [No. 4

പുനരൈക്യചിന്തകൾ

I

ജർമ്മനിയിലെ പുനരൈക്യപ്രസ്ഥാനം

Dr. P. J. Thomas. M. P.

"നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്, എന്റെ പിതാവേ, നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ" (യോഹ. 17, 21)

തന്റെ പങ്കപ്പാട് ആരംഭിക്കുന്നതിനുമുമ്പ്, ക്രിസ്തുനാഥൻ ഊന്നിപ്പറഞ്ഞ ഈ വാക്കുകൾ ഈ പെസഹാക്കാലത്തു മാത്രമല്ല, എന്നും എല്ലാ ക്രിസ്ത്യാനികളും ധ്യാനിക്കേണ്ടതാണ്. അതിപ്രധാനമായ വത്തിക്കാൻ സൂനഹദോസ് അടുത്തകാലത്തു കൂടാൻ പോകുന്നു. ഈ അവസരത്തിൽ, ഏതാണ്ടു രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള ഒരു ക്രിസ്തീയ സമൂഹത്തിന്റെ അംഗങ്ങളായ നമുക്ക്, പല പ്രശ്നങ്ങളും ചുട്ടു ചിന്തിക്കേണ്ടതായുണ്ട്.

കത്തോലിക്കാ സഭയോടു മാത്രമല്ല ദൈവവിശ്വാസികളാകമാനം, ഒരു ഘോരമായ വെല്ലുവിളി നേരിട്ടിരിക്കുന്ന ഇന്നത്തെ നിലയിൽ— ക്രിസ്തീയ സഭകളുടെ ഉള്ളിൽതന്നെ എതിർപ്പുകൾ സൃഷ്ടിച്ച്, ക്രിസ്തുമതത്തെ നശിപ്പിക്കാൻ പിശാച്, മോസ്കോ കേന്ദ്രമാക്കി, വൻശ്രമങ്ങൾ ചെയ്യുന്ന ഇക്കാലത്ത്— വിവിധ ക്രിസ്ത്യൻ സഭകളുടെ പുനരൈക്യം അത്യാവശ്യമായ സംഗതിയാണ്. ഈ വെല്ലുവിളി ഇന്ന് ഏററവും ശക്തിയായി നടക്കുന്ന ഈ കേരളത്തിൽ ആണ്, ക്രിസ്ത്യാനികൾ, വിശേഷിച്ച് കത്തോലിക്കർ ത്വരിതഗതിയിൽ ഉണർന്നു പ്രവർത്തിക്കേണ്ടത്. എന്നിട്ടും, നാം നമ്മുടെ ഇടയിൽതന്നെ ഇന്നുള്ള ഇടർച്ചകൾ വർദ്ധിപ്പിക്കാൻ പാടുള്ള എന്തെങ്കിലും ചെയ്യുന്നതു മഹാകഷ്ടമാണ്.

പുനരൈക്യകാര്യത്തിൽ പല കത്തോലിക്കരുടേയും നില ഇതാണ്: 'സഭയിൽനിന്നും പിരിഞ്ഞുപോയവരാണ തെററു ചെയ്തതു്. അവർ പൊറുതി ചോദിച്ചു മാതൃസഭയിൽ തിരിച്ചുവരണം.' മുൻകാലങ്ങളിൽ ഈ ഇടുങ്ങിയ മനഃസ്ഥിതി പല സഭാനേതാക്കന്മാരിലും ഉണ്ടായിരുന്നു. എന്നാൽ അടുത്തകാലങ്ങളിൽ ഇതു തീരെ മാറിയിട്ടുണ്ട്. തിരിഞ്ഞുപോയ ക്രിസ്ത്യാനികളെ ശത്രുക്കളായിട്ടല്ല സഹോദരന്മാരായി കരുതണമെന്ന് കത്തോലിക്കാസഭയുടെ അധികാരസ്ഥാനത്തുനിന്നുതന്നെ ഉപദേശിക്കുന്നു. നമ്മിൽ തെറ്റൊന്നുമില്ല എന്ന നില പാടേ പോയി. നമ്മുടെ വിശ്വാസകാര്യങ്ങളിൽ (dogma) മാത്രമേ സഭ തെററാവരം അവകാശപ്പെടുന്നുള്ളു. ആചാരങ്ങളിൽ, ഭക്തിസംബന്ധമായ കാര്യങ്ങളിൽത്തന്നെ, പലയിടത്തും ചില അനാചാരങ്ങൾ മുമ്പുണ്ടായിട്ടുണ്ട്, ഉണ്ടാകുന്നുണ്ട്. പല വിശ്വാസികൾക്കും ഉതപ്പുകൊടുക്കുന്ന ചില ഭക്ത്യാഭ്യാസരീതികളെ ഉപേക്ഷിക്കണമെന്ന് ഇന്നത്തെ മാർപ്പാപ്പാതന്നെ ഈയിടെ വ്യക്തമായി ഉപദേശിച്ചിരിക്കുന്നു. ഫെബ്രുവരി ലക്കം 'കുസുമ'ത്തിൽ ഇതേപ്പററി അവസരോചിതമായ ഒരു ലേഖനം കണ്ടു. ഭക്തിവിഷയത്തിൽ മാത്രമല്ല പെരുന്നാൾ മുതലായവ സംബന്ധിച്ച് വേറേയും പല അനാചാരങ്ങൾ ഈനാട്ടിൽതന്നെയുണ്ട്. ക്രിസ്തീയജീവിതത്തിന്റെ കാതലായ സഹോദരസ്നേഹം ഇന്നും ഇവിടെ താണപടിയിലാണ്.

കത്തോലിക്കരുടെ ഇടയിൽ ഇപ്രകാരമുള്ള കുറവുകളെപ്പററി യൂറോപ്പിലേയും അമേരിക്കയിലേയും കത്തോലിക്കാ മാസികകളിലും മററും ലേഖനങ്ങൾ അടിക്കടി പ്രസിദ്ധീകരിക്കാറുണ്ട്. കേരളത്തിലെ നില ഇതല്ല. മേലുദ്ധരിച്ച ലേഖനം കൊണ്ട് 'കുസുമം' ഇക്കാര്യത്തിൽ ഒരു

പുതിയ വഴക്കം സൃഷ്ടിച്ചിരിക്കുന്നതു് സ്തുത്യർഹംതന്നെ. പല യുവജനങ്ങൾക്കും ഇതു നേരേ വഴിക്കു വരാൻ പ്രചോദനം നൽകുമെന്നാണു് എന്റെ വിശ്വാസം. ഇക്കാര്യങ്ങളിൽ കൂടുതൽ പരിചയമുള്ള വൈദികരാണു് ഈ വിഷയം പ്രധാനമായി കൈകാര്യം ചെയ്യേണ്ടതു്.

സ്വന്തം കുററങ്ങളെ പരിഹരിക്കുന്നതോടൊപ്പം നമ്മുടെ വേർപെട്ടുനില്ക്കുന്ന സഹോദരന്മാരുമായി വേദകാര്യങ്ങൾ സംബന്ധിച്ചു് സ്നേഹമുറയിൽ ആലോചനകൾ നടത്തേണ്ടതും ആവശ്യമാണു്. ഇക്കാര്യത്തിൽ ജർമ്മനി, ഹോളൻറു് മുതലായ രാജ്യങ്ങളിൽ അടുത്തകാലത്തു് വളരെ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടു്; വിജയം കൈവന്നിട്ടുണ്ടു്. ജർമ്മനിയിലേതാണു് ഏററവും ശ്രദ്ധേയമായതു്. അതേപ്പററിയത്രെ ഈ ലേഖനം.

16–ാം ശതാബ്ദത്തിലെ പ്രോട്ടസ്റ്റൻറു് വിപ്ലവം ഉണ്ടായ രാജ്യമാണല്ലോ ജർമ്മനി. അന്നു സഭയിൽനിന്നും തിരിഞ്ഞുപോയ പുത്തൻകൂററുകാരും പഴയകൂററുകാരും തമ്മിൽ ദീർഘകാലത്തേയ്ക്കു് വലിയ മത്സരത്തിലും വൈരത്തിലും—എന്നല്ല കീരിയും പാമ്പുംപോലെ— ആയിരുന്നു നില. ഇതിന്റെ പ്രത്യാഘാതങ്ങൾ രണ്ടുകൂട്ടരേയും ബാധിധിക്കുകയും ചെയ്തു. ശീശ്മക്കാരും വേദവിരോധികളും ആയിട്ടാണു് കത്തോലിക്കർ പ്രോട്ടസ്റ്റൻറുകാരെ വീക്ഷിച്ചിരുന്നതു്. കത്തോലിക്കാ സഭയെപ്പററി പല പരിഹാസങ്ങളും പ്രോട്ടസ്ററൻറുകാർ പറഞ്ഞു പുച്ഛിച്ചിരുന്നു.

ഇക്കഴിഞ്ഞ രണ്ടു മൂന്നു ദശവർഷങ്ങളായി ഇതെല്ലാം പാടെ മാറിയിട്ടുണ്ടു്. പ്രോട്ടസ്റ്റൻറുകാരും ക്രിസ്തുവിൽ തങ്ങളുടെ സഹോദരന്മാരാണെന്നും, തങ്ങളെപ്പോലെതന്നെ അവരേയും സ്നേഹിക്കണമെന്നും ആണു് ഇന്നു് അവിടെ കത്തോലിക്കരുടെ ആഗ്രഹം. അതേവിധം തന്നെ പ്രോട്ടസ്റ്റൻറുകാർ ഇന്നു കത്തോലിക്കരെ വീക്ഷിക്കുന്നെന്നു മാത്രമല്ല, കത്തോലിക്കാസഭയിലെ പല വിശ്വാസങ്ങളും ആചാരങ്ങളും പ്രോട്ടസ്റ്റൻറുകാർ സ്വീകരിച്ചും തുടങ്ങിയിരിക്കുന്നു. കത്തോലിക്കരുടെ ഇടയിൽ ലിററർജിക്കൽ പ്രസ്ഥാനം പ്രചരിച്ചു്, ലത്തീൻ കുർബ്ബാന ജർമ്മൻ ഭാഷയിൽ പട്ടക്കാരനും വിശ്വാസികളും ഒന്നിച്ചുകൂടി ചൊല്ലിത്തുടങ്ങിയതും വിവാഹം, ശവസംസ്കാരം മുതലായ കർമ്മങ്ങളിലും ജർമ്മൻ ഭാഷ ഉപയോഗിച്ചു തുടങ്ങിയതും ഇക്കാര്യത്തിൽ വലിയ ഉത്സാഹം ഉണ്ടാക്കി. അതേ സമയം, ദൈവമാതാവിനോടുള്ള ഭക്തി പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ വർദ്ധിച്ചുവരികയാണു്. പല ലൂഥറൻ പള്ളികളിലും ഇന്നു കുമ്പസാരം നടക്കുന്നു. കത്തോലിക്കാ സഭയിലേപ്പോലെ സന്യാസികളും സന്യാസിനികളും പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽ അടുത്ത കാലത്തു് ഉണ്ടായിട്ടുണ്ടു്; അവർ ആശ്രമമായി താമസിക്കുകയും ചെയ്യുന്നു. പല ലൂഥറൻ പള്ളികളിലും ലത്തീൻ കുർബ്ബാന ജർമ്മൻ ഭാഷയിൽ നടത്തുന്നുണ്ടു്. 1922–ലും 1935–ലും ഞാൻ ജർമ്മനിയിൽ സഞ്ചരിച്ചപ്പോൾ ഈ മാററം ആരംഭിച്ചതേയുള്ളു. പിന്നീടു് അതു് വളരെ വളന്നിട്ടുണ്ടു്.

പണ്ടു് മത്സരിച്ചുകഴിഞ്ഞ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിൽ ഇങ്ങനെ അടുത്തുവരാൻ സാധിച്ചതു് പ്രധാനമായി, 'ഊനാ സാങ്താ' (Una Sancta) എന്ന പേരിൽ ഈ രണ്ടു കൂട്ടരും ഒന്നിച്ചുകൂടി നടത്തുന്ന ഒരു പൊതുസംഘത്തിന്റെ പ്രവർത്തനംകൊണ്ടാണു്. ഇന്നു് പശ്ചിമജർമ്മനിയിലെ മിക്ക നഗരങ്ങളിലും ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും അടുത്തടുത്തു് ഒന്നിച്ചുകൂടി ഐക്യത്തിനായുള്ള ആലോചനകൾ നടത്തുന്നു. ചില സംഘങ്ങളിൽ അൽമായക്കാർ മാത്രമാണുള്ളതു്. മററവ രണ്ടുകൂട്ടത്തിലുമുള്ള വൈദികരുടേതാണു്. രണ്ടു വിഭാഗത്തിലുമുള്ള ബിഷപ്പന്മാർ ഇക്കാര്യത്തിൽ വേണ്ട സഹായങ്ങൾ ചെയ്യുന്നുമുണ്ടു്.

പണ്ടു് ഏതാണ്ടു് കീരിയും പാമ്പും പോലെ കഴിഞ്ഞുകൂടിയിരുന്ന കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിൽ ഇങ്ങനെ ഐക്യത്തിലേയ്ക്കു വരാൻ സഹായിച്ച ഈ 'ഊനാ സാങ്താ' പ്രസ്ഥാനം തുടങ്ങി നടത്തിയ പ്രധാന പ്രവർത്തകർ, ഒന്നാമത്തെ ലോകമഹായുദ്ധത്തിൽ ജർമ്മൻ സൈന്യത്തിലെ ഒരു കപ്ലോൻ ആയിരുന്ന ഫാദർ ജോസഫ് മെട്സ്ഗർ (Metzger), ജർമ്മനിയിലെ പല സർവ്വകലാശാലകളിൽ തിയോളജി പ്രഫസർ ആയിരുന്നശേഷം 85–ാം വയസ്സിൽ ഇന്നു ജീവിക്കുന്ന ഡോ. കാൾ ആഡം (Karl Adam) എന്നിവരാണു്.

ഒന്നാം ലോകയുദ്ധം കഴിഞ്ഞശേഷം, കത്തോലിക്കരുടേയും പ്രോട്ടസ്റ്റൻറുകാരുടേയും ഇടയിൽ അന്യോന്യസ്നേഹത്തിനായി മെട്സ്ഗർ അക്ഷീണ പരിശ്രമം ചെയ്തു. അവർ തമ്മിൽ സഹകരിക്കാനായി യുദ്ധകാലത്തു തുടങ്ങിയ 'ഊനാ സാങ്താ' എന്ന സംഘത്തിന്റെ നേതാവു് അദ്ദേഹമായി. ഈ പ്രസ്ഥാനം 1939–ൽ ഒരു സഹോദര സംഘം (Confraternity) ആയി ഉയന്നു. അന്നു് പൊന്തിവന്നിരുന്ന ഹിററ്ലരുടെ യുദ്ധപരിപാടികളെ, സമാധാനപ്രേമിയായ ഫാ. മെട്സ്ഗർ ശക്തിയായി വിമശിക്കുകയുണ്ടായി. ഇക്കാരണത്തൽ രണ്ടാം ലോകമഹായുദ്ധകാലത്തു് ഹിററ്ലരുടെ ആജ്ഞയാൽ നാസ്സികൾ അദ്ദേഹത്തെ ഗളഹസ്തം ചെയ്തു കൊല്ലുകയും ചെയ്തു.

ഡോ. കാൾ ആദാം 1915 മുതൽ മ്യൂണിക്കു്; സ്ട്രാസ്സ്ബർഗ്ഗ്, ട്യൂബിങ്ങൻ എന്നീ സർവ്വകലാശാലകളിൽ ഡോഗ്മാററിക്കു് തിയോളജിയുടെ പ്രഫസർ ആയിരുന്നു. (ജർമ്മനിയിലെ മിക്ക കലാശാലകളിലും തിയോളജി സെക്ഷനിൽ രണ്ടു വിഭാഗങ്ങളുണ്ടു്– കത്തോലിക്കം, പ്രോട്ടസ്റ്റൻറ്.) ഇപ്പോൾ 85 വയസ്സായ ഫാദർ ആദാം ഇന്നും ഉത്സാഹമായി പ്രവർത്തനം തുടരുന്നു.

അദ്ദേഹത്തിന്റെ കൃതികളിൽ ഏററം പ്രധാനമായതു്, "Spirit of Catholicism", "Christ, Our brother", "One and Holy" എന്നിവയാണു്. പുനരൈക്യവിഷയത്തിൽ പ്രധാനം മൂന്നാമത്തെ കൃതിയാണു്. 'ഉനാ സാങ്ക്താ' പ്രവർത്തകരുടെ ഇടയിൽ ഈ കൃതി വളരെ പ്രചോദനം ഉളവാക്കിയിട്ടുണ്ടു്. ജർമ്മനിയിൽ കത്തോലിക്കരുടെ ഈദൃശ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ വിജയത്തെ പരാമർശിച്ചുകൊണ്ടു് "ലൂഥർ ഇന്നാണു് ജീവിച്ചിരുന്നതെങ്കിൽ പ്രോട്ടസ്റ്റൻറു് തിരിവു് ഉണ്ടാകയില്ലായിരുന്നു" എന്നു അദ്ദേഹം തീർത്തു പറയുന്നു.

യൂറോപ്പിൽ കത്തോലിക്കരും അകത്തോലിക്കരും തമ്മിൽ അടുത്ത കാലത്തു് ഉണ്ടായിട്ടുള്ള ഈ സ്നേഹബന്ധം, എത്രയോ പഴക്കമുള്ള ഒരു ക്രിസ്തീയ സഭയുടെ ഭാഗമായ കേരളത്തിൽ പ്രായേണ അജ്ഞാതമായിരിക്കുന്നു. ഇംഗ്ലണ്ടിൽ മുൻകാലത്തു് ഒരു പ്രമുഖ ആംഗ്ലിക്കൻ വൈദികനും ഗ്രന്ഥകാരനും ആയി ശോഭിച്ചശേഷം കത്തോലിക്കാ സഭയിൽ ചേർന്നു് സിസ്തെർഷ്യൻ (Cistercian) സമൂഹത്തിൽ അംഗമായി, അടുത്ത കാലത്തു് കേരളത്തിൽവന്നു് നമ്മുടെ കുരിശുമലയിൽ ഒരു ആശ്രമം സ്ഥാപിച്ചു പ്രവർത്തനം നടത്തുന്ന ഫാദർ ബീഡ് ഗ്രിഫിത്ത്സ് (Fr. Bede Griffiths) മുൻകൈയെടുത്തു് ഇവിടത്തെ ക്രിസ്തീയ സഭകൾ തമ്മിൽ പുനരൈക്യത്തിനായി ഒരു (Ecumenical) സംഘടന നടത്തുന്ന സംഗതിപോലും ഇവിടെ വളരെപ്പേർക്കു് അറിവുള്ളതായി കാണുന്നില്ല. ഈ സാത്വികന്റേയും സഹപ്രവർത്തകരുടേയും വിനയാതിരേകംകൊണ്ടായിരിക്കാം ഇതു്. എത്രയോ നിസ്സാരമായ പ്രവർത്തനങ്ങൾപോലും പത്രങ്ങൾവഴി കൊട്ടിഘോഷിക്കുന്ന ഈ കേരളത്തിൽ, ഇതു് ഒരു നല്ല വഴക്കം സൃഷ്ടിച്ചിട്ടുണ്ടു്. ഈ അരൂപി ഇന്നെങ്കിലും നമ്മുടെ ജനത്തിനുണ്ടായാൽ, പുനരൈക്യം മാത്രമല്ല ഇവിടെ ക്രൈസ്തവജീവിതത്തിനു് ഒരു വലിയ ഉയർച്ചയും ഉളവായേക്കും. ഇതിനു് സർവ്വശക്തൻ സംഗതിയാക്കട്ടെ.

കേരളത്തിൽ ഇപ്രകാരം പുനരൈക്യത്തിനു് വഴിതെളിക്കാനുള്ള ഒരു സംഘടന രൂപീകരിക്കുന്നതിൽ പല വിഷമങ്ങൾ ഉണ്ടു്. യൂറോപ്പിലേപ്പോലെ വിശ്വാസകാര്യങ്ങളിൽ ഭേദംകൊണ്ടല്ല ഇവിടത്തെ പ്രധാന തിരിവു്, പുത്തൻകൂർ പഴയകൂർ, ഉണ്ടായതു്. 16, 17, ശതാബ്ദങ്ങളിൽ ഇവിടെവന്നു് പ്രവർത്തിച്ച പോർട്ടുഗീസ് പാതിരിമാരെയാണു് രണ്ടുകൂട്ടരും ഈ തിരിവിനു് കുററം പറയുന്നതു്. ചിലരുടെ അധികാരപ്രമത്തതയും, പൊതുവെ നസ്രാണികളുടെയിടയിൽ അന്നും ഇന്നുമുള്ള അമിതമായ ജാത്യാഭിമാനവുമാണു് ഇതിനു പ്രധാന കാരണം. ഫലമെന്തു്? ഇവിടത്തെ കത്തോലിക്കാ സമുദായത്തിനകത്തു തന്നെ, ആവശ്യമില്ലാത്ത പല വിഭാഗങ്ങൾ ഉണ്ടായി പ്രവർത്തിച്ചു് സഭയുടെ ഐക്യത്തിനു് മാലിന്യം ഉളവാക്കിയിട്ടില്ലേ? നമ്മുടെ ചില പ്രധാന പട്ടണങ്ങളിലെ അകത്തോലിക്കാ സഹോദരന്മാരോടു ചോദിച്ചാലറിയാം ഇതിന്റെ പ്രത്യാഘാതങ്ങൾ. ഏതുവിധവും, ഈ തൊഴുത്തിൽകുത്തുകൾ ഉത്തുമാററുകയാണു് നമ്മുടെ ആദ്യത്തെ ആവശ്യം. ഇതേപ്പററി വേറൊരു ലേഖനത്തിൽ.

Let there be the little dirt

Sometime ago, while visiting a college laboratory, I saw the preparation of hydrogen by the action of dilute sulphuric acid upon impure commercial zinc. The presence of dirt in the zinc facilitated the reaction. If pure zinc was used instead of impure zinc, the reaction was almost nil. The dirt, though an impurity in the zinc, acted as a catalyst, and helped the evolution of hydrogen.

In the preparation of oxygen by the action of heat upon potassium chlorate, manganese dioxide is used as a catalyst. Manganese dioxide does not undergo change. It helps the evolution of oxygen.

In the work of our perfection, our selfishness functions more or less like a catalytic agent. It is an impurity, a little dirt. However, it is necessary for the work of God in us.

Indeed, our best actions are tainted somehow or other. Still, they are not to be despised. They are of considerable help in speeding up God's action in us. Even our sins and imperfections are of great value in the plan of God.

There are some who reckon all human activity as necessarily evil. To them, a state of inactivity and insensibility to the surroundings is the goal of life, and every form of activity leads us away from this goal, entangling us more and more in the meshes of never-ending desires. Perfect happiness is to be sought in a kind of flight from the world of activity, by withdrawing ourselves, from our active self to our passive and even in—active self, from the dynamic existential to the static existential.

Actually, the person who tries to remain away from all forms of activity, lest his actions be motivated by selfishness, is very selfish. It is precisely in his selfishness, he desires to be selfless. Selflessness, if it is genuine, is not afraid of being called selfish, and is not anxious to be considered as selfless.

However clean and fair looking we may be, we are all unclean within. We can speak of ourselves even as moving latrines. But, on account of the filth we have within, nobody would say that we are all filthy. So too, there is lot of selfishness as the motivating factor in all our actions. Nonetheless it would be wrong to speak of all our

ഇങ്ങനെയും പ്രാർത്ഥിക്കാമോ?

(Ralph C. M. I.)

അത്ര പണ്ടുകാലത്തു് നടന്ന കാര്യമല്ല പറയാൻപോകുന്നതു്. ഒരു പെൺകുട്ടിയുടെ ധീരമായ പ്രാർത്ഥന. എങ്കിലും അവൾക്കങ്ങിനെ പ്രാർത്ഥിക്കാൻ തോന്നിയല്ലോ, അതും കുർബാനയുടെ നേരത്തു്!! അവൾ ഒരു കാലത്തു് വിവാഹിതയായിത്തീന്നിട്ടു് ആൺകുട്ടികളുടെ അമ്മ ആകുമെങ്കിൽ, ഒരു മകനെ വൈദികപദവിയിലേയ്ക്കു വിളിക്കണമേയെന്നാണവൾ പ്രാർത്ഥിച്ചതു്. "തകരുന്ന ഇന്നത്തെ ലോകത്തിനു സമർപ്പിക്കാവുന്ന ഏററവും വിശിഷ്ടമായ സംഭാവന, വൈദികത്വമുള്ള ഒരു വൈദികനെ (A priestly priest) സംഭാവനചെയ്യുന്നതാണു്." ഇതാണവളെ പ്രോത്സാഹിപ്പിച്ച ചിന്ത. കുർബാനയുടെ നേരത്തു് 'എനിക്കു അഥവാ എന്റെ മക്കൾക്കു് ദൈവവിളി തരണമെ' എന്നെല്ലാം പ്രാർത്ഥിക്കുന്നവരുണ്ടു്. കല്യാണത്തിലേയ്ക്കും മററും കടന്നു ചിന്തിക്കാനും പ്രാർത്ഥിക്കാനും തുടങ്ങിയാലോ? വിപ്ലവാത്മകം! പലവിചാരമാകില്ലേയതു്? ഗബ്രിയേൽ മാലാകാ വന്നു കന്യകാമറിയത്തോടു മംഗലവാർത്ത അറിയിച്ചപ്പോൾ, "പലവിചാരം, പരീക്ഷ" എന്നെല്ലാംപറഞ്ഞു് മറിയം മാലാകായെ വിട്ടിരുന്നെങ്കിൽ ലോകം മുഴുവൻ കുഴപ്പത്തിലായേനെ. ലോകത്തെ രക്ഷിക്കാനിരിക്കുന്ന നിത്യപുരോഹിതന്റെ അമ്മയാകണമെങ്കിൽ "...നിന്റെ തിരുവചനംപോലെ എന്നിലാകട്ടെ" എന്നു്. എന്റെമകൻ പുരോഹിതനായിരിക്കുമെന്നറിയുന്നതുകൊണ്ടു് എനിക്കതിൽ സന്തോഷമാണുള്ളതു്. ഇതല്ലേ കന്യകാമറിയത്തിന്റെ മനോഭാവം. ഈ മനോഭാവംതന്നെയാണു് യൂഗോസ്ലാവിയായിലെ മുൻചൊന്ന ബാലികയും വച്ചുപുലത്തിയതു്.

അവൾ പിന്നീടു് വിവാഹിതയായി. അവൾക്കു ദൈവം കൊടുത്ത 11 മക്കളിൽ ആൺകുട്ടികൾ നാലുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവരിൽ 3 പേർ വിവാഹിതരായി. ഇളയ മകനിലെങ്കിലും തന്റെ ചിരകാലാഭിലാഷം പൂർത്തിയാകുമെന്നു് അവൾ പ്രതീക്ഷിച്ചു. അങ്ങിനെയിരിക്കെ അവൻ സാഗ്രീബിലെ മൈനർ സെമ്മിനാരിയിൽപോകണമെന്നു ആഗ്രഹം പ്രകടിപ്പിച്ചു. അമ്മയുടെ ഹൃദയം കുളിർത്തു. തന്റെ പ്രാർത്ഥന ദൈവം സ്വീകരിച്ചെന്നു് അവൾ വിശ്വസിച്ചു. പക്ഷേ അപ്രതീക്ഷിതമായി അവൻ പട്ടാളത്തിൽ ചേരുവാൻ നിർബന്ധിതനായിത്തീരുന്നു. അവനു വയസ്സു പതിനാറേയുള്ളു. ആശയററവളായിട്ടല്ലെങ്കിലും കുറച്ചുനാൾ കഴിഞ്ഞു് അവൾ മരിച്ചു. പട്ടാളസേവനം കഴിഞ്ഞു് മകനു വീണ്ടും സെമ്മിനാരിയിൽ പ്രവേശിക്കാൻ പാടില്ലായ്കയില്ലല്ലോ എന്നു സമാശ്വസിക്കാനേ അവൾക്കു സാധിച്ചുള്ളു.

കുറച്ചുനാൾ മാത്രമേ കഴിഞ്ഞുള്ളു 1928 ആകുവാൻ. അമേരിക്കയിൽ സെൻറു് ലൂയിസിലെ ഒരമ്മ മരിക്കാൻ കിടക്കുന്നു. അവളുടെ പേർ എമിൽഹാവ്ലിക്കു്. മക്കളിൽ ഒരാളെങ്കിലും— അവൾക്കു 13 മക്കളുണ്ടായിരുന്നു; എല്ലാവരും ഇതാ വിവാഹിതരായിക്കഴിഞ്ഞു— വൈദികനാകുമെന്നു് പ്രതീക്ഷിച്ചു് 35 വർഷക്കാലം, ആ മകന്റെ വൈദികപഠനച്ചിലവിനു് ചില്ലറകൾ മിച്ചിച്ചു സൂക്ഷിച്ചിരുന്നവളായിരുന്നു ആ നല്ല അമ്മ. അവളുടെ കിടക്കയ്ക്കു ചുററും മക്കളെല്ലാം വന്നുകൂടിയപ്പോഴാണു് അവളുടെ അഭിലാഷചരിത്രം വെളിയിൽ വന്നതു്. "ആ തുട്ടുകളെല്ലാം ആ മേശയുടെ വലിപ്പിൽ നിറഞ്ഞുകിടക്കുന്നു. ആ പണത്തിന്റെ അവകാശികളാകാൻ വിവാഹിതരായ നിങ്ങൾക്കിനി സാദ്ധ്യമല്ല. അതെടുത്തു് ഒരു സാധുകുടുംബത്തിലെ കുട്ടിയുടെ വൈദികപഠനത്തിനു് അയച്ചുകൊടുക്കണം." 13 കുട്ടികളുടെ മാതാവും മരിച്ചു.

മൂത്ത മകൾ ആ പണമെടുത്തു് റോമിലെ ജെർമ്മൻ– ഹങ്കേറിയൻ കോളജിലേയ്ക്കു് (സെമിനാരി) അയച്ചുകൊടുത്തു. അവിടത്തെ ബ. റെക്ടറച്ചൻ, പണത്തിനു നന്ദിപറഞ്ഞുകൊണ്ടു് എഴുതിയ മറുപടിയിൽ ഇപ്രകാരം കുറിച്ചിരുന്നു. "നിങ്ങളുടെ സഹായധനത്തിനു നന്ദി. അതു നല്കപ്പെടുവാൻപോകുന്നതു്, ഇവിടെ എല്ലാ അച്ചന്മാക്കും വലിയ പ്രതീക്ഷകളുള്ള ഒരു സാധു വിദ്യാർത്ഥിക്കുവേണ്ടിയാണു്. ആൾ കുറച്ചു പ്രായം കടന്നവനാണു്. പതിനാറാമത്തെ വയസ്സുമുതൽ ദീർഘനാൾ പട്ടാളസേവനത്തിലായിരിക്കുവാൻ നിർബന്ധിതനായിത്തീന്ന ആ വിദ്യാർത്ഥിയുടെ ദൈവവിളി മിക്കവാറും നഷ്ടപ്പെട്ടിരിക്കുക ആയിരുന്നു. എങ്കിലും ഇപ്പോൾ വൈദികനാകുവാനുറച്ചുകൊണ്ടു ഇയാൾ പഠനം തുടങ്ങിയിരിക്കയാണു്. മരിച്ചുപോയ നിങ്ങളുടെ അമ്മയ്ക്കും കുടുംബത്തിനും ഈ വിദ്യാർത്ഥിമൂലം ബഹുമാനം കൈവരുമെന്നുള്ള പ്രതീക്ഷ ഞങ്ങൾക്കെല്ലാവർക്കുമുണ്ടു്. ആളിന്റെ പേരിതാണു്, **അലോഷ്യസ് സ്റ്റെപ്പിനാക്ക്**"

പലരുടെ പ്രാർത്ഥനാഫലം!!

---

actions as purely selfish and rotten.

The formation of dirty materials within our body is a necessary concomitant in the process of assimilation and growth. It would be disastrous if we tried to sweep ourselves cent per cent clean. A little dirt is necessary to preserve ourselves in a state of cleanliness that becomes human beings. Otherwise our cleanliness would be so complete as that of a lifeless block of stone.

(Ittyavirah)